**KOTTAYAM PUBLIC LIBRARY**

Call No. M08 Acc. No. 1358

Author അബ്ദുൽഖാദർ ചേറുവാരി

Title മഹാകവി ചേറുവായി ചക്കിക്കുട്ടി

1434

# മഹാകവി

# ചേററുവായ് പരീക്കുട്ടി

*First Edition — 1960.*
*Copies — 1000.*
*Copy right to :*
*Publishers*

*Printed at*

The Md. A. Memorial Press. Kozhikode-2.

# മുഖവുര

മാപ്പിള സാഹിത്യത്തിൻെറ നേതാക്കന്മാരായ മഹാകവികളെ അധികരിച്ച് ഒരു പുസ്തകം രചിച്ച് പ്രസിദ്ധപ്പെടുത്തിയാൽ കൊള്ളാമെന്നുള്ള എൻെറ ചിരകാലാഭിലാഷത്തിൻെറ പ്രതിഫലനമാണ് ഈ ഗ്രന്ഥം. ഭാഷാസാഹിത്യത്തിൻെറ പൊതുവെയുള്ള വികാസത്തിലേക്ക് മാപ്പിളപ്പാട്ടുകൾ നൽകിയ സംഭാവന വിഗണിപ്പാനാവില്ല. മലയാള സാഹിത്യഭണ്ഡാരത്തിലേക്ക് ഓരോ സമുദായക്കാരും തങ്ങളുടെതായ സംഭാവനകൾ സമർപ്പിച്ചിട്ടുണ്ട്. കേരളക്കരയിലെ ഒരു പ്രബല സമുദായത്തിന്നിടയിൽ പ്രചുരപ്രചാരം ലഭിച്ചതാണെങ്കിലും ഇതര സമുദായങ്ങളിൽ നിന്നും ഒററതിരിഞ്ഞു നിലകൊള്ളുകയാണ് മാപ്പിളപ്പാട്ടുകാവ്യങ്ങൾ. ശ്രവണ മധുരത്താൽ ഉത്ഭൂതമാകുന്ന ആനന്ദാനുഭൂതി "മധുരമാം മാപ്പിള കാവ്യ"ത്തിൻെറ മട്ടിന്നുള്ള ഒരു പ്രത്യേകതയത്രെ. ഈ പ്രത്യേകത മലയാള സാഹിത്യത്തിൻെറ ഒരു വിഭാഗമായ പ്രസ്തുത കാവ്യങ്ങളെ പാട്ടുകൾ എന്ന പേരിന്നർഹമാക്കിരിക്കയാണ്. കേരള മുസ്ലീംകൾക്കിടയിൽ ഒതുങ്ങിക്കഴിഞ്ഞുകൂടുന്ന അഥവാ മാപ്പിളമാർ മാത്രം കൈകാര്യം ചെയ്യുന്ന ആ കൃതികളുടെ ഏകാന്തവാസം അവയ്ക്കർഹിക്കുന്ന പ്രശസ്തിയും പ്രചാരവും നഷ്ടമാക്കുക തന്നെ ചെയ്തിട്ടുണ്ടെന്നും നിസ്സംശയം പറയാം. മാപ്പിളപ്പാട്ടുകളുടെ സാഹിത്യരസവും ഗാനമാധുര്യവും മററു സമുദായങ്ങൾക്ക് ആസ്വാദിപ്പാൻ കഴിഞ്ഞിട്ടില്ല. അന്യോന്യം അറിയുകയും മനസ്സിലാക്കുകയും ചെയ്യുമ്പോൾ മാത്രമെ സാമുദായിക സൌഹാർദ്ദത്തിൻെറ ശൃംഖലകൾക്ക് ദാർഢ്യം കൂടുകയുള്ളു. അങ്ങിനെ വരുമ്പോൾ ആ മഹാകവികളുടെ മനോധർമ്മകുസുമം പരിമളം വീശി സഹൃദയ ഹൃദയങ്ങളെ വികാരതരളിതമാക്കുന്നതും ആ മഹാരഥന്മാരെപ്പററി വാഴ്ത്തപ്പെടുന്നതും അവരുടെ തൂലികാസമ്പത്തുക്കൾ പ്രകീർത്തനം ചെയ്യപ്പെടുന്നതുമായിരിക്കും. ഇങ്ങിനെ മാപ്പിള ഗീതങ്ങൾക്ക് പൊതുരംഗത്ത് സ്ഥാനം ലഭിച്ചു.

കഴിഞ്ഞാൽ മാത്രമെ നമ്മുടെ ഭാഷാസാഹിത്യവും സംസ്ക്കാരവും പരിപുഷ്ടമാകയുള്ളു. മററുള്ള മാപ്പിള കവികളെ അപേക്ഷിച്ച് മഹാകവി ചേററുവായ് പരീക്കുട്ടി സ്വന്തം കവിതകൾകൊണ്ടു കേരളമുസ്ലിംകളുടെ ധർമ്മം, സംസ്ക്കാരം, ജീവിതം മുതലായവയെ അനുഗ്രഹിച്ച് അവയുടെ പാരമ്യത്തെ വെളിവാക്കി അവയ്ക്ക് സമുന്നതമായ സ്ഥാനം നേടിക്കൊടുത്ത കവി സമ്രാട്ടാണെന്നുള്ള വാസ്തവം ഓർക്കുമ്പോൾ ആ അനുഗ്രഹീത പുരുഷൻെറ അപദാനങ്ങളെ പ്രകീർത്തനം ചെയ്യപ്പെടുന്ന ഏത് ശ്രമവും ആദരണീയമത്രെ. മാപ്പിള സാഹിത്യാന്തരീക്ഷത്തിലെ വെട്ടിതിളങ്ങുന്ന താരങ്ങളത്രെ അദ്ദേഹത്തിൻെറ കൃതികൾ. പണ്ഡിത പാമരന്മാർക്ക് ഒരുപോലെ ആസ്വദിക്കാവുന്നവയുമാണവ. കഥാപുരുഷൻെറ സമകാലീകന്മാരായ മററു കവികൾ എത്രകണ്ടു അറബി, സംസ്കൃതം, തമിഴ് മുതലായ ഭാഷാപദങ്ങൾ തങ്ങളുടെ കൃതികളിൽ സ്ഥലം പിടിക്കുന്നുവോ അത്രകണ്ടു തങ്ങളുടെ കൃതികൾക്ക് മാഹാത്മ്യം ഏറുമെന്നു വിശ്വസിക്കുമ്പോൾ പരീക്കുട്ടി സാഹിബാകട്ടെ, മാതൃഭാഷയെ മാത്രം അവലംബിച്ചു മററു ഭാഷാപദങ്ങളെ കഴിയുന്നതും ദൂരീകരിച്ചു കാവ്യനിർമ്മാണം ചെയ്കയാണ് ഉണ്ടായിട്ടുള്ളത്. മാപ്പിളസാഹിത്യത്തെ പരിപുഷ്ടമാക്കീട്ടുള്ള പണ്ഡിതന്മാരിൽ അഗ്രഗണ്യനാണ് സഹൃദയലോകത്തിൻെറ സവിശേഷമായ ശ്രദ്ധയെ ആകർഷിച്ചു കൊണ്ടിരുന്ന ആ കവികോകിലം എന്നുള്ള വസ്തുത ചിന്തിക്കുമ്പോൾ അദ്ദേഹത്തോട് നമുക്കുള്ള കടമ എത്ര വമ്പിച്ചതാണെന്നുള്ള ഗംഗതി അവിതക്കിതമത്രെ. മലയാള സാഹിത്യത്തിൽ തുഞ്ചത്തെഴുത്തച്ഛനുള്ള സ്ഥാനമെന്തോ അതുതന്നെയാണ് പ്രതിപാദ്യപുരുഷനും മാപ്പിളസാഹിത്യത്തിലുള്ളതെന്നു പറയാം. അദ്ദേഹത്തിൻെറ സാഹിത്യപരിശ്രമങ്ങളെ വിലയിരുത്തുവാനുള്ള കഴിവു് അദ്ദേഹം കൈകാര്യം ചെയ്തിരുന്ന സാഹിത്യവിപണിക്കു ഇനുണ്ടായിത്തീർന്നിട്ടില്ല.

കേരളീയരെ സംബന്ധിച്ചേടത്തോളം, വിശിഷ്യ, ഇവിടത്തെ മാപ്പിളമാരെ സംബന്ധിച്ചേടത്തോളമെങ്കിലും പ്രശസ്ത പുണ്യസ്ഥലമായിരിക്കേണ്ട അദ്ദേഹത്തിൻെറ ജനനസ്ഥലവും "കബർസ്ഥാനവും" (സംസ്ക്കരിക്കപ്പെട്ട സ്ഥലം) അവഗണിക്കപ്പെട്ടു കിടക്കയാണ്. മാപ്പിളമാരിലല്ലാതെ മറേറതെങ്കിലും സമുദായത്തിലായിരുന്നു ആ മഹാനുഭാവൻ ജനിച്ചിരുന്നതെങ്കിൽ ആ ജനനസ്ഥലത്തിൻെറയും ആ സമാധിസ്ഥലത്തിൻെറയും ഇന്നത്തെ നില എന്താകുമായിരുന്നു? എത്രയെത്ര സ്മാരകങ്ങൾ അവിടം നിർമ്മിക്കപ്പെടുമായിരുന്നു! എത്രയെത്ര സാഹിത്യാരാധകന്മാർ അങ്ങോട്ടു തീർത്ഥാടനത്തിന്നുവേണ്ടി എത്തുമായിരുന്നു! എത്രയെത്ര സാഹിത്യപ്രേമികൾ പുഷ്പാർപ്പണങ്ങൾ ചെയ്യുമായിരുന്നു! എത്രയെത്ര പത്രങ്ങൾ, മാസികകൾ, ആഴ്ചപ്പതിപ്പുകൾ കവിയുടെ ജീവചരിത്രവും അദ്ദേഹത്തിൻെറ കൃതികളും സകൌതുകം പ്രസിദ്ധീകരണം ചെയ്തു് അവയെ പ്രസിദ്ധിയുടെ പരമോത്തുംഗപദത്തിലെത്തിക്കുവാൻ വെമ്പൽ കൊള്ളുമായിരുന്നു!

കവി, ഗായകൻ, ചിന്തകൻ, പ്രഭാഷകൻ, പണ്ഡിതൻ, ഭക്തൻ എന്നീ വിവിധ തുറകളിലും പ്രശോഭിതമാണ് ആ പുണ്യശ്ലോകൻെറ മഹത്വം. പ്രൌഢസുന്ദരമായ "സൌഭാഗ്യസുന്ദരി," ചിന്താമൃതമായ "മിൻ അത്തുൽബാരി," സാരസമ്പൂർണ്ണമായ "പുത്തഹറിശ്ശാമ്," മനം കവരുന്ന "ആദിമുൻ അഹദാന" എന്നിങ്ങിനെ വിസ്തൃതമായി കിടക്കുന്നു ആ പണ്ഡിതകേസരിയുടെ സാഹിത്യസമ്പത്തുകൾ. ഗാനാത്മകത്വംകൊണ്ടും, വിചാര രമണീയതയാലും, രചനാവൈഭവത്താലും ആസ്വാദ്യമധുരമായി വെട്ടിത്തിളങ്ങുന്നവയാണ് അദ്ദേഹത്തിൻെറ തൂലികാസമ്പത്തുകളിൽ ഏറിയ കൂറും. സാഹിത്യാരാമത്തിലെ കനകസിംഹാസനത്തിലിരുന്നുകൊണ്ടു കൈരളിയെ മധുരഗാനാലാപനങ്ങളാൽ പുളകമണിയിച്ച ആ കവിസാർവ്വഭൌമൻ കാലത്തിൻെറ തിരിച്ചലിൽ മാഞ്ഞുമറഞ്ഞുപോവാതെ സഹൃദയന്മാരുടെയും ചിന്തക

ന്മാരുടെയും മനോദർപ്പണങ്ങളിൽ ഉജ്ജ്വലതാരമായി തിളങ്ങി കൊണ്ടിരിക്കുന്നതായിരിക്കും.

എന്നാൽ ഈ വിധത്തിൽ ഒരു ഗ്രന്ഥം രചിച്ചു പൊതുജന സമക്ഷം സമർപ്പിക്കുകയെന്നത് അത്ര എളുപ്പമായ ഒരു കാര്യമായിരുന്നില്ല. കാരണം മാപ്പിളസാഹിത്യത്തെയും കവിയെയും സംബന്ധിച്ചേടത്തോളം അവശ്യം വേണ്ട സംഗതികൾ ശേഖരിക്കുവാനായി എനിക്ക് പല സ്ഥലങ്ങൾ സന്ദർശിക്കേണ്ടതായും പല മഹാന്മാരെ കണ്ടുമുട്ടേണ്ടതായും വന്നിട്ടുണ്ട്. മഹാകവിയുടെ ജീവചരിത്രം എഴുതുവാൻ വേണ്ട തെളിവുകളും മററും നല്കിയും പ്രസിദ്ധീകരിക്കപ്പെടാത്ത അദ്ദേഹത്തിൻെറ ചില കൃതികൾ തന്നും എന്നെ സഹായിച്ചിട്ടുള്ള എല്ലാ മഹതീമഹാന്മാൎക്കും ഞാൻ എൻെറ നന്ദി രേഖപ്പെടുത്തികൊള്ളുന്നു. ഈ കൃത്യത്തിൽ എനിക്കു വേണ്ട ഉപദേശങ്ങൾ നല്കിയ ജനാബ് പി. സി. അമ്മുസാഹിബിനും ജനാബ് പി. ടി. കുഞ്ഞുമുഹമ്മത് സാഹിബിന്നും ഞാൻ എൻെറ നന്ദിയെ രേഖപ്പെടുത്തിക്കൊള്ളുട്ടെ.

ആധുനിക മാപ്പിളപ്പാട്ടുകളുടെയും സാഹിത്യത്തിൻെറയും ജനയിതാവായ ആസ്സര്യപുരുഷൻെറ സ്മരണയെ നിലനിറുത്തുവാനായി യാതൊന്നുംതന്നെ നാളിതുവരെയും നമ്മുടെ സാഹിത്യപ്രേമികൾ ചെയ്യുകയുണ്ടായിട്ടില്ലെന്നു വ്യസനസമേതം പറയേണ്ടിയിരിക്കുന്നു. എൻെറ ഈ എളിയ സാഹിത്യോദ്യമം മഹാകവിയെ സംബന്ധിച്ചേടത്തോളം സൎവ്വതോന്മുഖമായ ഒരു വികാസം കൈവരുത്തുവാനുള്ള കേരളത്തിൻെറ നവോത്ഥാന കാഹളധ്വനിയായി മുഴങ്ങി കേൾക്കുമാറാകട്ടെ എന്നു ഞാൻ അകമഴിഞ്ഞു പ്രാൎത്ഥിച്ചുകൊള്ളുന്നു. എൻെറ ഈ സാഹിത്യപ്രലപനങ്ങൾ സഹൃദയലോകം അതർഹിക്കുന്ന ശ്രദ്ധയോടെ വീക്ഷിച്ചെങ്കിൽ ഞാൻ കൃതാൎത്ഥനായി.

ഗ്രന്ഥകൎത്താവ്.

# അഭിപ്രായം

കേരളത്തിൽ അതിപുരാതനകാലം മുതൽക്കുതന്നെ വിചാരത്തിലും വിശ്വാസത്തിലും വ്യത്യാസപ്പെട്ട വിഭിന്നമതക്കാരും ജാതിക്കാരും തമ്മിൽ ഏററവും ഐക്യത്തോടുകൂടി പെരുമാറിപ്പോന്നിട്ടുണ്ട്. കേരളീയ സംസ്ക്കാരത്തിന്റെ ഈടുവെപ്പിലേക്കു ഈ ഓരോ വിഭാഗക്കാരും തങ്ങളുടെ കഴിവിന്നനുസരിച്ചു സംഭാവനകൾ സമർപ്പിച്ചിട്ടുമുണ്ട്. കേരളീയസംസ്ക്കാരം നായരുടേയും നമ്പൂതിരിയുടെയും ഈഴവന്റെയുമെന്നപോലെ മുഹമ്മദീയരുടെയും കൃസ്ത്യാനികളുടെയും ജൂതന്മാരുടെയുംകൂടി പൈതൃകമാകുന്നു.

നമ്മുടെ സാഹിത്യചരിത്രം മുഹമ്മദീയരോടും കൃസ്ത്യാനികളോളും വേണ്ടത്ര നീതി പ്രദർശിപ്പിച്ചിട്ടില്ലെന്നുള്ളത് ഒരു വാസ്തവം മാത്രമാണ്. എത്രയോ നൂററാണ്ടുകളായി ഇന്നാട്ടിൽ അധിവസിക്കുകയും ഇവിടത്തെ പ്രകൃതിയുമായി സാത്മ്യം നേടുകയും ചെയ്ത ഇവിടത്തെ മുഹമ്മദീയരും കൃസ്ത്യാനികളും കേരളിയുടെ സാഹിത്യഭണ്ഡാഗാരത്തിലേക്കു കാര്യമായൊന്നുംതന്നെ സംഭാവന ചെയ്തിട്ടില്ലെന്നു വരുമൊ? ഏതായാലും ഭാഷാസാഹിത്യ ചരിത്രത്തിന്നു വളരെ കുറച്ചുമാത്രമെ അത്തരം സംഭാവനകളെപ്പററി പറയുവാനുള്ളു. ഒരു പക്ഷെ അതു് അജ്ഞതനിമിത്തം സാഹിത്യ ചരിത്രനിർമ്മാതാക്കളുടെ വീക്ഷണം വിഭാഗീയമായിപ്പോയതുകൊണ്ടാകാം.

സാഹിത്യചരിത്രത്തിന്റെ ഈ വൈകല്യം കൃസ്ത്യാനികൾ കുറെ ആദ്യമേ നോക്കിക്കാണാതിരുന്നില്ല. അവർ തങ്ങളുടെ പൂർവ്വികന്മാരുടെ സാംസ്ക്കാരികവും സാഹിത്യപരവുമായ പ്രവർത്തനങ്ങളെപ്പററി കൂടുതൽ ഗവേഷണം നടത്തി ആധുനിക കേരളീയ സാഹിത്യചരിത്രങ്ങളുടെ ഏതൽപരമായ അപൂർണ്ണതയെ

ട്ടൊക്കെ പരിഹരിച്ചു. എന്നാൽ മുഹമ്മദീയരാകട്ടെ സ്വയം മുന്നോട്ടു വന്നില്ല. അതിനാൽ സാഹിത്യചരിത്രത്തിൽ ഇന്നും അതൊരു വിടവായിത്തന്നെ അവശേഷിക്കുകയാണ് ചെയ്യുന്നതു്. ജീവിതത്തെ സ്നേഹിക്കുകയും അതിന്റെ വികാസത്തിന്നുവേണ്ടി ഏററവും അദ്ധ്വാനിക്കുകയും ചെയ്യുന്ന ഒരു ജനവിഭാഗത്തിന്റെ ആയിരത്താണ്ടു കാലങ്ങളിലെ സമുന്നതാദർശങ്ങളും സുന്ദരസങ്കല്പങ്ങളും അന്യർക്കു അപരിചിതങ്ങളായിത്തീരുക:– നിശ്ചയമായും അതു് സാംസ്ക്കാരികചരിത്രത്തെ സംബന്ധിച്ചേടത്തോളം ഒരു വമ്പിച്ച വൈകല്യം തന്നെയാണ്. ഈ വൈകല്യത്തെ കുറെയൊക്കെ പരിഹരിക്കുകയത്രെ ശ്രീ. അബ്ദുൽകാതർ 'മാപ്പിള സാഹിത്യം അഥവാ മഹാ കവി ചേററുവായ് പരീക്കുട്ടി' എന്ന ഈ പുസ്തകംകൊണ്ടു് സാധിപ്പിച്ചിട്ടുള്ളത്. മാപ്പിളസാഹിത്യത്തെപ്പററി മലയാളത്തിൽ ഉണ്ടായ ആദ്യത്തെ വിമർശനഗ്രന്ഥമെന്ന നിലയിൽ ഇതിന്നു ഗണ്യമായ ഒരു സ്ഥാനമുണ്ടു്.

ഗാഢമായ പഠനത്തിന്റെയും ഗവേഷണത്തിന്റെയും ഫലമാണ് ഈ നിബന്ധം. ഗ്രന്ഥകാരൻ ആദ്യമായി മാപ്പിളപ്പാട്ടുകളുടെ ചരിത്രപരവും ശില്പപരവുമായ വശങ്ങളെക്കുറിച്ചു ചിന്തിക്കുന്നു. കോഴിക്കോട്ടുകാരൻ കാസിമുഹമ്മദ്, മമ്പാട്ടിൽ കുഞ്ഞിരായൻ തുടങ്ങിയ കവികളെയും ഭക്തിരസ പ്രധാനങ്ങളായ മുഹ്‌യദ്ദീൻമാല, ബദർമാല എന്നീ കൃതികളെയും നാം ഇവിടെ പരിചയപ്പെടുന്നു. അജ്ഞാതകർത്തൃകങ്ങളായ സക്കൂമിന്റെ പട, ബൽക്കീസിന്റെ കിസ്സ, പഴയ കർബല തുടങ്ങിയ കൃതികളിലേക്കു ഗ്രന്ഥകാരൻ ഗവേഷകന്മാരുടെ ശ്രദ്ധയാകർഷിച്ചതു് സമുചിതമായിട്ടുണ്ടു്. അവയുടെ രചനാശില്പത്തെക്കുറിച്ചുള്ള ചർച്ച വ്യുൽപ്പാദകമായിരിക്കുന്നു.

മാപ്പിളപ്പാട്ടുകളെ സംബന്ധിച്ച് സാമാന്യം നല്ല ഒരു വിവരണം നല്കിയശേഷമാണ് മി. അബ്ദുൽകാതർ പ്രസ്തുത സാ

ഹിത്യത്തിൻെറ സുവർണ്ണകാലമെന്നു പറയാവുന്ന പത്തൊമ്പതാം ശതകത്തിലേക്കു വായനക്കാരെ കൂട്ടിക്കൊണ്ടുപോകുന്നത്. ഇവിടെ നാം മഹാകവികളുടെ മുൻപന്തിയിലിരിക്കുന്ന ചേററവായ് പരീക്കുട്ടിയേയും മോയിൻകുട്ടി വൈദ്യരെയും മാത്രമല്ല, കുഞ്ഞഹമ്മദ് (ഹുസൈനെൻ കാവ്യത്തിൻെറ പ്രണേതാവ്) ശുജായ് മൊയ്തുമുസല്യാർ മുതലായ മററു കവികളേയും കാണുന്നു. ഇവരിൽ പലരും ഇന്നുവരെകൂടം അമുസ്ലിംകാംക്കു അശ്രുതപൂർവ്വരാണെന്ന വാസ്തവം തുറന്നു സമ്മതിക്കാതിരിപ്പാൻ നിവൃത്തിയില്ല.

ഇനി നാം പ്രവേശിക്കുന്നത് മഹാകവി പരീക്കുട്ടിയുടെ ജീവിതത്തിലേക്കും സാഹിതീസപര്യയിലേക്കുമാണ്. മി. അബ്ദുൽകാതരിലടങ്ങിയ നിരൂപണബുദ്ധി ഇവിടെ മറ നീങ്ങി പ്രകാശിക്കുന്നു. പരീക്കുട്ടിയുടെ കവനതല്ലജങ്ങളുമായി ഇടപഴകുമ്പോൾ ഇത്രയും കാലം അനർഘമായ ആ കാവ്യസമ്പത്ത് ആസ്വദിപ്പാൻ സാധിച്ചില്ലല്ലൊ എന്നോർത്തു ഹൃദയാലുവായ ഏതു അമുസ്ലീമും വ്യസനിക്കാതിരിക്കുകയില്ല. അത്രക്കു കാവ്യമാധുരി കലന്നതാണ് പരീക്കുട്ടിയുടെ പാട്ടുകൾ.

ഇരുപതാം നൂററാണ്ടിലും മാപ്പിളക്കവികൾ മലയാളസാഹിത്യത്തിലേക്ക് തങ്ങളുടെതായ സംഭാവനകൾ നല്കിക്കൊണ്ടിരിക്കുന്നു. അവയിലധികവും അറബി മലയാള ലിപികളിൽ മാത്രം പ്രചരിക്കുന്നവയായതുകൊണ്ടു അമുസ്ലീങ്ങൾക്കു അറിവാൻ ഇടവരുന്നില്ലെന്നേയുള്ളു. അവയെ കുറിച്ചുകൂടി വിമർശനാത്മകമായ ഒരു പഠനം നടത്തപ്പെടുമ്പോൾ മാപ്പിളസാഹിത്യത്തെപ്പററി ഭാഷാസാഹിത്യചരിത്രകാരന്മാർ പുലത്തിപ്പോരുന്ന അജ്ഞത ഒട്ടൊക്കെ പരിഹൃതമാകുമെന്നു കരുതാം. മി. അബ്ദുൽകാതരുടെ ശ്രദ്ധ അടുത്ത അവസരത്തിൽ ആ വഴിക്കും തിരിയുമെന്നു ഞാൻ ആശിക്കുന്നു.

പേർപെററ ചില മാപ്പിളക്കവികളെയും അവരുടെ കൃതികളേയും അമുസ്ലിം സഹോദരന്മാക്ക് പരിചയപ്പെടുത്തുകയും നമ്മുടെ സാഹിത്യ ചരിത്രത്തിൻെറ വിടവ് ഒട്ടൊക്കെ നികത്തുകയും ചെയ്യവെന്നതു മാത്രമല്ല ഈ ഗ്രന്ഥത്തിൻെറ പ്രാധാന്യം. ഇതിൻെറ നിർമ്മിതികൊണ്ടു സാമുദായികസൗഹാർദ്ദത്തിൻെറ ഇഴകളെ കൂടുതൽ ഭംഗിയും ഉറപ്പുമുള്ളതാക്കാനും മി. അബ്ദുൽകാതർക്കു സാധിച്ചിട്ടുണ്ട്. അന്യോന്യം അറിവാനും ആദരിപ്പാനും തുടങ്ങുമ്പോഠം മാത്രമെ സൌഹാർദ്ദത്തിൻെറ നീർച്ചാലുകഠംക്കു ആഴവും അകലവും ഉണ്ടാവൂ. കഴിഞ്ഞ അഞ്ചാറു നൂററാണ്ടിന്നിടയിൽ മുസ്ലിം സമുദായം മാതൃഭാഷക്കുവേണ്ടി എന്തു ചെയ്തു എന്നും പ്രസ്തുത സമുദായത്തിൻെറ സുന്ദരഭാവനകഠം ജീവിതത്തെ എങ്ങിനെ നിറം പിടിപ്പിച്ചുപോന്നു എന്നും ഈ കൃതി നമ്മെ അറിയിക്കുന്നു. തീർച്ചയായും ഇതൊരു വലിയ നേട്ടമാണ്.

ഗ്രന്ഥകർത്താവിന്നും അദ്ദേഹത്തിൻെറ സാഹിതീയ വ്യവസായത്തിൻെറ പ്രഥമ ഫലമായ ഈ പുസ്തകത്തിന്നും ഞാൻ സർവ്വാത്മനാ മംഗളമാശംസിക്കുന്നു.

15—7—'56.
പട്ടാമ്പി.

ഉള്ളാട്ടിൽ ഗോവിന്ദൻകുട്ടിനായർ.

## ഈ പുസ്തകം വായിച്ചപ്പോഠം

മലയാള സാഹിത്യത്തിലെ അനർഘസമ്പത്തുകളിൽ ഒന്നായ മാപ്പിളപ്പാട്ടുകളെപ്പററി പൊതുവിലും ആ മഹാ സമ്പത്തു നേടിത്തന്ന പ്രതിഭാശാലികളിൽ ഒരാളായ മഹാ കവി മോയൻകുട്ടി വൈദ്യരെക്കുറിച്ചു സവിശേഷമായും പ്രതിപാദിക്കുന്ന ഈ ഗ്രന്ഥം വളരെ ആഹ്ലാദത്തോടെയാണ് ഞാൻ വായിച്ചത്.

കയ്യിലിരുന്നിട്ടും കണ്ടെടുപ്പു നടത്തേണ്ട ഒരു ശാഖയായിരുന്നു മാപ്പിളപ്പാട്ടുകൾ. കേരളക്കരയിലെ ഒരു സമുദായത്തിന്നിടയിൽ പ്രചുരപ്രചാരം ലഭിച്ചതാണെങ്കിലും ഇതര സമുദായങ്ങളിലേക്ക കടന്നു ജനസാമാന്യത്തിൻെറതായി കഴിഞ്ഞിട്ടില്ല ഇനിയും മാപ്പിളപ്പാട്ടുകാവ്യങ്ങൾ. ഇത്തരം പുസ്തകങ്ങൾ ആ സാഹിത്യ ശേഖരത്തിലേക്ക വായനക്കാരുടെ ശ്രദ്ധ തിരിക്കുവാൻ ഉപയോഗപ്പെടും. ശ്രദ്ധ പിടിച്ചെടുത്തു കഴിഞ്ഞാലോ, മാപ്പിളക്കവികളുടെ വാഗ്വിലാസം സ്വയം ഹൃദയത്തിൽ കയറിപ്പററുകയും ചെയ്യും. ആ നിലക്ക് ഈ ഗ്രന്ഥകത്താവിൻെറ പരിശ്രമം കാണാതെപോയ ഒരു സാഹിത്യക്കൈവഴിയെ കണ്ടെടുക്കുന്നതുപോലെ അത്യധികം പ്രധാനമാണെന്നു പറയണം.

പക്ഷെ, ഇതു നല്ലൊരു പ്രാരംഭം മാത്രമാണ്. കവിതകളെപ്പററിയോ പാട്ടുകളെപ്പററിയോ നൂറു നൂറു പേജുകളിൽ നിന്നു വായിച്ചാലും, കവിതയും പാട്ടും നേരിട്ടനുഭവിക്കുന്ന സൌന്ദര്യാനുഭൂതി അനുവാചകനുണ്ടാകയില്ല. കവിയുടെ കല്പനാമണ്ഡലത്തിലേക്ക നേരിട്ടു കടക്കാൻ കഴിയണം. കവിഹൃദയത്തിൻെറ അഗാധതലം അനുവാചകഹൃദയത്തിൻെറ അഗാധതലമായി സംവദിച്ചാൽ മാത്രമെ, തുല്യാനുഭൂതിയിൽ നിന്നുത്ഭിന്നമാകുന്ന സൌന്ദര്യാസ്വാദനം സാദ്ധ്യമാകൂ.

അതാണല്ലോ അനുവാചകനിൽ ഹൃദയോന്നതിയുണ്ടാക്കും വിധം ആഹ്ലാദകാരിയായിത്തീരുന്നതും. കല്പനാവിഭവനായ ഒരു കവിയുടെ എത്ര വാചാലനായ വക്കീലിനും അർദ്ധസത്യമേ പറയാൻ കഴിയൂ. [നിരൂപണം കലയാക്കിത്തീർത്ത അത്യന്ത ദുർല്ലഭന്മാരായ ചിലർ മാത്രം ഒട്ടൊക്കെ വ്യത്യസ്ഥരായി കണ്ടേക്കാം] കവിതയുടെ ബുദ്ധ്യംശത്തെ വ്യാഖ്യാനിച്ചതുകൊണ്ടു കവിത അനുഭവിക്കാൻ തരപ്പെടുകയില്ല; പടിവാതില്ക്കൽച്ചെന്നു നില്ക്കാനെ പററു. കവി പറഞ്ഞു പഠിപ്പിക്കുകയോ ഉൽബോധിപ്പിക്കുകയോ

ചെയ്യുന്നില്ല; സ്വരങ്ങളെക്കൊണ്ടും വർണ്ണനകളെക്കൊണ്ടും സങ്കല്പ ചിത്രങ്ങൾകൊണ്ടും അത്യുന്നതാവസ്ഥയിൽ വാസനകൊണ്ടും ഒരു വൈകാരികസംഘർഷത്തെ നമ്മുടെ ഹൃദയത്തിൽ ഉന്മീലനം ചെയ്യിക്കുകയാണ്. കവിത സ്വയംഭൂവാണ്. (Organic growth). കവിതയിൽ നിന്നു കിട്ടുന്ന ആനന്ദവും ഏറെക്കുറെ സ്വയം ഭൂവാണ്. ആ ആനന്ദം ഹൃദയത്തെ വിശാലവും അഗാധവുമാക്കിക്കൊണ്ടു ഹൃദയത്തിൻെറ ഒരു ഭാഗമായി നില നില്ക്കുന്നു. കവിക്കു വിധി നിഷേധങ്ങളില്ല, അനുവാദമേ ഉള്ളുഎന്നു പഴയവർ പറഞ്ഞത് സ്ഥൂലാൎത്ഥത്തിലാവില്ല. സൂക്ഷ്മഭാവത്തിൽ അതിനുമേൽ വിവരിച്ച കാൎയ്യങ്ങളോളം വ്യാപ്തിയുണ്ടു് എന്നെനിക്കു തോന്നുന്നു.

അനുഭവൈകവേദ്യമായ ഈ സാക്ഷാൽകാരം മാപ്പിളപ്പാട്ടുകളെ സംബന്ധിച്ചേടത്തോളം കേരളക്കരയിലെ പൊതുസാഹിത്യമണ്ഡലത്തിലേക്കു കടന്നിട്ടില്ല. അറബി മലയാളത്തിൽ അമുസ്ലിമിങ്ങൾക്കുള്ള പരിചയക്കുറവിനെക്കാളധികം പ്രതിബന്ധമായത് അറബിലിപിയിലാണ് ഈ പാട്ടുകൾ എഴുതിയതു് എന്നതത്രെ. ഒരു വലിയ സാഹിത്യസമ്പത്ത് ലിപിയിൽ കുടുങ്ങിക്കിടക്കുകയാണ്. ആരെങ്കിലും ഒന്നു മോചിപ്പിച്ചെങ്കിൽ! മഹാ കവി മോയിൻകുട്ടി വൈദ്യരുടെ ഹുസനുൽ ജമാൽ, ബദർ തുടങ്ങിയ കാവ്യങ്ങളും മഹാകവി പരീക്കുട്ടിസാഹിബിൻെറ കൃതികളും മലയാളക്ഷരത്തിൽ പത്തിതിരിച്ചു അൎത്ഥത്തോടും വ്യാഖ്യാനത്തോടുംകൂടി പ്രസിദ്ധപ്പെടുത്തുന്നുവെങ്കിൽ — [മാതൃഭൂമിയുടെ കുമാരസംഭവം, മേഘസന്ദേശം എന്നിവപോലെ] അവ കേരളീയരുടെ ഹൃദയത്തിൽ വേഗത്തിൽ കയറിപ്പററും. അവയിലെ സ്വരവർണ്ണചിത്രങ്ങളെല്ലാംതന്നെ കേരളീയരുടെ അടിസ്ഥാന മനോഭാവവുമായി അത്ര മേൽ ഇണങ്ങിപ്പോകുന്നതാണെന്നു എനിക്കു തോന്നുന്നു.

എന്റെ ബാല്യകാലത്തുതന്നെ മാപ്പിളപ്പാട്ടുകളുടെ ഈണവും താളവും അയൽപക്കങ്ങളിൽനിന്നു എന്റെ ചെവിയിൽ വന്നു വീണിട്ടുണ്ടു്. അന്നേ അവ, കുഞ്ചൻനമ്പ്യാരുടെ ഓട്ടംതുള്ളൽ കേൾക്കുന്നതിനോടു സാമ്യം വഹിക്കുന്ന ഒരു തരം ആഹ്ലാദം എനിക്കു ഉണ്ടാക്കുകയും ചെയ്തിരുന്നു. പിന്നീടു പലപ്പോഴും അതു ശ്രദ്ധിച്ചു കേട്ടിട്ടുമുണ്ടു്. ആ പാട്ടു കാവ്യങ്ങളിലെ കഥകൾ പഴയതോ പുതിയതോ എന്നതല്ല കാര്യം. അവയിൽ സാംസ്കാരികമായി സാങ്കര്യം നേടിയ ഒരു ജനസമുദായത്തിന്റെ കലാപരമായ വിപ്ലവബോധം മുഴങ്ങി നില്ക്കുന്നതു ശ്രദ്ധാപൂർവ്വം ചെവിക്കൊള്ളുന്നവർക്കു കേൾക്കാം. അറബിയുടെ സംഗീതബോധവും കേരളീയന്റെ വർണ്ണബോധവും അവിടെ സമ്മേളിച്ചിരിക്കുന്നു. മദ്ധ്യപൌരസ്ത്യദേശക്കാരുടെ കഥാകഥനസാമർത്ഥ്യവും ഒട്ടൊക്കെ സഹായത്തിനെത്തിയിട്ടുണ്ടു്.

മാപ്പിളപ്പാട്ടുകൾ പുതുധാരകളുൾക്കൊള്ളുന്ന ഒരു സാഹിത്യവിഭാഗമാണു്. ആ വിപ്ലവം സൃഷ്ടിച്ച നേതാക്കന്മാരാണു് മോയിൻകുട്ടി വൈദ്യരും പരീക്കുട്ടിസാഹിബും. അവരിൽ രണ്ടാമത്തെയാളുടെ ജീവചരിത്രം നമ്മുടെ സാഹിത്യാസ്വാദകന്മാർ തീർച്ചയായും വായിച്ചിരിക്കേണ്ടതാണു്. ഈ നല്ല പ്രാരംഭം കുറിച്ചതിന്നു ഞാൻ ഗ്രന്ഥകാരനെ അഭിനന്ദിക്കുന്നു.

ഉറൂബ്

### മാപ്പിളസാഹിത്യം അഥവാ

# മഹാകവി ചേററുവായ് പരീക്കുട്ടി.

പ്രസിദ്ധമായ പല മാപ്പിളപ്പാട്ടുകളുടെ കർത്താവായ മഹാകവി ചേററുവായ് പരീക്കുട്ടി എന്ന മഹാനുഭാവൻെറ സംഭവബഹുലമായ ജീവചരിത്രം വിവരിക്കുന്നതിന്നു മുമ്പായി മാപ്പിളപ്പാട്ടുകളെക്കുറിച്ചുള്ള വിവരണം സംക്ഷിപ്തമായെങ്കിലും അറിഞ്ഞിരിക്കേണ്ടതത്യന്താപേക്ഷിതമാണ്.

ഇന്ത്യയിലെ ഇതരപ്രദേശങ്ങളെ അപേക്ഷിച്ച് കേരളത്തിന്നു കൌതുകമേറിയ ഭൂപ്രകൃതിയുള്ളതുപോലെ നമ്മുടെ സംസ്കാരത്തിന്നും ചില പുതുമകളുണ്ട്. ഇതിൻെറയെല്ലാം ഒരു പ്രതിഫലനം മലയാളസാഹിത്യത്തിലും കാണാം. ആരിൽനിന്നായാലും എവിടെനിന്നായാലും ഉത്തമമായിട്ടുള്ളതിനെ സ്വീകരിക്കുക

എന്നുള്ള നയം ധന്യയായ കൈരളീദേവി പണ്ടെപ്പണ്ടെ അവലംബിച്ചു പോന്നിട്ടുള്ളതാണ്. ക്രിസ്തുമത പ്രചരണാർത്ഥം ആഗതനായ സെൻറ്തോമാസിന്നും നബിതിരുമേനിയുടെ സന്ദേശവാഹകനായി എത്തിച്ചേർന്ന മാലിക്ദീനാർക്കും സഹർഷം സ്വാഗതമരുളിയ നമ്മുടെ പവിത്രയായ കേരളമാതാവു് സംസ്ക്കാരസമ്പന്നയാണെന്നു നിസ്സംശയം പറയാം. വിവിധോദ്ദേശത്തോടുകൂടി ഇവിടെ വന്നെത്തിയ പാശ്ചാത്യരേയും യഥോചിതം സ്വീകരിക്കപ്പെട്ടുകയുണ്ടായി. ഇങ്ങിനെ നാനാമതസ്ഥരും ദേശക്കാരും കേരളത്തിൽ താമസമുറപ്പിച്ചതിൻെറ ഫലമായി മററുള്ളവരിൽ നിന്നും വ്യത്യസ്തമായ ഒരു ഉൽകൃഷ്ടസംസ്ക്കാരം നമുക്കുണ്ടായിത്തീൎന്നു. അതുകൊണ്ടുതന്നെയാവാം ലോകത്തിൻെറ നാനാ ഭാഗങ്ങളിലും ജീവിതത്തിൻെറ വിവിധ തുറകളിൽ കേരളീയർ പരിലസിക്കുന്നതു്. ഇപ്രകാരം നമ്മുടെ നാട്ടു് ഹൈന്ദവ സംസക്കാരത്തോടൊപ്പം ഇസ്ലാമിക, ക്രൈസ്തവ, പാശ്ചാത്യസംസ്ക്കാരങ്ങളുടേയും ഉറവിടമായി പരിണമിച്ചുവെന്നു പറയാം. ഒരു രാജ്യത്തിൻെറ സംസക്കാരം അവിടത്തെ ഭാഷാസാഹിത്യത്തിൽ പ്രതിഫലിച്ചു കാണാം. മലയാള ഭാഷയെ സംബന്ധിച്ചിടത്തോളം സാഹിത്യസമ്പത്ത് അധിക ഭാഗവും സ്ഥിതിചെയ്യുന്നതു ഭക്തിരസപ്രധാനങ്ങളായ പുരാതനകൃതികളിലും നാടോടിപ്പാട്ടുകളിലുമത്രെ. ഭാഷാ പോഷണാർത്ഥം ആധുനിക സാഹിത്യകാരന്മാർ ഇന്നു ലോകത്തിൽ എവിടേയും നാടോടിപ്പാട്ടുകളും പുരാതന കലാസമ്പത്തുകളും ആരാഞ്ഞു പിടിക്കുന്ന സംരംഭത്തിൽ മുഴുകിയിരിക്കുകയാണ്. മലയാളത്തിലെ നാടോടിപ്പാട്ടുകൾ സാഹിത്യരസം തുളുമ്പുന്നവയാണ്. എന്നാൽ നമ്മുടെ സാഹിത്യകാരന്മാരിൽ അധികം പേരും പ്രസ്തുത ഗീതങ്ങൾ ശേഖരിച്ചു സാഹിത്യഭണ്ഡാരത്തെ പരിപുഷ്ടമാക്കുകയല്ലാതെ അവയെ അനുകരിച്ചു കൃതികൾ രചിക്കുന്നതിൽനിന്നും ഒഴിഞ്ഞുമാറുകയാണ് ചെയ്യുന്നതു്. ശ്രീ. ചങ്ങമ്പുഴയെപ്പോലെ പുരാതനശൈലികളെ

അനുകരിച്ചു മധുരമായ ഗാനങ്ങൾ രചിക്കുവാൻ സാധിച്ചിട്ടുള്ളവർ ചുരുക്കമാണ്. ഒരുപക്ഷെ, ഈ അനുകരണസ്വഭാവമായിരിക്കാം അദ്ദേഹത്തെ ജനകീയസാഹിത്യത്തിൻെറ നേതാവാക്കിത്തീർത്തതു്. മലയാളത്തിൻെറ അത്തരം തനതുസമ്പത്തുകളിൽ ഒട്ടും അപ്രധാനമല്ലാത്ത ഒന്നാണ് മാപ്പിളപ്പാട്ടുകൾ. ഈ ഗീതങ്ങൾക്ക് ചില വിശേഷതകൾ കൂടിയുണ്ട്. അവ ദൈനംദിനം വളർന്നുകൊണ്ടിരിക്കുന്നുവെന്നു പറയാം. പ്രസ്തുത ഗാനങ്ങൾ കേരള മുസ്ലിമീങ്ങളുടെ ഇടയിൽ മാത്രം ഒതുങ്ങിക്കഴിഞ്ഞുകൂടുന്നു. മാപ്പിളമാർ കുടിൽ തൊട്ടു കൊട്ടാരംവരെ ശ്രുതിമധുരമായ ഈ പാട്ടുകൾ പാടി രസിക്കുന്നുമുണ്ട്. സ്വസമുദായത്തിന്നിടയിൽ പ്രചുരപ്രചാരം സിദ്ധിച്ചതാണെങ്കിലും ഇതര സമുദായങ്ങളിൽ നിന്നും ഒററതിരിഞ്ഞു നിലകൊള്ളുകയാണ് ഇന്നിയും മാപ്പിളപ്പാട്ടു കാവ്യങ്ങൾ. മററു സമുദായങ്ങളിലേക്ക് പ്രവേശിച്ച് ജനസാമാന്യത്തിൻേറതായിത്തീർന്നിട്ടില്ലാത്ത. അഥവാ മുസ്ലീംകൾ മാത്രം കൈകാര്യം ചെയ്തുപോരുന്ന ഈ കൃതികളുടെ ഏകാന്തവാസം ദൌർഭാഗ്യകരമെന്നേ പറയേണ്ടതുള്ളു. ഈ പാട്ടുകളുടെ നിശ്ചിതമായ പരിധി മലയാളസാഹിത്യത്തിൽ അവയർഹിക്കുന്ന പദവിയും പ്രചാരവും നഷ്ടമാക്കിത്തീർത്തുവെന്നു തന്നെ പറയട്ടെ. അഭ്യസ്തവിദ്യരായ മാപ്പിളമാർ അവയുടെ ഉദ്ധാരണത്തിന്നായി യാതൊന്നും തന്നെ ചെയ്തിട്ടില്ലെന്നു വ്യസനസമേതം പ്രസ്താവിച്ചു കൊള്ളുന്നു. അതിനാൽ അവയുടെ ഗാനമാധുര്യവും സാഹിത്യരസവും ഇതരസമുദായങ്ങൾക്ക ആസ്വദിപ്പാൻ കഴിഞ്ഞിട്ടില്ല. ശ്രവണമധുരത്താൽ ഉൽഭൂതമാകുന്ന ആനന്ദാനുഭൂതി 'മധുരമാം മാപ്പിളപ്പാട്ടി'ൻെറ മട്ടിന്നുള്ളൊരു പ്രത്യേകതയാണ്. അവയിൽ മുഴങ്ങിക്കൊണ്ടിരിക്കുന്ന സാംസ്കാരികമായ വിപ്ലവബോധവും, സ്ഫുരിച്ചുകൊണ്ടിരിക്കുന്ന ഗാനാത്മകത്വവും ശ്രോതാക്കളെ ആകർഷിക്കുവാൻ പര്യാപ്തങ്ങളാണ്. മാപ്പിളകാവ്യതല്ലജങ്ങളുമായി ഇടപഴകുമ്പോൾ—മനം കവരുന്ന ആ ഗാനങ്ങൾ ആസ്വദിക്കു

മ്പോഠം— ഏതൊരു അമുസ്ലീമും വിശിഷ്ടമായ ഈ സാഹിത്യസമ്പത്ത് ആസ്വദിപ്പാൻ കഴിഞ്ഞില്ലല്ലോ എന്നോർത്തു പരിതപിക്കാതിരിക്കുകയില്ല. കേരളമുസ്ലീംകഠം തങ്ങളുടെ പൂർവ്വികന്മാരുടെ സാംസ്കാരികവും സാഹിത്യപരവുമായ പ്രവത്തനങ്ങളെപ്പററി ഗവേഷണങ്ങഠം നടത്തി ആധുനികഭാഷാ സാഹിത്യചരിത്രങ്ങളുടെ അപൂർണ്ണതയെ പരിഹരിക്കുകയുണ്ടായിട്ടില്ല. അതിനാൽ സാഹിത്യചരിത്രത്തിൽ ഇന്നും അതൊരു വിടവായിത്തന്നെ അവശേഷിക്കുകയാണ് ചെയ്യുന്നതു. ഈ വിടവു നികത്തുവാൻ കഴിയാത്ത ദോഷം നാം സ്വയം ഏറെറടുക്കുക തന്നെ വേണം. അറബി മലയാളത്തിലാണല്ലൊ ഈ ഗാനങ്ങളെല്ലാം രചിക്കപ്പെട്ടിട്ടുള്ളത്. അതും മററുള്ളവരുടെ ഇടയിൽ അവയ്ക്കുള്ള പ്രചാരത്തിന്നു ഭംഗം വരുത്തീട്ടുണ്ടെന്നു നിസ്സംശയം പറയാം.

അവയിലെ ഗാനമാധുര്യ്യവും സാഹിത്യരസവും ആസ്വദിക്കുവാൻ ഇതരസമുദായക്കാക്കു കഴിയാതെ വന്നതിനാൽ അവർ മാപ്പിള സാഹിത്യത്തെ അവജ്ഞയോടു കൂടിയാണ് വീക്ഷിച്ചു പോരുന്നതു. മലയാളസാഹിത്യത്തിൻെറ ഒരു വിഭാഗമായ പ്രസ്തുത കാവ്യങ്ങളെ അവയുടെ ഗാനമാധുര്യ്യത്താൽ പാട്ടുകഠം എന്ന പേരിന്നർഹമാക്കിത്തീർത്തിരിക്കുകയാണ്. ജീവിതത്തെ സ്നേഹിക്കുകയും അതിൻെറ വികാസത്തിന്നുവേണ്ടി അത്യദ്ധ്വാനം ചെയ്തുകൊണ്ടിരിക്കുകയും ചെയ്യുന്ന ഒരു പ്രബലസമുദായത്തിൻെറ ആയിരത്താണ്ടുകാലത്തെ സമുന്നതാദർശങ്ങളും സുന്ദരസങ്കല്പങ്ങളും ഉഠംക്കൊള്ളുന്ന ഒരു സാഹിത്യം മററു സമുദായങ്ങഠംക്കു അജ്ഞാതമായിത്തീരുക എന്നതു തീർച്ചയായും വിധിവൈപരീത്യം തന്നെയാണ്! കേരളമുസ്ലിംകളുടെ സംസ്കാരദർപ്പണമായ മാപ്പിളപ്പാട്ടുകഠം ആ സമുദായത്തിന്നു തങ്ങളുടേതെന്നു സ്വയം അഭിമാനിക്കാവുന്ന ഒരു സാഹിത്യസമ്പത്താണെന്നു നിസ്സംശയം പറയാം. വടക്കൻപാട്ടുകഠം പോലും സാഹിത്യരംഗത്തു പ്രവേശനം ചെയ്ത ഈ കാലത്തു മുസ്ലീംകളുടെ പദ്യസാഹിത്യമായ

മാപ്പിളപ്പാട്ടുകൾ ഇനിയും വെളിച്ചം കാണാതെ ഒളിഞ്ഞും മറഞ്ഞും കിടക്കുകയാണു് ചെയ്യുന്നതു. അവയെ തേടിപ്പിടിച്ചു പൊതുരംഗത്തു കൊണ്ടുവന്നാൽ മാത്രമേ മലയാളസാഹിത്യവും കേരളസംസ്കാരവും കൂടുതൽ പരിപുഷ്ടമാകയുള്ളൂ. പ്രാഥമിക വിദ്യാലയം മുതൽ സൎവ്വകലാശാലകൾ വരെ പഠന വിഷയമാക്കിത്തീൎക്കുവാൻ സൎവ്വവിധേനയും അൎഹമായ പ്രസ്തുത കാവ്യങ്ങൾ നമ്മുടെ വിദ്യാലയങ്ങളിലൊന്നും പഠിപ്പിക്കുവാനുള്ള ഏൎപ്പാടുകളില്ലെന്നതു എത്രമാത്രം ശോചനീയമാണു്! അറബി മലയാളത്തിലാണല്ലോ മാപ്പിളപ്പാട്ടുകൾ രചിക്കപ്പെട്ടിട്ടുള്ളതു്. അറബിമലയാളമെന്നാൽ മലയാളം അറബിലിപികളിൽ എഴുതപ്പെട്ടതു് എന്നൎത്ഥമാണു്. ഇപ്രകാരം ആ സാഹിത്യം അറബിലിപികൾക്കിടയിൽ കുടുങ്ങിക്കിടക്കുകയാണു്. കേരളസംസ്ക്കാരം ഹൈന്ദവന്റേയും ക്രൈസ്തവന്റേയും എന്നപോലെ മുസൽമാന്റേയുംകൂടി പൈതൃകമാണു്.

കേരളത്തിലെ അറബിയൻ കുടിയേറിപ്പാർപ്പുകാരും കച്ചവടക്കാരും കൊണ്ടുവന്ന ഇസ്ലാമികസംസ്ക്കാരമാണു് മാപ്പിളസാഹിത്യത്തിന്റെ അഥവാ മാപ്പിളപ്പാട്ടുകളുടെ ഉറവിടം. മലയാളത്തിലെ വിവിധങ്ങളായ പാട്ടുകളിൽവെച്ചു ഏററവും സംഗീതാത്മകത്വം ഈ പാട്ടുകൾക്കാണെന്നുള്ളതു സർവ്വവിദിതമാണല്ലോ. അവാച്യമായ ഒരാനന്ദാനുഭൂതിയാണു അവയിൽനിന്നും ലഭ്യമാകുന്നതു; ബുദ്ധിമണ്ഡലത്തേക്കാളേറെ ഹൃദയമണ്ഡലത്തോടവയടുത്തു നില്ക്കുന്നു; ഒരു വക ഹൃദയസംഗീതമെന്നൎത്ഥം. ഈ പാട്ടുകളിൽ കാണുന്ന വൃത്തങ്ങൾക്കു് തമിഴ്‌വൃത്തങ്ങളോടു ഏറെക്കുറെ സാമ്യമുണ്ടു്. എന്നാൽ അറബിപ്പാട്ടുകളുടെ സംഗീത ലയത്തോടു ഇണങ്ങിച്ചേരാനുള്ള ഒരു പ്രവണതയും അവയിൽ കാണാം. തന്മൂലം ശ്രോതാക്കളെ ഉൾക്കടമായൊരാനന്ദാനുഭവത്തിൽ കൊണ്ടെത്തിക്കാനുള്ള കഴിവുമവയ്ക്കുണ്ടു്. അവയ്ക്കെത്രകണ്ടു പുരാതനത്വമുണ്ടെന്നറിയേണമെങ്കിൽ കേരളമുസ്ലിംകളുടെ ആവിർഭാവ

ത്തെക്കുറിച്ചുള്ള പരിജ്ഞാനം ഉണ്ടായിരിക്കേണ്ടതാണ്. ഇവിടത്തെ മുസൽമാന്മാരുടെ ഉത്ഭവംതന്നെ തെററായ വിധത്തിലാണല്ലോ ചരിത്രത്തിൽ രേഖപ്പെട്ടത്തീട്ടുള്ളതു! 800 കൊല്ലത്തെ പഴക്കമാണത്രെ അവക്ക് ഇവിടെയുള്ളതു. എട്ടാം നൂററാണ്ടിലുണ്ടായ മുഹമ്മദ് ബിൻകാസിമിൻെറ സിന്ധാക്രമണത്തിന്നുശേഷമാണ് ഇന്ത്യയിൽതന്നെ ഇസ്ലാംമതംപ്രചരിച്ചിട്ടുള്ളതെന്നു ചരിത്രം ഘോഷിക്കുന്നു. ഉത്തരേന്ത്യയെ സംബന്ധിച്ചിടത്തോളം അതു ശരിയായിരിക്കാം. എന്നാൽ കേരളത്തിന്നു അതു ബാധകമാവാൻ തരമില്ല. കാരണം, ഇസ്ലാമിൻെറ ആവിർഭാവത്തിന്നു മുമ്പുതന്നെ അറബികഠം വ്യാപാരാത്ഥം കേരളത്തിൽ ഉണ്ടായിരുന്നുവെന്നുള്ളതിന്നു അനിഷേദ്ധ്യമായ ചരിത്രലക്ഷ്യങ്ങളുണ്ടു്. ആ മതത്തിൻെറ ശൈശവദശയിൽ ഭരണകത്താക്കളോടൊപ്പം വത്തകന്മാരും മതപ്രചരണത്തിൽ ഉൽസുകരായിരുന്നു. അതുകൊണ്ടു ആ കാലത്തു കേരളത്തിലുണ്ടായിരുന്ന അറബികളും തങ്ങളുടെ നൂതന മതം ഇവിടെ പ്രചരിപ്പിക്കുവാൻ ശ്രമിച്ചിട്ടുണ്ടായിരിക്കണം. മതസഹിഷ്ണുതക്കു മകുടംവെച്ച കേരളത്തിൽ–മഹാമനസ്കനും അതിഥി സല്ക്കാരപ്രിയനുമായിരുന്ന സാമൂതിരിയുടെ നാട്ടിൽ–അവക്കു തങ്ങളുടെ മതം നിർവിഘ്നം പ്രചരിപ്പിക്കുവാനും സാധിച്ചിട്ടുണ്ടായിരിക്കാം. അപ്പോഠം അറേബ്യനിൽ ഇസ്ലാംമതം പ്രചരിച്ചുതുടങ്ങിയ അതേ കാലത്തുതന്നെ (622-ൽ) ഇവിടെയും പ്രസ്തുത മതം പ്രചരിച്ചിട്ടുണ്ടാവാം. ഈ അഭ്യൂഹത്തിൻെറ പശ്ചാത്തലത്തിൽ കേരളമുസ്ലിംകഠക്കു് 1300 കൊല്ലത്തോളം പഴക്കമുണ്ടെന്നു കണക്കാക്കാം. അങ്ങിനെ നോക്കുമ്പോഠം മാപ്പിളസാഹിത്യത്തിന്നു 1000 കൊല്ലത്തെയെങ്കിലും പുരാതനത്വമുണ്ടായിരിക്കണമെന്നാണ് അഭിജ്ഞന്മാരുടെ അഭിമതം. വ്യാപാരാത്ഥം കേരളത്തിൽ വന്ന അറബികളിൽ പലരും മലയാളിവനിതകളെ വിവാഹം കഴിച്ചു ഇവിടെ താമസമുറപ്പിക്കയാണുണ്ടായതു. അവരുടെ അനന്തരപരമ്പരകഠം പെരുകുകയും നാട്ടുകാരിൽ പലരും ഇസ്ലാംമതമവലംബിക്കുകയും ചെയ്തു. അ

ബികൾക്ക ഉൾനാട്ടകളിൽപോയി ചരക്കകൾ സംഭരിച്ചുകൊട്ട ത്തിരുന്നതു ഈ പൂൎവവിശ്വാസികളായ മാപ്പിളമാരായിരുന്നു. അവൎക്ക മതനേതൃത്വവും ശിക്ഷണവും കൊട്ടത്തുകൊണ്ടിരുന്നതും അറബികൾ തന്നെയാണത്രെ. അങ്ങിനെ മാപ്പിളമാരും അവരും തമ്മിൽ കവിഞ്ഞ സമ്പൎക്കം പുലൎത്തിക്കൊണ്ടിരുന്നു. അറബികളുടെ സംഭാഷണഭാഷ അറബിയും മലയാളവും കലൎന്നു കൊണ്ടുള്ള ഒരു മിശ്രഭാഷയും, മാപ്പിളമാർ അവരുമായി സംഭാഷണം ചെയ്തുകൊണ്ടിരുന്നതു മലയാളവും ഇടക്കിടെ അറബി പദങ്ങളും ചേൎത്തുകൊണ്ടുള്ള ഒരു ഇടകലൎന്ന ഭാഷയും ആയിരുന്നു. കൂടാതെ മലയാളം മാത്രം വശമുണ്ടായിരുന്ന തങ്ങളുടെ കളത്രപുത്രാദികളോട്ട അവർ സംസാരിച്ചിരുന്നതു അറബി ഭാഷ കലൎന്ന മലയാളമായിരുന്നു. ഈ സമ്പൎക്കം നിമിത്തം നാട്ടുകാരായ മുസ്ലിംകൾക്കിടയിൽ അറേബ്യൻ സംസ്കാരം അഥവാ ഇസ്ലാമിക സംസ്കാരം വ്യാപിച്ചുവെന്നു പറയാം. അവരെ അനുകരിച്ചു ജീവിതം നയിച്ചിരുന്ന മാപ്പിളമാരുടെ ഗൃഹഭാഷയും സാമുദായികഭാഷയുംഅറബി മലയാളമായിത്തീൎന്നിരിക്കണം. അതു ഇതരസമുദായങ്ങളിലേക്ക വ്യാപിച്ചിരുന്നില്ല. ഈ മിശ്രഭാഷ കേരള മുസ്ലിംകൾക്കിടയിൽ ദൃഢമൂലമായിത്തീരുകയും ക്രമാനുസൃതമായി അതു വളൎന്നുവരികയും ചെയ്തു. വ്യാപാരസമ്പൎക്കം കൊണ്ടു മാപ്പിളമാർ പേർഷ്യൻ, ഹിന്ദുസ്ഥാനി, തമിഴ, എന്നീ ഭാഷകളിൽ നിന്നും പദങ്ങൾ തങ്ങളുടെ ഭാഷയിലേക്ക സംഭാവന ചെയ്തു. അറബികൾ പുരാതനകാലം മുതൽക്കതന്നെ സാഹിത്യാഭിരുചിയുള്ളവരായിരുന്നു. ഇസ്ലാംമതകൎമ്മാനുഷ്ഠാനങ്ങളും തത്വസംഹിതകളും ഉൾക്കൊള്ളുന്ന "വിശുദ്ധ ഖുറാൻ" തങ്ങളുടെ കൂട്ടുകാരായ ഇന്നാട്ടുകാൎക്ക അവർ പഠിപ്പിച്ചുകൊട്ടത്തു. ക്രമേണ മാപ്പിളമാൎക്ക തങ്ങളുടെ ആശയങ്ങൾ പ്രകാശിപ്പിക്കുവാനുള്ള ഒരു ഭാഷയുടെ ആവശ്യകത ഉണ്ടായിത്തീരുകയും അവർ അറബി ലിപികളിൽ സ്വഭാഷ എഴുതിത്തുടങ്ങുകയും ചെയ്തു. ഇതത്രെ

അറബിമലയാളം. ആദ്യകാലങ്ങളിൽ മുസ്ലീംകൾ പൊതുവിൽ അറിയേണ്ട മതാത്മകങ്ങളായ കാര്യങ്ങളെ പരാമർശിച്ചുകൊണ്ടുള്ള ഗ്രന്ഥങ്ങളായിരുന്നു രചിക്കപ്പെട്ടിരുന്നതു. അങ്ങിനെ അറബിമലയാളം മററു സമുദായങ്ങളിൽ നിന്നും വേറിട്ടുകൊണ്ടുള്ള ഒരു ചുററുപാടിൽ വളൎന്നുവന്നു. ഇതിനെയത്രെ മാപ്പിള ഭാഷയെന്നും മാപ്പിളമലയാളമെന്നും പറഞ്ഞുവരുന്നതു. മാപ്പിള മലയാളം ഒരു സാഹിത്യഭാഷയായി വികസിച്ചപ്പോൾ അതിൻെറ അക്ഷരമാലയിൽ ലിപികളും വർദ്ധിച്ചു; മാത്രമല്ല മലയാളഭാഷയുമായി മാപ്പിളസാഹിത്യം പൂർവ്വാധികം ബന്ധപ്പെട്ടുതുടങ്ങി. പ്രസ്തുത സാഹിത്യം മലയാളത്തിൻെറ ഒരു വ്യത്യസ്ത ഭാഗം മാത്രമാണ്. അതിൽ അറബി, സംസ്കൃതം, ഹിന്തുസ്ഥാനി തമിഴ എന്നീഭാഷകളിലെ പദങ്ങൾ വന്നുചേൎന്നിട്ടുണ്ടെന്നുമാത്രം. ഉദാഹരണമായി കശാപ്, ആസാമി, ഹാജർ, മുൻഷി, മുൻസിഫ്, തഹസിൽദാർ, വക്കീൽ, വക്കാലത്തു, ഒസ്യത്തു, തർജ്ജമ ബാക്കി. കത്തു് എന്നീ പദങ്ങൾ അറബിയിൽനിന്നു മലയാളത്തിൽ കടന്നുകൂടിയതാണല്ലോ. കാലഭേദം, പരഭാഷാസമ്പർക്കം സമുദായാചാരസങ്കലനം തുടങ്ങിയ കാരണങ്ങളാൽ അനന്തര കാലങ്ങളിൽ രൂപാന്തരം സംഭവിച്ചുവന്നിട്ടുള്ളതാകയാൽ അവ ഭാഷയുടെ പദസമ്പത്തായി തീൎന്നിരിക്കുകയാണ്. അവ നമ്മുടെ ഭാഷയ്ക്കു സർവ്വാദരണീയമായ താങ്ങും തണലുമായിത്തീൎന്നിട്ടുണ്ടു. അറബിമലയാളത്തിൽ ഗദ്യസാഹിത്യം ഏതുകാലം മുതല്ക്കാണ് എഴുതിത്തുടങ്ങിയതെന്നു നിരാക്ഷേപമായി നിർണ്ണയിച്ചു കഴിഞ്ഞിട്ടില്ലെങ്കിലും അതു ഏതാണ്ടു 1000കൊല്ലം മുമ്പായിരിക്കണമെന്നാണ് സങ്കല്പം. അതിൻെറ പുരോഗതിയെ വിളംബരം ചെയ്യുവാൻ പോരുന്ന ഗ്രന്ഥങ്ങൾ പലതുമുണ്ടു്. വൈത്തുല്ല്യം, മോയിൻകുട്ടി എളയുടെ "കുറആൻ" തർജ്ജമ, ഇബ്രാഹിംകിസ്സ, തുടങ്ങിയ പുരാതന പ്രസിദ്ധീകരണങ്ങൾ അവയിൽ ചിലതത്രെ. ആധുനിക അറബിമലയാള ഗദ്യസാഹിത്യം വിവിധ പ്രസ്ഥാനങ്ങളാകുന്ന വേഷഭൂഷകളോടുകൂടി കാലാനുസൃത

മായി മുന്നോട്ടു കുതിച്ചു കൊണ്ടിരിക്കുകയാണു്. തമിഴ്ഗാനപടു ക്കളായ "പുലവന്മാർ" വഴിയായി പുരാതനമാപ്പിള സാഹിത്യ കാരന്മാക്കു ആ ഭാഷയുമായി സമ്പർക്കം പുലത്തുവാൻ സന്ദർഭം സിദ്ധിച്ചിരുന്നു. ആ ഭാഷയുമായുള്ള ചർച്ചയും വേഴ്ചയും അറബി മലയാളത്തിൽ താളം തളിരുമണിഞ്ഞ പദ്യസമ്പത്തു തഴച്ചു വളരുവാൻ കാരണമാക്കിത്തീത്തു മാപ്പിളപ്പാട്ടു ഗ്രന്ഥങ്ങളുടെ പ്രാബല്യവും ബാഹുല്യവും വർദ്ധിച്ചുവന്നു. ആധുനിക പദ്യ സാഹിത്യം പരിപുഷ്ടമാക്കിയവരിൽ പ്രഥമഗണനീയനത്രെ മഹാകവി ചേറുവായി പരീക്കുട്ടി. ഊർജ്ജസ്വലത, ലാളിത്യം, മനോഹാരിത, പ്രസാദം ഇത്യാദി ഗുണഗണങ്ങളാൽ ലാളിതവും മേളിതവുമായ ഒരു ഉത്തമശൈലിയാണു് അദ്ദേഹത്തിൻെറ കൃതികളിൽ തെളിഞ്ഞുകാണുന്നതു. ആധുനി. മാപ്പിളപ്പാട്ടു ശൈലിയുടെ മാതൃകാ പ്രദർശകനായിട്ടാണു് അദ്ദേഹം സമാദരിക്കപ്പെടുന്നതു. ആധുനികകാലത്തു വിരളമായി കാണുന്ന ആത്മനിവേദനവും വികാരോഷ്മളതയും അദ്ദേഹത്തിൻെറ കവിതകളിൽ പ്രകടമായികാണാം. പ്രാചീന മലയാളകൃതികളിൽ വേണ്ടത്ര പരിചയമുണ്ടായിരുന്നതു കൊണ്ടു അവയിലെ കാവ്യസൌഭാഗ്യങ്ങളേയും ക്ലിഷ്ടതകളേയും എളുപ്പം കണ്ടറിയുവാൻ അദ്ദേഹത്തിന്നു സാധിച്ചിരുന്നു. ഉപമകളും രൂപകങ്ങളും സുലഭമായി കാണുന്ന അദ്ദേഹത്തിൻെറ കൃതികൾ ഏററവും മധുരവും ഹൃദയഹാരിയുമാണു്; ഭാഷയാകട്ടെ അകൃത്രിമരമണീയവും വാചാലവും. കവിയുടെ ഭക്തിപൂർണ്ണമായ അന്തഃകരണം അദ്ദേഹത്തിൻെറ കൃതികളിലുടനീളം പ്രതിഫലിക്കുന്നു. അദ്ദേഹത്തിൻെറ മഹാകാവ്യമായ പുത്തഹിശ്ശാമിൻെറ പ്രസിദ്ധീകരണത്തോടുകൂടി അദ്ദേഹം മുസ്ലീംകളുടെ ഇടയിൽ പ്രശസ്തതരനായി; അവരുടെ ജനകീയ കവിയായി. ക്ലാസ്സിസം, റൊമാൻറിസം, റിയാലിസം എന്നിവയിൽക്കൂടി വിജയകരമായി കടന്നുപോന്ന കവി അവസാനം ഇവ മൂന്നും കലത്തി തൻെറതായൊരു രീതി ആവിഷ്കരി

ച്ചു. പ്രചോദനമുൾക്കൊണ്ടേ പരീക്കുട്ടി കവിതയെഴുതാറുള്ളൂ. സൃഷ്ടിയുടെ അത്ഭുതങ്ങൾ നിറഞ്ഞ ലോകത്തെക്കുറിച്ചു ഒരു രാപ്പാടിയെപ്പോലെ മതിമറന്നു പാടിച്ച വേഡ്സ്വർത്തിനോടു അദ്ദേഹത്തെതാരതമ്യപ്പെടുത്താം. ഇതിൽ കവി മുന്നോട്ടുവന്നു ക്ഷണികങ്ങളായ ഐഹിക സുഖഭോഗങ്ങളാൽ ആകൃഷ്ടരാവാതിരിക്കാൻ ലോകത്തോടു ആഹ്വാനം ചെയ്യുകയാണ്. അദ്ദേഹത്തിൻെറ കവിതകളിലെ മുഖ്യ പ്രതിപാദ്യം സർവ്വശക്തനായ ഈശ്വരനും, പ്രവാചകനായ മുഹമ്മദു നെബിയും, അല്ല, വിശുദ്ധ "കുർ'ആനും ഹദീസു"മാണ്. വിശുദ്ധ "കുർ'ആനിലും ഹദീസി"ലും വിവരിക്കുന്ന ഇസ്ലാമിക സംസ്ക്കാരത്തിൻെറ യഥാർത്ഥ ജീവൻ അദ്ദേഹം ഉൾക്കൊണ്ടിരുന്നു. എന്നാൽ അദ്ദേഹത്തിൻെറ ജീവിതവീക്ഷണം പുരോഗമനാത്മകവും ആധുനികവുമായിരുന്നു വെന്നു തൻെറ കൃതികൾ വിളിച്ചു പറയുന്നുണ്ട്. ഭാവങ്ങൾക്ക് സമാന്തരമായ വൃത്തങ്ങൾ ഉപയോഗിക്കാൻ അദ്ദേഹം ശ്രദ്ധിച്ചിട്ടുണ്ട്. വർണ്ണശബളമായ ഒന്നായിരുന്നു അദ്ദേഹത്തിൻെറ ജീവിതം. വിദ്യാഭ്യാസപരവും, സാഹിത്യപരവും, സാമുദായികവുമായ ജീവിതത്തിൻെറ എല്ലാ തുറകളിലും അദ്ദേഹം ഒരു നേതാവായി തന്നെ പ്രശോഭിച്ചിരുന്നു. കവിയും ഗായകനുമെന്നതിന്നു പുറമെ വക്കീൽ, തർക്കങ്ങളിൽ ഒരു മാദ്ധ്യസ്ഥൻ, ആധാരമെഴുത്തുകാരൻ എന്നീ വ്യത്യസ്തനിലകളിൽ അദ്ദേഹം സ്തുത്യർഹമായി പ്രവർത്തിച്ചിട്ടുണ്ട്. എന്നാൽ അദ്ദേഹത്തിൻെറ സാഹിത്യ ജീവിതം നിസ്തുലമായി തന്നെ നില്ക്കുന്നു. ആയതിനാൽ അദ്ദേഹത്തിൻെറ ജീവിത കഥയിലേക്ക് ഒന്നെത്തിനോക്കുന്നതു് വിജ്ഞാനപ്രദവുമായിരിക്കും. മാപ്പിളസാഹിത്യത്തെക്കുറിച്ചുള്ള ഗവേഷണ വിഭാഗത്തിലേക്കദ്ദേഹം നല്കീട്ടുള്ള സംഭാവനകൾ ഭാവി തലമുറകൾ എന്നെന്നും ഓർമ്മിക്കും. അദ്ദേഹത്തിൻെറ ഗുണപുഷ്കലമായ കവിതകൾ പണ്ഡിതന്മാരുടെയും സാഹിത്യനായകന്മാരുടേയും സമഗ്രമായ പഠനം അർഹിക്കുന്നവയാണ്. പൌരാണിക ഗ്രന്ഥങ്ങളി

ൽ നിന്നും പാട്ടുകൾ എടുത്തു അവയുടെ പ്രാധാന്യം ജനങ്ങൾക്ക് "അറബി മലയാള" ത്തിൽവിവരിച്ചു കൊടുക്കുന്ന "കിസ്സപ്പാട്ട്" എന്ന സമ്പ്രദായം ഇദംപ്രഥമമായി തുടങ്ങിയതു മഹാകവി പരീക്കുട്ടിയാണ്. ഇത്തരം പാട്ടുകളുടെ നിർമ്മാതാക്കൾ "അറബി മലയാളം" എന്ന പേരിൽ ഒരുതരം പ്രത്യേക ലിപികൾ കണ്ടുപിടിച്ചിട്ടുണ്ട്. അറബിഭാഷയിലുള്ള 28 അക്ഷരങ്ങളും മലയാളത്തിൽനിന്നു ച, ഞ്ച, ഇ, ഴ, ര, ഞ, ങ, ണ, പ, മ്പ, ട, ട്ട, ങ്ങ, ക്ഷ, ഒ, എ. മുതലായ ലിപികളും ചേർത്തു അമ്പതിൽ പരം ലിപികളുള്ള ഒരക്ഷരമാലയാണ് മാപ്പിളക്കവികൾ തങ്ങളുടെ കൃതികളിൽ ഉപയോഗിച്ചുവരുന്നത്. അറബിലിപികൾക്കു ചില പ്രത്യേക സംജ്ഞകൾകൊടുത്തു അറബിക്കും മലയാളവും അക്ഷരങ്ങൾ തമ്മിൽക്കൂട്ടിയിണക്കിക്കൊണ്ടാണ് അവ നിർമ്മിക്കപ്പെട്ടിട്ടുള്ളത്. ഇതൊക്കെ ആരാൽ എപ്പോൾ കണ്ടുപിടിക്കപ്പെട്ടുവെന്നുള്ളത് മിക്കവാറും അജ്ഞാതമായിട്ടാണ് ഇരിക്കുന്നതു്. ആ ഭാഗം ഭാഷാചരിത്രാന്വേഷകന്മാർക്കു വിട്ടുകൊടുക്കുകയാണ് നല്ലതു്. ഇതുകൊണ്ടു തെളിയുന്നത് മാപ്പിളസാഹിത്യത്തിന്നു ഒരു അടിത്തറയുണ്ടെന്നുള്ളതാണ്. മാപ്പിളപ്പാട്ടുകളുടെ ഏററവും ഹൃദ്യമായ വശം അവയുടെ ഗാനമാധുര്യമാണ്. ഈ ഉദ്ദേശസാദ്ധ്യത്തിന്നായി പ്രസ്തുത ഗാനങ്ങളിൽ അവയുടെ കർത്താക്കൾ അറബി, മലയാളം, തമിഴ്, സംസ്കൃതം എന്നീ ഭാഷകളിലെ പദങ്ങൾ ഇടകലർത്തി ഉപയോഗിച്ചുവരുന്നു. അലങ്കാരം, ആശയം, പ്രാസം, വൃത്തം എന്നിവക്ക് കുറവ് ഒട്ടുംതന്നെയില്ല. ഇനി നമുക്കു മാപ്പിളപ്പാട്ടുകളുടെ ഉൽപ്പത്തിയെപ്പററിയാണ് ചിന്തിക്കാനുള്ളതു്. ഭാഷാചരിത്രകാരന്മാരുടെ അഭിപ്രായത്തിൽ പ്രസ്തുത സാഹിത്യത്തിന്നു 500-ൽ പരം സംവത്സരത്തെ പഴക്കമുണ്ടത്രെ. 1342-ൽ കേരളം സന്ദർശിച്ച സുപ്രസിദ്ധ ലോകസഞ്ചാരിയും ചരിത്രകാരനുമായ ഷെയ്ക്ക് ഇബനുബത്തൂത്ത മലബാറിൽ മാപ്പിളമാർക്ക് ആ കാലത്ത് വലിയ പ്രാബല്യമുണ്ടായിരുന്നുവെന്നു രേഖപ്പെടുത്തീട്ടുണ്ട്. ഒരു പ്രബല സമുദായത്തിന്നിടയിൽ

സാഹിത്യവും വളൎന്നുകൊണ്ടിരിക്കുമല്ലൊ. മഹാകവി ഉള്ളൂർ അദ്ദേഹത്തിൻെറ മലയാള സാഹിത്യചരിത്രം എന്ന ഗ്രന്ഥത്തിൽ മാപ്പിളസാഹിത്യത്തിന്നു 500 സംവത്സരത്തോളം പഴക്കമുണ്ടെന്നു രേഖപ്പെടുത്തീട്ടുണ്ടു. മഹാകവി ചേററുവായ് പരീക്കുട്ടിയെ കുറിച്ചും അദ്ദേഹത്തിൻെറ മഹാകാവ്യമായ "പുത്തൂഹിശ്ശാമി" നെപ്പററിയും ഉള്ളൂർ തൻെറ ഗ്രന്ഥത്തിൽ പ്രതിപാദിച്ചിട്ടുമുണ്ടു്. ഏതായാലും ഈ സാഹിത്യത്തിന്നു ഭാഷാ ചരിത്രകാരന്മാർ രേഖപ്പെടുത്തീട്ടുള്ളതിനേക്കാൾ കാലദൈർഘ്യം കൂടുമെന്നു തീർച്ചപ്പെടുത്താം. മാപ്പിളലിപിമാലയിൽ ആദ്യം 30 അക്ഷരങ്ങൾ ആണുണ്ടായിരുന്നത്. സംസ്കൃതപദങ്ങൾ ആധുനികകാലത്തു് പ്രവേശിച്ചുതുടങ്ങിയപ്പോൾ ലിപികൾ 56 ആയി വർദ്ധിച്ചു. പ്രസ്തുത കൃതികൾക്ക് അറബിപദങ്ങളുടെ കലർപ്പുമൂലം ശബ്ദവ്യത്യാസം സംഭവിച്ചിട്ടുണ്ടെങ്കിലും സംഗീതാത്മകത ധാരാളമുണ്ടു്. ഭാഷാപരമായ മാധുരിയും, രചനാസംബന്ധിയായ സൌഷ്ഠവവും മാത്രമല്ല, ശില്പബോധവും രസാവിഷ്കരണസാമർത്ഥ്യവും, ഭാവനാസമ്പന്നതയും അവയുടെ സമാദരണീയങ്ങളായ കാവ്യഗുണങ്ങളാണ്. ഏതൊരു സമുദായത്തിൻെറ ഇടയിലും ആദ്യമായി സംജാതമായ സാഹിത്യം സംഗീതമാണല്ലോ. കേരള മുസ്ലിംസമുദായത്തിൻെറ അഭിമാനസ്തംഭങ്ങളായ മാപ്പിളകവികൾ തങ്ങളുടെ മനോധർമ്മ കുസുമപരിമളം വീശി സഹൃദയഹൃദയങ്ങളെ വികാരതരളിതമാക്കീട്ടുണ്ടെന്നു നിസ്സംശയം പറയാം. ഇനി നമുക്ക് പ്രസ്തുത ഗീതങ്ങളുടെ രചനാസമ്പ്രദായത്തെപ്പററിയാണ് ചിന്തിക്കാനുള്ളതു. മുസ്ലിംകവികൾ തങ്ങളുടെ മുൻഗാമികളെപ്പോലെ കാവ്യരചനയിൽ ചെന്തമിഴിനെത്തന്നെയാണ് ആശ്രയിച്ചിട്ടുള്ളത്. മഹാകവി ചേററുവായ പരീക്കുട്ടി തൻെറ "പുത്തഹിശ്ശാമ്" എന്ന കാവ്യത്തിൽ "പുലവർ വിരോധിച്ചാൽ നടക്കാ പാട്ട്" എന്നു പറഞ്ഞിട്ടുള്ളതുതന്നെ ഇതിന്നു ഉദാഹരണമാണല്ലൊ. മാപ്പിളപ്പാട്ടുകളിലെ "ഇശലുകൾ" അഥവാ മട്ടുകൾ അ

ല്ലെങ്കിൽ വൃത്തങ്ങൾ പരിശോധിച്ചാൽ അവ ദ്രാവിഡവൃത്തങ്ങളിലുള്ള ഗീതങ്ങളുടെ അനുകരണമാണെന്നു കാണാം. ഇവയ്ക്കും പുറമെ അറബിക്കിലെ കവിതകളോടും അവയ്ക്കു സ്വല്പം സാദൃശ്യമുണ്ട്. കേക, കാകളി, മഞ്ജരി, പാന, നതോന്നത, ഓട്ടംതുള്ളൽ എന്നീ വൃത്തങ്ങളുടെ മാതൃകകൾ മാപ്പിളഗീതങ്ങളിൽ ഉണ്ടു. കൂടാതെ ഐവർ കളിപ്പാട്ടു, കോൽക്കളി, പരിചമുട്ട്, ഉടുക്കുകൊട്ട്, പുള്ളുവൻ, കളംപാട്ട്, ത്രിപുട, നിരണംകൃതികൾ, കുറത്തിപ്പാട്ട് തുടങ്ങിയ നാനാതരം പാട്ടുകളുടെയും അനുകരണങ്ങൾ പ്രസ്തുത ഗാനങ്ങളിലുണ്ട്. ചെന്തമിഴിൽ ഗാനങ്ങൾ നിർമ്മിക്കുമ്പോൾ ചില നിയമങ്ങൾ അനുഷ്ഠിക്കേണ്ടതുണ്ട്. രണ്ടു വരികൾ ഒന്നിച്ചു ചേരുന്നതിന്നു പ്രഥമപാദം എന്നു പേർ. ഒന്നു മുതൽ നാലുവരെ പാദങ്ങളിൽ പ്രഥമപാദത്തിലെ ദ്വിതീയാക്ഷരങ്ങൾ ഒത്തുവരണം. ഓരോ പാദത്തിന്നും പൂർവ്വാർദ്ധവും ഉത്തരാർദ്ധവും ഉണ്ട്. പൂർവ്വാർദ്ധത്തിലുള്ള അക്ഷരങ്ങളുടെ ആവർത്തനം യഥാക്രമം ഉത്തരാർദ്ധത്തിലും കാണാം. ഈ പ്രയോഗത്തിന്നാണ് "എതുക" യെന്നും "മോന"യെന്നും പറയുന്നത്. കൂടാതെ അന്ത്യാദിപ്രാസവും നിയമേന പ്രയോഗിക്കുന്നു. നാലാംപാദത്തിലെ അവസാന പദംകൊണ്ടോ അല്ലെങ്കിൽ അക്ഷരംകൊണ്ടോ വേണം തുടർന്നുകൊണ്ടുള്ള വരികൾ ആരംഭിക്കുവാൻ. കാവ്യത്തിന്റെ തുടക്കം മുതൽ സമാപനംവരെ ഈ നിയമങ്ങൾ അനുഷ്ഠിക്കേണ്ടതുണ്ട്. ഈ നിയമാടിസ്ഥാനത്തിലാണ് മാപ്പിളപ്പാട്ടുകൾ രചിക്കപ്പെടുന്നതു്. ആ പാട്ടുകളിൽ ശതക്കണക്കിൽ ഇശലുകൾ (മട്ടുകൾ) കാണപ്പെടുന്നുണ്ടു്. ഓരോ മട്ടിന്നും (ഇശൽ) ഓരോ വരിയിൽ ഇത്ര മാത്രകൾ വേണമെന്നു നിശ്ചയമുണ്ട്, പ്രാസം ഒത്തിരിക്കേണമെന്നും മററും നിബന്ധനകളുണ്ടു, ഇതിന്നാണ് "കമ്പി ഒപ്പിക്കുക" എന്നുപറയുന്നതു്. നാലാം പാദത്തിലെ അവസാന പദംകൊണ്ടോ അക്ഷരംകൊണ്ടോ മാത്രമേ തുടർന്നുകൊണ്ടുള്ള വരികൾ ആരംഭിക്കുവാൻ പാടുള്ളു എന്ന പ്രയോഗത്തിന്നു മാപ്പിളപ്പാട്ടുകളിൽ "വാലിന്മേൽ കമ്പി", ഒപ്പിക്കുക എന്നു പറയുന്നു. താഴെ കൊടുത്ത ഉദാഹരണം

കൊണ്ടു കമ്പി ഒപ്പിക്കുന്ന വിധവും "വാലിന്മേൽ കമ്പി" ഒപ്പിക്കുന്നമട്ടും മനസ്സിലാക്കാവുന്നതാണ്. പ്രസിദ്ധ കവിയായ മോയിൻകുട്ടിവൈദ്യരുടെ 'ഹുസനുൽ ജമാൽ' എന്ന ഖണ്ഡകാവ്യത്തിൽനിന്നെടുത്ത ഭാഗമാണിതു്.

## ഇശൽ (മട്ടു്) തൊങ്കൽ

(ഈ ശൈലിയിൽ ഓരോ വരിയിലും പതിനൊന്നു് അക്ഷരങ്ങൾ വീതമുണ്ടു്, പതിനാറ് മാത്രകളുമുണ്ടു്.)

"ആനെ മതനപൂക നീ തേനാളെ
അടങ്കൽ വഴിപ്പെട്ടാറന ഇന്നാളെ
വാനപ്പുലി ഹുസനുൽ ജമാലോടിപ്പോൽ
ബദറൽ മുനീറെററ പയക്കമെപ്പോൽ
തേനാർ ചിറക്കുന്നെ പയക്കംകേട്ടു്
ദേഹം തളർച്ച വളരയുന്നൊട്ടു്
കാനം മലബന്തർ അടങ്കൽ ദേശ
കട്ടപ്പം കടന്നോട്ടുന്നൊരു പർസ
പർസും ഒരുക്കാനചമയ മൊക്കെ
പാതിലൈലിൽ ഞാൻ ഒരുക്കി നിക്കാം"

മേൽ വിവരിച്ച വരികൾ പരിശോധിച്ചാൽ ഒന്നാമത്തെ വരിയിലെ ആദ്യാക്ഷരവും അന്ത്യാക്ഷരവും തന്നെയാവണം രണ്ടാം വരിയിലെആരംഭത്തിലും അവസാനത്തിലും എന്നു കാണും. രണ്ടുവരികൾ ഒന്നിച്ചു ചേരുമ്പോൾ മാത്രമേ ഒരു സമ്പൂർണ്ണ വരി ആകുന്നുള്ളു. സമ്പൂർണ്ണ വരികൾ നാലിലും ദ്വിതീയാക്ഷരങ്ങൾ ഒത്തുവരണം. ഇപ്രകാരമാണ് പ്രാസം ഒപ്പിക്കുന്നതു്. ഇതിനും പുറമെ നാലാമത്തെ വരിയിലെ ഒടുവിലത്തെ പദംകൊണ്ടുവേണം അഞ്ചാമത്തെ വരി അല്ലെങ്കിൽതുടർന്നുകൊണ്ടുള്ള വരി തുടങ്ങുവാൻ. ഈ സമ്പ്രയോഗത്തിന്നു വാലിന്മേൽ കമ്പി ഒപ്പിക്കുകയെന്നു

പറയുന്നുണ്ടു്. ഏതും ഇശൽ (വൃത്തം) ആയാലും വേണ്ടതില്ല കമ്പിയും, വാലിന്മേൽ കമ്പിയും ഒത്തുവരണം. എന്നാൽ മാത്രമെ അതു് ദിയമാനുസൃതമായുള്ള കാവ്യമാകുകയുള്ളു.

നിരണം കൃതികളും മാപ്പിളപ്പാട്ടുകളും തമ്മിൽ സാമ്യം കാണുന്നുണ്ടു്. ആകൃതികാംക്ഷം ഏതുക, മോന, അന്ത്യാദിപ്രാസം, വൃത്തവിശേഷം എന്നീ ലക്ഷണങ്ങളെല്ലാംമുണ്ടു്. മലയാളത്തിനു സംസ്കൃത സമ്പർക്കംമൂലം ഉണ്ടായ കാലാനുസൃതമായ വികാസം മാപ്പിളകൃതികളിലും വന്നുചേൎന്നിട്ടുണ്ടു്. അവയിൽ കാണപ്പെടുന്ന മറെറാരു പ്രത്യേകത തൽകൎത്താക്കാം ഉപയോഗിച്ച നൂറു നൂറു കണക്കിലുള്ള ശൈലികളത്രെ! ഈ സ്വഭാവം നിരണം കവികൾക്കുമുണ്ടു്. ആ കവിതകളിലൊന്നായ ഭഗവദ് ഗീതയിൽ 325 ശീലുകളും മറെറാരു കാവ്യമായ ഭാരതമാലയിൽ 1368 ശീലുകളും ഉപയോഗിച്ചു കാണുന്നുണ്ടു്. അറബി, മലയാളം, സംസ്കൃതം, തമിഴ് എന്നീ നാലുഭാഷകളുടേയും സമ്മേളനം മാപ്പിള കാവ്യങ്ങളിൽ സ്ഫുരിക്കുന്നുണ്ടു്. ഇവയിൽ കാണപ്പെടുന്ന വിവിധ ശീലുകൾ വായനക്കാൎക്കു കൌതുകം ജനിപ്പിക്കുവാൻ തൽ പ്രണേതാക്കൾ ചെയ്ത വിദ്യയായിരിക്കാം. ഓരോ ഇശലിലും (മട്ടിലും) കാണുന്ന ശബ്ദസുഖവും അൎത്ഥചമൽക്കാരവും ആരെയും ആനന്ദതുന്ദിലരാക്കുന്നവയാണു്. അതാതു് ശീലിന്നൊപ്പിച്ചു ചിലപ്പോൾ അക്ഷരങ്ങൾ തമിഴിലെ വികാര വിധിയനുസരിച്ചു നീട്ടിയും കുറക്കിയും തുറന്നും അടച്ചും വിരുത്തിയും ഉച്ചരിക്കേണ്ടതുണ്ടു് തൊങ്കൽ, ചായൽ, ചായൽമുറക്കം, ഒപ്പന, ഒപ്പനമുറക്കം, പുകൈനാർ, ആതിതൻപൂതി, നടന്താർ, അടൽ പൊരുതു്, അലിവലിയുള്ള, ഹക്കാനെ തടകിമണത്ത്, മണത്ത്മാരൻ, കപ്പപ്പാട്ടു്, ആകാശംഭൂമി, ചിറമുറക്കം മുതലായ നാനാതരം മാപ്പിളപ്പാട്ടുമട്ടുകളുടെ മാതൃകകൾ നിരണം കൃതികളിലും മററു ദ്രാവിഡ ഗാനങ്ങളിലും കാണാവുന്നതാണു്. ഒരു പാട്ടായാൽ തമിഴക്ഷരമാലയിലെ അക്ഷരങ്ങൾ കൊണ്ടു മാത്രം നിബദ്ധവും ഏതുക, മോന, വൃത്തവിശേ

ഷം, അന്ത്യപ്രാസം എന്നീ വ്യാകരണനിയമങ്ങാം ഒത്തിരിക്കേണ്ടതുമാകുന്നു; കൂടാതെ ചെന്തമിഴക്ഷരമാലയിലെ സ്വരങ്ങളും വ്യഞ്ജനങ്ങളും ഉള്ള അക്ഷരങ്ങളെ മാത്രം ഘടിപ്പിക്കേണ്ടതുമാണ്. സംസ്കൃതാക്ഷരങ്ങാം വന്നു ചേരുമ്പോാം അവയെ തമിഴക്ഷരമാലയിലെ സ്വരങ്ങളും വ്യഞ്ജനങ്ങളുംകൊണ്ടുതന്നെ ഉച്ചരിക്കാവുന്നവയുമായിരിക്കണം. അല്ലാത്തപക്ഷം അവയെ തത്ഭവങ്ങളാക്കിയേ പ്രയോഗിക്കാവൂ. ഈ നിയമമനുസരിച്ചു നിദ്ര, നിത്തിരയായും ശ്വാസം ചാത്തിരമായും സൂര്യൻ ചൂരിയനായും, ചന്ദ്രൻ, ചന്തിരനായും ഗോത്രം, കോത്തിരമായും, ശ്രദ്ധിച്ചുവെന്നതു് ചരതിച്ചു എന്നായും മാറുന്നു. ദീർഘഹ്രസ്വങ്ങാം മാറിമറിഞ്ഞുകൊണ്ടിരിക്കും. തര എന്നതു് തരാ എന്നായും മാറുന്നതാണ്. ഇപ്രകാരമുള്ള മാററങ്ങാം മാപ്പിളപ്പാട്ടുകളിൽ ധാരാളമായി കാണപ്പെടുന്നതു് ചെന്തമിഴിലെ വികാരങ്ങാംക്കു് അവ വിധേയമായതുകൊണ്ടാണു്. ഈ വികാരങ്ങാം വലിത്തൽ, മെലിത്തൽ, നീട്ടൽ, കുറുക്കൽ, വിരിത്തൽ, തൊകുത്തൽ, മുതൽക്കുറൈ, ഇണ്ടെക്കുറൈ എന്നിങ്ങനെ ഒമ്പതു് വിധത്തിൽ വരാമെന്നു തമിഴ് വൈയാകരണന്മാർ പറയുന്നു. ഈ വികാര വിധിയനുസരിച്ചു മാപ്പിള സംഗീതങ്ങളിൽ അക്ഷരങ്ങാം വലിച്ചും, നീട്ടിയും, കുറുക്കിയും, അടച്ചും, തുറന്നും, വിരുത്തിയും മററും പാടേണ്ടതുണ്ടു. അതിനാൽ മാപ്പിളകൃതികളുടെ രചനാസമ്പ്രദായം ചെന്തമിഴിലെ ഗാനരചനാനിയമങ്ങാംക്കനുസൃതമാണെന്നു വ്യക്തമാണല്ലൊ. മാപ്പിള സാഹിത്യത്തെപ്പററി ചർച്ച ചെയ്യുമ്പോാം ഏതൊരാളുടേയും സ്മൃതിപഥത്തിൽ ഉദിച്ചുവരുന്നതു് രണ്ടു മഹാ പണ്ഡിതന്മാരുടെ നാമധേയങ്ങളാണ്. ഇവരത്രെ മഹാകവി ചേററുവായ് പരീക്കുട്ടിയും കവി സമ്രാട്ടായ മോയിൻകുട്ടിവൈദ്യരും. പരീക്കുട്ടിയുടെ മഹാ കാവ്യമായ ഫുത്തഹിശ്ശാമും വൈദ്യരുടെ വിശിഷ്ട കാവ്യമായ ബദറും മാപ്പിളസാഹിത്യത്തിലെ അമൂല്യരത്നങ്ങളാണ്. ഈ മഹാശയന്മാൎക്കു പുറമെ പൊന്നാനിക്കാരൻ കുഞ്ഞഹമ്മദുസാഹിബും കുട്ടായി കുഞ്ഞിക്കോയസാഹീബും ശുജായ്

എന്ന അപരനാമത്താൽ അറിയപ്പെടുന്ന കൊളങ്ങരെ വീട്ടിൽ മൊയ്തുമുസല്യാരും പ്രസിദ്ധ മാപ്പിളകവികളാണ്. ഈ മഹാത്മാക്കളെപ്പററിയും അവരുടെ കൃതികളെക്കുറിച്ചും ഒരു വിഹഗവീക്ഷണമെങ്കിലും നടത്താതിരിക്കുന്നത് പ്രസ്തുത സാഹിത്യത്തോടു ചെയ്യുന്ന ഒരു അനീതിയായിരിക്കുന്നതാണ്. പത്തൊമ്പതാം നൂററാണ്ടു മാപ്പിളസാഹിത്യത്തെ സംബന്ധിച്ചേടത്തോളം ഒരു സുവർണ്ണ കാലമാണെന്നു പറയാം. ഏററവും മികച്ച കാവ്യങ്ങളെല്ലാംതന്നെ രചിക്കപ്പെട്ടത് ഈ കാലഘട്ടത്തിലാണല്ലോ. കവിസാർവ്വഭൌമനായ പരീക്കുട്ടിയും പണ്ഡിതകേസരിയായ വൈദ്യരും മററും ഇതേ കാലഘട്ടത്തിൽ തന്നെയാണ് ജീവിച്ചിരുന്നത്. ഈ കാലത്ത് തന്നെയത്രെ ആ സാഹിത്യഭണ്ഡാരം പരിപുഷ്ടമായതു്. ആധുനിക മാപ്പിളസാഹിത്യത്തിലേക്ക് പ്രവേശിക്കുന്നതിന്നു മുമ്പായി പ്രാചീന കൃതികളിലേക്കൊന്നു നമുക്ക് കണ്ണോടിക്കാം.

മാപ്പിളപ്പാട്ടുകളിൽ 'മാലകൾ' എന്ന പേരിൽ അറിയപ്പെടുന്ന ഒരു തരം കൃതികളുണ്ടു്. ഈ മാലകൾ കേരളമുസ്ലിംകളുടെ ഇടയിൽ ഏററവും പ്രചാരമുള്ളവയാണ്. ഇവ ഒരു തരം കീർത്തനങ്ങളത്രെ. മിക്കവാറും മാപ്പിളമാരുടെ വീടുകളിൽ ഈ കീർത്തനങ്ങൾ പതിവായി പാടിവരുന്നുണ്ടു്. മതാത്മകങ്ങളായ വിഷയങ്ങളോടു ബന്ധപ്പെട്ടോ – സിദ്ധപ്രവരന്മാരെ കുറിച്ചുള്ള വർണ്ണനകളോ ആയിരിക്കും പ്രസ്തുത മാലകളിൽ പ്രതിപാദിച്ചിട്ടുണ്ടായിരിക്കുക. ഭക്തി സ്ഫുരിക്കുന്ന കീർത്തനങ്ങളാണ് ഇവ. അതുകൊണ്ടു ഭക്ത്യാദരവോടുകൂടിയാണ് മാലകൾ സാധാരണ ജനങ്ങൾ പാടിവരുന്നത്. കാര്യസാദ്ധ്യതകൾക്കായും വിഷമതകളിൽ നിന്നുള്ള മോചനാർത്ഥവും ഇത്തരം മാലകൾ പാടുന്നവരുമുണ്ടു്. മാലകൾ അഥവാ കീർത്തനങ്ങൾ അനേകം ഉണ്ടെങ്കിലും അവയിൽ വെച്ചു ഏററവും പ്രധാനവും പുരാതനവുമായി രണ്ടെണ്ണമാണ് ഉള്ളത്. അവയത്രെ "മുഹിയദ്ദീൻമാലയും ബദർമാലയും." മുഹി

യുദ്ദീൻമാലയിൽ പ്രതിപാദിക്കപ്പെട്ടിട്ടുള്ളത് ഷെയ്ഖ് മുഹിയദ്ദീൻ അബ്ദുൽകാതിർ ജീലാനി എന്നു പേരായ ഒരു സിദ്ധപ്രവരനെക്കുറിച്ചും അദ്ദേഹത്തിൻെറ പക്കൽനിന്നു പ്രത്യക്ഷമായിട്ടുള്ള അത്ഭുത സിദ്ധികളെപ്പററിയും ആകുന്നു. ബദർമാലയിലെ പ്രതിപാദ്യവിഷയം ബദർയുദ്ധത്തിലെ രക്തസാക്ഷികളെക്കുറിച്ചുള്ള വർണ്ണനകളാണ്. ആദ്യത്തേതിൻെറ കർത്താവ് കോഴിക്കോട്ടുകാരനായ കാസി മുഹമ്മദ് എന്നു പേരായ ഒരു മഹാശയനാണ്. മുന്നൂററമ്പത് കൊല്ലങ്ങൾക്ക് മുമ്പാണ് മുഹിയദ്ദീൻമാല രചിക്കപ്പെട്ടിട്ടുള്ളത്. അധിക കാലവും അതു കയ്യെഴുത്തായ് നടന്നുപോന്നു. ബദർമാല രചിക്കപ്പെട്ടിട്ട എമ്പതു സംവത്സരങ്ങളെ ആയിട്ടുള്ളു. അതിൻെറ പ്രണേതാവ് മമ്പാട്ടിൽ കുഞ്ഞിരായൻ എന്നൊരു പണ്ഡിതനാണ്. ഭയഭക്തിയോടെയാണ് ഈ രണ്ടു മാലകളും സാധാരണ ജനങ്ങൾ പാടിവരുന്നതെന്നു പറയാം. ഇതിലെ വൃത്തം അഥവാ മട്ട് ഏതാണ്ട് കാകളിരൂപത്തിലാണ്. ഓരോ വരിയിലും പന്ത്രണ്ടു അക്ഷരങ്ങൾ വീതമുണ്ടു; പതിനെട്ടു മാത്രകളുമുണ്ടു്. ഈ മാലകളുടെ രചനയിലും കമ്പിയും വാലിന്മേൽ കമ്പിയും ഒത്തിരിക്കേണമെന്നു നിയമമുണ്ടു. പ്രതിപാദ്യ വിഷയഗാംഭീര്യം സഗൌരവം മനസ്സിലാക്കിയ കവി വിനീതനായിക്കൊണ്ടു ബദർമാലയിൽ ഒരിടത്ത് പാടുന്നത് നോക്കുക:-

"നോക്കിച്ചെറുതേനകാടൻ എടുത്താലും
നൊടിമധുരക്കുറവതിനില്ലാമെ."

സാഹിത്യരസം തുളുമ്പുന്ന ഈ വരികൾ കവിയുടെ ആശയസൌഷ്ഠവത്തെ വെളിവാക്കുന്നുണ്ടു്. മൂന്നര നൂററാണ്ടുകൾ കഴിഞ്ഞുപോയിട്ടും മുഹിയദ്ദീൻ മാലകാലദൈർഘ്യത്തെ അതിലംഘിച്ചു ഇന്നും ഉജ്ജീവിച്ചുപോരുന്നുണ്ടെങ്കിൽ അതിന്നുള്ളകാരണം പ്രസ്തുത കാവ്യത്തിൻെറ മാഹാത്മ്യം അല്ലാതെ മറെറന്താണ് ? അതിലെ

ആദ്യത്തെ വരികൾതന്നെ ആ കൃതിയുടെ മാഹാത്മ്യത്തെ പ്രകീർത്തനം ചെയ്യുന്നുണ്ട്. അത് എങ്ങിനെയെന്നു നോക്കുക :—

"അള്ളാതിരുപേരും തുതിയും സലാവാത്തും
അതിനാൽ തുടങ്ങാനരുൾചെയ്ത വേതാമ്പർ"

പരോക്ഷമായി കവിക്ക് എന്തോ പ്രചോദനം സിദ്ധിച്ചിരുന്നുവെന്നതിനുള്ള തെളിവാണ് ഇത്. അള്ളാഹുവിൻെറ തിരുനാമത്തിലും നെബിതിരുമേനിയുടെ പേരിൽ "സലാത്തോ"ടുകൂടിയും നീ കാവ്യരചന തുടങ്ങുക എന്നു കവിയോടു വേദാമ്പർ അരുൾ ചെയ്തതായി കേൾക്കുന്നു.

വിനീതനായ കവി പാടുകയാണ് :—

"പാലിലെ വെണ്ണപോൽ ബൈത്താക്കിച്ചൊല്ലുന്നെ
പാക്കിയമുള്ളോർ ഇതിനെ പഠിച്ചോവർ."

നിർമ്മലമായ ആ കവിഹൃദയത്തിൽനിന്നും ബഹിർഗ്ഗമിച്ച മർമ്മരഗീതം കേൾക്കുക :—

കൊല്ലം എഴുനൂററി എമ്പത്തിരണ്ടിൽ ഞാൻ
കോത്തേനിമ്മാലനെ നൂറെററമ്പത്തഞ്ചുമെൽ
മുത്തും മാണിക്കവും ഒന്നായികോത്തേ പോൽ
മുഹിയദ്ദീൻ മാലനെ കോത്തേൻ ഞാൻ ലോകരെ
മൊഴിയൊന്നും പിഴയാതെ കുഴയാതെ ചെന്നോക്ക്
മണിമാട സുവക്കത്തിൽ നായൻ കൊടുക്കുമെ"

കവി തൻെറ കൃതിയെപ്പററി അങ്ങേ അററത്തോളം വാഴ്ത്തിയശേഷം തെററുകൾ കൂടാതെയും പദങ്ങൾ ഒന്നും വിട്ടുകളയാതെയും ആ

ഗീതം പാടുവാനായി ഉത്ബോധിപ്പിക്കുന്നു. പാരായണത്തിൽ ഇങ്ങിനെയെല്ലാം സൂക്ഷ്മവീക്ഷണം ചെയ്യുന്നവർക്ക്, സ്രഷ്ടാവിങ്കൽ നിന്നും സ്വർഗ്ഗീയലോകത്തിൽ വെച്ചു രമ്യഹർമ്മ്യങ്ങൾ നല്കപ്പെടുന്നതായിരിക്കുമെന്നു വായനക്കാരെ സമാശ്വസിപ്പിച്ചുംകൊണ്ടാണ് കവി തന്റെ കൃതി സമാഹരിക്കുന്നത്. മലയാളസാഹിത്യത്തിന്നു അതിന്റെ വളർച്ചയിൽ കാലാനുകൂലമായ കലാസമ്പത്ത് നേടികൊടുക്കുവാൻ ഈ കീർത്തനങ്ങൾക്കും ഗീതങ്ങൾക്കും സാധിച്ചിട്ടുണ്ട്. ഭക്തിജനകമായ കീർത്തനങ്ങളിൽ അഥവാ മാലകളിൽ മനുഷ്യർക്കുണ്ടായിട്ടുള്ള മനോവികാസവും കലാപരമായി ഗാനങ്ങളിൽനിന്നുൽഭൂതമായ ഉണർവും ആർക്കും മറക്കുവാനോ മാച്ചുവാനൊ കഴിയുന്നതല്ല. അറബിസാഹിത്യത്തിൽനിന്നും പ്രപോദനം സിദ്ധിച്ച മാപ്പിളകവികൾ മലയാളഭാഷയുമായിന്നുവയെ കൂട്ടിയിണക്കി നമ്മുടെ സാഹിത്യസമ്പത്തിനെ പരിപുഷ്ടമാക്കുകയും ചെയ്തിട്ടുണ്ട്. ഇപ്രകാരം വിഭിന്നസംസ്ക്കാരങ്ങൾ തമ്മിൽ ഒത്തിണങ്ങുന്നത് കേരളത്തിലല്ലാതെ ലോകത്തിൽ മററെവിടെയാണ് കാണുക ? അതിനാൽ മാപ്പിളസാഹിത്യം കേരളമുസ്ലിംകളുടെ സംസ്ക്കാരദർപ്പണമാണെന്നു പറയാം.

മാപ്പിളപ്പാട്ടുകളിൽ അതിപുരാതനത്വമുള്ളവയായി ഒട്ടനേകം കൃതികളുണ്ടെങ്കിലും അന്വേഷണഫലമായി ചിലത് മാത്രമെ കണ്ടെത്തുകയുണ്ടായിട്ടുള്ളു. അവയിൽ പെട്ടതത്രെ "സക്കൂമിന്റെ പട, ബൽകീസ്സിന്റെ കിസ്സ, പഴയ കർബല നൂൽമതഹ് മുതലായവ. ഈ കൃതികൾ എപ്പോൾ ആരാൽ രചിക്കപ്പെട്ടുവെന്നുള്ളത് മിക്കവാറും അജ്ഞാതമായിട്ടാണ് ഇരിക്കുന്നത്. അതെല്ലാം ആരാഞ്ഞു പിടിക്കേണ്ടത് ഭാഷാചരിത്രകാരന്മാരുടെ കർത്തവ്യമാണ്. നൂൽമദഹിന്റെ കർത്താവ് കണ്ണൂർ അറക്കൽനിന്നു വിവാഹം കഴിച്ചിരുന്ന മൊയ്തീൻകുട്ടിഎളു എന്നു പേരായ ഒരു പണ്ഡിതനാണ്. പുരാതനകൃതികളിലെ പ്രതിപാദ്യവിഷയങ്ങളും ഭാഷാരീതിയും, ആശയങ്ങളും ശൈലികളും പരിശോധിച്ചാൽ

അവ സാഹിത്യസമ്പന്നങ്ങളാണെന്നു പറയാം. പ്രസ്തുത ഗീതങ്ങളിൽ ഉപയോഗിച്ചിട്ടുള്ള 'ഇശലുകളാണ' (മട്ടുകളാണ്) പിൻകാലത്തുണ്ടായിത്തീൎന്നിട്ടുള്ള അനേകം പാട്ടുകളിലെ മട്ടുകൾക്കും നിദാനമായിട്ടുള്ളവയെന്നു മനസ്സിലാക്കാം. ഇനി നമുക്കു മേൽപ്രസ്താവിച്ച കൃതികളിലേക്കു പ്രവേശിക്കാം. സക്കൂമിൻെറ പടയിൽ നിന്നു ഏതാനും വരികൾ ഉദ്ധരിക്കാം:—

"അലിവൊലിയുള്ളാടരശൻമോനുരത്തെ
അലതികളതിനില്ല.................................

ഇതിൽ പ്രസ്താവിച്ച 'അലിവലിയുള്ള' എന്ന മട്ട് പിൽക്കാലത്ത് മാപ്പിളകവികൾ തങ്ങളുടെ കൃതികളിൽ മാതൃകയായി സ്വീകരിച്ചുപോരുകയും പാട്ടുകളിൽ ഇശൽ 'അലിവലിയുള്ള' എന്നൊരു ശീലുണ്ടായിത്തീരുകയും ചെയ്തു. മറെറാരുമട്ടു പരിശോധിക്കാം.

"ആരമ്പവീതിതർ കാലിതെണ്ടോർ
അപ്പുരിവാഴും തകത്ത്കണ്ടാർ
നാരികൾവന്ത് കളിയും പാട്ടും
നാഥൻ ചെകിട്ടിനെ താത്തികേട്ടും
തിക്കെയിൽ വീശുന്നൊരാലവട്ടം
നിത്തവും തപ്പിടുകാതെ ശട്ടം"

പ്രസിദ്ധ മുസ്ലിംസേനാനിയായിരുന്ന ഹസ്രത്ത്ഖാലി തബ്നുവലീത (റ. അ.) കാലിഫിൻെറ ദൌത്യവും വഹിച്ചുകൊണ്ടു രാജാവിൻെറ സന്നിധിയിൽ ചെന്നപ്പോൾ അദ്ദേഹം അവിടെ കണ്ടതായ കാഴ്ചയാണ് കവി സരസമായി വൎണ്ണിച്ചിട്ടുള്ളത്. എത്ര തന്മയത്തോടു കൂടിയാണ് ആ വൎണ്ണനയെന്നു നോക്കുക. കാലാന്തരത്തിൽ "ആരമ്പവീരിതർ" എന്നമട്ട് മാപ്പിള സാഹിത്യ

ത്തിലെ ഏററവും പ്രചാരമുള്ള ഒരു ശൈലിയായിത്തീന്നു. പ്രസിദ്ധന്മാരായ എല്ലാ മാപ്പിളകവികളും തങ്ങളുടെ കൃതികളിൽ പ്രസ്തുത മട്ട് ഉപയോഗിച്ചുപോന്നിട്ടുണ്ട്. ഇനി നമുക്ക് ബൽകീസ്സീൻെറ കിസ്സയിൽനിന്നു ഏതാനും വരികൾ പരിശോധിക്കുക:—

"ആദിത്താൻ പൂതി തിരുമോതിരം
ആനന്ദകൈവിരൽ പൂണ്ടുവാഴ്ത്തും

പ്രസ്തുത 'ഇശൽ' മററു കവികൾ അനുകരിക്കുകയും പിന്നീട് "ആദിത്താൻപൂതി" എന്ന പേരിൽ അതൊരു മട്ടായിത്തീരുകയും ചെയ്തു. കോൽക്കളിയിൽ അധികവും ഈ ശീലിലുള്ള പാട്ടുകളാണ് പാടിവരുന്നതു്. ഇനി നമുക്കു പഴയ കർബലയിലേക്കൊന്നു കണ്ണോടിക്കാം.

"ദിംശിക്കിലരശായവൻ യസീതിൻെറ
ദൂശമന മറവാനെണ്ടോൻ എളുതി കത്ത്"

ഈ രീതി മോയിൻ കുട്ടിവൈദ്യർ തൻെറ ഖണ്ഡകാവ്യമായ ഹുസനുൽ ജമാൽ എന്ന കൃതിയിൽ "ഉടനെ ജ്ജൂമൈലത്തിറങ്ങി നടന്ത് ചെണ്ട്" എന്ന ഭാഗത്ത് അനുകരിച്ചിട്ടുണ്ട്. അപ്രകാരം ഇതര കവികളും പ്രസ്തുത മട്ട് തങ്ങളുടെ കവിതകളിൽ ഉപയോഗിച്ചു പോന്നിട്ടുണ്ടു്. തുടർന്നുകൊണ്ടു് നമുക്ക് "ന്നൂൽ മദഹ്" എന്ന പുരാതന കൃതിയൊന്നു പരിശോധിക്കുക. നെബിതിരുമേനിയെക്കുറിച്ചുള്ള സ്തുതികളാണ് ഇതിലെ പ്രതിപാദ്യവിഷയം. പ്രസ്തുത ഗീതത്തിൽ ഒരിടത്ത് ഇങ്ങിനെ കാണുന്നുണ്ടു്.

"അള്ളിപ്പുള്ളിക്കാരൻെറടി
പുള്ളിമാനെ പിടിച്ചുകൂടി
നുള്ളിതോലും പിടിച്ചുകൂടി"

സക്കൂമിൻെറ പടയിൽ നിന്നു മററൊരു രീതിനോക്കുക:—

"പോയി വീരൻ കോവിൽ രാശൻയെണ്ടെസക്കൂമൊട്
പോരി ശക്കണ്ടർ ഹബീബുള്ളാൻെറ ചേതി ഓതി"

മാറിയൊരുശീല്

"അടൽ പൊരുതിരുപേരും തരമാനെ
ഉരം ദണ്ടും സുനാവിലുണ്ടടിയാനെ"

വേറൊരു ശൈലി:—

"അകന്താർ ഉരുപയെടുത്തോടി"

ഇങ്ങിനെ "വിട്ടപ്പോതുടൻ, പോയിവീരൻ, അടൽപൊരുത്, അകന്താർ" എന്നീ ഇശലുകൾ (വൃത്തങ്ങൾ) പുരാതന കൃതികളിൽ നിന്നു ആധുനിക മാപ്പിള കവികൾ സ്വീകരിക്കയും പിന്നീടവ എത്രയും പ്രചാരമുള്ള മട്ടുകളായി തീരുകയും ചെയ്തു. പ്രസ്തുത ഇശലുകൾ മാതൃകാപരമായി സ്വീകരിച്ച കാവ്യകർത്താക്കൾ മധുര മനോഹരമായി പാടിയ പാട്ടുകൾ ഏവരെയും പുളകമണിയിക്കുവാൻ പര്യാപ്തങ്ങളാണ്. പുരാതന പാട്ടുകൾ പരിശോധിച്ചാൽ അവയിൽ ദ്വിതിയാക്ഷരപ്രാസവും അന്ത്യാക്ഷരപ്രാസവും കാണാവുന്നതാണ്. ആധുനീക മാപ്പിളസാഹിത്യകാരന്മാർ ദ്വിതീയാക്ഷരപ്രാസത്തിന്നുള്ള പ്രാധാന്യം ഗണ്യമാക്കാതെ അന്ത്യാക്ഷരപ്രാസം മാപ്പിളപാട്ടുകളിലെ കമ്പിഒപ്പിക്കുന്നതിന്നു നിദാനമായെടുത്തു പോന്നിട്ടുണ്ട്. അതുകൊണ്ടു് പുരാതന ഗീതങ്ങളെ ആസ്പദമാക്കിയുംകൊണ്ടാണ് നവീന സാഹിത്യകാരന്മാർ കാവ്യനിർമ്മാണം ചെയ്തുപോന്നിട്ടുള്ളതെന്നു മനസ്സിലാക്കാം. എന്നാൽ മഹാകവി ചേററുവായ് പരീക്കുട്ടിയും മോയിൻ കുട്ടിവൈദ്യരും പഴയ മട്ടുകളെ ഒന്നു പരിഷ്കരിച്ചു തങ്ങളുടെ കാവ്യങ്ങൾക്ക് മാധുര്യം വർദ്ധിപ്പിച്ചുവെന്നു മാത്രം. നമ്മുടെ പൂർവ്വികന്മാരായ കവികൾ തങ്ങളുടെ കൃതിക

ളിൽ പാടീട്ടുള്ള മട്ടുകൾ എവിടെനിന്നു സ്വീകരിച്ചുവെന്നുള്ളതും മററും സാഹിത്യ ചരിത്രാന്വേഷകന്മാൎക്ക് വിട്ടുകൊടുത്തുകൊണ്ടു ആധുനിക മാപ്പിളസാഹിത്യത്തിലേക്ക് നമുക്കു പ്രവേശിക്കുക:—

മഹാകവി ചേററുവായ് പരിക്കുട്ടിയുടെ ജീവചരിത്രമാണ് കഥാവിഷയമെങ്കിലും അദ്ദേഹത്തിൻെറ സമകാലികന്മാരെ കുറിച്ചും സ്പർശിക്കാതിരിക്കുന്നതു് തികച്ചും അനൌചിത്യമായിരിക്കും. നമ്മുടെ മനോദൃഷ്ടിപഥത്തെ അലങ്കരിക്കുന്ന പണ്ഡിതകേസരികളാണല്ലൊ അവരെല്ലാം. ഈ കലാകാരന്മാരുടെ സ്മൃതിമണ്ഡലത്തിൽ തങ്ങി നിന്നിരുന്നതു് മതാത്മകമായ ചിന്തകളാണെങ്കിലും അവർ തങ്ങളുടെ കലാസൃഷ്ടികളെ സാമുദായികജീവിതത്തോടു കൂട്ടിയിണക്കിക്കൊണ്ടാണ് സാഹിത്യലോകത്തിൽ രംഗപ്രവേശം ചെയ്തിട്ടുള്ളത്. ഹുനൈൻ എന്ന കാവ്യത്തിൻെറ പ്രണേതാവായ കുഞ്ഞഹമ്മത് മുസല്യാർ തൻെറ കൃതിയിൽ ജീവിതത്തിൻെറ പൊള്ളയായ ഭാഗത്തെ എടുത്തു കാട്ടിത്തരുന്നു. അറബിപദങ്ങൾ സുലഭമായി ഉപയോഗിച്ചിട്ടുള്ളതുകൊണ്ടും ഒരിക്കൽ പ്രയോഗിച്ച വാക്ക് വീണ്ടും അദ്ദേഹത്തിൻെറ കാവ്യങ്ങൾ ആവർത്തിച്ചിട്ടുള്ളതിനാലും രസശൂഷ്ക്കമായി തോന്നിയേക്കാം. എന്നാൽ മനസ്സിരുത്തി പാടിയാൽ അവയിലും ആസ്വാദ്യരസം ഉള്ളതായികാണാം. ഹുനൈൻ എന്ന കാവ്യത്തിൽ ഉൽകൃഷ്ടകഥാപാത്രങ്ങളെ കുറിച്ചു അദ്ദേഹം വർണ്ണിച്ചിട്ടുള്ളത് നോക്കുക:— അദ്ദേഹത്തിൻെറ കവിതാപാടവം മനസ്സിലാക്കേണമെങ്കിൽ അവയിൽനിന്നുൽഭൂതമാകുന്ന സൌന്ദൎയ്യാനുഭൂതി അനുവാചകനു നേരിട്ടനുഭവിക്കേണമെങ്കിൽ—കവിയുടെ കല്പനാമണ്ഡലത്തിലേക്കു കടക്കാൻ കഴിയണം.

(മട്ടു (ഇശൽ) ചായൽമുറുക്കം)

[ആദ്യത്തെ വരി സ്വല്പം നീട്ടിയും തുടൻകൊണ്ടുള്ള പദം വേറിട്ടുകൊണ്ടു ഉച്ചരിച്ചും അടുത്തവരി തള്ളിയും പിന്നെയുള്ള

വരി ത്വരിത ഗതിയായും പാടേണ്ടതാണ്. പടസ്തുതി ശൈലിയുടെ മാതൃകയിൽപ്പെട്ട ഈ മട്ട ആകാരാദി ക്രമത്തിൽ രചിക്കപ്പെട്ട ഒരു സ്തോത്രമാണ്.]

"തന്നവാ മന്നവാനെളമ ഉന്നുവാൻയെനിലെ-
വകതിരിവ്
യെന്നെ സുവന്തമിൽ അറിവുറന്തിട മറപെട്ടന്തുകം
വർത്തിഹൃദത്തിൽ മറതി തുറതി ചൈപൊവതി
ഫർതവനെ-
പാഹമരുൾ നീ കടാക്ഷമിലെ
മുന്നമെമെയിൽ വന്നമെ കുയിൽ അന്നമെ മികവായിക
പോതമൊട്ട
ഇതുവിധം പലെവിധമിൽ അമ്പനെതുതികൾ
യെമ്പിനെ.
മതത്നെ ബിതമൈ മുതിതം യെനതിലെ-
സതതംഅരുൾ നെബിയെ പതാകൊതിയൻ പുകളലാം
തന്നിലെ പക ഉന്നിലെ മനം മിന്നലാകുറവാൽല
ഈനതൈ
നിനവുകൊണ്ടതിക കനർയെണ്ടുമെ അശനമുണ്ടിട്ടം
നലവു പൊലിവുകൾ വലിമവിലമുടെ തലവർ
അബുബക്കറാം പതാ കൊതിയൻ പുകളലാം.
ചെന്നരിശടിനിന്നു ശാഹിന്നി സന്നിധി തനിലെ
കളീബുമെ
പിടിപെട്ടന്തിരിടട കൊട്ടന്തമർ പടി നടന്നതൈ.
ശരതി വിധി മുറശറയിൽ അതർവിട വിരിതർ
ഉമർവലിയെ
പതാകൊതിയൻ പുകളലാം.
പൊങ്കമാമതി യങ്കമാനവർ മങ്കളാകയിലും-

കനിവവർ വരുമെ പഞ്ചമിൽ വരുമെ കൊഞ്ചലിൽ
ധർമ്മമഞ്ചിടും
ഉടമ മുതൽ മുടിവടവെ കൊട്ടമയിൽ വരമേവിടൈ
ഉസ്മാൻ
പതാ കൊതിയൻ പുകളലാം.
ചൊടിസുരം വിട്ടൽപെടപെട അംബരം കിട്ടകിട്ടും
ഭ്രവിശ വിതമുതി മുതൽ
കൊട്ടവതിട വിധി ഇമാമ പുലി അലിയെ
പതാ കൊതിയൻ പുകളലാം.
ചിങ്കർ പേരൊട്ട ചൊങ്കരാരുമെ മങ്കബീ സുഹറാം-
തനുചരും,
സഹബർ വമ്പരും സകലർ ഇമ്പരും
സമതിലും പ്രിയനബികൾ അണവർകൾ
കരുണ ശ്രുഹദർകൾ കുത്തബ് മുഹിയദ്ദീൻ
പതാ കൊതിയൻ പുകളലാം''

മറെറാരു കവിസമ്രാട്ടായ കൊണ്ടോട്ടിയിൽ ഓട്ടുപാറക്കൽ മോയിൻകുട്ടി വൈദ്യരുടെ കൃതികളിലേക്ക് നാം ഒന്നു കണ്ണോടിച്ചാൽ നമ്മെ ഇരുത്തിചിന്തിപ്പിക്കുവാൻ പര്യാപ്തമാണ് അവയെന്നു ഏതൊരു നിഷ്പക്ഷചിന്തകനും സമ്മതിക്കുകതന്നെ ചെയ്യുന്നതാണ്. അദ്ദേഹത്തിൻെറ കവിതകൾ സാധാരണന്മാക്കു ഗ്രാഹ്യമല്ലെന്നു പറയാതെ ഗത്യന്തരമില്ല. പണ്ഡിതകേസരിയായ വൈദ്യർ തൻെറ കൃതികളിൽ സംസ്കൃത പദങ്ങളും കാഠിന്യമേറിയ അറബിവാക്കുകളും സുലഭമായി പ്രയോഗിച്ചിട്ടുണ്ട്. തമിഴും അപൂർവ്വമായി ഹിന്ദിയും അദ്ദേഹത്തിൻെറ ഗീതങ്ങളിൽ സ്ഥലം പിടിച്ചിട്ടുണ്ടു. ആ അനുഗ്രഹീതകവിയുടെ മഹാകാവ്യമായ ബദർ മാപ്പിളസാഹിത്യത്തിലെ ഒരു വാടാമലർ തന്നെയാണ്. പുരോഗമനാത്മകമായ ആശയങ്ങളാലാവൃതമായ ഹുസനുൽ ജമാൽ എന്ന അദ്ദേഹത്തിൻെറ ഖണ്ഡകാവ്യം എത്രപാടിയാലും മതിവ

രാത്ത ഒരനശ്വര കലാസമ്പത്താണെന്നു നിസ്സംശയം പറയാം കലാചൈതന്യത്തോടെ അതിജീവിക്കുന്ന ചുരുക്കം മഹൽകൃതികളിൽ ഒന്നായി ഇതിനെ ഗണിക്കാവുന്നതാണ്. പ്രസ്തുത ഗീതത്തിൽ ഒരിടത്തു അദ്ദേഹം പാടീട്ടുള്ളതു നോക്കുക:—

"ശത്തിപ്പടിതമ്മിൽ പറഞ്ഞുറച്ചി
ശൌക്ക കടൽ രണ്ടും പതപതച്ചി"

കഥയിലെ നായികയും നായകനും പരസ്പരം പലരഹസ്യങ്ങളും പറഞ്ഞശേഷം അവരിരുവരും നാടുവിട്ടുപോകുവാൻ തീർച്ചയാക്കി; ആ സന്ദർഭത്തെയാണ് കവി മേൽ വിവരിച്ചിട്ടുള്ളതു. എത്ര മനോഹരമായിരിക്കുന്നു ആ വർണ്ണനയെന്നുനോക്കുക. "ശൌക്കകടൽ രണ്ടും പത പതച്ചി" എന്ന ഭാഗം വിവരിക്കുന്നതോ ആസ്വദിക്കുന്നതോ ഏതാണ് അധികം നല്ലതെന്നു വായനക്കാർതന്നെ തീർച്ചയാക്കട്ടെ. ആശയസമ്പൂർണ്ണമായ ഈ പ്രയോഗം ആലോചിക്കുംതോറും ആസ്വാദ്യരസം കൂടിക്കൂടി വരുന്നതാണ്. പ്രാണപ്രേഷ്ഠപ്രണയിനിയുടെ വിരഹദുഃഖത്തിൽ മനസ്സു നീറിക്കൊണ്ടിരിക്കുന്ന ബദർ മുനീർ(കഥാനായകനാണ് ഇദ്ദേഹം) മറെറാരു സൌന്ദര്യധാമത്തിൻെറ പിടിയിൽ കുടുങ്ങുകയും നിദ്രാവേളയിൽ അവരം അദ്ദേഹത്തിൻെറ ശയ്യയിൽ കിടക്കുകയും ചെയ്തു. സുഷുപ്തിയിൽ നിന്നും ഉണർന്ന പ്രണയപരവശനായ മുനീർ തൻെറ ചാരത്തുകിടക്കുന്ന സൌന്ദര്യദേവത ഉസ്നൽജമാലാണെ (കഥാനായികയാണവരം) നുള്ള ധാരണയിൽ അവളുടെ ശൃംഗാരമസൃണമായ പൂമേനി ഒന്നു തടവി; ആ രംഗം ഭാവനാസമ്പന്നനായ കവി എത്ര ചേതോഹരമായിട്ടാണ് ചിത്രീകരിച്ചിട്ടുള്ളതെന്നു നോക്കുക :

"തടകിമണത്തെ സമയത്തിൽ, ഉടനവനെത്തി മനസ്സുള്ളിൽ
സരസിജമുററെ മധുരത്തേൻ, — ഉസനുൻജമാല — അവളുടെ

തരമഹത്തൊക്കെ മറന്തിട്ടും യെനതുടെഹാല.
കട്ടകവെ ഹക്കായ്യടയോനെ, ഒട്ടവിലൊരിക്കലവളിലെൽ
കസറൊരുമിക്കാൻ വിധിയെങ്കിൽ,—നമ്മെ നീ പാർത്തോ—
ഒരുവരും
കനിയവളൊപ്പം അണയാമൽ കരുതി നീകാത്തോ"

ഈ വർണ്ണന എത്ര സജീവമാണ്? ശൃംഗാരം, സദാചാരബോധം, സാത്വികപ്രേമം എന്നിവയുടെ മധുരാലാപനങ്ങളാണ് ഇവ. ഈ ശൈലിക്ക് (ഇശലിന്നു) വൈദ്യർ "തടകിമന്നത്തെ" എന്നു നാമകരണം ചെയ്തു. പ്രസ്തുത മട്ടു വൈദ്യരുടെ സ്വന്തം കണ്ടുപിടുത്തമാണ്. ആദ്യത്തെ വരിയിൽ ഇരുപത് അക്ഷരങ്ങളുണ്ട്. പത്തക്ഷരങ്ങൾ കഴിഞ്ഞാൽ സ്വല്പം നിറുത്തി പാടേണ്ടതുണ്ട്. രണ്ടാമത്തെ വരിയിൽ പത്തക്ഷരങ്ങൾക്കുശേഷം നിറുത്തിയും തുടർന്നുകൊണ്ടുള്ള ആറക്ഷരങ്ങളും നാലക്ഷരങ്ങളും വേറെ വേറെ വിട്ടുവിട്ടും ഉച്ചരിക്കേണ്ടതുണ്ട്. മൂന്നാമത്തെ വരിയിൽ പതിനാറ അക്ഷരങ്ങളുണ്ട്. ഏതാണ്ടു നതോന്നതവൃത്തത്തിൻെറ മാതൃകയിൽ അതു പാടാവുന്നതാണ്. ഏതായാലും പ്രസ്തുത മട്ട് മാപ്പിളപ്പാട്ടുകളിൽ ഇന്നു എത്രയും പ്രചാരമുള്ള ഒരു ശൈലിയാണ്. ഇത്തരം പ്രയോഗങ്ങൾ എത്ര വേണമെങ്കിലും അദ്ദേഹത്തിൻെറ കൃതികളിൽനിന്നു ഉദാഹരിക്കുവാനുണ്ട്. ഇനി നമുക്കു അദ്ദേഹത്തിൻെറ മഹാകാവ്യമായ ബദറിലേക്കു പ്രവേശിക്കാം. പ്രസ്തുത കൃതിയിലെ പ്രതിപാദ്യവിഷയം ബദർയുദ്ധത്തെപ്പററിയും ആ മഹാരണ്യത്തിൽ ജീവാർപ്പണം ചെയ്ത രക്തസാക്ഷികളെക്കുറിച്ചുമുള്ള വർണ്ണനകളുമാണല്ലൊ. കഥാപാത്രങ്ങളെപ്പററി അവഗാഢമായി ചിന്തിച്ചു അവരുടെ മാഹാത്മ്യത്തെ അലൌകികമായ പ്രേമത്തോടുകൂടിയാണ് കവി വർണ്ണിച്ചിട്ടുള്ളത്. കഥാരചന, അലങ്കാരപ്രയോഗം, ആശയ ഗാംഭീര്യം, വർണ്ണനാസൌഷ്ഠവം എന്നിവയിൽ വൈദ്യർ സാർവ്വത്രികമായ വിജയം കൈവരിച്ചിട്ടുണ്ട്. കൃത്രിമപ്രയോഗങ്ങൾ ഒന്നുംതന്നെ അദ്ദേഹത്തിൻെറ തൂലികാസമ്പത്തി

ന്നെ കളങ്കപങ്കിലമാക്കീട്ടില്ല. ഭാഷാരീതിയെപ്പററി പറകയാണെങ്കിൽ മററുള്ള മാപ്പിളകവികളെ അപേക്ഷിച്ചു ഒരുപടി ഉന്നതമാണെന്നു വേണം പറവാൻ. അദ്ദേഹം സംസ്കൃതപദങ്ങൾ ധാരാളം തൻെറ കൃതികളിൽ ഉപയോഗിച്ചിട്ടുള്ളതായി കാണാം. രണാങ്കണത്തിൽ പോരിന്നു സന്നദ്ധനായി നില്ക്കുന്ന ഒരു അശ്വഭടനെപ്പററിയുള്ള കവിയുടെ വർണ്ണന നോക്കുക:

“കേറിക്കേമ്മെ കോടതൻ മുകളിൽ ഹേമപ്പടിവാൾ
ഹസ്തമിലണിയായി
കിരികിടമകുടത്തിരുമുടി നിർത്തി തലകുടൈവായെ ”

കലാകാരൻ വരച്ചിട്ടുള്ള ചിത്രം എത്ര സജീവമായിരിക്കുന്നുവെന്നു നോക്കുക! ശരിക്കൊരു യോദ്ധാവിനെയല്ലെ കവി നമ്മുടെ കൺമുമ്പിൽ കാണിച്ചുതരുന്നത്. അദ്ദേഹത്തിൻെറ ഭാഷാപാടവം എത്ര യോഗ്യമാണ്? എത്ര സമുന്നതമായ ഒരു സ്ഥാനത്തെയാണു ആ പണ്ഡിതകേസരിയുടെ വർണ്ണനാവൈഭവം അലങ്കരിക്കുന്നത്? ക്രിയാപദംകൊണ്ടുള്ള തുടക്കംതന്നെ ഗീതത്തിന്നു ഒരു നവജീവൻ കൊടുക്കുന്നുണ്ട്. ശ്രേഷ്ഠമായ ഒരു കുതിരയുടെ പുറത്ത് ഒരാൾ കയറിയെന്നു പറയുന്നു. അപ്പോൾ ആ ആളും യോഗ്യനായിരിക്കണം. തുടന്നുകൊണ്ടു വിവരിക്കപ്പെടുന്നതു് അയാളുടെ കരത്തിൽ ഒരു ഹേമപ്പടിവാൾ ഉണ്ടെന്നാണ്. വായനക്കാരുടെ ജിജ്ഞാസയെ കവി വദ്ധിപ്പിക്കുകയാണ് ചെയ്യുന്നത്. ശരി ഈയാൾ ഒരു അസാധാരണ പുരുഷൻതന്നെ. അയാളുടെ ശിരസ്സിൽ മകുടംവെച്ച കിരീടവുമുണ്ടു. തിരുമുടി എന്ന പ്രയോഗംകൊണ്ടു ആയാൾക്ക് രാജപദവിയുണ്ടെന്നു തെളിയുന്നു. ഇപ്രകാരമുള്ള വേഷഭൂഷണാദികളാലലംകൃതനായ ഒരാൾക്കു പൌരുഷം സഹജമാണ്; അതെങ്ങിനെ ആയാൾ പ്രകടമാക്കി, ശിരസ്സൊന്നു കുടഞ്ഞുകൊണ്ടു്. ജീവൽസിഹിത്യമല്ലെ കവിയുടെ ഇത്യാദി പ്രയോഗങ്ങളി

ൽ കാണപ്പെടുന്നത്? എത്രയെത്ര ഉദാഹരണങ്ങൾ വേണമെങ്കിലും ഈ വിധം അദ്ദേഹത്തിന്റെ കൃതികളിൽനിന്നു എടുത്തുകാണിക്കുവാൻ സാധിക്കുന്നതാണു്. അദ്ദേഹത്തിന്റെ കാവ്യഗുണങ്ങളെ പ്രതിബിംബിക്കുവാൻ ഉതകുന്ന ഉദാഹരണങ്ങൾ ഒന്നുരണ്ടെണ്ണം ഞാൻ എടുത്തുകാണിച്ചുവെന്നുമാത്രം. വൈദ്യരുടെ കവിതകളെക്കുറിച്ചു ഒരു വിഹഗവീക്ഷണം നടത്താൻ മാത്രമെ ഞാൻ ഉദ്ദേശിക്കുന്നുള്ളു. വൈദ്യരുടെ മററൊരു കൃതിയായ "സലീക്കത്ത്" എന്നതിൽ അതു സമാഹരിച്ച കൊല്ലവും തിയ്യതിയും രേഖപ്പെടുത്തീട്ടുണ്ടു്. പ്രസ്തുത കാവ്യത്തിൽനിന്നു ചില വരികൾ താഴെ കൊടുക്കുന്നു.

"വകകൾ മുതന്നൂൽ ചിററെളത്തുംകമ്പി
വാലും തല ചന്തം കുനിപ്പും കമ്പി
സകല കവിരാജർ ഇതിനെ പാർപ്പിൻ
തബീബ് പയൽഎൻ വാർക്കനെർത്തം തീർപ്പിൻ

ഇതിനെ തുലൈത്തുള്ളെ മലയാം കൊല്ലം
ഏറം പിറ്റൈമീമും ഹസാറ് തന്നിൽ
മതിയാക്കിനൊ കുംഭം പതിനെട്ടിലാം
മഅ്ഹാഹിജറത്ത് സന്നത്ത്കൊൾവിൻ.

അതുകൊണ്ടു ഈ കാവ്യം 1047 കുംഭം 18-ാംനു-യാണ് പൂർത്തിയാക്കീട്ടുള്ളതെന്നു മനസ്സിലാക്കാം.

മററൊരു കവിവര്യനായ ശുജായിയെപ്പററിയും രണ്ടു വാക്കുകൾ പറയാതിരിക്കുന്നത് ആ സാഹിത്യത്തോടു കാണിക്കുന്ന അതിർകവിഞ്ഞ അനീതിയായിരിക്കുമത്രെ. അദ്ദേഹം പ്രശസ്തമായ പല മാപ്പിളപ്പാട്ടുകളുടേയും കർത്താക്കളിൽ, കൃതികളുടെ പെരുപ്പം കൊണ്ടല്ലെങ്കിലും കലാപരമായ നേട്ടംകൊണ്ടു സമുന്നതമായ ഒരു

സ്ഥാനത്തെ അലങ്കരിക്കുന്ന സാഹിത്യകാരനാണെന്നു പറയാം. മററുള്ള മാപ്പിളകവികളെ അപേക്ഷിച്ചു നിഗൂഢങ്ങളായ ഹൃദയ വീചികളെ തട്ടിയുണർത്തുന്നതും ഭാവവിശേഷങ്ങൾ ഉൾക്കൊള്ളുന്നതുമായ വർണ്ണനകൾ അദ്ദേഹത്തിൻെറ കൃതികളിൽ മികച്ചുനില്ക്കുന്നുണ്ട്. സംഗീതമധുരിമ, പ്രൗഢശബ്ദാർത്ഥങ്ങളുടെ സംയോഗം, ആശയസൗഷ്ഠവം മുതലായ വൈശിഷ്ട്യങ്ങൾ പ്രസ്തുത കലാകാരൻ തൻെറ കൃതികളിൽ സർവ്വത്ര പ്രകടമാക്കീട്ടുണ്ട്. ഹൃദയത്തിൻെറ അടിത്തട്ടിൽ നിന്നും ബഹിർഗ്ഗമിച്ച ഗീതങ്ങളുടെ സ്വരമാധുരി നമ്മെ ഹഠാദാകർഷിക്കുന്നു. ക്ഷണികമായ മാനുഷജീവിതത്തിൽ സുഖാനുഭൂതി നല്കുന്ന സന്ദർഭങ്ങൾ മിന്നൽപിണർപോൽ മാത്രമാണെന്നും മനസ്സിന്നു നിർവൃതി നല്കി പുളകമണിയിക്കുന്നതിന്നുള്ള ശക്തി നമ്മിൽ അന്തർലീനമായി കിടപ്പുണ്ടെന്നും അതിനെ തട്ടിയുണർത്തുകയാണ് വേണ്ടതെന്നും അദ്ദേഹം തൻെറ കൃതികളിലൂടെ ജനസഞ്ചയത്തോടു ഉത്ഘോഷിക്കുന്നു. നാം കാണുന്ന എല്ലാററിന്നും ഉപരിയായി ഒരു മഹച്ഛക്തിയുണ്ടെന്നും ആ മഹച്ഛക്തിയെ അഥവാ അഖിലലോക പരിപാലകനെ പ്രകീർത്തനം ചെയ്യപ്പെടുന്നതായിട്ടാണ് സർവ്വചരാചരങ്ങളും കാണപ്പെടുന്നത് എന്നുമത്രെ അദ്ധ്യാത്മചിന്താപരനായ കവിയുടെ അഭിമതം. ആഴിയുടെ അലകളുടെ അലർച്ചകൾ ഗാനമാധുരിയായും വൃക്ഷലതാദികളിലെ വിവിധ വർണ്ണങ്ങളായ ഇലകളും പൂക്കളും സ്രഷ്ടാവിനോടുള്ള നന്ദിസൂചകമായ പ്രകടനങ്ങളായും കൃമികീടാദികളുടെ സ്വരങ്ങൾ ദൈവീകസ്തോത്രങ്ങളായും അദ്ദേഹം തൻെറ കൃതികളിൽ ചിത്രീകരിച്ചിരിക്കുന്നു. ഇങ്ങിനെ സർവ്വ ജീവജാലങ്ങളും അനുനിമിഷം സ്രഷ്ടാവിനെക്കുറിച്ചു വാഴ്ത്തുന്ന സ്തുതിഗീതങ്ങളുടെ മാധുര്യം പാനം ചെയ്തു ആനന്ദതുന്ദിലനായ കവി സന്മാർഗ്ഗത്തിലേക്കു ലോകത്തെ ക്ഷണിക്കുന്നു. "ബുർദ്ദ" എന്ന വിശിഷ്ടവിലാപ കാവ്യത്തിൻെറ കർത്താവായ ഈജിപ്തിലെ'ബൂസൂരി ഇമാ'മിന്നു പ്രസ്തുത കൃതി അറബിസാഹിത്യ ലോകത്തിൽ സാമ്രാട്ടുപദവി പ്രദാനം ചെയ്തപോലെയും, തോമസ്ഗ്രെയുടെ "എലി

ജി" എന്ന വിലാപഗീതം അദ്ദേഹത്തെ ആംഗലകവി സാർവ്വഭൗമ നാക്കിത്തീർത്തതുപോലെയും ശുജായിയുടെ "സഫലമാല" അദ്ദേഹത്തിന്നു മാപ്പിളപ്പാട്ടുകളുടെ കർത്താവെന്ന നിലയിൽ ശാശ്വതമായ പ്രശസ്തി നേടിക്കൊടുത്തിട്ടുണ്ട്. അഗാധ പണ്ഡിതനായ ഇദ്ദേഹത്തിൻെറ ഉൽകൃഷ്ടമായ "സഫലമാല"ക്കു കേരളമുസ്ലിംകൾ അനല്പമായ വിലയും നിലയും കല്പിച്ചുകൊടുത്തിട്ടുമുണ്ട്. ഈ കൃതിയിലെ പ്രതിപാദ്യവിഷയം നമ്മുടെ ആദ്യപിതാവായ ആദംനെബി മുതൽക്കുള്ള പ്രവാചകന്മാരെ കുറിച്ചുള്ള ചരിത്രമാണ്. തത്വസംഹിതകൾ അടങ്ങിയതും അദ്ധ്യാത്മചിന്തകൾ ഉൾക്കൊള്ളുന്നതുമായ പ്രസ്തുത കാവ്യത്തിൽ മാനവചരിത്രത്തിലേക്കുള്ള ഒരു എത്തിനോട്ടവുംകൂടിയുണ്ട്. അന്ത്യപ്രവാചകരായ റസൂൽ തിരുമേനിയുടെ ജീവിതചര്യകളേയും ഉപദേശരത്നങ്ങളേയും പിന്തുടരുവാൻ ലോകത്തോടു ഉപദേശിച്ചുംകൊണ്ടു കാവ്യം സമാഹരിക്കപ്പെടുകയാണു് ചെയ്യുന്നത്. ഭാഷാപരമായ മാധുരിയും, രസാവിഷ്കരണപാടവവും,രചനാ വൈഭവവും അദ്ദേഹത്തിൻെറ കൃതികൾക്കുള്ള ഗുണങ്ങളാണ്. നെബിതിരുമേനിയെപ്പററിയുള്ള അദ്ദേഹത്തിൻെറ വർണ്ണനകൾ നോക്കുക: സഫലയിൽ ഒരിടത്ത് അദ്ദേഹം പാടുകയാണ്.

" താനതൻ തനിയെതാനവൻ തനിവിൽ
താൻ തനിക്കു തനിവാക്കിനോർ
തങ്കംയെങ്കും ജികം പൊങ്കിലെങ്കി
മിക പങ്കിതിങ്കി സുഖം തങ്കിനോർ
ആനമാന കനതാനമാനമതൈ
ദാനമാന ധനമാക്കിനോർ
അഹതഹ്ബ്ബ്മണി അഹമദെന്നബിയിൽ
അസ്സലാത്തു അത്മഅസ്സലാം
മുമ്പ് വമ്പിടമിൽ തമ്പിനമ്പിസജർ
കൊമ്പിലിമ്പമതൈയെമ്പിനോർ

മുത്ത്സത്ത് നിധിസ്വത്ത് ഫലംവെത്ത
മെത്തപുകളുററ ന്നൂർ
അഞ്ചിലഞ്ചിനെ നിജ നെഞ്ച് മൊഞ്ചിൽ
മജദഞ്ച് കൊഞ്ചല തൈയകററിനോർ
അള്ളതൻ തിരു റസൂൽമുഹമ്മദരിൽ
.... ........... ..............................
ഠാറ് ഹാറ് ഹ്റമിൽചേരും മാരരുടെ
കാറ;വത്ത് നിറവാക്കിനോർ
ധമ്മകമ്മ മുറമമ്മമാകെമമ
ശ്രമമാലതിറമാക്കിനോർ"

"മാനുഷഗർവ്വമൊക്കിവിടെ പുക്കസ്തമിക്കുന്ന" മരണത്തിൻെറ വക്ത്റത്തിൽപ്പെട്ട ഒരാളുടെ നിസ്സഹായാവസ്ഥയെപ്പററിയുള്ള വിലാപം സഫലയിൽ കവി ചിത്രീകരിച്ചിട്ടുള്ളത് നോക്കുക.

## മട്ടു (ഇശൽ) കുരുകുരുമെച്ചം

(രസകരമായ ഈ ഗാനം ചെറിയ രൂപത്തിൽ ഉദ്ധരിപ്പെടുന്നു.)

ഹരാഹരമാലിത വരുന്നെ
അസ്റാൽമലക്കമീറാമന്നെ
അമരവക്കിടചേരുന്നെ
അജലാലടുത്തൊരടിയനിലെ
വരവരലൌഹിൽ മായുന്നെ
വലിമാസജറില ചായുന്നെ
വകതിരി വകമിന്നു പായുന്നെ
വ്യസനം മികച്ചൊരടിയനിലെ
തരതാമാൽ ചിലർ കൂടുന്നെ
തെരികാവലുഞ്ഞവരാടുന്നെ

തടിയുടൽ തൊട്ടവർ നാട്ടന്നെ
തരം വിട്ടതാലൊരടിയനിലെ
കരകരമായാൽ ചിലർ താങ്ങുന്നെ
കണ്ണാൽ പലർകളും കാണുന്നെ
കനമതിൽ ചിലർ തേങ്ങുന്നെ
കായം തളർന്തൊരടിയനിലെ
അടിയടിയാം കുളൽ മാറത്തെ
അലങ്കാരം വിട്ട ഇനേരത്തെ
അപകടം വന്നിതപാരത്തെ
അവസാനമാമൊരടിയനിലെ
ചൊടി ചൊടിയാൽ ചിലർ വാരുന്നെ
ചെന്നോർ ചിലർ ചിലർ മാറുന്നെ
സഖികളിൽ ചിലർ മനം പാറുന്നെ
ചിന്താകലക്ക മടിയനിലെ
ഇടവിടബുറത ഓതുന്നെ
ഇരുമീമടുക്കലെിൽ ഊതുന്നെ
ഉരിയാടുന്നില്ലെ ഇവൻ യാതൊന്നെ
ഹൈറാനത്താ മയ്യടിയനിലെ
പുടിപുടിയാം ഉടൻ കൈനാടി
പരിശാൽ ത്വബീബ് തരം പാടി
പെട്ടിട്ടുമെ ഇതിലന്നാടി
ഭയമേറിടൈ അയ്യടിയനിലെ
കനകനമാലെ മലക്കന്നു
കരുത്താൽ പുടിത്തമത്തിട്ടൊന്നു
കടുകഠിനം ഉടലിൽ വന്നു
കൈകാൽ തളർന്തടിയനിലെ
മനമനം നൊന്തുതായുരത്താരോ
മകനെ കരുമിഴിപൂന്നാരോ
മഞ്ഞീമുഖം മുറചൊന്നാരോ
മൌത്തോടടുത്തൊരടിയനിലെ

ക്ഷണക്ഷണമമരർ പുടിത്താരൊ
സദറോട്ട് റൂഹയ്യെന്താരൊ
സുഖ സുഖഭൂപതി വിട്ടാരൊ
സഖിയെ വിട്ടന്തൊരടിയനിലെ
ധനധന റൂഹ് നടക്കുന്നെ
ദർബാജ് ഹുൽക്കു മട്ടുക്കുന്നെ
തൗബതൻ വാതിലടക്കുന്നെ
ദാനം വിട്ടന്തൊരടിയനിലെ
വലമിടം ഇബ്ലിലീസാട്ടുന്നെ
വന്തോഷമാം കവി പാട്ടുന്നെ
വരൈ ജിബ്രിരീലിവനോട്ടുന്നെ
വലിമാമികച്ചൊരടിയനിലെ”

ഇനി നമുക്ക് കഥാപുരുഷനായ മഹാകവി ചേററുവായ് പരീക്കുട്ടിയുടെ സംഭവബഹുലമായ ജീവചരിത്രത്തിലേക്കു പ്രവേശിക്കാം. പിതാവായ പോക്കാകില്ലത്ത് ചിന്നക്കൽ കുഞ്ഞഹമ്മതിന്റെയും മാതാവായ മാനാത്തുപറമ്പിൽ കുഞ്ഞിപ്പാത്തുമ്മ എന്ന മഹതിക്കും പരീക്കുട്ടി ഏക സന്താനമായിരുന്നു. കവിയുടെ പിതാവു് കാലത്തിന്നനുസരിച്ച പാകത വന്ന ഒരു വ്യക്തിയായിരുന്നു. ശാന്തനും ഭക്തനുമായിരുന്ന ഇദ്ദേഹം സൌഭാഗ്യശ്രീലാളിതനും ഉദാരമനസ്കനുമായിരുന്നു. പാവങ്ങളുടെ നേരെ അനുകമ്പാപുരസ്സരം വീക്ഷിക്കാനുള്ള ഹൃദയ വിശാലതയുണ്ടായിരുന്ന ഈ ധന്യ പുരുഷൻ ദാരിദ്ര്യപീഡയിൽ ക്ലേശിക്കുന്നവരെ സഹായിക്കുന്നതിൽ ഉത്സുകനായി കാണപ്പെട്ടു. സഹായാത്ഥം തന്നെ സമീപിച്ചവർ ഒരിക്കലും നിരാശരായി മടങ്ങിപ്പോകേണ്ടതായി വന്നിരുന്നില്ലത്രെ. പരോപകാരാത്ഥം അദ്ദേഹം തന്റെ ജീവിതം ഉഴിഞ്ഞുവെച്ചുവെന്നുതന്നെ പറയാം. സംസ്കാര സമ്പന്നയായ അദ്ദേഹത്തിന്റെ ധമ്മപത്നി വലിയ അതിഥിസല്ക്കാരപ്രിയയുമായിരുന്നു. ഇങ്ങിനെ പരിപാവ

നമായ ഒരന്തരീക്ഷത്തിൽ പാണ്ഡിക്കശാലക്കൽ ഭവനം നില കൊണ്ടു. ഭക്തജനങ്ങളും മതപണ്ഡിതന്മാരും സദാ പ്രസ്തുത കുടുംബത്തിൽ കേറിയിറങ്ങിക്കൊണ്ടിരുന്നു. ആഗതരെ യഥോചിതം സ്വീകരിക്കുന്നതിൽ ഗൃഹനായകനും നായികയും അഹമഹമികയാ ഉത്സുകരായി കാണപ്പെട്ടു. അതിനാൽ ചേററുവായിലെ ഏററവും പ്രസിദ്ധഭവനങ്ങളിൽ ഒന്നായിത്തീൎന്നു കുഞ്ഞാഹമ്മതിൻെറതു്. ഇത്യാദി ഗുണഗണങ്ങളുടെ വിളനിലമായി പരിലസിച്ചു കൊണ്ടിരുന്ന ആ കുടുംബത്തിൽ നിരാശയുടെ ഒരു കരിനിഴൽ കാണാമായിരുന്നു. അവരുടെ നാലു കൊല്ലത്തെ ദാമ്പത്യജീവിതത്തിന്നിടയിൽ ഒരു പിഞ്ചുപൈതലിൻെറ ഓമനമുഖം നോക്കി രസിപ്പാൻ കഴിയാത്തതായിരുന്നു ആ ദുഃഖകാരണങ്ങൾ. മഹാ മനസ്കനായ ഗൃഹനായകൻ തൻെറ പ്രിയതമയുടെ ശൃംഗാരശീതളമായ ഹസ്തം തടവി സാന്ത്വ വാക്കുകൾ പറഞ്ഞുകൊടുത്തു. "ഒരു സന്തതി ഉണ്ടായിക്കാണുവാനായി നാം ഇരുവരും ദൈവത്തോടു പ്രാൎത്ഥിക്കുക." എന്നു വ്യസനാക്രാന്തനായ കുഞ്ഞാഹമ്മത് പറഞ്ഞു. തങ്ങളുടെ ഗൃഹം സന്ദർശിക്കുന്ന പുണ്യവാന്മാരോടു സങ്കടമുണൎത്തിക്കുവാൻ ഗൃഹേശ്വരി മനസാ നിശ്ചയിച്ചു. ആഗതർ ക്ഷുൽപിപാസാദികൾ കഴിഞ്ഞു ദക്ഷിണയും വാങ്ങി മടങ്ങിപ്പോകുന്ന സന്ദർഭങ്ങളൊന്നും ആ തരുണി പാഴാക്കികളയാറുണ്ടായിരുന്നില്ല. വീട്ടിൻെറ വാതിൽ മറഞ്ഞുനിന്നു ദീനസ്വരത്തിൽ അവരോടു തൻെറ മനോവ്യഥയെപ്പററി അവൾ പറഞ്ഞറിയിച്ചു. ഗൃഹനായികയുടെ വിലാപത്തിൽ മനസ്സലിഞ്ഞ ഭക്തജനം അവളെ ഇപ്രകാരം അനുഗ്രഹിച്ചു: "നിങ്ങൾക്കു് പ്രസിദ്ധനും ശ്രേഷ്ഠനുമായ ഒരു പുത്രൻ ജനിക്കട്ടെ!" ഇപ്രകാരം ആ ദമ്പതികളുടെ ചിരകാലത്തെ പ്രാൎത്ഥനകളുടെയും ഭക്തന്മാരുടെ ആശീർവാദങ്ങളുടെയും ഫലമായി ജനിച്ച പുത്രനത്രെ കഥാനായകനായ പരീത്. മകനെ ഗർഭം ധരിച്ചു പ്രസവംവരെയുള്ള കാലങ്ങളിൽ പല പുതുമകളും മാതാവിന്നു പറവാനുണ്ടായിരുന്നു. കടിഞ്ഞിൽ ഗർഭാവസരങ്ങ

ളിൽ സാധാരണ സ്ത്രീകൾക്കുണ്ടാവാറുള്ള അസ്വാസ്ഥതകളൊന്നുംതന്നെ കുഞ്ഞിപ്പാത്തുമ്മയെ അലട്ടുകയുണ്ടായില്ല. അക്കാലത്ത് ആകർഷണീയമായ വസ്ത്രധാരണവും മാധുര്യമേറിയ ഭക്ഷണവും സുഗന്ധവും അവർ ഏററവും ഇഷ്ടപ്പെട്ടിരുന്നു. മനസ്സിന്നു കുളുർമ നല്കിയിരുന്നതു് സംഗീതം മാത്രമായിരുന്നു. അതുകൊണ്ടു പാട്ടുകൾ പാടുന്നതിലും പാടി കേൾക്കുന്നതിലും പ്രസ്തുത ഗർഭിണി സദാ ഉത്സുകയായി കാണപ്പെട്ടു. "എന്താണ് നിനക്കിന്നു ഇത്ര ഉന്മേഷം" എന്നു ഭർത്താവു ഭാര്യയോടു ചിലപ്പോൾ ചോദിക്കാറുണ്ടായിരുന്നു. "ഞാൻ ഇന്നു കർണ്ണാനന്ദകരമായ ഒരു സംഗീതം കേട്ടു; ആ ഗാനമാധുര്യം ആസ്വദിക്കുകയാണ്" എന്നായിരുന്നുവത്രെ ഗൃഹനായികയുടെ മറുപടി. ഇപ്രകാരം സംഗീതശ്രവണത്തിൽ ആസക്തി മുഴുത്ത ആ ഗർഭിണി ചിലപ്പോഴെല്ലാം വയലിന്നരികെ ചെന്നുനിന്നു കന്നു പൂട്ടുന്നവൻെറയും ഞാറു നടുന്നവരുടെയും പട്ടുപാട്ടുകൾ കേട്ടു് ആനന്ദം കൊള്ളാറുണ്ടായിരുന്നുവെന്നു പ്രിയതമൻ അറിയുവാൻ ഇടവന്നപ്പോൾ അദ്ദേഹം അവർക്ക് ഭവനത്തിൽ സംഗീതം ആസ്വദിക്കുവാനുള്ള ഏർപ്പാടുകൾ ചെയ്തുകൊടുത്തു. അങ്ങിനെ ആ മഹതി ഉന്മേഷഭരിതയായി ദിനങ്ങൾ കഴിച്ചുവന്നു. ഇതിന്നിടയിൽ തൻെറ വസതി സന്ദർശിക്കുന്ന ഭക്തന്മാരെക്കൊണ്ടു ഭാര്യയുടെ സുഖപ്രദമായ പ്രസവത്തിന്നായി ആയാൾ പ്രാർത്ഥിപ്പിക്കാറുമുണ്ടായിരുന്നു. അവരിൽ ചിലർ പ്രാർത്ഥനാന്തരം പ്രസവിക്കുന്ന ശിശു ആൺകുട്ടി ആയിരിക്കുമെന്നും ആ കുട്ടി വിശ്രുതനായിത്തീരുമെന്നും ദീർഘദർശനം ചെയ്തു. പ്രസവസമയം ആസന്നമായി. തത്സമയം അവിടെ പുരുഷന്മാരും സ്ത്രീകളുമടക്കം കുറച്ചുപേർ സന്നിഹിതരായിരുന്നു. ആശ്വാസപ്രദമായ പ്രസവത്തിന്നായിക്കൊണ്ടു ചിലർ പ്രാർത്ഥനയിലും മററു ചിലർ ഖുർ ആൻ പാരായണത്തിലും വ്യാപൃതരായിരുന്നു. ഇപ്രകാരം പരിപാവനമായ ഒരന്തരീക്ഷത്തിൽ—അതെ കൊല്ലം 1023 ചിങ്ങം 20-ാംനു- ഭാനുബിംബം പൂർവ്വഭാഗത്തുനിന്നും ഉദയം ചെയ്തതോടുകൂടി നമ്മുടെ കഥാനായകനായ പരീക്കുട്ടി ഭൂജാതനാ

യി. ശിശുവെ കുളിപ്പിച്ചു പിതൃസന്നിധിയിലേക്കു കൊണ്ടുവര
പ്പെട്ടു. പ്രഭാതസൂര്യന്റെ കാഞ്ചനപ്രഭ കുഞ്ഞിന്റെമേൽ പതി
ച്ചു; പരിപൂർണ്ണ സംതൃപ്തനായ പിതാവു് "ബാങ്കം" കൊടുത്തു്
പ്രസ്തുത "ബാങ്ക്‌വിളി" ശ്രുതിമധുരമായ ഒരു കീർത്തനമായി മാ
താവിന്റെ ശ്രവണപുടങ്ങളിൽ മാറെറാലിക്കൊണ്ടു. ഇതേ സം
ബന്ധിച്ചു ധന്യയായ ആസ്ത്രീ ഒരിക്കൽ പറകയുണ്ടായി: 'തന്റെ
ഓമനപ്പുത്രൻ ആദ്യമായി കേട്ട ആ ബാങ്ക്‌വിളിക്കു് ഗാനമാധുര്യ
മുണ്ടായിരുന്നു'വെന്നു്. ഒരു കലാകാരനു അനുയോജ്യമായ സക
ല ലക്ഷണങ്ങളും ആ ശിശുവിൽ കാണപ്പെട്ടിരുന്നു. അതിനെക
ണ്ടു സർവ്വരും അതിന്റെ ഭാസുരമായ ഭാവിയെക്കുറിച്ചു പ്രശംസി
ച്ചുകൊണ്ടിരുന്നു. "തലയിൽ വെച്ചാൽ പേനരിക്കും നിലത്തു്വെ
ച്ചാൽ ഉറമ്പരിക്കും" എന്ന മട്ടിൽ മാതാവു് ആ കുഞ്ഞിനെ അരുമ
യിൽ പോററിവളർത്തി. സ്നേഹമസൃണമായ സ്വരത്തിലല്ലാതെ
ഒരിക്കലും ആ വിദുഷി കുട്ടിയെ സംബോധന ചെയ്തിട്ടില്ലായിരു
ന്നു. ചുററുപാടും സാക്ഷ്യം വീക്ഷിക്കുമാറായിരുന്നു കുട്ടിയുടെ വ
ളർച്ച. ഓമനമകന്റെ ജനനംകൊണ്ടു ജന്മസാഫല്യം നേടി
യെന്ന ഭാവത്തിൽ പിതാവു് പുളകിത ഗാത്രനായിത്തീർന്നു.
അരുമസന്തതിയെ മാറോടു് ചേർത്തുകൊണ്ടുള്ള ആ സർവ്വാംഗ
സുന്ദരിയുടെ അലസഗമനം ആയാറം തെല്ലിട നിർന്നിമേഷ
നായി നോക്കിനിന്നുപോയി! പിതാവിന്റെ നേർക്കുള്ള പുത്ര
ന്റെ ദർശനം പിതൃഹൃദയത്തെ വികാരതരളിതമാക്കി. ഇങ്ങി
ന്നെ സൌഭാഗ്യ ശ്രീലാളിതനായി ആ ശിശു വളർന്നുവന്നു. ശൈ
ശവത്തിൽത്തന്നെ ആ കൊച്ചു ബാലൻ തന്റെ ദൃഷ്ടിയിൽപ്പെട്ട
എല്ലാററിനെക്കുറിച്ചും ജിജ്ഞാസയോടെ മാതാവോടു് ചോദിച്ചു
കൊണ്ടിരുന്നു. കണ്ടതും കേട്ടതുമൊറക്ക അവനറിയേണ്ടിയിരുന്നു
ശാഠ്യം പിടിക്കുന്ന കിടാവിനെ സമാശ്വസിപ്പിക്കുകയെന്നതു്
മാതാവിനെ സംബന്ധിച്ചിടത്തോളം അത്ര എളുപ്പമായിരുന്നി
ല്ല. ചെറുപ്പകാലത്തു്തന്നെ പരീതു് ചില പ്രത്യേക വിഷയങ്ങ
ളിൽ തനിക്കുള്ള സഹജമായ വാസന പ്രകടമാക്കിയിരുന്നു. ആ

യാം സംഗീതം ഏററവും ഇഷ്ടപ്പെട്ടു. മാതാവ് കുട്ടിയെ ഉറക്കു വാൻ പാടിയിരുന്ന താരാട്ടുപാട്ടുകഠം ആ ശിശു സകൌതുകം ശ്രവിച്ചു. പാട്ടു നിറുത്തിയാൽ അവൻ ബഹളം കാട്ടിയിരുന്നു. പൊട്ടിപ്പൊട്ടി കരയുന്ന സമയത്ത്കൂടിയും സംഗീതം കേട്ടാൽ കുട്ടി ശാന്തനായി കാണപ്പെട്ടിരുന്നു. മാതാവു് പുത്രന്നു ഭക്തിപ്രധാനങ്ങളായ ഗീതങ്ങളും പാവനാത്മാക്കളുടെ ജീവചരിത്രങ്ങളും കേഠപ്പിക്കുക പതിവായിരുന്നു. ചുരുക്കിപ്പറഞ്ഞാൽ സംഗീതമയമായ ഒരു അന്തരീക്ഷത്തിലായിരുന്നു കുട്ടിവളൎന്നുവന്നത്. കുട്ടിയുടെ നാമധേയം പരീക്കുട്ടി എന്നായിരുന്നുവെങ്കിലും സാധാരണയായി അവനെ പരീത് എന്നാണ് വിളിച്ചുവന്നിരുന്നത്. ഒരു പൂമ്പാററയെപോൽ എവരുടെയും കണ്ണിലുണ്ണിയായിരുന്ന ആ ശിശു കുടുംബത്തെ ആകമാനം സന്തോഷസാഗരത്തിൽ ആറാടിച്ചുകൊണ്ടിരുന്നു. പുത്രൻെറ ഭാവിയെക്കുറിച്ചു കവിഞ്ഞ ശുഭപ്രതീക്ഷകളുണ്ടായിരുന്ന മാതാപിതാക്കന്മാർ ആകാംക്ഷയോടെ അവൻെറ വളൎച്ചയെ ഉററുനോക്കിക്കൊണ്ടിരുന്നു. ഹാ! 'വിധിവിഹിതമേവനും ലംഘിച്ചുകൂടുമോ,' എന്നുള്ള ആപ്തവാക്യം എത്ര വാസ്തവമാണ്, പരീതിന്നു നാലു് വയസ്സുപ്രായമുള്ളപ്പോഠം പിതാവ് രോഗശയ്യയെ അവലംബിച്ചു. സ്വല്പദിവസത്തെ രോഗഹേതുവായി കുഞ്ഞഹമ്മത് പരലോകംപൂകി. ഇപ്രകാരം പിതൃലാളനങ്ങഠം ആസ്വദിക്കാനുള്ളഭാഗ്യം പരീതിന്നുനഷ്ടപ്പെട്ടു. ഗൃഹനായകൻെറ വേൎപ്പാടിൽ ബന്ധുമിത്രാദികഠം സീമാതീതമായി അനുശോചിച്ചു. പരിതിൻെറമുഖത്ത് സ്ഫുരിച്ചുകൊണ്ടിരുന്ന പ്രത്യേകചൈതന്യം സാമാന്യജനങ്ങളുടെ ഇടയിലും ഒരു സംസാരവിഷയമായിത്തീൎന്നു. വിധവയായ കുഞ്ഞിപ്പാത്തുമ്മയോടു അവരുടെ ബന്ധുജനങ്ങഠം ഇപ്രകാരംപറഞ്ഞു', പരേതൻ തൻെറ ഹൃദയത്തിൻെറ ഒരുകഷണം നിങ്ങളിൽ സമൎപ്പിച്ചുംകൊണ്ടാണ് ഇഹലോകവാസം വെടിഞ്ഞിട്ടുള്ളത്, വിശ്വവിഖ്യാതനായിത്തീരേണ്ട ആ കുട്ടിയുടെ ഭാവി നിങ്ങളുടെ കരങ്ങളിലാണ് സ്ഥിതിചെയ്യുന്നതു. അതുകൊണ്ടു ആ ബാലൻെറ വിദ്യാഭ്യാസത്തിലും

മററം ബുദ്ധശ്രദ്ധയാകണം. പിന്നീട്ട മാതൃശിക്ഷണത്തിൽ തന്നെയാണ് മകൻ വളൎന്നുവന്നതു. പുത്രൻെറ അനിതരസാധാരണമായ പ്രകൃതവും ഫലിതരസം തുളുമ്പുന്ന സംസാരവും ഇമ്പമുള്ള ശബ്ദവും ആ വന്ദ്യമാതാവിനെ ആനന്ദംകൊള്ളിച്ചു. "വിളയും വിത്ത് മുളയിലറിയാം" എന്നത് പരീതിനെ സംബന്ധിച്ചിടത്തോളം പരമാൎത്ഥമായിരുന്നു്.

അഞ്ചാമത്തെ വയസ്സിൽ കുട്ടിയെ പഠിപ്പിന്നുവെച്ചു. കുൎആൻപഠിപ്പിച്ചതും സ്വഭവനത്തിൽവെച്ചു തന്നെയായിരുന്നു. കുൎആൻ പഠിപ്പിച്ചിരുന്ന മൊല്ലയും എഴുത്തും വായനയും പരിശീലിപ്പിച്ചിരുന്ന ഗുരുനാഥനും ഒരുപോലെ ആ കുട്ടിയെ അഭിനന്ദിച്ചു. ഒരു പാഠം ഒന്നോരണ്ടോ പ്രാവശ്യം വായിച്ചുകൊടുത്താൽ മതിയായിരുന്നു അവന്നു അത് ഹൃദിസ്ഥമാക്കുവാൻ. മകൻെറ ബുദ്ധിശക്തിയെപ്പററി പ്രശംസിച്ചുകൊണ്ടിരുന്ന മുസല്യാർ കുട്ടിക്ക് നാവേറം കണ്ണേറം പററാതിരിക്കുവാനായി എന്തെങ്കിലും പ്രതിവിധി ചെയ്യിക്കക്തന്നെ വേണമെന്നു കുഞ്ഞിപ്പാത്തുമ്മയോട്ട ശഠിച്ചു. താമസംവിനാ അവർ പണ്ഡിതനായ ഒരു മുസല്യാരെക്കൊണ്ട്ട ഒരു ഉറുക്കെഴുതിച്ചു സ്വൎണ്ണവും ചെമ്പും കൂടിയ ഒരു തകിടിൽ പൊതിഞ്ഞു അത് പരീതിൻെറ ശരീരത്തിൽ അണിയിച്ചു. മാതാവിനാൽ നല്കപ്പെട്ട ഈ രക്ഷാ ചിഹ്നം അദ്ദേഹം തൻെറ മരണംവരെ ശരീരത്തിൽ ധരിച്ചിട്ടുണ്ടായിരുന്നു. ശരീരപോഷണത്തിന്നു പററിയ ഭക്ഷണവും മാനസീക വളൎച്ചക്കുതകുന്ന പരിജ്ഞാനവും തനയന്നു നല്കുന്നതിൽ മാതാവു ഉൽസുകയായിരുന്നു. പ്രാഥമിക പാഠങ്ങളെല്ലാം പൂൎത്തിയാക്കി മകന്നു ഉപരിവിദ്യഭ്യാസം നല്കുകയെന്നത് വിധവയായ മാതാവിനെ സംബന്ധിച്ചിടത്തോളം വമ്പിച്ച പ്രശ്നമായിത്തീൎന്നു. കാലാനുസൃതമായ വിദ്യാഭ്യാസം പുത്രന്നു നല്കുന്നതിൽ ആ ധീരവനിത ഔൽസുക്യം പ്രദൎശിപ്പിച്ചു. അതിബുദ്ധിമതിയായ ആ യോഷാമണി പ്രസ്തുത വിഷയത്തിൽ അഭിജ്ഞന്മാരുടെ അഭി

മതം ആരാഞ്ഞുകൊണ്ടിരുന്നു. ശൈശവദശയിൽ തന്നെ ആ കൊച്ചുബാലൻ കവിതാവാസന പ്രകടമാക്കിയിരുന്നു. ചിലർ കുട്ടിയെ മതപരമായ വിദ്യാഭ്യാസത്തിന്നയക്കുകയെന്നു ഉപദേശിച്ചു. മതാത്മകമായ പഠനംകൊണ്ടു മാത്രം തൃപ്തിയടയുന്ന സ്വഭാവമായിരുന്നില്ല മകൻെറതു. അതിനാൽ യാഥാസ്ഥികന്മാരുടെ അഭിപ്രായത്തോടു ആ മഹതി തികച്ചും യോജിക്കുകയുണ്ടായില്ല. പരീതിന്നു പത്ത് വയസ്സു തികഞ്ഞു. ഇതിന്നകം പുത്രൻ സംഗീതത്തിലുള്ള തൻെറ വാസന പ്രകടമാക്കിക്കൊണ്ടിരുന്നു. മാതാവു പാടിയ മിക്കപാട്ടുകളും മകൻ മനപ്പാഠമാക്കീട്ടുണ്ടായിരുന്നു. കായികാഭ്യാസങ്ങളിൽനിന്നും ബാലൻ ഒഴിവായിരുന്നില്ല. പരിജമുട്ടു, കോൽക്കളി അറവനമുട്ടു, കുരിക്കന്മാരുടെ മറിച്ചൽ ഇത്യാദികളിൽ അവൻ പങ്ക്കൊണ്ടിരുന്നു. എല്ലാററിലും ഉപരിയായി പരീത് പ്രതിപത്തികാണിച്ചിരുന്നത് സംഗീതത്തിലായിരുന്നു എപ്പോഠം നോക്കിയാലും പാട്ടുതന്നെ; അതും സ്വയംകൃതികഠം. ശക്തിയുള്ള കണ്ഠത്തിൽനിന്നും തുറന്ന സ്വരത്തിൽ ബഹിർഗ്ഗമിച്ച ഗാനങ്ങഠം അതിമധുരങ്ങളായിരുണ. ഒരു സംഗീതവിദഗ്ദ്ധന്നു അവശ്യം വേണ്ട അനുഗ്രഹീത സ്വരമധുരിമ പ്രകൃതി അദ്ദേഹത്തിന്നു പ്രദാനംചെയ്തിരുന്നു. ഇതേസംബന്ധിച്ചു അഭിമാനപുരസ്സരം തൻെറ മാതാവു് ഒരിക്കൽ ഇപ്രകാരം പ്രസ്താവിക്കയുണ്ടായി. "എൻെറ പരീത് പാടുന്നത് കേട്ടാൽ ഒഴുക്കിപ്പോകുന്ന വെള്ളമായാലും നിന്നുപോകും." ചില ഹൈന്ദവസുഹൃത്തുക്കളിൽനിന്നും പരീതിനെക്കുറിച്ചു പ്രോത്സാഹനാർഹമായ പ്രശംസകഠം പുറത്തുവന്നു. അവരിൽ ഒരാഠം സാമുദ്രികാ ലക്ഷണങ്ങഠം പഠിച്ചവനായിരുന്നു. ആയാഠം ദീർഘദർശനം ചെയ്തു പ്രസ്തുത ബാലൻ ഒരു ഉൽകൃഷ്ട കലാകാരനായിത്തീരുമെന്നു. അതുകൊണ്ടു മകൻെറ ജാതകം എഴുതിക്കുവാൻ ആയാഠം മാതാവിനെ നിർബന്ധിച്ചു. മകൻെറ ഭാവിയെക്കുറിച്ചു ഉറച്ച വിശ്വാസമുണ്ടായിരുന്ന ആ മഹതിക്കു ജിജ്ഞാസവദ്ധിച്ചു; അങ്ങിനെ അവർ പുത്രൻെറ ജാതകം എഴുതി

ങ്ങളെയും ചെയ്തു. ജാതകം നിർമ്മിക്കുന്നത് ഇസ്ലാമികസിദ്ധാന്ത ങ്ങൾക്ക് എതിരാണെന്നും അതിനാൽ ആ കൃത്യത്തിൽനിന്നും വിരമിക്കേണമെന്നും കുടുംബാദികളിൽ ഒരു വിഭാഗക്കാർ ഗൃഹനായികയോടുണർത്തിക്കാതിരുന്നില്ല; പക്ഷെ അതൊന്നും അവർ ശ്രദ്ധിക്കയുണ്ടായില്ല. തൽഫലമായി ബന്ധുമിത്രാദികളിൽ അധികം പേരും ആ മഹതിക്ക് ശത്രുക്കളായിത്തീർന്നു. ജാതക കർത്താവായ പണിക്കർ ജാതകം വായിച്ചു മാതാവിന്നു വിവരിച്ചു കൊടുത്തു. എന്തു ത്യാഗങ്ങൾ സഹിച്ചും കുട്ടിയുടെ വിദ്യാഭ്യാസം പൂർത്തിയാക്കേണമെന്നു ആയാൾ പലവുരു ആവർത്തിച്ചുപറകയും മിക്കപ്പോഴും പാണ്ടിശാലക്കൽ ഭവനം സന്ദർശിക്കയും ചെയ്തു. പരീതിനെപ്പററി മാതാവിന്നുണ്ടായിരുന്ന മതിപ്പുകൾക്ക് ആയാൾ പ്രോത്സാഹനം കൂട്ടിക്കൊണ്ടിരുന്നു. ജാതകവിവരണത്തിൽ അഭികാമ്യമായ പല ഗുണങ്ങളുടെയും വിളനിലമായി മകൻ പരിലസിക്കുമെന്നും പണിക്കർ ആസാദ്ധ്വിയെ മനസ്സിലാക്കി. ഇതെല്ലാം അവരെ പുളകമണിയിച്ചുവെങ്കിലും അവസാനമായി പറഞ്ഞ ജാതകഫലം ആ മാതൃഹൃദയത്തെ അതിതീക്ഷ്ണമായി തപിപ്പിച്ചു. അതു മകൻമുപ്പത്തെട്ടു വയസ്സുവരെമാത്രമേ ജീവിച്ചിരിക്കയുള്ളുവെന്നതായിരുന്നു. ഇത് കേട്ട് ആ മഹതിയുടെ മനസ്സ് പിടപിടച്ചു. നൂറു വയസ്സുവരെ മകൻ ജീവിക്കേണമെന്നതായിരുന്നു മതാവിൻെറ അഭീഷ്ടം. പുത്രൻെറ ദീർഘായുസ്സിന്നുവേണ്ടിയായിരുന്നു പിന്നത്തെ അവരുടെ പ്രാത്ഥനകൾ. ദുഃഖിതയായ ആ ധന്യയെ പലരും പറഞ്ഞു സമാധാനിപ്പിച്ചു. ജാതകഫലങ്ങൾ മുഴുവൻ ശരിയായിക്കൊള്ളണമെന്നില്ലന്നും മുസ്ലിംകൾക്ക് അതു വിശ്വസിപ്പാൻ പാടില്ലെന്നും ചില മതപണ്ഡിതന്മാർ പറഞ്ഞത് ഗൃഹനായികക്ക് വിശ്വാസയോഗ്യമായിത്തോന്നി. പ്രാഥമിക വിദ്യാഭ്യാസം പൂർത്തിയാക്കികഴിഞ്ഞ മകൻെറ ഉപരിവിദ്യാഭ്യാസത്തെക്കുറിച്ചായിരുന്നു പിന്നത്തെ മാതൃചിന്തകൾ; ഈ പ്രശ്നം അവൎക്ക് അത്ര എളുപ്പമായിരുന്നില്ല.

# വെട്ടിയാട്ടിൽ ചാത്തുണ്ണിയും പരീതും

ചാത്തുണ്ണി അക്കാലത്തുണ്ടായിരുന്ന സ്ഥലത്തെ ഒരു ആചാര്യനായിരുന്നു. സംസ്കൃതം, സംഗീതം എന്നിവയിൽ ഒരു പണ്ഡിതനായിരുന്നു അദ്ദേഹം. സ്ഥലത്തു ആയാൾക്കു ഒരുകളരിയും ഉണ്ടായിരുന്നു. അദ്ദേഹം അവിടെവെച്ചു അനേകം ശിഷ്യന്മാരെ സംഗീതവും സംസ്കൃതവുംഅഭ്യസിപ്പിച്ചു. പ്രസ്തുത കളരി സ്ഥിതി ചെയ്തിരുന്ന സ്ഥലത്തിന്നു ഇന്നും "വെട്ടിയാട്ടിൽ പറമ്പ്" എന്നാണ് പറഞ്ഞുവരുന്നത്. സംഗീതവിദഗ്ദ്ധനായിരുന്ന ചാത്തുണ്ണി ആ കാലത്ത് തിയ്യരുടെ ഇടയിൽ അഭിവന്ദ്യനായി ഗണിക്കപ്പെട്ടിരുന്ന ഒരു വ്യക്തിയായിരുന്നു. ഈഴവസമുദായത്തിൽ അന്നു വിവാഹത്തെ തുടൎന്നു മധുഗൃഹത്തിൽവെച്ചു മഹാ ഭാരതം, ഭാഗവതം, രാമായണം മുതലായവ പാരായണം ചെയ്തു വിവരിക്കുക എന്നൊരു തരം പരിപാടി നടപ്പുണ്ടായിരുന്നു. വരന്റെയും വധുവിന്റെയും പക്ഷക്കാരായ ആചാര്യന്മാർ തമ്മിൽ ചിലപ്പോൾ മത്സരിച്ചു പുരാണങ്ങൾ വായിക്കാറുമുണ്ടായിരുന്നു. പാരായണത്തിലും വിവരണത്തിലും വിജയികളാകുന്നവൎക്കു സമ്മാനങ്ങൾ കിട്ടിയിരുന്നു. പ്രസ്തുത വിഷയത്തിൽ അജയ്യനായിരുന്ന ചാത്തുണ്ണി പല ദൂരദേശങ്ങളിലും പോയി കീർത്തി നേടിട്ടുള്ള ഒരു സംഗീതകലാപടുവായിരുന്നു.

മററുള്ളവരുടെ അഭിപ്രായമനുസരിച്ചു ചാത്തുണ്ണിആശാനെ പാണ്ടികശാലക്കൽ കൊണ്ടുവരികയും, പരീക്കുട്ടിയുടെ വിദ്യാഭ്യാസത്തെ സംബന്ധിച്ചു അദ്ദേഹത്തോടു സംസാരിക്കയും ചെയ്തു. തൽസമയം അവിടെ കൂടിയിരുന്ന ബന്ധുമിത്രാദികൾക്കു മററും വിഭവസമൃദ്ധമായ ഒരു സദ്യയുണ്ടായിരുന്നു. ചതുർവിധ വിഭവങ്ങളോടുകൂടിയ മൃഷ്ടാന്നത്തിനുശേഷം കുട്ടിയുടെ ഗുണകാംക്ഷികളും ബന്ധുക്കളും ആചാര്യന്റെ അടുക്കൽ ആ ശുഭമുഹൂർത്തത്തിൽ പരീതിനെ വേണ്ടതെല്ലാം അഭ്യസിപ്പിക്കുവാനായി ഏല്പിക്കുക

യും ചെയ്തു. അവിടെ വെച്ചു ഗുരുനാഥൻ ശിഷ്യന്നു സംസ്കൃതത്തിലെ ആദ്യപാഠം ഓലയിൽ എഴുതി ചൊല്ലികൊടുത്തു. കാര്യപ്രസക്തയായ ആ ഗൃഹനായിക സാമാന്യം സമ്പൽസമൃദ്ധമായ ആ കുടുംബത്തിൻെറ പ്രതാപവും പ്രശസ്തിയും നിലനിവത്തിപ്പോന്നു. പ്രസ്തുത കുടുംബക്കാരെ പാണ്ടിശാലക്കലെ കൂട്ടർ എന്നായിരുന്നു പറഞ്ഞുവന്നിരുന്നത്. മാനാത്ത്പറമ്പിൽ എന്നത് അവരുടെ തറവാട്ടുപേരും പാണ്ടികശാലക്കൽ എന്നത് താമസസ്ഥലത്തിൻെറ പേരും ആയിരുന്നു. രണ്ടും കൂടി മാനാത്തുപറമ്പിൽ പാണ്ടികശാലക്കൽ എന്നായിത്തീൎന്നു. തൻെറ അടുക്കൽ ഏല്പിക്കപ്പെട്ട വിദ്യാൎത്ഥിയുടെ ഗുണത്തിന്നായിക്കൊണ്ടു ഗുരുവായ ചാത്തുണ്ണിയുടെ മുഴുവൻ വിവേകവും അനുഭാവവും കഴിവുകളും അയാൾ പൂൎണ്ണമായും ഉപയോഗപ്പെടുത്തുന്നതാണെന്നു വാഗ്ദത്തംചെയ്തു. മകനെ സംബന്ധിച്ചു മാതാവിൻെറ ചിരാഭിലാഷം സാക്ഷാൽക്കരിക്കാനുള്ള ഒരു മാൎഗ്ഗമായി താൻ ഇതിനെ കണക്കാക്കുന്നുണ്ടെന്നും അദ്ദേഹം വ്യക്തമാക്കി. ഇങ്ങിനെ ആ ഗുരുവിൻെറ കീഴിൽ അനിതരസാധാരണമായ സാമൎത്ഥ്യത്തോടുകൂടി പരീത് സംസ്കൃതവും സംഗീതവും അഭ്യസിച്ചുപോന്നു. ഗുരുവിന്നു ശിഷ്യൻെറ നേരെ വാത്സല്യം നാൾക്കുനാൾ വൎദ്ധിച്ചുകൊണ്ടിരുന്നു. ഒന്നോ രണ്ടോ പ്രാവശ്യം വായിച്ചുകൊടുത്താൽ മതിയായിരുന്നു വിദ്യാൎത്ഥിക്ക് അത് ഹൃദിസ്ഥമാകുവാൻ., കൂടന്നുകൊണ്ടു ഓലയിൽ എഴുതികൊടുപ്പാനായിരുന്നു അപേക്ഷകൾ. തൻെറ ആയുഷ്കാലത്തിൽ കഥാപുരുഷനെപ്പോലെ ഗ്രാഹ്യശക്തിയുള്ള മററൊരാളേയും അദ്ദേഹം കാണുകയുണ്ടായിട്ടില്ലെന്നും കുശാഗ്രബുദ്ധിയായ ആ ബാലനിൽ വിളയാടിയിരുന്ന ദിവ്യചൈതന്യം തന്നെ പലപ്പോഴും ആവേശംകൊള്ളിച്ചിട്ടുണ്ടെന്നും ആയാളുടെ സഹജമായ പാഠനപാടവം അനുഗൃഹീതന്മാരിൽ മാത്രം കാണപ്പെടുന്ന ഒരു സവിശേഷഗുണമാണെന്നും അതിനാൽ തൻെറ അഖില കഴിവുകളും പരീക്ഷിക്കുവേണ്ടി ഹോമിക്കുന്നതാണെന്നും വെട്ടി

യാടൻ പ്രസ്താവിച്ചു. പാരായണപരായണനായ ആ ബാലനു പാഠങ്ങറം മാററിമാററി എഴുതിക്കേണ്ടിവന്നതിനാൽ ഗുരുവിന്നു തൻെറ നേരെ വല്ല അഹിതവും തോന്നിപ്പോകുമോ എന്നുള്ള ആശങ്ക ജനിച്ചു. പരീതിൻെറ മനോഗതം മനസ്സിലാക്കിയ ആചാര്യൻ സുസ്മേരവദനനായിക്കൊണ്ടു് ഇപ്രകാരംപറഞ്ഞു. "എൻെറ വിഷമതകളെക്കുറിച്ചു ഒരിക്കലും അസ്വസ്ഥനാവാതെ പഠിപ്പിൽ ജാഗ്രത വർദ്ധിപ്പിക്കയാണ് വേണ്ടതു്." അദ്ദേഹത്തിന്നുണ്ടായിരുന്ന ഒരു പ്രത്യേകത എന്തെങ്കിലും ഒരു സംഗതി ഒരിക്കൽ കേട്ടാൽ പിന്നെ അത് തൻെറ മനസ്സിൽനിന്നും മാഞ്ഞുപോകയില്ല എന്നതായിരുന്നു. ചുരുക്കിപ്പറഞ്ഞാൽ ജ്ഞാനസമ്പാദനത്തിന്നുള്ള ആ കുട്ടിയുടെ കഴിവുകറം ശീഘ്രവും അതു മനസ്സിൽ നില നിറുത്തുവാനുള്ള ശേഷി ദീർഘവും സുശക്തവും ആയിരുന്നു. സംസ്കൃതഭാഷാപരിജ്ഞാനം സാമാന്യം സിദ്ധിച്ചതിനു ശേഷം ശിഷ്യന്നു വലിയ ഗ്രന്ഥങ്ങറം ആശാൻ വായിച്ചുകൊടുപ്പാൻ തുടങ്ങി. സാഹിത്യലോകത്തിൽ കൈകാര്യം ചെയ്യാൻ സംസ്കൃതഭാഷാപരിജ്ഞാനം അത്യന്താപേക്ഷിതമാണെന്നു പരീത് മനസ്സിലാക്കീട്ടുണ്ടായിരുന്നു. സംസ്കൃതകാവ്യങ്ങറം മോന്തിക്കുടിക്കുന്നതായിട്ടാണ് പ്രസ്തുത ബാലനെപ്പററി ഗുരു വർണ്ണിക്കാറുണ്ടായിരുന്നതു്. സംഗീതത്തിലുള്ള ശിഷ്യൻെറ വാസന അനല്പമായിരുന്നതിനാൽ സംഗീതകലയും പരീതിനെ അഭ്യസിപ്പിച്ചു. ഇപ്രകാരം അഞ്ചു സംവത്സരത്തോളം കഥാനായകൻ ആ പണ്ഡിതൻെറ കീഴിൽ വിദ്യാഭ്യാസം ചെയ്തു; തൻെറ പാഠങ്ങറം പൂർത്തിയാക്കി സംതൃപ്തമാംവിധം ഗുരുദക്ഷിണയും കൊടുത്തു അദ്ദേഹത്തിൻെറ ആശീർവാദങ്ങളും വാങ്ങി. ഗുരു സ്വദേശത്തുകാരനായിരുന്നതിനാൽ പരസ്പരം കണ്ടുമുട്ടുവാനും അദ്ദേഹത്തിൻെറ പക്കൽനിന്നു ഉപദേശങ്ങറം സ്വീകരിപ്പാനും സന്ദർഭങ്ങറം ധാരാളം ഉണ്ടായിരുന്നു. ഗുരുവിൻെറ നേരെ ശിഷ്യന്നുണ്ടായിരുന്ന സ്നേഹാദരങ്ങറം ആയാറം ആജീവനാന്തം പുലർത്തിപ്പോന്നു. ജനതാമദ്ധ്യത്തിൽ പിന്നീടു അത്യുന്നതമായ ഒരു സ്ഥാനം

അലങ്കരിച്ച നാട്ടാരുടെ കണ്ണിലുണ്ണിയായി പരിലസിച്ച ആ മഹാനുഭാവൻ അപ്പോഴും ചാത്തുണ്ണിയെ അഭിവന്ദ്യനായി ഗണിച്ചുപോന്നു. സംസ്കൃതവും സംഗീതവും അഭ്യസിച്ചിരുന്നതോടൊപ്പം സ്വഭവനത്തിൽവെച്ച് അറബിഭാഷയും പഠിക്കുന്നതിന്നുള്ള ഏർപ്പാടുകൾ ഉണ്ടായിരുന്നു. പ്രസ്തുത ആവശ്യാർത്ഥം പാണ്ടികശാലക്കൽ പണ്ഡിതനായ ഒരു മുസല്യാരെ ചെലവും ശമ്പളവുംകൊടുത്തു താമസിപ്പിച്ചിട്ടുണ്ടായിരുന്നു. ഇപ്രകാരം പതിനാറു വയസ്സുവരെയുള്ള മകൻെറ വിദ്യാഭ്യാസം മാതാവിൻെറ മേൽനോട്ടത്തിൽതന്നെയാണ് നടന്നുവന്നിരുന്നത്. തുടന്നുകൊണ്ട് അറബിക്കിൽ ഉപരിപഠനാർത്ഥം പാട്ടൂര്, പുതിയ കടപ്പുറം എന്നീ സമീപപ്രദേശങ്ങളിൽ "ബുകാരി" തങ്ങന്മാരുടെ ശിഷ്യത്വവും പരീതു് സ്വീകരിച്ചു. അക്കാലത്തുണ്ടായിരുന്ന തങ്ങന്മാർ വലിയ വലിയ മതപണ്ഡിതന്മാരും അറബിസാഹിത്യകലവറയിൽ കൈകാര്യം ചെയ്യാൻ ശേഷിയും ശേമുഷിയും ഉള്ളവരുമായിരുന്നു. മതാനുഷ്ഠാനങ്ങളിലും വേദാന്തതത്വചിന്തകളിലും വ്യാപൃതരായിരുന്ന ആ പണ്ഡിത കേസരികളുടെ ശിക്ഷണവും ശിഷ്യത്വവും കഥാപുരുഷൻെറ മാനസീകമായ വളർച്ചയ്ക്കു് എത്രയും സഹായിച്ചിട്ടുണ്ടെന്നു പറയാം. അവരുടെ സാന്നിദ്ധ്യത്തിൽ പരിപാവനമായ ഒരന്തരീക്ഷത്തിലായിരുന്നു അദ്ദേഹം അറബിഭാഷാപഠനം പൂർത്തിയാക്കിയതു്. കഥാപുരുഷൻ തൻെറ മുഴുവൻസമയവും ജ്ഞാനസമ്പാദനത്തിന്നായി വിനിയോഗിച്ചു. സ്വഭവനത്തിൽവെച്ചും വെളിയിൽപോയാലും ആയാളുടെ പക്കൽ ഏതെങ്കിലും ഒരു ഗ്രന്ഥം ഉണ്ടായിരിക്കുക പതിവായിരുന്നു. അങ്ങിനെ വല്ലതും പാരായണംചെയ്തു ഗ്രന്ഥത്തിലെ താളുകൾ മറിച്ചുകൊണ്ടിരുന്നു. മകൻെറ ഈ അവിശ്രമപരിശ്രമം കണ്ടിട്ട അദ്ദേഹത്തിന്നു ശരീരാരോഗ്യഭംഗം സംഭവിക്കുമോ എന്നുള്ള ആശങ്കയാൽ മാതാവു അതിൽനിന്നും തെല്ലിടവിട്ടുമാറുവാനായി പുത്രനെ ശാസിക്കാറുണ്ടായിരുന്നു. എത്രവായിച്ചാലും മതിവരാത്ത ഒരു പ്രകൃതമായിരുന്നു അദ്ദേഹത്തിൻേറതു. രാത്രി ഉറക്കംവരു

ന്നതുവരെ വായിച്ചുകൊണ്ടിരുന്ന പരീത് വളരെനേരം വൈകി മാത്രമെ ശയിക്കാറുണ്ടായിരുന്നുള്ളു. എത്രവൈകിക്കിടന്നാലും സൂര്യോദയത്തിന്നു മുമ്പായി എഴുന്നേല്ക്കുകയെന്നുള്ളത് അദ്ദേഹത്തിൻെറ പതിവായിരുന്നുവത്രെ. ഈ നിഷ്ഠ അയാഠം ആജീവനാന്തം അനുഷ്ഠിച്ചുപോന്നു. കൃത്യാനുഷ്ഠാനങ്ങഠംക്ക് ശേഷം അദ്ദേഹം പുസ്തകം എടുക്കുകയായി, പിന്നെ പ്രാതൽസമയംവരെ വായനതന്നെയായിരുന്നു.

മതാത്മകങ്ങളായ ചിന്തകളിൽ മുഴുകിയിരുന്ന തൻെറ വന്ദ്യഗുരുക്കളുടെ പ്രീതിക്കു പാത്രീഭവിച്ച പരീക്കുട്ടിയെ അവർ ആശീർവദിക്കയുമുണ്ടായി. അങ്ങിനെ പലവിധ ചാണകളിലിട്ടു കടഞ്ഞെടുത്ത ആ രത്നം ജാജ്വല്യമാനമായി പ്രശോഭിച്ചു. ആ ജ്യോതിസ്സും ലിംഗത്തിൽനിന്നും പുറപ്പെട്ട വെളിച്ചം സ്ഫടികംപോൽപ്രകാശമാനമായിരുന്നു. അതേ ആ അനുഗ്രഹീതപുരുഷനിൽനിന്നും നിർഗ്ഗമിച്ച കാവ്യതല്ലജങ്ങഠം അമൂല്യരത്നങ്ങഠംതന്നെയാണ്, കല്പാന്തകാലത്തോളം അവ അങ്ങിനെതന്നെ തിളങ്ങിക്കൊണ്ടിരിക്കുകയും ചെയ്യും. സംസ്കൃതസാഹിത്യവുമായി കൂടുതൽ ബന്ധപ്പെടുവാൻ അദ്ദേഹത്തിന്നു വേറെയും സന്ദർഭങ്ങളുണ്ടായിരുന്നു. സ്വഭവനത്തിന്നു തൊട്ടുതന്നെയായിരുന്നു പ്രസിദ്ധ ആയുർവ്വേദ വൈദ്യന്മാർ നിവസിച്ചിരുന്നത് പ്രസ്തുത വൈദ്യകുടുംബത്തിലെ ഒരുപ്രമുഖ അംഗമായിരുന്ന തുടങ്ങയിൽ ഉണ്ണിവൈദ്യരുമായുള്ള സമ്പർക്കം അദ്ദേഹത്തെ സംസ്കൃതഭാഷാപോഷണത്തിന്നു എത്രയും സഹായിച്ചിട്ടുണ്ടെന്നു പറയാം. ഈ പാരമ്പര്യകുടുംബത്തിൽ വൈദ്യപരമായും സാഹിത്യപരമായും ഒട്ടനേകം സംസ്കൃതഗ്രന്ഥങ്ങഠം ഇപ്പോഴും സൂക്ഷിപ്പുണ്ട്. ഇവിടെനിന്നും അനേകം ഗ്രന്ഥങ്ങഠം നമ്മുടെ കഥാപുരുഷൻ പാരായണം ചെയ്തിട്ടുണ്ട്. തമിഴനാട്ടിൽനിന്നു അക്കാലത്ത് വിവാഹാഘോഷങ്ങളിൽ സംബന്ധിക്കുവാനായി പ്രസിദ്ധ ഗായകരായ 'പുലവർ' ഇന്നാട്ടിൽ വരാറുണ്ടായിരുന്നു. ഗായകവൃത്തി പാരമ്പര്യതൊഴിലും

ഗീകരിച്ചു പോന്നിരുന്ന ഇവരുടെപാട്ടുകളിൽ അഭിരുചിതോന്നിയ പരീത് തമിഴഭാഷപഠിക്കുവാൻ തുടങ്ങി. രണ്ടുകൊല്ലത്തെ പഠനം കൊണ്ടു ആയാളും പ്രസ്തുത ഭാഷയിൽ വ്യൽപത്തിനേടി. ഇപ്രകാരം മലയാളം, സംസ്കൃതം, അറബി, തമിഴ് എന്നീനാലുഭാഷകളിൽ അദ്ദേഹം അസാമാന്യമായ പാണ്ഡിത്യം സമ്പാദിച്ചു. ഒരുകാര്യത്തിൽ പ്രവേശിച്ചുകഴിഞ്ഞാൽ അതിൻെറ പൂർത്തീകരണത്തിന്നായി അദ്ദേഹം അഹോരാത്രം അക്ഷീണപരിശ്രമം ചെയ്തിരുന്നു. നിശ്ചിതസമയത്തുള്ള നിദ്ര ഒഴികെ വിശ്രമം എന്താണെന്നു ആയാൾ അറിഞ്ഞിരുന്നില്ല. പുത്രൻെറ അത്യദ്ധ്വാനശീലം കണ്ടിട്ടു അസ്വസ്ഥയായിത്തീർന്ന മാതാവ് സ്വല്പ നേരമെങ്കിലും സ്വസ്ഥനായിരിക്കുവാനായി മകനെ ശാസിക്കാറുണ്ടായിരുന്നു. തത്സമയം സുസ്മേരവദനനായ തനയൻ തൻെറ വന്ദ്യമാതാവോടു ശാന്തസ്വരത്തിൽ പറഞ്ഞതാവിത്: "ഈ ശരീരപഞ്ജരത്തിൽനിന്നും പ്രാണൻ പറന്നുപോകുന്നതുവരെ വിശ്രമം എന്താണെന്നു ഞാൻ അറികയില്ല. ഒരു നിമിഷംപോലും പാഴാക്കികളയേണ്ടതായി എൻെറ ആയുഷ്കാലത്തിൽ ഉണ്ടാവില്ല. ഞാൻ എൻെറ വിശ്രമമെല്ലാം "കബറി"ലേക്കു നീക്കിവെച്ചിരിക്കയാണ്. അവിടെ പുനരുത്ഥാനദിവസംവരെ വിശ്രമമല്ലാതെ മററൊന്നുമില്ല." അമ്മയും മകനും ഉറക്കമിളച്ചിരുന്നു സംസാരിക്കയായിരുന്നു്. പൂനിലാവിൻെറ നിശബ്ദസൌന്ദര്യത്തിൽ കുളിച്ചുനിന്ന ഗ്രാമഭംഗി ഇരുവരെയും ആകർഷിച്ചു. രാത്രി ഏതാണ്ടു പകുതിയോടടുത്തിരുന്നു, തെളിഞ്ഞ നീല വിൺപരപ്പിൻെറ മദ്ധ്യത്തിൽ പൂനിലാവിൻെറ പൂർണ്ണത വിരിഞ്ഞുനില്ക്കുകയായിരുന്നു. ആ ഹിമകിരണൻെറ നേക്കു വിരൽ ചൂണ്ടി ആ കലാകാരൻ ഇപ്രകാരം പറഞ്ഞു: "അമൃതം പൊഴിച്ചുംകൊണ്ടു് സ്വച്ഛന്ദം വിഹരിക്കുന്ന കളങ്കരഹിതമായ ചന്ദ്രനെ സൃഷ്ടിച്ച അള്ളാഹുവെ തന്നെയാണെ, അനന്തകോടി നാഴിക ദൂരത്തിൽ നീലിമയ്ക്കപ്പുറത്തുനിന്നും മിന്നിത്തിളങ്ങിക്കൊണ്ടിരിക്കുന്ന താരങ്ങളെ സൃഷ്ടിച്ച സർവ്വശക്തനായ അള്ളാഹുവെതന്നെയാണെ,

പരിശുദ്ധ" കാബായുടെ ഭാഗത്തുനിന്നും വീശിക്കൊണ്ടിരിക്കുന്ന മന്ദമാരുതനെ പുറപ്പെടീക്കുന്ന സൃഷ്ടാവിനെത്തന്നെയാണെ—ഇവയുടെയെല്ലാം പ്രവർത്തനങ്ങൾക്ക് നിശ്ചയങ്ങളുണ്ടു; പരിധികളുമുണ്ടു്. എന്നാൽ മനുഷ്യനുമാത്രം അവനെ സംബന്ധിച്ചിടത്തോളം യാതൊരു നിർണ്ണയവും ചെയ്യരുത്. അവൻെറ പ്രവൃത്തനത്തിൻെറ സമാപ്തം കുറിക്കുന്നത് അവൻെറ ഹൃദയസ്പന്ദനം നിലച്ചുപോകുന്ന സമയത്തുമാത്രം. അതു് എപ്പോൾ എവിടെവെച്ചു എന്നു ആർക്കും പ്രവചിച്ചുകൂട. അതുകൊണ്ടു ബുദ്ധിയുള്ള ജനങ്ങൾക്ക് ഈ ലോകം വിശ്രമിക്കാനുള്ളതല്ല. ഉണ്ണുന്നവരും ഉറങ്ങുന്നവരും വേലയെടുക്കുന്നവരുമായി ജനങ്ങളുണ്ടു്. മനുഷ്യനായി മാറിനിന്നു വിവേകപൂർവ്വം ചിന്തിക്കുന്ന മനുഷ്യൻ ചുരുക്കമാണ്. എൻെറ ജീവിതലക്ഷ്യം സർവ്വശക്തനായ അല്ലാഹു എന്നെ എന്തൊന്നിനായിക്കൊണ്ടു സൃഷ്ടിച്ചുവോ അതുചെയ്തുതീർക്കുക യെന്നുള്ളതാണ്. അതിൽപരം ശ്രേഷ്ഠമായി മററൊന്നും എനിക്കില്ല. അതിൽനിന്നും ഉൽഭൂതമാകുന്നത് എന്തോ അതത്രെ എനിക്ക് അഭികാമ്യമായിട്ടുള്ളത്. എൻെറ കർത്തവ്യ നിർവ്വഹണത്തിൽ ഞാൻ വ്യാപൃതനാണ് അതു സാധിച്ചുകഴിഞ്ഞാൽ ഞാൻ കൃതാർത്ഥനായി! പ്രിയ മാതാവെ! എന്നോട് അവിടത്തേയ്ക്കു സ്വല്പമെങ്കിലും കനിവുണ്ടെങ്കിൽ, എന്നെ കൂടുതൽ കർമ്മനിരതനാക്കുക,. സാരസമ്പൂർണ്ണമായ ഈ ഉപദേശങ്ങൾ ആ മഹതിയുടെ ഉൾക്കാമ്പിൽ കോരിത്തരിപ്പുണ്ടാക്കി., അവർ സന്തോഷാശ്രുക്കൾ പൊഴിച്ചു. ആ മാതൃകണ്ഠത്തിൽനിന്നും ഒരു ഗൽഗദശബ്ദം പുറപ്പെട്ടു. അതു് പ്രശാന്തവായുവിൽ മന്ത്രിച്ചു —"മക — നെ — അല്ലാ — ഹു — എ — ന്നും — ന — ന്നാ — ക്ക — ട്ടെ!" യെന്നു.

ഇനി നമുക്ക് അദ്ദേഹത്തിൻെറ സാഹിത്യപ്രവർത്തനങ്ങളെപ്പററി ചിന്തിക്കാം. ആദ്യകാലങ്ങളിൽ പരീത് ചെറു ഗാനങ്ങൾ രചിക്കുവാനും അവ മധുരമായി പാടുവാനും തുടങ്ങി. സുശക്തമായ ആ കണ്ഠത്തിൽനിന്നും നിർഗ്ഗമിച്ച തുറന്ന സ്വരത്തി

ലുള്ള മധുരസ്വരം ശ്രോതാക്കളിൽ അവാച്യമായ ഒരു നിർവൃതി ഉളവാക്കി. വിവാഹാഘോഷങ്ങളിൽ ഒരു ഗായകൻ എന്ന നിലയിലും വിദൂരപ്രദേശങ്ങളിൽ പാട്ടുകച്ചേരികഠം നടത്തിയും ചരിത്രഗാനങ്ങഠം പാടി വിവരിച്ചും അദ്ദേഹം പ്രസിദ്ധനായിത്തീന്നു. സ്വയം നിർമ്മിച്ച ഗീതങ്ങളായിരുന്നു ആയാഠം പാടിയിരുന്നത്. ഇങ്ങിനെ ഒരു ഗായക കവി എന്ന നിലയിലായിരുന്നു പരീത് രംഗപ്രവേശനം ചെയ്തതു്. അദ്ദേഹത്തിൻെറ പ്രശസ്തി നാടെങ്ങും പരന്നു. 1043-ൽ തൻെറ ഇരുപതാമത്തെ വയസ്സിലാണ് കഥാനായകൻ അദ്ദേഹത്തിൻെറ പ്രഥമ കൃതിയായ സൌഭാഗ്യസുന്ദരി എന്ന കാവ്യം പ്രസിദ്ധം ചെയ്തതു്. സ്വർഗ്ഗീയതരുണികളെപ്പററിയുള്ള വിവരണങ്ങളാണ് പ്രസ്തുത കാവ്യത്തിലെ ഉള്ളടക്കം. അലങ്കാരവിഭൂഷിതകളായ ആ യോഷാമണികളെക്കുറിച്ചുള്ള വർണ്ണനകഠം കേട്ടാൽ വർണ്ണനയിൽ അദ്ദേഹത്തോടു തുലനം ചെയ്യാൻ മറേറതൊരു കവിയാണുള്ളത് എന്നു തോന്നിപ്പോകുന്നതാണ്. ഊർജ്ജസ്സ്വലമായ ആകൃതി കവിയുടെ യുവത്വത്തിന്നു സാക്ഷ്യം വഹിക്കുന്നുണ്ടു്. ഒരു പുതുമകൂടി പ്രസ്തുത ഗീതത്തിന്നുള്ളത് സ്വർഗ്ഗീയ കന്യകമാരെക്കൊണ്ടു മലയാളത്തിലെ മുസ്ലിംകളുടെ വേഷം കെട്ടിച്ചിട്ടുള്ളതാണ്. മഹാകവി വള്ളത്തോഠം തൻെറ 'മഗ്ദലനമറിയം' എന്ന കൃതിയിൽ ജൂതപ്രഭുവായ ശീമോൻെറ വീട്ടിൽ വിരുന്നിന്നായി ക്ഷണിച്ച കൃസ്തുദേവനെക്കൊണ്ടു ഭോജനവേളയിൽ ഒരു തനി മലയാളിയുടെ വേഷമണിയിച്ചതുപോലെ, ആ മഹാനുഭാവൻ മാപ്പിളസാഹിത്യത്തിൽ ഒരു വിപ്ലവം സൃഷ്ടിച്ചിട്ടുണ്ടു്. അദ്ദേഹത്തിൻെറ കാവ്യമാധുര്യം ആസ്വദിക്കേണമെങ്കിൽ "സൌഭാഗ്യസുന്ദരി"യിൽനിന്നു സ്വല്പം പാടി രസിക്കുകതന്നെ വേണം.

## മട്ട (ഇശൽ) ചായൽമുറുക്കം

(ഒന്നും രണ്ടും വരികൾ സ്വല്പം നീട്ടിയും തുടന്നുകൊണ്ടുള്ള മൂന്നു വരികൾ ത്വരിതഗതിയായും പാടേണ്ടതാണ്.)

"കൊടിക്കുട്ടം കുളൽഹുറന്നിസാങ്കൾ തൻെറ
ഗ്ഗന്നമൊഞ്ചിലിതാ കൊഞ്ചം വിരുത്തിട്ടന്നെ.
കഞ്ചങ്കം മൊഞ്ചും തടി ചെഞ്ചൽ
അഞ്ചഞ്ചും തുഞ്ചംപടി കൊഞ്ചൽ
സഞ്ചാരം സതതം പൊൻഊഞ്ഞാൽ
ഊഞ്ഞാളകട്ടിലേറി കളിക്കും പെണ്ണ്വി
ഉന്മേഷിച്ചെട്ടത്തെ പൊൻലിബാസും പച്ച
പച്ചനിറം മികമെച്ച ഹരീറ
ഉച്ചവെയിൽ ഒളിവുച്ചവെ ന്നൂറ
ഉച്ചയിൽ ചുററി ഞെറിഞ്ഞി ജഥറ
ഞെറിഞ്ഞിട്ടെ കോന്തലക്കൾ അത്ഭുതമെന്താം
ഞെറിഞ്ഞാട്ടം കുളൽനടകാററ് വീശുമ്പോൾ
വീശികമീസുകൾ ദിബാജുകൾ പട്ട്
താശികിങ്കാപ്പ ബുലൂതുകളിട്ട്
രാശിമെയ്യത് ചേർച്ചയിലിട്ട്
കൂട്ടത്തിൽ ഒരു തട്ടം തലക്കിട്ടാനെ
കോളനമെ ഇരിതാളിന്നിപാടകം.
നീളെ കുനിപ്പുകൾ ചിലമ്പുകൾ തണ്ട
കാളിട്ട മെതളയും തെളിവാലെ
അരുണൻ കാളിട്ടും നാൾ കതിർ കത്തുന്നെ
അരയിലിട്ടരഞ്ഞാണം പരിശെന്തമ്പാൻ
കൊത്തിന മുത്തരിപടി അരഞ്ഞാളും
മെത്ത കട്ടക്കയൊട്ട് ഏലസ് നൂലും
ഏത്തിരെ ഞാലികൾ മാമ്പുകളാലും

കിലി കിലി കിലിത്താടി തളത്തിപ്പൂടി
കോന്തലക്കി ശലൊപ്പിച്ചി മുറക്കിക്കെട്ടി
ഇട്ടത്തിൽ മട്ടം അരക്ക് മുറക്കി
കട്ടിയിലെത്തിര മുത്ത് ചുരക്ക്
കെട്ടിനവാം കരം. തൻെറ വിരല്ല്
പത്തിനും മോതിരങ്ങൾ പൂട്ടിയാം മങ്ക
ഊട്ടറെറ കുളൽ തൻെറ കരം തണ്ടക്ക്
ഉതിരപൊൻ കടകങ്ങൾ വളയെത്തിര
യെത്തിര തരിവള കുറിവള പിരിവള
മുത്ത്പതിത്ത് പരത്തിയ തോൾവള
വളയിട്ടെ വളമ്മകൈ യെറിന്ത്വീശി
വല്ലിയാം നടത്തത്തെ ചായൽയെന്തമ്പാൻ
എന്നുമെ സുന്ദരി ബീവിജമാല
ചന്ദിരമാറിൽ അണിഞ്ഞൊരു മാല
മിന്നെറിയും വൈരകുറി മാല
കുറിവെത്തെ താലി മാല പതക്കം കാറ
അല്ലിപ്പൂ ചെമ്പകപൂ അനേകം ചേല
ലെങ്കിനെ കൊങ്കകൾ നിപ്പുരിചെപ്പോ
ഭംഗിയിൽ മാറിട തിങ്കിയടപ്പോ
ചെങ്കതിർ ഗജമൊട്ട ചേർന്കവപ്പോ
കപ്പൂര പൊന്മണി മാറും മുലയു,പൊങ്ങി
കാന്തിചന്തം ചിന്തിലെങ്കും ചന്ദിരംഭംഗി
ഭംഗിവയർ സദര വടിവെതിരൊ
യെങ്ങിനെയാം അരയാലുടെ തളിരൊ
അങ്ങിനെ വൈരപലയുടെ ചാരൊ
ചാറ്രൂപം സാദരപൂ ബീവിയാളയലാ
സൌന്ദര്യ്യപൊൻ ഹംസമാരം വീതിയാളയലാ
മേലെള്ളിവും തടിചേച്ച മിനിക്കം

ചേലഴകാൽ അരവാച്ച കൂടക്കം
വാരണപൂ കഴുത്തും മൈ ഹസ്തവും നല്ലെ
ബാൽമരത്തിൽ കൊമ്പുതാളും നീളവും ചില്ലെ
ചില്ലഴകും ശിരസ്സൊന്നു ചരിച്ചി
നല്ലപൊൻ ചുണ്ടനക്കിട്ടു ചിരിച്ചി
മെല്ലവെ കൈപടം വീശിയുലച്ചി
ചേലഴകും സുരം അളകിനെ തെളിവൊളി
കായമെ പുരുഷരിൽ വഴങ്ങിട്ടും സദപതി
ഞായമിൽ അതിമദം ഉളരിനെ കാമിനി
മുന്നഴകും മുലയും മുഖവൊളിവും
പിന്നഴകും മുടിയും തടിവടിവും

ഇതിൽനിന്നു നമുക്കു് കവിയുടെ കൃതികൾക്കുള്ള ആസ്വാദ്യരസം മനസ്സിലാക്കാം. വിഷയത്തിൻെറ ഗഹനതയും പ്രതിപാദനചാതുരിയും നൈസർഗ്ഗികമായ രചനാവൈഭവവും അദ്ദേഹത്തിൻെറതു് ഒന്നു വേറെതന്നെയാണ്. എത്ര ഹൃദ്യവും സ്വാഭാവികവുമായ രീതിയിലാണ് കവിയുടെ വർണ്ണനാചാതുര്യമെന്നു നോക്കുക!

യുവത്വത്തിലേക്കു കാലെടുത്തുവെച്ച മകനെക്കൊണ്ടു വിവാഹം കഴിപ്പിക്കേണമെന്ന കലശലായ ആഗ്രഹം മാതാവിന്നും അതിലു ഉപരിയായി മാതാമഹിക്കും ഉണ്ടായിരുന്നു. തൻെറ ഇംഗിതം കുഞ്ഞിപ്പാത്തുമ്മ പുത്രനെ അറിയിച്ചു. കുറച്ചു കാലവുംകൂടി കഴിഞ്ഞിട്ടു മതിയെന്നായിരുന്നു ആ യുവാവിൻെറ പക്ഷം. എന്നാൽ തൻെറ മാതാവിന്നു പ്രസ്തുത അഭിപ്രായം അനുവദനീയമായിരുന്നില്ല. അതിനാൽ അവരുടെ അഭീഷ്ടമനുസരിച്ചു ആയാൾ മംഗല്യകാര്യത്തെ അനുകൂലിച്ചു. എന്നാൽ സഹധർമ്മിണിയെ തിരഞ്ഞെടുക്കുവാനുള്ള സ്വാതന്ത്ര്യം മാതാവിൻെറ കുത്തകയിൽ പെട്ടതായിരുന്നു. അതിനാൽ ജനനിയുടെ ഹിതത്തിന്നു

വിധേയനായി പരീത് തൻെറ അമ്മാവൻെറ പുത്രിയായ ബീക്കുട്ടിയെന്ന തരുണിയെ ഭാൎയ്യയായി സ്വീകരിച്ചു. അദ്ദേഹം ഇഷ്ടപ്പെടാതിരുന്ന ആ വിവാഹം ദുഃഖകരമായി പൎയ്യവസാനിച്ചു. അധികകാലം ആ ദമ്പതികഠം രണ്ടു പേരും ഒത്തിണങ്ങി ജീവിക്കുകയുണ്ടായില്ല. എന്തോ സംഗതിവശാൽ അവരുടെ ബന്ധം വിവാഹമോചനത്തിൽ കലാശിച്ചു. അതിൽ സന്താനങ്ങഠം ഒന്നുംതന്നെ ഉണ്ടായിട്ടില്ല. ബീക്കുട്ടിയെ കൈവെടിയാതിരിപ്പാനായി മാതാമഹിയും മററം കിണഞ്ഞു പരിശ്രമിച്ചു; പക്ഷെ അതൊക്കെ നിഷ്ഫലമാകയാണുണ്ടായത്. നിരാശയും കോപാന്ധ്യമായിത്തീൎന്ന ആ വൃദ്ധ സ്ത്രീ പരീക്കുട്ടിയെ ശപിക്കുകയാണുണ്ടായതു് "നിനക്കു സന്തതികളില്ലാതെ പോകട്ടെ" എന്നായിരുന്നുവത്രെ ശാപം. ഏതായാലും വിവാഹമോചനത്തെ തുടൎന്നു കുറച്ചുനാഠം പാണ്ടികശാലക്കൽ ഭവനം ശോകമൂകമായി കാണപ്പെട്ടു.

അദ്ദേഹം പുനൎവിവാഹം കഴിച്ചത് പണിക്കവീട്ടിൽ കുറപ്പത്ത് ആയിശുമ്മയെന്ന യോഷാമണിയെയായിരുന്നു. ഈ തരുണി കവിയ്ക്കു യോജിച്ച ഭാൎയ്യയായിരുന്നു. ആയിശുമ്മയ്ക്കു പതിനഞ്ചും കഥാപുരുഷന്നു ഇരുപത്തിരണ്ടും വയസ്സേ പ്രായമായിരുന്നുള്ളു. മരണംവരെ കവിപുംഗവൻ പ്രസ്തുത സ്ത്രീ ഒന്നിച്ചു പതിനാറു സംവത്സരത്തോളം ജീവിച്ചിട്ടുണ്ടു. അദ്ദേഹത്തിൻെറ മരണാനന്തരം 1108 വരെ ആ മഹതി ജീവിച്ചിരുന്നു. അവർ മരണമടഞ്ഞിട്ടു ഇരുപത്തിരണ്ടു കൊല്ലങ്ങഠം കഴിഞ്ഞിട്ടേയുള്ളു. പരീതിന്നു ആയിശുമ്മയൊന്നിച്ചുള്ള ദാമ്പത്യജീവിതത്തിന്നിടയിൽ മൂന്നു സന്തതികഠം ജനിച്ചു. പ്രസവിച്ചു നാല്പത് ദിവസം എത്തുംമുമ്പായി പ്രസ്തുത മൂന്നു ശിശുക്കളും അപസ്മാരരോഗത്താൽ മരണപ്പെടുകയാണുണ്ടായതു്. അങ്ങിനെ ഒരു പിഞ്ചുപൈതലിൻെറ ഓമനമുഖംനോക്കി രസിപ്പാനുള്ള ഭാഗ്യം അദ്ദേഹത്തിന്നുണ്ടായില്ല. വിധവയായ ആ സ്ത്രീ പതിനൊന്നു സംവത്സരത്തോളം പ്രാ

ണനാഥന്റെ വേൎപ്പാടിൽ പരിതപിച്ചുകൊണ്ടു പുനർവിവാഹത്തെ ശക്തിയോടെ എതിൎത്തുപോന്നു. തന്റെ ആയുഷ്ക്കാലത്തിൽ ഇനി മററാരാൾക്കും ഭാൎയ്യയായിരിക്കില്ലെന്നു ദുഃഖിതയായ ആ സാദ്ധ്വി ദൃഢപ്രതിജ്ഞ ചെയ്തു. അത്രയും സുദൃഢമായിരുന്നു ദിവംഗതനായ പ്രിയതമനുമായുള്ള അവരുടെ ഹൃദയസാമീപ്യം. ഭർത്തൃവിരഹതാപം എന്നും പുത്തരിയായി അവർക്ക് തോന്നി കണ്ണുനീരും കയ്യുമായി കാലംകഴിച്ചു. പ്രാണനാഥന്റെ പേർ കേട്ടാൽ അവൎക്കു നേത്രങ്ങളിൽ അശ്രുക്കൾ നിറഞ്ഞിരുന്നു. അദ്ദേഹത്തിന്റെ കൃതികൾ ഒട്ടധികവും ആയിശ്ശുമ്മക്കു ഹൃദിസ്ഥമായിരുന്നു. വിധവയെങ്കിലും യൗവ്വനയുക്തയായിരുന്നു ആ സൌന്ദര്യധാമം. ആ സ്ത്രീയുടെ അഭീഷ്ടത്തിന്നെതിരായി ആ മഹതിയുടെ ഉററബന്ധുക്കൾ പുനർവിവാഹത്തിന്നു ആലോചനകൾ നടത്തിക്കൊണ്ടിരുന്നു. പ്രസ്തുത വാർത്ത അവർക്കു കൎണ്ണകഠോരമായിതോന്നി. ആർ തന്നെ ഉപദേശിച്ചിട്ടും ശാസിച്ചിട്ടും പ്രയോജനമുണ്ടായില്ല. ഉററവരുടെയും ബന്ധുക്കളുടെയും ഉദ്യമങ്ങൾ വിഫലമായപ്പോൾ അവർ മതപണ്ഡിതനും ആത്മീയഗുരുവുമായിരുന്ന ഉദാരത്ത പൂക്കോയത്തങ്ങൾ എന്നൊരാളെ ക്ഷണിച്ചുവരുത്തി. അദ്ദേഹം അക്കാലത്തെ സൎവ്വസമ്മതനും സ്ഥലത്തും മററിടങ്ങളിലും പലൎക്കും അഭിവന്ദ്യനും ആത്മീയഗുരുവുമായിരുന്നു. ഇദ്ദേഹത്തോടു ആയിശ്ശുമ്മയെക്കൊണ്ടു പുനർവിവാഹത്തിന്നു സമ്മതിപ്പിക്കുവാൻ അവർ അഭ്യൎത്ഥിച്ചു. പ്രസ്തുത തങ്ങൾ ആയിശ്ശുമ്മയുടെയും ആത്മീയ ഗുരു (ഷെയ്ഖ്) ആയിരുന്നു. ഒരു യുവകാമുകൻ ആ തരുണീമണിയെ കാമിച്ചുംകൊണ്ട് ചുററിപ്പററി നടക്കുന്നുണ്ടായിരുന്നു. ആ യോഷാമണിയുടെ മനോഗതമറിഞ്ഞിട്ടുകൂടിയും അവരുടെ പുനർവിവാഹവിരുദ്ധമനസ്ഥിതി മററുള്ളവർ വഴിക്ക് ബോദ്ധ്യമായിരുന്നിട്ടും ഭഗ്നാശനാവാതെ ആ യുവാവ് അവസരം പാൎത്തുകൊണ്ടിരുന്നു. എന്തു ത്യാഗങ്ങൾ സഹിച്ചു. ഏതു് സാഹസത്തിന്നും വിധേയമായും കുടുംബാദികളുടെ വിവാഹോദ്യമത്തെ തടയാൻതന്നെ ആ ദൃഢചിത്ത തീർച്ചയാക്കി. ഗുരുവായ തങ്ങൾ

ഇതിന്നൊരു പോംവഴി കണ്ടുപിടിക്കാതിരുന്നില്ല. അദ്ദേഹം സ്ഥലത്തു് പാണ്ടികശാലക്കൽ ഭവനത്തിന്നടുത്തുവെച്ചു ഒരു മതപ്രസംഗം ചെയ്യാൻ തീർച്ചയാക്കി. ഉപദേശരൂപേണ ചെയ്ത ആ പ്രസംഗത്തിൽ അദ്ദേഹം ഊന്നിപ്പറഞ്ഞതു് ഗുരുവും ശിഷ്യന്മാരും (ഷെയ്ഖും മുരീതന്മാരും) തമ്മിലുള്ള ബന്ധത്തെക്കുറിച്ചായിരുന്നു. പ്രസംഗവേളയിൽ കഥാനായികയും സംബന്ധിച്ചിരുന്നുവെന്നു പറയേണ്ടതില്ലല്ലൊ. സാരഗർഭമായ ആ ഉപദേശങ്ങൾ ശ്രോതാക്കളെ മാനസാന്തരപ്പെടുത്തുവാൻ പര്യാപ്തമായിരുന്നു. പിറെറന്നു രാവിലെ ഗുരു ആയിശുമ്മയെ വിളിച്ചു വിവാഹത്തിന്നു സമ്മതിക്കേണമെന്നു ഉപദേശിക്കുകമാത്രമല്ല ശാസിക്കുകകൂടി ചെയ്തു. അദ്ദേഹത്തിൻെറ ഉപദേശാജ്ഞയെ തട്ടുകവാനുള്ള മനോധൈര്യം അവർക്കുണ്ടായിരുന്നില്ല. അതിനാൽ മനമില്ലാമനസ്സോടെ തങ്ങളുടെ കല്പനകൾക്കു് അവർ വഴങ്ങിക്കൊടുത്തു. താമസിയാതെ ആ നിർബ്ബന്ധവിവാഹം നടക്കുകയും ചെയ്തു. കുറച്ചുനാൾ അവർ മൌനമായി കഴിച്ചുകൂട്ടി. വധൂവരന്മാരുടെ മധുവിധുകാലം ആമോദമായിരുന്നുവെന്നു പറഞ്ഞുകൂടാ. പുനർവിവാഹത്തിൽ അവർക്കു രണ്ടു പുത്രന്മാരും ഒരു പുത്രിയും ജനിച്ചു. അവരിൽ മൂത്ത മകനും മകളും ഇപ്പോൾ ജീവിച്ചിരിക്കുന്നുണ്ടു്. പ്രഥമ പുത്രനു ഇപ്പോൾ ഏതാണ്ടു 55 വയസ്സു പ്രായമുണ്ടു്. ആയാൾ തൻെറ മാതാവിൻെറ ചരിത്രം വിവരിച്ചകൂട്ടത്തിൽ മഹാകവിയെ കുറിച്ചു അവർ ഇങ്ങിനെ പറയാറുണ്ടായിരുന്നുവെന്നു പ്രസ്താവിച്ചു. “വെള്ളിയാഴ്ച ‘ജുമാനമസ്ക്കാരം” കഴിഞ്ഞാൽ പരീക്കുട്ടിസാഹിബിൻെറ ‘കബർ’ സന്ദർശിച്ചു പ്രാർത്ഥന നടത്തേണമെന്നും സാധാരണ തിങ്കളാഴ്ച രാവും വെള്ളിയാഴ്ച രാവും പ്രത്യേക പ്രാർത്ഥനകൾ വേണമെന്നും മാതാവു മകനെ നിർബ്ബന്ധിച്ചിരുന്നു. ഇങ്ങിനെ തൻെറ ഉമ്മയുടെ മരണംവരെ മകൻ 16 കൊല്ലത്തോളം കവിയുടെ പേരിൽ പതിവായി പ്രാർത്ഥനകൾ നടത്തിയിരുന്നു. പരീതിനെ കുറിച്ചുള്ള വർത്തമാനം വല്ലവരും പറഞ്ഞാൽ നനഞ്ഞ നയനങ്ങളോടു കൂടിയല്ലാതെ

മാതാവിനെ കാണപ്പെട്ടിരുന്നില്ലെന്നും അദ്ദേഹം പറഞ്ഞു. അവർ തൻെറ പ്രാണതുല്യനായിരുന്ന പ്രഥമ വല്ലഭനെ പ്പററി പറയാറുണ്ടായിരുന്നതു മകൻ ഏതാണ്ടു ഇപ്രകാരം വിവരിച്ചു. "ഞങ്ങൾ ഇരുവരും ഉറങ്ങാൻ കിടന്നാൽ എൻെറ പ്രാണനാഥൻ പെട്ടെന്നു എണീററു വിളക്ക് കത്തിച്ചു ചുമരിന്മേൽ ഏതാനും വരികൾ എഴുതുക പതിവായിരുന്നു. നേരം പുലൎന്നു നോക്കിയാൽ ഭിത്തിമേൽ നിറയെ എഴുതിയതായി കാണാം. രാവിലെ അതെല്ലാം പകൎത്തിയെടുക്കുവാൻ ആളെ നിശ്ചയിച്ചിട്ടുണ്ടായിരുന്നു" ഇപ്രകാരം പ്രചോദനത്താൽ പ്രേരിതനായിട്ടല്ലാതെ ആ കവിപുംഗവൻ കാവ്യരചന നടത്തിയിരുന്നില്ലെന്നു പറയാം.

മഹാകവിയുടെ ജീവിതത്തിൽ പരിതാപകരമായ ഒരു സംഭവം നടന്നിട്ടുണ്ടു. നാടൊട്ടുക്കും വസൂരിരോഗം പടൎന്നുപിടിച്ചു. കഥാപുരുഷനും ഈ സാംക്രമികരോഗത്തിന്നു ഇരയായിത്തീൎന്നുവെന്നു മാത്രമല്ല വസൂരിനോട്ടക്കാർ അദ്ദേഹത്തിൻെറ മരണവും കൂടി പ്രവചിച്ചു. രോഗശയ്യയിൽ ആസന്ന മരണനായി കിടക്കുന്ന മകനെ നോക്കി ആ പാവം മാതാവു വാവിട്ടു കരഞ്ഞുപോയി! മരണത്തിൻെറ മണിനാദം നാലുപാടും മുഴങ്ങി. ആ നിഷ്കളങ്കമായ മാതൃഹൃദയത്തിൽ നിന്നും മകൻെറ രോഗശമനത്തിന്നായി അല്ലാഹുവോടുള്ള വിനീതാഭ്യൎത്ഥന- അതെ അകമഴിഞ്ഞുകൊണ്ടുള്ള പ്രാൎത്ഥന-തികച്ചും ഫലിച്ചു. മരണശയ്യക്കു ചുററും ആ മഹതി പ്രദക്ഷിണം ചെയ്തു തൻെറ ആയുസ്സിൽ നിന്നും 16 വയസ്സു മകന്നായി ഉഴിഞ്ഞു കൊടുത്തു. ഇതെ സംബന്ധിച്ചു ഒരു ഐതിഹ്യമുണ്ടു. അന്നുരാത്രി അദ്ദേഹത്തിന്നു ഒരു ദിവ്യ സ്വപ്നമുണ്ടായി. ശുദ്ധവെള്ളവസ്ത്രം ധരിച്ചു രണ്ടുപേർ ഒരു കുലപഴവും കൊണ്ടു രോഗിയുടെ സമീപത്തു വന്നു. ആ പഴക്കുലയിൽ നിന്നും ആവശ്യമുള്ളിടത്തോളം എടുത്തുകൊള്ളുവാൻ അദ്ദേഹത്തോടു പറഞ്ഞുവത്രെ. രോഗി അതി

ൽ നിന്നു 16 എണ്ണം മാത്രം സ്വീകരിച്ചു. അതുകൊണ്ടു താൻ തൃപ്തനായിരിക്കുന്നുവെന്നും ആഗതരോടു ഉണർത്തിച്ചു. ഈ അസ്ധാരണ സംഭവത്തെ തുടൎന്നു രോഗം പെട്ടെന്നു വിട്ടുമാറുകയും ചെയ്തു. ഇങ്ങിനെ അദ്ദേഹം വസൂരിരോഗത്തിൽ നിന്നു രക്ഷപ്പെട്ടുവെങ്കിലും അതു മൂലം അദ്ദേഹത്തിന്നു കണ്ണൊന്നു നഷ്ടപ്പെട്ടുപോയി. ഏതായാലും ഇതിന്നുശേഷം 16 കൊല്ലവും കൂടി പരീക്ഷട്ടി ജീവിച്ചിട്ടുണ്ടു. രോഗശയ്യയിലും കവിയുടെ ഹൃദയമാകുന്ന ഉറവിടത്തിൽ നിന്നും പ്രേമഗീതം പ്രവഹിക്കാൻ തുടങ്ങി. കഠിന രോഗത്തിന്റെ മർദ്ദനയാതനകൾക്കു വശംവദനായിട്ടും കൂടി കവിതാദേവി അദ്ദേഹത്തിന്നു ചുററം നൃത്തം വെച്ചു. കവിയുടെ 22_ാമത്തെ വയസ്സിലായിരുന്നു അദ്ദേഹത്തിന്നു വസൂരി.രോഗം പിടിപെട്ടതു. തനിക്കു പിടിപെട്ട ആ സാംക്രമിക രോഗത്തെ അദ്ദേഹം തന്റെ ജീവിതത്തിലെ ഏററവും പ്രധാനമായ ഒരു സംഭവമായി ഗണിച്ചുപോന്നു. ഇതിന്നു ശേഷമത്രെ അദ്ദേഹത്തിന്റെ വിശിഷ്ടകാവ്യങ്ങളെല്ലാം തന്നെ പുറത്തുവന്നതു. വികാരഭരിതനായി അദ്ദേഹം പാടീട്ടുള്ള ഗാനങ്ങളെല്ലാം തന്നെ നിത്യസത്യങ്ങൾ ഉൾക്കൊള്ളുന്നവയാണ്. ഭാരമേറിയ ശിരസ്സിനെ താങ്ങുവാൻ ശക്തിയുള്ള കഴുത്തും, വിശാലമായ മാറിടവും, അതിന്മേൽ നിബിഡമായ രോമങ്ങളും ഉന്നതവും വിശാലവുമായ നെററിത്തടവും വൈരക്കല്ലുപോൽ സദാ ഇളകിമറിഞ്ഞു കൊണ്ടിരുന്ന നേത്രവും നീണ്ടനാസികയും മാംസളമായ അധരപുടങ്ങളും പുറത്തേക്കല്പം പൊന്തിനില്ക്കുന്ന ഒതുങ്ങിയ വയറും ഇടതിങ്ങിയ പുരികങ്ങളും മുട്ടോളമെത്തുന്ന ഭുജങ്ങളും നീണ്ടുമെലിഞ്ഞ അംഗുലികളും ശക്തിയുള്ള നീണ്ടകാലുകളുമായിരുന്നു അദ്ദേഹത്തിന്റെ ശരീരത്തെ അലങ്കരിച്ചിരുന്ന അവയവങ്ങൾ. എത്ര വലിയ ജനബാഹുല്യത്തിൽ നിന്നും വേറിട്ടു സുവ്യക്തം കേൾക്കാമായിരുന്ന സ്വരമാധുര്യം അദ്ദേഹത്തിന്നു പ്രകൃതിയിൽ നിന്നും സിദ്ധിച്ച ഒരു വലിയ അനുഗ്രഹം തന്നെയായിരുന്നു. ആ മഹാശയനിൽ നി

നും പുറപ്പെട്ട കലാസൃഷ്ടികൾ മാപ്പിളസാഹിത്യമണ്ഡലത്തിൽ ഒരു വലിയ കോളിളക്കം തന്നെ സൃഷ്ടിച്ചു. കാലദൈർഘ്യത്തെ അതിലംഘിച്ചു പ്രസ്തുത കാവ്യങ്ങൾ ഉജ്ജീവിച്ചു പോരുന്നതു കാവ്യമൂല്യം കൊണ്ടാണല്ലോ. രസപ്രധാനങ്ങളും ഭാവനാത്മകങ്ങളും ഒത്തിണങ്ങുന്നതാണ് അദ്ദേഹത്തിൻെറ കൃതികൾ. ജനകീയ മാപ്പിളസാഹിത്യത്തിൻെറ ജനയിതാവായ കവി ബാഹ്യമായും അഭ്യന്തരമായും കാലാനുകൂലമായ മാററങ്ങൾ തൻെറ കവിതകളിൽ വരുത്തീട്ടുണ്ടു. അദ്ദേഹത്തിൻെറ പ്രഥമകൃതിയായ! സൌഭാഗ്യസുന്ദരി. ഇതിന്നു സാക്ഷ്യം വഹിക്കുന്നുണ്ടു. കവിയുടെ യുവത്വത്തിൻെറ പ്രസരിപ്പും പ്രസ്തുത കാവ്യത്തിൽ പ്രകടമാണെന്നു പറയാം; യുവതീയുവാക്കന്മാരെ പുളകം കൊള്ളിക്കുവാൻ പര്യാപ്തവുമാണതു. ഭാഷ ലളിതമാണ്. അദ്ദേഹം തിരഞ്ഞെടുത്ത പദങ്ങളോ സുന്ദരമധുരങ്ങളുമാണുതാനും. ഈ കൃതി പുറത്തുവന്നതോടുകൂടി പരീതിൻെറ പ്രശസ്തി നാടെങ്ങും പരന്നു. മുമ്പുതന്നെ കേരളമുസ്ലിംകളുടെ ഇടയിൽ ചരിത്രത്തെ ആസ്പദമാക്കി രചിക്കപ്പെട്ട പാട്ടുകൾ അഥവാ "കിസ്സപ്പാട്ടുകൾ" പാടി വിവരിക്കുക എന്ന ഒരു തരം കലാപരിപാടി നടപ്പുണ്ടായിരുന്നു. സാധാരണയായി പ്രസ്തുത പരിപാടി ഒന്നോ രണ്ടോ മാസം നീണ്ടുനിന്നിരുന്നു. രണ്ടു തരം പാട്ടുകളായിരുന്നു പാടി വിവരിക്കാറുമുണ്ടായിരുന്നത്. ഒന്നു മോയിൻകുട്ടിവൈദ്യരുടെ ബദർ. മറെറാന്നു പരീക്കുട്ടിയുടെ പുത്തഹിശ്ശാമ്. ഇവ രണ്ടും മഹാകാവ്യങ്ങളാണല്ലോ. മിക്കവാറും വേനല്ക്കാലങ്ങളിൽ രാത്രി സമയങ്ങളിൽ ആണ് പാട്ടുകച്ചേരി നടത്താറുള്ളത്. ഗീതങ്ങളായതിനാലും മതാത്മകങ്ങളായ വിഷയമായതുകൊണ്ടും വിവരണം. ഭക്തി സ്ഫുരിക്കുന്ന പ്രസംഗരൂപത്തിലായിരുന്നതുകൊണ്ടും പുരുഷന്മാരോടൊപ്പം സ്ത്രീകളും ഇതിൽ പങ്കെടുക്കുക പതിവായിരുന്നു. ഇത്തരം കലാപരിപാടികൾ ഇന്നും ചില ദിക്കുകളിൽ നടന്നുവരുന്നുണ്ടു്. ഇപ്പോൾ പ്രചാരത്തിലുള്ള ഹരികഥാപ്രസ്ഥാനംപോലെയാണിത്. വാസ്തവം പറയുക

യാണെങ്കിൽ ഇന്നു നടപ്പുള്ള ഹരികഥപ്രസ്ഥാനം കിസ്സപ്പാട്ടുകൾ പാടി വിവരിക്കുകയെന്ന കലാപരിപാടിയുടെ അനുകരണം മാത്രമാണ്. പരിപാടി അവസാനിക്കുന്ന ദിവസം ഒരു മഹോത്സവംപോലെയാണ് ജനങ്ങൾ കൊണ്ടാടിയിരുന്നത്. അന്നാണിവരുടെ ഗാനവിശേഷത്തിനു പ്രതിഫലവും സമ്മാനങ്ങളും കൊടുത്തിരുന്നതു്. നാട്ടുകാർ നല്കിയിരുന്ന ഇത്തരം സമ്മാനങ്ങൾ അഥവാ പട്ടും വളയും തന്നെയായിരുന്നു കലാകാരനു അല്ലെങ്കിൽ ഗായകനുള്ള സാക്ഷിപത്രങ്ങൾ അല്ലെങ്കിൽ "ഡിപ്ലോമ." മഹാ സദസ്സിൽ വന്നുചേർന്ന ജനാവലിയുടെ ആദിമഖ്യത്തിൽവെച്ചു നല്കപ്പെട്ടിരുന്ന സമ്മാനങ്ങൾക്ക് ഗാനകലാപടുക്കളായ കലാകാരന്മാർ അനല്പമായ വിലയും നിലയും കല്പിച്ചിരുന്നു. അവർ അവ ആജീവനാന്തം സൂക്ഷിച്ചുപോന്നിരുന്നു. കാലക്രമേണ ഇപ്രകാരമുള്ള വിനോദപ്രകടനങ്ങളായ സാംസ്ക്കാരിക പരിപാടികൾ കുറഞ്ഞു കുറഞ്ഞു മാപ്പിളമാരുടെ ഇടയിൽനിന്നും അവ നാമാവശേഷമായിത്തീരുകയാണ് ചെയ്യുന്നത്. ഇത് ഒരിക്കലും ആദരണീയമല്ല. അവയെ ഉദ്ധരിച്ചു സാഹിത്യാഭിരുചി പൊതുജനങ്ങൾക്കിടയിൽ വളർത്തിക്കൊണ്ടുപോരേണ്ടതു് ഭാഷാഭിമാനികളുടെ കർത്തവ്യമാണ്. മാപ്പിളസാഹിത്യപോഷണാർത്ഥം സേവനം ചെയ്യുന്ന മഹാശയന്മാരുടെ സത്വരമായ ശ്രദ്ധ ഈ കാര്യത്തിൽ പതിഞ്ഞുകാണുവാൻ ഗ്രന്ഥകാരൻെറ വിനീതാഭ്യർത്ഥനയുണ്ടു്.

മനുഷ്യരാശിയുടെ ധാർമ്മികമായ ബോധത്തെ തട്ടിയുണർത്തി സഹജീവികളിൽ സഹാനുഭൂതി വളർത്തുവാൻ അദ്ദേഹത്തിൻെറ കൃതികൾക്ക് സാധിച്ചിട്ടുണ്ടു്. കാവ്യരചന ജീവിതധർമ്മമായി സ്വീകരിച്ചുപോന്ന പരീതിന്നു ഒരു മഹാ കാവ്യം നിർമ്മിക്കേണമെന്നുള്ള ആഗ്രഹം മനസ്സിൽ അങ്കുരിച്ചു. എന്തൊന്നിനെക്കുറിച്ചാണ് കാവ്യം രചിക്കേണ്ടത ? എന്നുള്ളതിനെപ്പററി യാതൊരു തീരുമാനവും കിട്ടാതെ കുറച്ചുനാൾ ആയാൾ കഴിച്ചുകൂട്ടി. അക്കാലത്ത് പുതിയകടപ്പുറത്ത് സയ്യിദ അഹമ്മദ് ഹ

സൈനാർ എന്ന കുഞ്ഞിക്കോയത്തങ്ങൾ എന്നൊരു പണ്ഡിതവര്യൻ ഉണ്ടായിരുന്നു. അദ്ദേഹത്തിൻെറ സന്നിധിയിൽ കഥാപുരുഷൻ ശരണം പ്രാപിച്ചു. തൻെറ ഇംഗിതം അദ്ദേഹത്തോട് ഉണർത്തിച്ചു, ആ മഹാനുഭാവൻ ഒരു ദീർഘചരിത്രം വിവരിച്ചുകൊടുക്കാമെന്നു സമ്മതിച്ചു. പ്രസ്തുത ചരിത്രത്തെ പുരസ്ക്കരിച്ചു പരീത് നിർമ്മിച്ച മഹാ കാവ്യമത്രെ മാപ്പിളസാഹിത്യത്തിലെ അമൂല്യരത്നമായ "പുത്തഹിശ്ശാമ്". പല ഭാഷകളിലും അപാരമായ പാണ്ഡിത്യം ഉണ്ടായിരുന്ന മഹാകവി പുത്തഹിശ്ശാമിലെ ആദ്യഭാഗങ്ങൾ രചിച്ച് തൻെറ വന്ദ്യഗുരുവിനെ കാണിച്ചു. അതിൽ അദ്ദേഹം ഒട്ടുംതന്നെ സംതൃപ്തനായി കാണപ്പെട്ടില്ല. കാവ്യരചന സാധാരണന്മാർക്കു ആസ്വദിപ്പാൻ കഴിയാത്ത വിധത്തിലായിപ്പോയെന്നത്രെ ഗുരുവിൻെറ അഭിമതം. അദ്ദേഹം തുടന്നു: "ഈ വിധം കാവ്യം നിർമ്മിക്കയാണെങ്കിൽ ശാമ് ചരിത്രം അറബിഭാഷയിൽതന്നെ കിടന്നുകൊള്ളട്ടെ. ഭാരമേററ കൃത്യത്തിൽനിന്നും ഞാൻ വിരമിച്ചുകൊള്ളുന്നു. പാമര ജനങ്ങൾക്കുകൂടി പാടിരസിക്കുമാറാകണം പ്രസ്തുത കൃതി" അദ്ദേഹത്തിൻെറ അഭിപ്രായത്തോടു കവി പൂർണ്ണമായും യോജിച്ചു. അങ്ങിനെ പാവങ്ങൾക്കുവേണ്ടിയുള്ള തൻെറ മഹൽകൃതി രചിക്കുവാൻ തുടങ്ങി; തദ്വാരാ ആ പണ്ഡിതനായ കലാകാരൻ ഭാഷാപരമായി താഴോട്ടിറങ്ങുവാനും ലളിതരൂപത്തിൽ പ്രസ്തുത കാവ്യം നിർമ്മിക്കുവാനും നിർബ്ബന്ധിതനായിത്തീന്നു; അല്ലാതെ അദ്ദേഹത്തിൻെറ എതിരാളികൾ പ്രസ്താവിച്ചതുപോലെ ഭാഷാപാടവത്തിൻെറ അഭാവംകൊണ്ടായിരുന്നില്ല. നാനാ ഭാഷകളിലും പാണ്ഡിത്യം സിദ്ധിച്ചിരുന്ന ആ മഹാഗായകനു സാഹിത്യകലവറയിൽ കൈകാര്യം ചെയ്‌വാനുള്ള ശേഷിയും ശേമുഷിയും ഇല്ലാതെ ആയിരുന്നില്ല. പുത്തഹിശ്ശാമ് രചിക്കുവാൻ തുടങ്ങിയത് വർഷം 1050 ൽ ആയിരുന്നു. പ്രസ്തുതകാവ്യം സമാഹരിച്ചത് 1052-മീനം 2-ാംനു- തൻെറ 29ാംമത്തെ വയസ്സിലായിരുന്നു. ശാമിൻെറ അവസാനത്തിൽ കവിതന്നെ തൻെറ

കൃതിപൂർത്തികരിച്ച കൊല്ലവും തിയ്യതിയും രേഖപ്പെടുത്തിട്ടുണ്ട്. മാത്രമല്ല തൻെറ പേരും വീട്ടുപേരും സ്വദേശത്തെപററിയും. മററും അതിൽ അദ്ദേഹം ചേർത്തിട്ടുണ്ട്. പുത്തഹിശ്ശാമിൻെറ അസ്സൽകയ്യെഴുത്തു കോപ്പി ഇന്നും കടപ്പുറം ബുകാരി തങ്ങന്മാരു ടെ പക്കൽ സൂക്ഷിച്ചിട്ടുണ്ട്. കയ്യെഴുത്തുകാരൻ അന്നത്തെ അറ ബി മലയാളകയ്യെഴുത്തു വിദഗ്ധനായിരുന്ന കമ്മുട്ടിമുസല്യാരാ ണ്. ഈ കാവ്യം പൂർത്തിയാക്കിയ കൊല്ലത്തിൽ അതെ1052ൽ തന്നെയാണ് കവിയുടെ അതിവന്ദ്യ ഗുരുവായ കുഞ്ഞിക്കോയ തങ്ങളാം പരലോകം പൂകിയത്. അദ്ദേഹം മരണമടഞ്ഞ കൊ ല്ലം കടപ്പുറം പള്ളിയുടെ ഭിത്തിയിന്മേൽ എഴുതി വെച്ചിട്ടുള്ള ത് ഗ്രന്ഥകാരൻ കാണുകയുണ്ടായി.

അദ്ദേഹത്തിൻെറ സമകാലീകന്മാരായ പൊന്നാനിക്കാരൻ കുഞ്ഞഹമ്മദുമുസല്യരും മോയിൻകുട്ടി വൈദ്യരും പുത്തഹിശ്ശാ മിനെ കുറച്ചുവിമർശിക്കുകയും ആക്ഷേപ വർഷം ചൊരിയുകയും ചെയ്തു. അദ്ദേഹത്തിൻെറ ഭാഷാരീതി ലളിതമായതുകൊണ്ടു് പുത്തഹിശ്ശാമ് ഒരു മഹാ കാവ്യമെന്ന നിലയിൽ പ്രശംസാർഹ മല്ലെന്നും മററും തട്ടിവിട്ടു. അക്കാലത്ത് മാപ്പിളപ്പാട്ടുകളുടെ മാ ഹാത്മ്യത്തിൻെറ അളവു് കോലായി ഗണിക്കപ്പെട്ടിരുന്നത് അ വയിൽ ഉപയോഗിച്ചിരുന്ന അറബി, സംസ്കൃതം മുതലായ ഭാഷ കളിലെ കഠിനപദങ്ങളുടെ പെരിപ്പവും വളച്ചുതിരിച്ചുകൊണ്ടു ള്ള രചനാരീതിയുമായിരുന്നു പണ്ഡിതന്മാർക്കു മാത്രം മനസ്സിലാ ക്കാവുന്നതും കൃതിയിലെ ഒന്നോ രണ്ടോ വരികൾ വിവരിക്കുവാ ൻ അധിക സമയം വേണ്ടിവന്നിരുന്നതുമായിരുന്നുവത്രെ കാവ്യ ത്തിൻെറ പ്രാധാന്യത്തെ വെളിപ്പെടുത്തിയിരുന്നത്. തൻെറ കൃതിയുടെ നേർക്കു എതിരാളികൾ തൊടുത്തുവിട്ടിരുന്ന ഒളിയ മ്പുകളെപ്പററി കഥാനായകൻ അത്ര ഗണ്യമാക്കിയിരുന്നില്ല. പ്ര സ്തുത വിമർശനങ്ങളെല്ലാം അവിടവിടെയുള്ള പിറുപിറക്കലുകൾ മാത്രമാണെന്നും അദ്ദേഹവുമായി നേരിടുമ്പോൾ വിമർശകന്മാർ

ക്ഷമായാചനം ചെയ്തുപോകുമെന്നും പരീത് പ്രസ്താവിച്ചു. ശാമ് ചരിത്രം സംക്ഷിപ്തമായെങ്കിലും വിവരിക്കാതിരിക്കുന്നതു് അനുചിതമായിരിക്കുമെന്നു വിചാരിച്ചു അതിൻെറ ഒരു രത്നച്ചുരുക്കം താഴെ കൊടുക്കുന്നു.

പുത്തഹിശ്ശാമിലെ പ്രതിപാദ്യവിഷയം നെബിതിരുമേനിയുടെ കാലത്തും അവിടത്തെ കാലശേഷവും കാലിഫ്മാരായ ഹസ്രത്ത് അബൂബക്കർ, ഹസ്രത്ത് ഉമർ എന്നീ രണ്ടു മഹാത്മാക്കളും ബൈസാണ്ടിക് സാമ്രാജ്യത്തിന്നെതിരായി (Byzantic Empire) നടത്തിയ യുദ്ധങ്ങളെപ്പററിയും പിടിച്ചടക്കിയ രാജ്യങ്ങളെക്കുറിച്ചും ഉള്ള ചരിത്രമാണ്. അറബിസാഹിത്യത്തിലും ചരിത്രത്തിലും ഇതു സംബന്ധിച്ച അനേകം ഗ്രന്ഥങ്ങളുണ്ടു. പ്രസ്തുത ചരിത്രത്തെ പുരസ്ക്കരിച്ചു് കഥാപുരുഷൻ രചിച്ചിട്ടുള്ള മഹാകാവ്യമാണ് പുത്തഹിശ്ശാമ്. സാഹിത്യരസം തുളുമ്പുന്നതും ഗാനമാധുര്യം കവിഞ്ഞൊഴുകുന്നതുമായ ആ കൃതി നിർമ്മിച്ചിട്ടു എമ്പതു സംവത്സരത്തോളമായി. പാട്ടുംതോറും കൌതുകം ജനിപ്പിക്കുന്നതും വിവിധ ശൈലികൾ ഉൾക്കൊള്ളുന്നതുമായ പ്രസ്തുത കാവ്യം ഒരു അനശ്വരകലാസമ്പത്താണെന്നു പറയാം. ബൈസാണ്ടിക്ക് സാമ്രാജ്യത്തിലെ ചക്രവർത്തിയായിരുന്ന ഹിറാക്ലിയസ്സിന്നു നെബിതിരുമേനി ഇസ്ലാംമത പ്രബോധനം ഒരു ദൂതൻമുഖേന എത്തിച്ചു. സന്ദേശവാഹകന്നു ചക്രവർത്തി താഴെ പറയുംവിധം ഒരു മറുപടി നല്കി. "ഞാൻ തിരുമേനിയുടെ ലിഖിതത്തെ എത്രയും ആദരിച്ചിരിക്കുന്നു. അവിടത്തെ നൂതനമതത്തിൽ വിശ്വസിക്കയും ചെയ്യുന്നു; പക്ഷെ എൻെറ പ്രജകളെയും ഉദ്യോഗസ്ഥമേധാവികളേയും ഭയന്നു ഞാൻ എൻെറ വിശ്വാസത്തെ വെളിവിൽ പ്രഖ്യാപിക്കുന്നില്ല." ഹിറാക്ലിയസ്സിൻെറ നയം കാപട്യവും വഞ്ചനാത്മകവുമാണെന്നു മനസ്സിലാക്കിയ നെബിതിരുമേനി തൻെറ മതത്തെ ഉന്മൂലനാശം വരുത്തുവാനായിട്ടുള്ള ശത്രുവിൻെറ ഗൂഢതന്ത്രങ്ങളെ തടയേണമെന്നുറച്ചു്

സർവ്വ സന്നാഹങ്ങളും സജ്ജമാക്കി. ഹിറാക്ലിയസ്സിൻെറ ഭരണകാലം ക്രി. പി. 621 – 645_വരെയായിരുന്നു. മുസ്ലിംസൈന്യം സിറിയയിലേക്കു പുറപ്പെട്ടു മുത്താഫ് എന്നിടത്തുവെച്ചു ശത്രുക്കളുമായി ഏററമുട്ടി. എതിരാളികളുടെ സൈന്യങ്ങളെ അപേക്ഷിച്ചു നെബിതിരുമേനിയുടെ പട്ടാളം തുലോം തുച്ഛമായിരുന്നു, എങ്കിലും യുദ്ധത്തിൻെറ ഗതി മുസ്ലിംകൾക്കനുകൂലമായിമാറുകയും അതിൽ വിജയം കൈവരികയും ചെയ്തു. വീണ്ടും തിരുമേനി സൈന്യശേഖരം ചെയ്തു. ശത്രുക്കളുടെ നേർക്കയച്ചു. ഈ സൈന്യത്തിൻെറ നായകത്വം വഹിച്ചിരുന്നത് കേവലം ഒരു സാധാരണ ഭടനായിരുന്ന ഉസാമത്ത് എന്നൊരാളായിരുന്നു. പദവിയും പ്രതാപവും ഉള്ളവക്കു മാത്രമല്ല, കേവലം സാധാരണക്കാർക്കും ഉന്നതമായ പദവിയെ അലങ്കരിക്കാമെന്നുള്ളതിന്നു ഒരു മാതൃകയെന്നോണമായിരുന്നു ഈ നിയമനം നെബിതിരുമേനി നടത്തിയത്. ഇതിന്നിടയിൽ ആ മഹാത്മാവിന്നു ജ്വരം ബാധിക്കയും അദ്ദേഹം കിടപ്പിലായിത്തീരുകയും ചെയ്തു. ഉസാമത്തും സൈന്യവും യുദ്ധം ചെയ്യാതെ തിരികെ നാട്ടിലേക്കു തന്നെ മടങ്ങി. പ്രസ്തുത രോഗത്താൽതന്നെ ലോകാനുഗ്രഹീതനായ നെബി തിരുമേനി പരലോകം പൂകുകയും ചെയ്തു. അനന്തരം ഹസ്രത്ത് അബൂബക്കർ കാലിഫായി തിരഞ്ഞെടുക്കപ്പെട്ടു. നെബി തുടങ്ങിവെച്ച യുദ്ധം തുടന്നു പോവാൻതന്നെ കാലിഫും അദ്ദേഹത്തിൻെറ അനുയായികളും തീർച്ചയാക്കി പല സ്ഥലങ്ങളിലേക്കും സൈന്യങ്ങളെ അയച്ചുകൊടുക്കുവാനായി കാലിഫ് ഉത്തരവു കൊടുത്തു. 38000 ഭടന്മാരോടുകൂടി സർവ്വസൈന്യാധിപനായ അബൂഉബൈദത്തു ശൂരപരാക്രമിയായ ഹസ്രത്ത് ഖാലിദബ്നു വലീദെന്ന പ്രധാന ഉപസേനാധിപനോടൊരുമിച്ചു രണാങ്കണത്തിലേക്ക് പുറപ്പെട്ടു. പലസ്തീന്നടുത്തുള്ള ചില പ്രദേശങ്ങളും താബൂക്ക് എന്ന സ്ഥലവും സൈന്യങ്ങൾ കീഴടക്കി. പ്രധാന സേനാധിപന്മാർ സ്ഥലത്തെത്തുംമുമ്പായിരുന്നു ഈ വിജയങ്ങൾ കൈവരുത്തിയതു യുദ്ധഗ

തിയെ ഒന്നുകൂടി ശക്തിപ്പെടുത്തുവാനായി അബാ ഉബൈദ ത്തിൻെറ സ്ഥാനത്ത് ഹസ്രത്ത് ഖാലീത് സർവ്വസൈന്യാധിപനായി നിയമിക്കപ്പെട്ടു. പുതിയ സൈന്യമേധാവിയുടെ ആഭിമുഖ്യത്തിൽ യുദ്ധഗതിക്ക് വമ്പിച്ച 'മാററങ്ങളുണ്ടായി പല രാജ്യങ്ങളും കീഴടക്കിക്കൊണ്ടു ഉദിഷ്ട സ്ഥാനമായ ഡെമാസ്കസ്സിൽ സേനാനായകൻ എത്തിച്ചേൎന്നു; താമസിയാതെ അബാഉബൈദത്തും വന്നെത്തി. രാജ്യങ്ങൾ പലതും നഷ്ടപ്പെട്ടു പോയതിൽ കോപാന്ധനും വ്യാകുലചിത്തനുമായിത്തീൎന്ന ഹിറാക്ലിയസ്സ് വമ്പിച്ച സൈന്യത്തെ ഒരുക്കി യുദ്ധത്തിന്നു പുറപ്പെട്ടു. ശത്രു സൈന്യവ്യൂഹത്തെ വഴിയിൽ വെച്ചു തടഞ്ഞു നിറുത്തുവാനായി ലിറാറെന്നു പേരായ ഒരു സേനാനിയുടെ നേതൃത്വത്തിൽ കുറെ ഭടന്മാർ പുറപ്പെട്ടു. ഇരു സൈന്യങ്ങളും തമ്മിൽ കൂട്ടിമുട്ടുകയും അവിടെ വെച്ചു കനത്ത യുദ്ധം നടക്കുകയും ചെയ്തു. ഈ പോരാട്ടത്തിൽ ലിറാറെന്ന മുസ്ലീം പ്രധാനിയെ ശത്രുക്കൾ പിടിച്ചു ചക്രവൎത്തിയുടെ തലസ്ഥാനമായ "അന്താക്കിയ" എന്ന സ്ഥലത്തേക്കയക്കുകയും ചെയ്തു. ഈ വാൎത്തയറിഞ്ഞു ഹസ്രത്ത്ഖാലിതും തൻെറ മികച്ച സൈന്യവും പോൎക്കളത്തിൽ എത്തി. ലിറാറിൻെറ ദുരേച്ഛാഗം കേട്ടു അദ്ദേഹത്തിൻെറ സഹോദരിയായ ഹൌലത്തു എന്ന വീരതരുണി പ്രച്ഛന്ന വേഷമണിഞ്ഞു അശ്വാരൂഢയായി രണാങ്കണത്തിൽ എത്തിച്ചേൎന്നു; ശത്രുക്കളുമായി ഏററുമുട്ടി. വീരപരാക്രമത്തോടു കൂടി അവർ രണം നടത്തി. അനേകംപേരെ ആ ധീരവനിത രണഭൂമിയിൽ വീഴ്ത്തുകയുണ്ടായി. പ്രച്ഛന്നവേഷധാരിയായ ഈ അശ്വാരൂഢനായ ഭടൻെറ വീരപരാക്രമങ്ങൾകണ്ടു അധികപേരും ഭയവിഹ്വലരായിതീൎന്നു. പോരാട്ടത്തിൽ ഖഡ്ഗപ്രയോഗം ചെയ്യുമ്പോൾ അവരുടെ കൈമേൽ നിന്നും രക്തം പ്രവഹിക്കുന്നുണ്ടായിരുന്നു. ഒടുവിൽ ഈ അജ്ഞാതപോരാളിയുടെ നേരെ സൎവ്വസൈന്യാധിപൻെറ ശ്രദ്ധയും പതിഞ്ഞു. സുസ്മേരവദനനായ ഖാലിത് (റ. അ) അയാളോടു ഇപ്രകാരം ചോദിച്ചു "നിങ്ങൾ

ആരാകുന്നു"? "താങ്കളുടെ വംശത്തിൽ പെട്ടവൻ" എന്നുമാത്രം അയാാം പ്രത്യുത്തരം നല്കി. യുദ്ധം അതിഭയങ്കരമായി പിന്നേയും നടന്നു. ഒടുവിൽ ശത്രുസൈന്യം തോററു നാനാഭാഗത്തേക്കും ഓടിക്കളഞ്ഞു. എതിർപക്ഷത്തുനിന്നും അനേകം പേർ തടവുകാരായി പിടിക്കപ്പെട്ടു. ലിറാറിനെ വീണ്ടെടുക്കുവാനായി കുറേ പേർ നിയോഗിക്കപ്പെട്ടു. ഈ കൂട്ടത്തിൽ അജ്ഞാതഭടനും ഉൾപ്പെട്ടിരുന്നു. അവർ ചെല്ലുന്ന സമയം ബന്ധനസ്ഥനായ ലിറാർ ശോകമൂകമായി ഒരു വിലാപകാവ്യം ചൊല്ലുകയായിരുന്നു. ഇത് കേട്ടുംകൊണ്ടു ചെന്ന ഹൌലത്തു, കാവൽക്കാരെ തള്ളിനീക്കി അദ്ദേഹത്തെ ആലിംഗനം ചെയ്തു. തത്സമയത്തായിരുന്നു മററുള്ളവർ പ്രച്ഛന്നവേഷധാരിയായ ഭടൻ ലിറാറിൻെറ പ്രിയസോദരിയായ ഹൌലത്താണെന്നു മനസ്സിലാക്കിയതു. സംഭവങ്ങൾ ഇപ്രകാരം നടന്നുകൊണ്ടിരിക്കെ ഹിറാക്ലിയസ്സു ഭാരിച്ചൊരു സൈന്യത്തെ ദിംശിക്കിലെ (ഡമാസ്കസ്സ്) ക്കയച്ചു. യുദ്ധം അതി തീക്ഷ്ണമായി നടന്നുവെങ്കിലും ഒടുവിൽ ഡമാസ്കസ്സു ഖാലിതി (റ. അ) നു കീഴടങ്ങി. അന്നേദിവസം അതിദാരുണമായ മറെറാരു സംഭവം മദീനത്തുവെച്ചു നടന്നു. അതേ അതിപ്രധാനമായ ഡമാസ്കസ്സു പിടിച്ചടക്കിയ അന്നുതന്നെയായിരുന്നു അഭിവന്ദ്യനായ ഹസ്രത്ത് അബൂബക്കർ (റ. അ.) ഇഹലോകവാസം വെടിഞ്ഞതു. വിജയശ്രീലാളിതനായ ഖാലിത് (റ. അ) തൻെറ വിജയവാർത്തകൾ ശത്രുക്കളുമായുള്ള ഉടമ്പടി നിശ്ചയങ്ങൾ മുതലായ യുദ്ധഗതിയെ കുറിച്ചുള്ള ഒരു സവിസ്തരമായ റിപ്പോർട്ടു വിശ്വസ്ഥനായ ഒരു ഉദ്യോഗസ്ഥൻ വശം കാലീഫിൻെറ സന്നിധിയിലേക്കയച്ചു കൊടുത്തു. പ്രസ്തുത റിപ്പോർട്ടു സഹിതം എത്തിച്ചേന്ന സന്ദേശവാഹകൻ കാലിഫ് സ്ഥാനത്താരൂഢനായി കാണപ്പെട്ടത് ശൂരപരാക്രമിയായ ഹസ്രത്ത് ഉമറി (റ. അ) നെ ആയിരുന്നു. ഖാലിതി (റ. അ) ൻെറ രേഖാ വിവരങ്ങൾ വായിച്ചു മനസ്സിലാക്കിയ ശേഷം ന്യായത്തിന്നും നീതിക്കും വേണ്ടി നിലകൊണ്ടിരുന്ന ഖലീഫ

യ കാലിഫ് താഴെ പറയും വിധം ഒരു ഉത്തരവു പുറപ്പെടുവിച്ചു: "സർവ്വസൈന്യാധിപസ്ഥാനത്തുനിന്നും ഖാലിതി (റ. അ) നെ നീക്കം ചെയ്തിരിക്കുന്നു പകരം തൽസ്ഥാനത്ത് അബാഉബൈദത്തിനെ നിശ്ചയിച്ചിരിക്കുന്നു" ഉപസൈന്യാധിപനായിക്കൊണ്ടു സമരഗതി പൂർവ്വാധികം ശക്തിയോടെ അദ്ദേഹം നയിച്ചുകൊള്ളേണ്ടതാണെന്നും കല്പനയിൽ വ്യക്തമാക്കീട്ടുണ്ടായിരുന്നു. പ്രസ്തുത കല്പനയും കൊണ്ടു വരുമ്പോഠം ഖാലിതും (റ. അ.) സൈന്യവും പോർക്കളത്തിൽ അതിതീക്ഷ്ണമായി പൊരുതുകയായിരുന്നു. ആ ഉത്തരവു വായിച്ചുനോക്കിയ അബാ ഉബൈദത്ത് ആ വസ്തുത ആരെയും അറിയിച്ചതുമില്ല. രണഭൂമിയിൽനിന്നും തിരിച്ചുവന്ന സർവ്വ സൈന്യാധിപൻ മേലധികാരത്തിൽനിന്നും തൻെറ റിപ്പോർട്ടിന്നുള്ള മറുപടി കിട്ടായ്കയാൽ വീണ്ടും സവിസ്തരസംഭവത്തോടുകൂടിയുള്ള ഒരു വിവരണമെഴുതി ഒരാഠം വശം കൊടുത്തയച്ചു. അതു് നോക്കി ഗ്രഹിച്ചശേഷം കാലിഫ് തൻെറ കല്പന ഇരു സൈന്യാധിപന്മാരുടെയും സാന്നിദ്ധ്യത്തിൽ സൈന്യങ്ങഠം മുഴുവൻ കേഠംക്കത്തക്കവിധം പരസ്യമായി കേഠംപ്പിക്കുവാൻ നിർദ്ദേശിച്ചുകൊണ്ടുള്ള ഉത്തരവ് രണ്ടാമതും പുറപ്പെടുവിച്ചു ദൂതൻവശം കൊടുത്തു. ആജ്ഞാനുസരണം അതു വായിച്ചു കേഠംപ്പിക്കപ്പെട്ടു. ഉത്തരം ക്ഷണത്തിൽ ഖാലിത (റ. അ) തൻെറ സർവ്വാധികാരങ്ങളും മറെറയാഠംക്ക് ഒഴിഞ്ഞുകൊടുത്തു. ഈ സന്ദർഭത്തിൽ സ്ഥലത്ത് ഒരു ദൂതൻവന്നു സമീപത്തുള്ള ഒരിടത്ത് ശത്രുക്കഠം കണക്കിലേറെ വന്നുചേർന്നിട്ടുണ്ടെന്നും, മാത്രമല്ല അവർ ഒരാഴ്ചയോളം നീണ്ടുനില്ക്കുന്ന ഒരാഘോഷം കൊണ്ടാടുകയാണെന്നും അതിപ്രധാനമായ ആ പ്രദേശം കീഴടക്കുവാൻ എളുപ്പമാണെന്നും മററും പറഞ്ഞു. പ്രസ്തുത സ്ഥലത്തേക്കു സൈന്യത്തെ ആർ നയിക്കുമെന്നു സർവ്വസൈന്യാധിപൻ സദസ്യരോടു ചോദിച്ചു. യാതൊരാളുടെ പക്കൽനിന്നും പ്രത്യുത്തരം ലഭിക്കായ്കയാൽ അദ്ദേഹം മൂന്നു പ്രാവശ്യം അതേചോദ്യം ആവർത്തിച്ചു ചോദിക്കയുണ്ടായി. ഖാലി

തി (റ. അ) നെ ഉദ്ദേശിച്ചുകൊണ്ടായിരുന്നു ആ ചോദ്യം തൊടുത്തുവിട്ടത്. ഒടുവിൽ ഒരു യുവാവ് നേതൃത്വം ഏറെറടുത്ത് രണാങ്കണത്തിലേക്ക ഏതാനും ഭടന്മാരോടുകൂടി പുറപ്പെട്ടു. സ്ഥലത്തെത്തിച്ചേന്നപ്പോഴായിരുന്നു ശത്രുപക്ഷത്തിലെ സൈന്യബലം മനസ്സിലാക്കിയതു്. ഏതായാലും യുവചൈതന്യം തുളുമ്പിയിരുന്ന ആ സേനാനിയും ഭടന്മാരും പോക്കളത്തിൽ ഇറങ്ങി സമരം ആരംഭിച്ചു. കഠിനമായി നടന്ന ആ പോരിൽ വിജയസാദ്ധ്യത വിദൂരമാണെന്നു മനസ്സിലാക്കിയ ഭടന്മാരിലൊരാൾ അവിടെനിന്നു പുറപ്പെട്ടു അബൂ ഉബൈദത്തിൻെറ സന്നിധിയിൽ എത്തി അദ്ദേഹത്തെ കാര്യത്തിൻെറ ഗൌരവം ധരിപ്പിച്ചു. ഉടനെ അദ്ദേഹം ഉപസൈ്വസൈന്യാധിപനെ "സംഭവഗതികൾ ഗ്രഹിപ്പിച്ചു; താമസംവിനാ ഒരു സൈന്യത്തെ തൽസ്ഥാനത്തേക്ക നയിക്കുവാനും ആവശ്യപ്പെട്ടു. അതനുസരിച്ചു ഖാലിതും (റ. അ.) പട്ടാളവും പുറപ്പെട്ടു. ധീരപരാക്രമിയായ സേനാനിയുടെ സാന്നിദ്ധ്യത്തിൽ സൈന്യങ്ങളിൽ ഒരു നവചൈതന്യം ഉൽഭൂതമാകയും അനിതരസാധാരണമായ ധൈര്യം അവരിൽ അങ്കുരിക്കയും ചെയ്തു. ശത്രു സൈന്യവ്യൂഹത്തെ പരാജയപ്പെടുത്തുവാൻ മുസ്ലിം സൈന്യങ്ങൾക്ക് അധികസമയമൊന്നും വേണ്ടിവന്നിരുന്നില്ല. തുടന്നുകൊണ്ടു ഇസ്ലാംസൈന്യങ്ങൾ ഹിറാക്ലിയസ്സിന്നെതിരായി അനവധി യുദ്ധങ്ങൾ ഉമർ ഫാറൂക്കി (റ. അ.) ൻെറ ഭരണകാലത്തു നടത്തുകയുണ്ടായി. അതെല്ലാം മുസ്ലിംകൾക്ക് വിജയകരമായി പര്യവസാനിച്ചു. ബൈസാണ്ടിക്ക് സാമ്രാജ്യം തകർന്നു തരിപ്പണമായി; ചക്രവത്തിയായ ഹിറാക്ലിയസ്സ് നാടുവിട്ടോടിപ്പോകേണ്ടിവരികയും തൻെറ 'സാമ്രാജ്യത്തിൽ സിംഹഭാഗവും ഖാലീഫിന്നധീനമായിത്തീരുകയും ചെയ്തു. ഇങ്ങിനെ ഇറാക്ക്, ഇറാൻ, പലസ്തീൻ, സിറിയ, യമൻ, ഈജിപ്ററ്, ഡമാസ്കസ്, ഏഡൻ മുതലായ രാജ്യങ്ങൾ അറേബ്യയോടുകൂടി ചേക്കപ്പെട്ടു. രണ്ടാം കാലീഫായ ഹസ്രത്ത് ഉമർ (റ. അ) ൻെറ ഭരണകാലം ഇസ്ലാം ചരിത്രത്തിൽ സുവർണ്ണ ലിപികളാൽ ചിത്രണം ചെയ്യപ്പെ

ടേണ്ടതാണ്. അദ്ദേഹത്തിൻെറ കിലാഫത്ത് കാലത്താണല്ലോ വിസ്തൃതമായ ഒരു മുസ്ലിംസാമ്രാജ്യം സ്ഥാപിക്കപ്പെട്ടത്. ഇസ്ലാം മതത്തിന്നു ദൂരവ്യാപകമായ പ്രചാരം ഉണ്ടായിത്തീൻന്നതും ലോകത്തിന്നു മാതൃകാപരമായ ഒരു ഭരണം ഇസ്ലാംമതാടിസ്ഥാനത്തിൽ നല്കിയതും ആ മഹാനുഭാവൻതന്നെയാണ്. സമരതന്ത്രവിദഗ്ദ്ധനായിരുന്ന ഖാലിത്ബ്നുവലീതി (റ. അ.)നും വിജയകരമായി പര്യവസാനിച്ച എല്ലാ യുദ്ധങ്ങളിലും സിംഹപരാക്രമത്തോട് കൂടിയുള്ള പോരാട്ടങ്ങളിലും അനേകം നൂററാണ്ടുകളായി പ്രതാപത്തോടെ നിലനിന്നുപോന്നിരുന്ന ഒരു സാമ്രാജ്യം കീഴടക്കിയതിലും സർവ്വോപരി അവിടങ്ങളിലെല്ലാം ഇസ്ലാമതപ്രബോധനം എത്തിക്കുന്നതിലും ജനങ്ങളെ ആ നൂതനമതത്തിൽ വിശ്വാസികളായിത്തീത്തതിലും അതിപ്രധാനമായ പങ്കുണ്ടെന്നു നിസ്സംശയം പറയാം. ഈ രണ്ടു മഹാരഥന്മാരും ഇസ്ലാം ചരിത്രത്തിൽ എന്നും തിളങ്ങിക്കൊണ്ടിരിക്കുന്ന ഉജ്ജ്വലതാരങ്ങളത്രെ.

ഗാനമാധുര്യം മികച്ചുനില്ക്കുന്ന പുത്തഹിശ്ശാമ് എന്ന കൃതി വികാരതരളിതവും ശാന്തിദായകവും ആയതിനാൽ അതു പാടുവാനും പാടികേൾക്കുവാനും ജനങ്ങൾക്ക് ഔത്സുക്യം വർദ്ധിച്ചുകൊണ്ടിരിക്കും. മാപ്പിള ഗീതങ്ങൾക്കുള്ള ഒരു പ്രത്യേകത അവയിൽ അറബി, മലയാളം, സംസ്കൃതം, തമിഴ, അപൂർവ്വം ഹിന്ദി എന്നീ ഭാഷകളിലുള്ള സംസ്കൃത പദങ്ങളും പേരിനുമാത്രം അറബിവാക്കുകളും ചേത്തുകൊണ്ടാണ് കഥാനായൻ പ്രസ്തുത മഹാകാവ്യംരചിച്ചിട്ടുള്ളത്. ഇപ്രകാരം മാപ്പിളസാഹിത്യചരിത്രത്തിൽ ഒരു നവീന പ്രസ്ഥാനത്തിൻെറ ശംഖനാദം ഉയത്തിയും കൊണ്ടാണ് പുത്തഹിശ്ശാമ് രംഗപ്രവേശം ചെയ്തതു. സാഹിത്യാരാമത്തിലെ പുതുമയുടെ പൊൻപുലരിയാണതു. സാധാരണന്മാക്കുവേണ്ടി അദ്ദേഹം താഴോട്ടിറങ്ങി അവരുടെ ചിന്താഗതികൾ മനസ്സിലാക്കി അവരുടെ അഭിരുചിക്കൊത്തവണ്ണം രചിച്ചതാണ് ആ കൃതി. അറ

ബി സാഹിത്യത്തിലും ചരിത്രത്തിലും കെട്ടിപ്പിണഞ്ഞു കിടക്കുന്ന ആ സുദീർഘമായ ചരിത്രത്തെ കവിയുടെ അനിതര സാധാരണമായ രചനാ വൈഭവത്തോടു കൂടി അദ്ദേഹം ഒരു കല്പരൂപത്തിൽ വാർത്തെടുത്ത് കൈരളീദേവിക്ക് സമർപ്പണം ചെയ്ത ആ മധുരഗീതം മാപ്പിള സാഹിത്യലോകത്തിലെ ഒരു വാടാമലർ തന്നെയാണ്. അദ്ദേഹത്തിൻെറ ഭാഷാരീതി ലളിതമാണ്. തിരഞ്ഞെടുത്ത പദങ്ങളോ സുന്ദരമധുരങ്ങളാണ്താനും അറബി പദങ്ങളെ കഴിയുന്നതും ഒഴിവാക്കി മലയാളഭാഷയെ മാത്രം അവലംബിച്ച രചിക്കപ്പെട്ട ആ മഹാകാവ്യത്തിന്നു മാധുര്യം ഏറിയതല്ലാതെ അത് രസശൂന്യമായിട്ടില്ല. അറബി പദങ്ങൾ അദ്ദേഹം തൻെറ കൃതികളിൽ എവിടെയെങ്കിലും ഉപയോഗിച്ചിട്ടുണ്ടെങ്കിൽ തന്നെ അവ ഏവക്കും സുപരിചിതങ്ങളായ മലയാളീകരിച്ച പദങ്ങളാണത്രെ. മാപ്പിളസാഹിത്യത്തിൽ ഒരു വിപ്ലവം സൃഷ്ടിച്ച ആ കലാകാരൻ എത്രയും വിനീതനായിക്കൊണ്ടു പുത്തഹിശ്ശാമിൻെറ ആരംഭത്തിൽ പാടുന്നതു നോക്കുക:—

## മട്ടു (ഇശൽ) തൊങ്കൽ

കന്നം കവിക്കുള്ള കണക്കും കവ്വി
കോർവ തുടർ വയ്യും തിരിയാത്തോൻ ഞാൻ
ഊനം വരുന്നെ വാക്കറിവില്ലെന്നിൽ
ഒട്ടും കവി കോർവക്കഹ്ലല്ല ഞാൻ
മോഹിത്തിതൈ കിസ്സ തുടർവായ്യൊണ്ടു്
ഉരൈവാൻ യെനിക്കുള്ളെ എളിമ കോപ്പിൽ
ഉണ്ടു പെരിത്തോതി തിരിത്തീടുവാൻ
ഉറപ്പു ബലമേറം ശജറിൽ തേക്കു്
ഇണയായ് വരുമോ വൻ ബലാ മരിക്ക്

നടത്തം അഴകേറം തൈവകാ്ഠ ഹംസം
നേരെ ശരിയൊ കാക്ക അതിൻെറ വംശം
കടുവക്കിണയാമൊ കരുത്താൻ വില്ലി
കഹനച്ചരത്തോട്ട് ശരിയോ സില്ലി.
ലാക്കിൽ ഒളിലെങ്കും ജൌഹറക്കൽ
ലാഹത്തിന്നിണയാമൊ തരിമ്പാറക്കൽ
ഉറേറാർ ഉപേക്ഷിച്ചാൽ ഉഴന്നു കുടി
ഉലകർ വിരോധിച്ചാൽ ഉപായം മുട്ടി
പുററി ജലമെങ്കിൽ തിരിയും കെട്ടു
പുലവർ നിഷേധിച്ചാൽ നടക്കാ പാട്ടു
അരശർ വെറുത്താൽ പാർത്തിടാമൊ നാട്ടിൽ
അങ്കാർ ഭവിത്താൽ പാർത്തിടാമൊ കാട്ടിൽ
നാരോടിടഞ്ഞാൽ മിഞ്ചിടുമോ പഞ്ഞി
നീരോടിടഞ്ഞാൽ കത്തിടുമോ വന്നി
ഉടുകാ൦ തെളിവുണ്ടൊ കമർലങ്കിച്ചാൽ
ഉരുകാ൦ നടത്താമൊ ബഹർ കോപിച്ചാൽ
ഉടയോൻ യെനൈ ഹള്ളിൽ വിധിത്തെ പോലെ
ആശ കവി കോർവ തുടത്തി മേലെ

..........................................................................

..........................................................................

എന്നിപ്രകാരം പാടിയ കവി ശാമിലെ യുദ്ധത്തിന്നു സന്നദ്ധരായി നില്ക്കുന്ന യോദ്ധാക്കളെ കാലിഫ് ഹസ്രത്ത് അബൂബക്കർ (റ. അ.) ആശിർവദിക്കുന്ന ഭാഗം വർണ്ണിച്ചിരിക്കുന്നത് നോക്കുക:-

## മട്ടൽ (ഇശൽ) അലിവലി

(ഓരോവരിയിലും പതിനഞ്ചക്ഷരങ്ങളുണ്ട്. ഏതാണ്ട കേകമട്ടിൽ ഇതു പാടാവുന്നതാണ്)

വിളിത്താററൽ അബൂബക്കർ യസീ തോരിൽ ഉരത്തെ
ബിഹിസ്സെന്നെ സമസ്താനം തനിയവന മൈത്തെ
ഫള്ലാററൽ നെ ബിവാക്കും നസീഹത്തും തിരിത്തെ
പരിശുററെ കൊടിയൊന്നവർ കയ്യിൽ കൊട്ടത്തെ
ഒരു സാവർ ശുജായിങ്ങൾ ക്കമീറാക്കി തിരിത്തെ
അതൃപ്പൊത്തെ കൊടിവാങ്ങിയവർ കയ്യിൽകൊട്ടത്തെ
തിറമൊത്തെ ഉറതികൾ ഹലമാലും തിരിത്തെ
തരമൊത്തെ കൊടിയൊന്നാ നരികയ്യിൽ കൊട്ടത്തെ
പോരൊന്നും വരാതമ്മിൽ വിചാരിത്ത്മതിത്തെ
പടശാമിൽ നടത്തുവാൻ പൊരുത്ത കൈ കൊട്ടത്തെ.

ചുരുക്കം പദങ്ങൾ കൊണ്ട അനവധി ആശയങ്ങൾ പ്രകടമാക്കുവാൻ പരീതിന്നുള്ള ശേഷി ഒന്നുവേരത്തെന്നെയാണ്. അനാവശ്യമായ പദപ്പെരുപ്പവും വളച്ചു തിരിച്ചുകൊണ്ടുള്ള ഭാഷാ പ്രയോഗങ്ങളും അദ്ദേഹത്തിൻെറ തൂലികാ സമ്പത്തിനെ കളങ്കപങ്കിലമാക്കീട്ടില്ല. അദ്ദേഹത്തിൻെറ തൂലികാ പ്രയോഗങ്ങൾ നേക്കുനേരെ സ്പഷ്ടമാണ്, മധുമധുരമാണ് സാരഗർഭങ്ങളാണ്. "പൊരുത്തകൈ കൊട്ടത്തെ" എന്നുള്ള കവിയുടെ പ്രയോഗം തൻെറ കാവ്യത്തിൻെറ മാഹാത്മ്യത്തെ പ്രകീർത്തനം ചെയ്യുന്നുണ്ട! എന്തെല്ലാം ആശയങ്ങൾ ഉൾക്കൊള്ളുവാൻ പര്യാപ്തമാണ് പ്രസ്തുത ലളിത സുന്ദരമായ പദപ്രയോഗം? എത്രസമർത്ഥമായ വിവരണങ്ങൾ കൊണ്ടും അതിനെ മുഴുവൻ വിവരിക്കുക സാദ്ധ്യമല്ല. മാപ്പിളപ്പാട്ടുകളിലെ ശൈലികൾക്ക് അഥവാ "ഇശലുകൾ"ക്ക് ഒരു പുതിയ സമീപനരീതി കൈ

കൊണ്ട ആ മഹാനുഭാവൻ പുരാതനമായ മട്ടുകൾക്ക് നവീന രൂപം നല്കി; ദ്രാവിഡ വൃത്തത്തിലുള്ള ഗാനങ്ങളുമായി അവയെ കൂട്ടിയിണക്കി അനേകം "ഇശലുകൾ" സ്വയം കണ്ടുപിടിച്ചു. അതുകൊണ്ടുതന്നെയാണ് കഥാപുരുഷനെ മാപ്പിളസാഹിത്യത്തിൽ വിപ്ലവ പ്രസ്ഥാനത്തിൻെറ ജനയിതാവ് എന്നു പറഞ്ഞുവരുന്നത്. ശാമ് ചരിത്രത്തിൻെറ ഒരു രത്നച്ചുരുക്കം ഏതാനും വരികളിൽ കവി ഒതുക്കിയിരിക്കുന്നത് നോക്കുക:_

"അടവെനഗർ ശാമും ബിലാത്ത് റോമും
യെന്നും അളീമായെ പതികൾ വേറെ
അടക്കി വസിക്കുന്നെ മഹാവില്ലാളി
ഹിർക്കൽ അരശുമായി പൊരുതി വെടി
ഹള്ലും തഹീമുറെറപതികൾ കോട്ട
ഫത്ത് ഹാക്കിയെ കോർവക്കു തുക്കമൊമീൻ"

കാവ്യരചനയ്ക്കു് ആസ്പദമായ കാരണങ്ങൾ അദ്ദേഹം വിവരിക്കുകയാണ്.

"സകലവും നാൻ തുതിപ്പായി
സരസകവിയെ ചേർപ്പായി
പുകയെ നൈകൽ ബിൽമോടി
ബുദ്ധിയും അക്കലും വാടി
അകമനം തന്നിൽ നാടി
അമ്പിലൊരു കഥയെ തേടി
ഏകമെ നാനടുത്തു്
ബലനൽ കടപ്പുറത്തു്
ശുറ്ഹിതപ്പേർ ബുകാറ
മേരവെയവിടം സയ്റാ
അരുമയിൽ കഥകൊതിത്തു്
അവരെന്നിൽ വകതിരിത്തു്"

കവിയുടെ വർണ്ണനാചാതുര്യം അറിയേണമെങ്കിൽ താഴെ കൊടുത്തിട്ടുള്ള ഭാഗം പാടി രസിക്കുകതന്നെ വേണം. ഹിറാക്ലിയസ്സിൻെറ സേനാധിപനായിരുന്ന ബാഹാൻെറ ക്ഷണമനുസരിച്ചു മുസ്ലീം സർവ്വസൈന്യാധിപനായ ഹസ്രത്ത് ഖാലിദും (റ. അ.) നൂറു അശ്വഭടന്മാരും ഒരു സന്ധിസംസാരത്തിന്നായിക്കൊണ്ടു് യാത്രചെയ്തു പോകുന്ന കാഴ്ച എത്ര സജീവമായിട്ടാണ് അദ്ദേഹം വർണ്ണിച്ചിട്ടുള്ളതു്! ഈ ഭാഗം പാടിരസിക്കുമ്പോൾ സർവ്വസന്നാഹസജ്ജരായ ഒരു അശ്വഭടസംഘം നമ്മുടെ കൺമുമ്പിൽ കൂടെ മാർച്ചു് ചെയ്തു് പോകുന്നതു് പോലെ നമുക്ക് തോന്നിപ്പോകുന്നതാണ്.

## മട്ട് (ഇശൽ) ചിറമുറുക്കം

(ഓരോവരിയിലും പന്ത്രണ്ട് അക്ഷരങ്ങളുണ്ടു. കൌതുകമേറിയ ഈ ശൈലിയുടെ മാതൃക ദ്രാവിഡവൃത്തങ്ങളിലുണ്ടു.)

"ചമയപ്പണി പൂണ്ടവിധം വിധമെ
സകലം പറവാനധികം ജികമെ
സമരച്ചോടി കാട്ടിടും കോടമുകൾ
സർജ്ജും കടിഞ്ഞാണൊടുകല്ലണിയും
തമിലെങ്കിനെ പൊങ്കിനെ കൺകണവും
തരിതണ്ട ചീലമ്പൊടു കിങ്ങിണിയും
ഇടകെട്ടിനെ വട്ടക മൊട്ടുകളും
ഇട ചുററിനെ വൈരക്കുറി മാലകളും
തുടർ ഞാലികൾ താലികൾ ഓലകളും
തുരഗത്തിനു കെട്ടിനെ മട്ടമതൊ
നടനാലിനു തോടകൾ ആടകളും
നവരത്നമിടക്കിടെ ചൊട്ടികളും
പടിയെത്തിനെ മാണിക്കം ജൌഹറതും
പലകെട്ടുകൾ മുട്ടുകൾ പോട്ടുകളും

മുഖപട്ടമതിൽ പതിത്തിട്ടജൗഹർ
മിനിക്കം അലിക്കത്തുടെ താളമതും
അലകപ്പതിസയ്യിത് നെബിയവരെ
അസ്ഹാബികളങ്കിയണിന്തുണരെ
അകരം ഒളിലെങ്കിട്ടമങ്കികൾ
അതിരക്കട്ടക്കം അരയിൽ മുറക്കം
ജികം കാലൊട്ടമിണ്ടെക മിസുകളും
തുടരം ചുടരം പടരപ്പണിയും
നരിഖാലിത് തൻ അബ്ദ്ഹുമാമവരും
തിറമാൽ ചമൈത്തുള്ളൊരു കുബ്ബയതും
നിറംജൗഷനം ചുററിനെ ശാലുകളും
തരമുറെറലിബാസുവമാലുകളും
കരത്തിൽ കശപും കഴത്തിൽ ഹസബും
ഹസബും നാസബും മികവാന്നവർകൾ
കരത്തിൽ പതിനെട്ടുതരം താമെ
കരിശിത്തവർ ആയുധ മേന്തിടവെ
തുരഗപ്പുര മേന്തിനടന്തിടവെ
തുറന്നന്തരസ്ക്കപ്പതി ബാബടവെ
സിറിഹ്റുകൾ അംലാക്കവരും വരവായി
സുൽത്താൻ നബി തോഴരെ കാണ്മതിനായി
ഉരമ്പിണ്ടെ ജയാതിബനൽ ജബലും
ഉതിരക്കതിരപ്പുറ മേറിടവെ
ഒരുന്തുരമിളകി ജവാതടവെ
ഉലകത്തിലെല്ലാം പൊടി തുള്ളിടവെ
ഇരവിട്ടെ കരിമ്പുലികൾ നടയായി
ഉടനെത്തി നിലന്ത് സമൂഹ മിലായി
ശരിനിപ്പടലായി ചതിർ പാകമിലും
ചതരം അഹതും വഴി കാതമിട

നിരന്നെത്തിനെ സിന്ധ കത്തരികർ
തുടരെ. തുടരൈ കടന്നിട്ട് നടൈ.,,

ഭൂതകാല സംഭവങ്ങൾക്ക് നവംനവങ്ങളായ രൂപം നൽകി പ്രസ്തുത സംഭവ ഗതികളെ ഉജ്ജീവിപ്പിച്ചും അദ്ദേഹം കൈകാര്യം ചെയ്യുന്നപ്രശ്നങ്ങൾക്ക് വിപ്ലവപരമായ കൊട്ടത്തും കൊണ്ടുള്ള തൻെറ കാവ്യരചന എത്രതന്നെ ശ്ലാഘിച്ചാലും മതിയാവുന്നതല്ല. മേൽ വിവരിച്ച വർണ്ണന എത്രസജീവമാണെന്നു നോക്കുക. ഒരു യഥാൎത്ഥ കവി ഒരു കലാകാരനുംകൂടി ആയിരിക്കേണമെന്നുണ്ടല്ലൊ. ആയാൾ വരക്കുന്ന ചിത്രങ്ങൾ നിൎജ്ജീവങ്ങളാവരുത്. നാം ഇതു പാടുമ്പോൾ നമുക്കു ശരിക്കു രോമാഞ്ചമുണ്ടാകുന്നുണ്ടു. മേറ്റിയിൽ അലങ്കരിച്ചതു രഗങ്ങളുടെ പുറത്ത് ആയുധപാണികളും വേഷ ഭൂഷണത്തോടു കൂടിയവരുമായ അശ്വഭടന്മാർ കയറി ധീര ധീരംഗമനം ച്ചെയ്യുന്നതായി നാം കാണുന്നു എത്രമനോഹരവും സ്വാഭാവികവുമാണ് കവിയുടെ വർണ്ണനകൾ. ഗീതത്തിലെ ശബ്ദസുഖവും അൎത്ഥചമൽക്കാരവും നമ്മെ ആനന്ദതുന്ദിലരാക്കുന്നു. ശാമിൽ ഒരിടത്തു രണ്ടു സമരവിദഗ്ധന്മാർ തമ്മിൽ നടന്ന മരണപ്പോരിൻെറ തുടക്കം കവി എത്രതന്മയത്തോടു കൂടിയാണ് വൎണ്ണിച്ചിട്ടുള്ളതെന്നു താഴെ കൊടുക്കുന്ന വരികൾ തെളിയിക്കുന്നുണ്ട്.

## മട്ട് യെണ്ടെഹൈദർ

(കുറത്തിപ്പാട്ടു രീതിയിൽ ഏതാണ്ട് ഈ ശൈലി പാടാവുന്നതാണ്.)

മനോ ഭണ്ഡാരത്തിൽ എത്ര വേണമെങ്കിലും വൃത്തങ്ങൾസൂക്ഷിച്ചിരുന്ന ആ മഹാവിദ്വാൻ ചൎവ്വിത ചൎവ്വണം ഒരിക്കലും ഇഷ്ടപ്പെട്ടിരുന്നില്ല. സന്ദൎഭാനുസരണം യാതൊരു ലോഭവും കൂടാതെ അവയെ ഉപയോഗപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത ഗീതമാണിതു

"അസദ്നാമം കേട്ട്-അവനു മുരപോട്ട്
കശ്മലൻ ലിറാറെ-പണ്ടുഞാൻ പിടിടിത്തെ
വാരുരം പെറേറാനെ-ബന്തവാസിൽ കെട്ടി.
കുററപത്രം ചേത്തി – കൂട്ടി മുമ്പയച്ചി
വിണ്ടകാലൻ കെട്ടിവിട്ടെ-കടിതീരും വമ്പുലിൻെറ
കോടപോലെ കോടമുകളിൽ ദുഷ്ടനും വന്നേശങ്ങാം
യേശിവന്തെശ്ശുരൻ- അവനിലേക്കും ഞായെ
ആശവെത്തൊരുങ്ങി-അങ്കിയാൽ മുഴങ്ങി.
കട്ടിയ മാമത്തെ-പൂടിതാജം ചേത്തെ
മട്ടമായി മുതിത്തെ-മറെറാരുത്തൻ പാത്തെ
ഉത്തവൻ ലിറാറതെണ്ടേ- ഇവനെഞാൻ പിടിത്തുകൊണ്ടു്
യെൻെറ മുമ്പിൽ വന്താൽ-താരുമിനാമെന്ത്
ഒണ്ടവനുരത്തെ-പേശ്നിൻ ഹാജത്തെ
യെന്നതാലും താരും-യെന്ന മൊഴിപാരും
നീണ്ടുരവിരുത്തി-നിന്മകൾ മൊഞ്ചത്തി
കാമിനി പൊൻ കന്നിയാളെ-കായമെന്നിൽഇണവിട്ടത്തെ
കേമനാം ലിറാഞാനും-കൊണ്ടുവാരുന്നുണ്ടും മെയ്യെ
ആയുരധരിത്തെ-അവനുരകൾ തീത്തെ
അവനെ നീസംഹാരം-ഓളെഞാനോശാരം
ചെയ്യുമെന്നുസാരം-സംഗതി സംസാരം
കേട്ടവനടുത്ത്-കൂടിസഭയാവെത്ത്
ഒത്തനേകം ജഡ്ജിമാരും-മെത്ത കൂട്ടംസഭമുഖേന
വാട്ടമില്ലാ മേലുറക്ഷി-വാഗ്ദത്തം കേട്ടടിച്ചി
ഉങ്കളെല്ലാം സാക്ഷി-യെന്മകൾനാച്ചി
അവനിലെ വിവാഹം-ഇന്നു മേലുത്സാഹം
അങ്കമിൽ ജയിത്താൽ അപ്പൊൾ വലീമത്തെ
സമ്മതം കുറാച്ചി-സമ്മതിച്ചുറച്ചി"

മററുള്ളവരുടെ ഗീതങ്ങളെ അപേക്ഷിച്ചു പരീതിൻെറ കൃതികൾ
കള്ള പുതുമയും തന്മയത്വവും ഒന്നു വേറെത്തന്നെയാണ്. അദ്ദേഹം

കഴിയുന്നതും മലയാളപദങ്ങൾ ഒഴികെ മററഭാഷാപദങ്ങളുമായി കലത്തി തൻെറ കാവ്യത്തെ രസശൂന്യമാക്കീട്ടില്ലെന്നു മേൽ വിവിവരിച്ച വരികൾ കൊണ്ടു തെളിയുന്നുണ്ടല്ലോ. പ്രകൃതത്തോട് ഒത്തിണങ്ങുന്നതാണ് ആ കവിഹൃദയം. അദ്ദേഹം ഉപയോഗിച്ചിട്ടുള്ള പദങ്ങളുടെ ധോരണിയും ഔചിത്യവും അന്നത്തെ കാലത്തിന്നനുസരിച്ച വണ്ണനാതീതമാണ്; ഭാഷ ലളിതകോമളവുമാണ്.

കാവ്യരചനക്ക് വിധേയമായവിഷയം വളരെ മുമ്പുതന്നെ അദ്ദേഹം ആസൂത്രണം ചെയ്തിരുന്നു. അതുമായിബന്ധപ്പെട്ട സർവ്വസ്വവും ആരാഞ്ഞുപിടിച്ചിരുന്നു. വിഷയപഠനം പരിപൂണ്ണമായിരുന്നു. കാവ്യനിമ്മാണത്തിന്നാസ്പദമായ സംഗതികൾ മുഴുവനും ശേഖരിച്ചു വെച്ചതിന്നു ശേഷം കൃതിയുടെ തുടക്കം, പുരോഗമനം, സമാപനം മുതലായവയെപ്പററി മുൻകൂട്ടി അദ്ദേഹം ഒരു തീരുമാനമെടുത്തിരുന്നു. ഇതെല്ലാം കവി മനസ്സിൽ കോലപ്പെടുത്തിവെക്കുകയല്ലാതെ കടലാസ്സിലോ മറേറാ കാലേക്കൂട്ടി എഴുതിവെക്കാറുണ്ടായിരുന്നില്ല. അങ്ങിനെ ആ മഹാശയൻ പ്രതിപാദ്യവിഷയത്തിൽ ലയിച്ചുകൊണ്ടു ഏകാന്തതയിൽ വികാരങ്ങൾ സ്വയം ആത്മഗതങ്ങൾ നടത്തുകയായി; തൽഫലമായി അദ്ദേഹത്തിൽ നിന്നും നിമ്മലകാവ്യങ്ങൾ പ്രവഹിക്കാൻ തുടങ്ങി. കഥാകഥനത്തെ സംബന്ധിച്ചുള്ള പരിപൂണ്ണ പരിജ്ഞാനം സമ്പാദിപ്പാൻ എന്തു ത്യാഗത്തിന്നും അദ്ദേഹം സന്നദ്ധനായിരുന്നു. കവിയുടെ തൃതീയ കൃതിയായ "മിൻ അത്തുൽ ബാരി" എന്ന ഗീതാനിമ്മാണത്തിന്നുദ്യമിച്ചപ്പോൾ അതിലേക്കായി ശേഖരിക്കപ്പെടേണ്ട വിവരങ്ങൾ ലഭിക്കുവാൻ വേണ്ടി പരീത് ആലുവായിലുള്ള ഏലൂർ മൂപ്പൻ എന്നൊരാളുടെ വസതിയിൽ പോയി മൂന്നുമാസത്തോളം അവിടം താമസിക്കയുണ്ടായിട്ടുണ്ടു. സയ്യിത് മുഹമ്മദുമൌലാന എന്ന യോഗിവയ്യൻെറ സംഭവബഹുലമായ ജീവചരിത്രമാണ് പ്രസ്തുത കൃതിയിലെ

ഉള്ളടക്കം. മൌലാനാ മൂപ്പൻെറ ആത്മീയ ഗുരുവായിരുന്നുവെന്നു മാത്രമല്ല ഇരുവരും തമ്മിൽ അടുത്ത ബന്ധം പുലർത്തിപ്പോന്നിട്ടുമുണ്ടായിരുന്നു. മൌലാനയുടെ ചരിത്രം ഏററവും വിശ്വാസയോഗ്യമായി എഴുതപ്പെട്ടിട്ടുള്ളത് ഒരു പ്രസിദ്ധ മതപണ്ഡിതനും സിദ്ധനുമായിരുന്ന മാപ്പിളലബ്ബആലിം സാഹിബാണ്. പ്രസ്തുത ചരിത്രഗ്രന്ഥം അന്വേഷിച്ചു കുറച്ചുനാരം അദ്ദേഹം നടന്നു. ചുരുക്കിപ്പറഞ്ഞാൽ കവിയുടെ കാവ്യരചനക്കാസ്പദമായ വിഷയഗ്രഹണം അപാരമായിരുന്നുവെന്നർത്ഥം. അങ്ങിനെകഥാകഥനത്തിൻെറ നാനാവശങ്ങളും അദ്ദേഹം ഹൃദിസ്ഥമാക്കീട്ടുണ്ടായിരുന്നു. കഥയുടെ പശ്ചാത്തലം സൃഷ്ടിച്ചു തൻെറ മനോദർപ്പണത്തിൽ അദ്ദേഹം സൂക്ഷിച്ചുവെച്ചിരുന്നു. കവി അധിക സമയവും ചെലവഴിച്ചിരുന്നതു കാവ്യനിർമ്മാണത്തിന്നുള്ള കളമൊരുക്കുവാനായിരുന്നു. ഒരു കൃതി രചിക്കുവാൻ വേണ്ട സംഗതികരം മുഴുവനും കരസ്ഥമാക്കി കഴിഞ്ഞാൽ പിന്നെ തൻെറ ചിന്താഗതി മുഴുവനും കാവ്യവലയത്തിന്നുള്ളിലായിരുന്നു. അപ്പോരം അദ്ദേഹം ഏകാന്തത ഏററവും ഇഷ്ടപ്പെട്ടിരുന്നു. പ്രചോദനം വരുമ്പോരം മൂളിക്കൊണ്ടിരുന്നു; മൂളുന്നതോടൊപ്പം വിരൽകൊണ്ടു താളവും പിടിച്ചിരുന്നു. ആ അനുഗ്രഹീതപുരുഷൻ കലാലയത്തിൽ ഏകാകിയായിരുന്നു മധുമധുരമായി മൂളുന്നതു കേരംക്കാമായിരുന്നുവത്രെ; തുടർന്നുകൊണ്ടു മുദ്രസ്വരത്തിൽ പാടുകയും ചെയ്തിരുന്നു. ഗാനകലാപടുവായിരുന്ന അദ്ദേഹം പാടുമ്പോരം തന്നെ കമ്പിയും ലയവുമെല്ലാം ശരിപ്പെട്ടുകൊണ്ടിരുന്നു; പിന്നെ അയാരം അതു കടലാസിൽ പകർത്തുകയായി. ഇപ്രകാരം മൂളിയും പാടിയും എഴുതിയും കൊണ്ടു ചിലപ്പോരം അദ്ദേഹം ഒരേ ഇരുത്തത്തിൽ രണ്ടോ നാലോ മണിക്കൂറുകരം സമയം കഴിച്ചുകൂട്ടിയിരുന്നുവെന്നുവരാം. പ്രചോദനം അവസാനിച്ചാൽ മാത്രമെ അവിടെനിന്നും പിന്മാറിയിരുന്നുള്ളൂ. ഒടുവിൽ താനെഴുതിയ ഭാഗം കയ്യിലെടുത്തു സ്വതഃസ്സിദ്ധമായ സ്വരമാധുര്യത്തോടുകൂടി അദ്ദേഹം പാടി രസിച്ചിരുന്നു. സർവ്വാംഗസുന്ദരമായി എന്നു

അദ്ദേഹത്തിന്നു തൃപ്തി വരുന്നതുവരെ അദ്ദേഹം പാടിക്കൊണ്ടിരുന്നു. കാവ്യരചനയിൽ പരീത് വ്യാപൃതനായാൽ പരിസരത്തിൽ നടന്നുകൊണ്ടിരുന്ന യാതൊന്നും തന്നെ അറിഞ്ഞിരുന്നില്ല; അത്രയ്ക്കു പരിപൂർണ്ണമായിരുന്നു കവിയുടെ മനസ്സിൻെറ ഏകാഗ്രതയെന്നർത്ഥം. അദ്ദേഹത്തിൻെറ ഹൃദയമാകുന്ന വീണയുടെ തന്ത്രികൾ മീട്ടി; ആ സ്വരധ്വനിയുടെ മധുരിമയായിരുന്നു മൂളലുകളായി രൂപാന്തരപ്പെട്ടുകൊണ്ടിരുന്നതു. യാതൊന്നും തന്നെ വിട്ടുകളയാതെ വേണ്ടസമയത്തു താൻ ധരിച്ചുവെച്ചിരുന്ന സംഗതികൾ ഉരിയാടാൻ അദ്ദേഹത്തിന്നു സാധിച്ചിരുന്നു. സഹജമായ തന്മയത്വത്തോടുകൂടി വിലാപകാവ്യങ്ങൾ രചിക്കുവാൻ അദ്ദേഹത്തിന്നറിയാമായിരുന്നുവെന്നു തൻെറ കൃതികൾ തെളിയിക്കുന്നുണ്ടു. സ്നേഹമസൃണമായ ശീലം മൂർത്തീകരിച്ചു പ്രകടമാക്കുവാൻ പര്യാപ്തമായിരുന്നു ആ കവി ഹൃദയം. ദുഃഖസംഭവങ്ങളിൽ അയാൾ അകമഴിഞ്ഞു പരിതപിച്ചു, പോരെങ്കിൽ പരിതാപം വിലാപമായി രൂപാന്തരപ്പെട്ടു; പ്രേക്ഷകന്മാരെക്കൊണ്ടും ശ്രോതാക്കളെ കൊണ്ടും ബാഷ്പാർപ്പണം ചെയ്യിച്ചു. മധുവിധു അവസാനിക്കാതിരുന്ന ഒരു ധർമ്മഭടൻ ശത്രുക്കളുമായുള്ള പോരാട്ടത്തിൽ രക്തസാക്ഷിയായിത്തീൎന്നു. വരൻെറ മൃതദേഹം പോർക്കളത്തിൽ കിടക്കുന്നതു കണ്ടിട്ട് നവവധു മാറത്തടിച്ചു വിലപിക്കുന്ന ഭാഗം അദ്ദേഹത്തിൻെറ തൂലികക്കു വിഷയീഭവിച്ചപ്പോൾ അതിൽനിന്നും ബഹിർഗ്ഗമിച്ച ശോകാത്മകമായ വിലാപഗാനം എത്ര ഹൃദയസ്പൃക്കായിട്ടാണ് കവി വർണ്ണിച്ചിട്ടുള്ളത്! തന്നെ ദുഃഖസാഗരത്തിൽ ആഴ്ത്തിയും കൊണ്ടു ദേഹവിയോഗം ചെയ്ത പ്രാണനാഥനെ അഭിസംബോധനം ചെയ്തുകൊണ്ടു ആ തരുണി ഉരിയാടുന്ന മർമ്മഭേദകമായ വാക്യങ്ങൾ ശിലയേയും കൂടി അലിയിക്കുവാൻ പോരുന്നവയാണ്. പ്രസ്തുത ഭാഗം പാടിയാൽ കരയാത്ത കണ്ണുകളില്ല; വെന്തു നീറാത്ത മനസ്സില്ല, വരണ്ടുപോവാത്ത നാവില്ല, ഇടരാത്ത തൊണ്ടയില്ല, നെടുവീർപ്പിടാത്ത മനുഷ്യനുമില്ല. ഇപ്രകാരം പാടുന്നവരേയും ശ്രോതാക്കളേയും

വികാരഭരിതരാക്കി അവരെക്കൊണ്ടു ബാഷ്പാർപ്പണം ചെയ്യിക്കുവാൻ പര്യാപ്തമാണ് അദ്ദേഹത്തിൻെറ സുശക്തമായ തൂലികാപ്രയോഗങ്ങൾ. പുത്തഹിശ്ശാമിലുള്ള പ്രസ്തുത വിലാപ കാവ്യമാണ് താഴെ ചേർത്തിട്ടുള്ളത്.

## മട്ടു പൂകൈകനാർ

(ഏതാണ്ടുനതോന്നത വൃത്തരൂപത്തിൽ ഇതുപാടാവുന്നതാണ്. ആദ്യത്തെ വരിയിൽ പതിനഞ്ചു് അക്ഷരവും രണ്ടാമത്തെവരിയിൽ 13 അക്ഷരങ്ങളുമുണ്ടു.)

“മാനിതക്കൊതികൽ ബിൽമതിര പൂകനീതേനെ
മദനപ്പൂകനിയെ, യെൻമഹബൂബരെ
തേനോരിൽ രസം കൽബിലിരിക്കെ ഞാൻ പിരിഞ്ഞെതൻെറ
താശിയാം കരള് കരിഞ്ഞലിയുന്നെൻെറ
വാണെ നാം ഇണങ്ങിപ്പൊൻമണിമാറിൽ മണംകൊണ്ടേ
മധുരം ഞാൻ മറക്കുന്നെ ദിനമേതള്ളാ ?
നാണാതെ സുഖത്തിലിരുപേരും പലേസിറിൽ
നിലനിന്നെ പിലാക്കും വിട്ടൊഴിഞ്ഞോ തേനെ !
ആശിക്കിൽ മഅശ്രുക്കനിയെ നീർ പിരിഞ്ഞെതൻെറ
ഹാജത്തിൻെറ തീർവീടും ദിനമേതള്ളാ ?
മാശിത്തെ മനസ്സകത്തൊരു നാളും മധുരത്തെ
മാറാതെ യെന്നെനെഞ്ചിൽ പതക്കും ചോര
നേശത്താൽ ഉമ്മൈ ദേഹക്കൊതിവെത്തെ ഹാജത്തെൻെറ
നെഞ്ചകത്തണഞ്ഞുള്ളെ മദം തീന്നില്ല.
മശമില്ലായ്മുടയവൻ വിധിത്തുള്ളെ കുതറത്ത്
മാരരെ മണംകൊണ്ടും മതിവന്നില്ല.
താനായെ പെരിയ വൻയെനിക്കിട്ടെ ബഹർമോസ
തങ്കിയിലിതിനായിട്ടൊരു വയ്യില്ല

കോനരയോൻനമെ തമ്മിൽ ഇടതൊട്ടത്തട്ടപ്പിച്ചി
കൊതിവീട്ടും ദിനമേതെന്നറിഞ്ഞതില്ല.
മന്നിലിന്നിതുപോലെ നിലതെള്ളും മഹബ്ബത്ത്
മന്നൻതാനൊരുത്തക്കും കൊട്ടപ്പാനില്ല
അ്നുവാദക്കസാവന്ന തിനെ ഞാൻ രിളാകൊണ്ടു
ഇവ ചൊല്ലിക്കരഞ്ഞവർ അളുതളുതാർ

എന്നിപ്രകാരം തൻെറ ഹൃദയനാഥനുമായുള്ള ബന്ധത്തെപ്പററി വിലപിച്ചശേഷം ദുഃഖിതയായ ആ യോഷാമണി സ്വാനുഭവങ്ങളെ വിവരിച്ചു അശ്രുപൊഴിക്കുകയും തന്നെ സംബന്ധിച്ചു ഒരു ദൃഢനിശ്ചയം കൈക്കൊള്ളുകയും ചെയ്യുന്നതു നോക്കുക:_

## മട്ടു തൊങ്കൽ

തടിയോടണ വായെനൊട്ടും ഖേദത്തെ
താണുപറഞ്ഞവാം അളുതളുതാർ.
തയ്യൽ മൊഴിയൊന്നും തടി ഹാജത്ത്
താകക്കൊതി തീരാതര മാകും ഞാൻ
മെയ്യിൽ അണവാരയെലി ബാസാതൊന്നും
മങ്ങി മുഷിഞ്ഞില്ല പുതുകന്നിഞാൻ
കൈമൽ പതിത്തുള്ളെ മൈലാഞ്ചിൻെറ
കാഴ്ചനിറം മങ്ങാ കുമാരിയും ഞാൻ
കായം സുഖം വാടാക്കണന്ത് പൂണ്ടെ
കളർകം മണം വീശൽ ഒഴിയം തോറം ഞാൻ
കുളലി ഉരവീണ്ടും തടിയോടോതി
കുശാതിരുന്നോ നീ ഉമൈബാൻ പെണ്ണേ
അഴകു മികന്തുള്ളെ തടി ചേർച്ചക്ക്
ആണാലൊരുപേരും ഹറാമായി നിന്നിൽ

എത്രചേതോഹരമായിട്ടുണ്ടു അദ്ദേഹം വരച്ചിട്ടുള്ള ആ വിചിത്ര ചിത്രമെന്നു നോക്കുക! മരണമടഞ്ഞുകിടക്കുന്ന ഒരു ധീരയുവയോദ്ധാവിൻെറയും ചാരത്തിരുന്നുംകൊണ്ടു് "കോമൻകട്ടന്തുടി പൊട്ടുന്ന നെഞ്ചു്"ത്തടിച്ചു വിലപിക്കുന്ന ഒരു പുത്രകന്യകയുടേയും ചിത്രങ്ങളാണു് ആയാൾ വരച്ചിട്ടുള്ളതു്. ഹാ! എത്ര തന്മയത്വമുള്ള ഭാഷാശൈലി! എത്ര വികാരതരളിതമായ തൂലികാപ്രയോഗം! ദുർവ്വഹമായ മനോവ്യഥയിൽനിന്നും ആശ്വാസം നേടുവാൻ അവൾ കണ്ട പോംവഴി അകമഴിഞ്ഞു വിലപിക്ക മാത്രമായിരുന്നു. അനുശോചനപരമായ ഹൃദയസംഗീതത്തിൽ താപതിരമാലകൾ അലതല്ലി മനസ്തീരത്തെ ശുദ്ധമാക്കുവാൻ കഴിയുമെന്നു അവൾ വിശ്വസിച്ചു; അതിൽ നിർവൃതികണ്ടു. അവളുടെ ഒതുക്കുവാൻ വയ്യാത്ത വികാരങ്ങളുടെ സമ്മർദ്ദമാണു് കവി ഇവിടെ പ്രകടമാക്കിട്ടുള്ളതു. ഈ കൃതിയുടെ അവസാനത്തിൽ കവി തൻെറ സ്വന്തം പേരും മറവും ചേർത്തിട്ടുണ്ടു. അതിൽ നിന്നു തൻെറ നൈപുണ്യം വ്യക്തമായി കാണാവുന്നതാണു്.

## മട്ടു തൊങ്കൽ

"അറിവിൻ കവി കോർവച മൈത്തെയെൻെറ
ഇസ്മും പതിവീട്ടും തിരിത്തിട്ടുന്നേൻ
ധരിത്തു് വസിക്കുന്നെ പതിൻെറ നാമം
തിമായിയറിഞ്ഞു കൊൾശത്തു്വായെണു
അറിവിൻ കുടി പേരിനൊരു മീമും പിൻ
ഉടനെ വരും നൂനും പിറകെ തായും
പറയ്യാൻ പതിററെട്ടും പതിനെവരായും
ഭാഷ എനി മീമും വരുമെരണ്ടും
ആറഞ്ചതിൽ വീട്ടും അബൂ നാമത്തെ
ഉന്നും സകീർ പിൻ അഹമദയെണ്ടോർ
നാമം യെനിക്കുള്ളെ ഇസ്മുക്കെണ്ണം

ന്നൂറും ഇരിന്നൂറും പതിനാലാമെ
ആമെ അത് പഞ്ചപകുതിചെയ്യാൻ
അവ്വൽ പിരിത്തകൊറും പതിററെട്ടണ്ണം
സുമ്മ ഒരു ന്നൂററിൽ ഇരുന്നൂറാമെ
തക്കെമരക്കൂറിൽ വരും പത്താമെ
ചെമ്മെ ഇനി ഒണ്ടെിൽ ഇശിരീനാമെ
ചേർത്തയൊരു നാലിൽ തമാമായിനാമെ
കണക്കവി കോർവ മുട്ടിത്തെകൊല്ലും
ക്കവി പറയുന്നേൻ ധരിത്തുകേപ്പിൻ

.......................................................

.......................................................

ഉററ മലൈബാർആം അലാഹും പിന്നെ
യെണ്ണം പതിററഞ്ചും ഉദയം മീനത്തിൽ

.......................................................

പാടി രസംവെച്ചിട്ടിതു കേറുപോരെ
പറഞ്ഞുകിയാമോളം സലാമുണ്ടെന്റെ
കൂട്ടം പലതെല്ലാം ചുരുക്കിച്ചൊല്ലി
കോർവമുടിവാക്കി കഥ തമ്മത്തായി ”

## ചേററുവായി

അദ്ദേഹത്തിന്റെ മററു കൃതികളെപ്പററി പ്രതിപാദിക്കുന്നതിന്നുമു മ്പായി നമുക്ക് കവിയുടെ ഗാർഹസ്ഥ്യജീവിതത്തിലേക്കു പ്രവേ ശിക്കാം.

## കവിയുടെ ജീവിതരീതി

അദ്ദേഹത്തിന്റെ കൂട്ടുകെട്ട് മുഴുവനും ധനാഢ്യന്മാരും ഉന്ന തനിലവാരത്തിലിലുള്ളവരുമായിട്ടായിരുന്നുവെന്നറിയുമ്പോറു ക

വി പാവങ്ങളുടെ നേരെ അനുകമ്പയുള്ള ഒരാളായിരുന്നില്ലെന്ന തെററിദ്ധാരണക്കിടം വന്നേക്കാം. എന്നാൽ യഥാൎത്ഥം നേരെ മറിച്ചാണ്. സാമാന്യം ധനികനായിരുന്നതുകൊണ്ടും അതിഥിസല്ക്കാരപ്രിയനായിരുന്നതിനാലും കേരളത്തിൻെറ നാനാഭാഗങ്ങളിൽ നിന്നും യോഗ്യന്മാർ പാണ്ടികശാലക്കൽ ഭവനം സന്ദർശിക്കാറുണ്ടായിരുന്നു. ആർ വന്നാലും യാതൊരു ലോഭവും കൂടാതെ ചതുർവിധവിഭവങ്ങളോടുകൂടിയ ഭക്ഷണം മൃഷ്ടാന്നം കഴിക്കാമായിരുന്നു എന്തിനുംപോരുന്ന ഒരു വ്യക്തിവിശേഷമുണ്ടായിരുന്ന പരീതിന്നു ഭക്ഷണകാര്യങ്ങളിലും ചില ചിട്ടകളുണ്ടായിരുന്നു. പോഷകങ്ങൾ അടങ്ങിയതും രുചിയുള്ളതുമായ ഭക്ഷണങ്ങളേ അദ്ദേഹം കഴിച്ചിരുന്നുള്ളു. ഭോജനവേളയിൽ ആർ വന്നാലും ഒന്നിച്ചിരുന്നു ഭക്ഷിക്കുകയെന്നതു അദ്ദേഹത്തിൻെറ ദൃഢനിശ്ചയങ്ങളിൽ പെട്ടതായിരുന്നു. അതിൽ വലിപ്പച്ചെറപ്പം നോക്കാറില്ലായിരുന്നു. കവിയുടെ വേഷവിധാനം തികച്ചും അനാഡംബരമായിരുന്നുവെന്നു പറഞ്ഞുകൂടാ. സ്വഭവനത്തിൽ സ്വസ്ഥനായിരിക്കുമ്പോൾ കൂടിയും ശുദ്ധവെള്ളവസ്ത്രം ഉടുത്തും കസവുമുണ്ട് ഒരു മാലപോൽ തൻെറ പൂ മേനി മേൽ ഉലാത്തിയിട്ടുമായിരുന്നു കാണപ്പെട്ടിരുന്നതു. വെളിയിൽ പോകുമ്പോൾ തൻെറ പ്രതാപത്തിന്നനുസരിച്ചു തന്നെയായിരുന്നു അദ്ദേഹത്തിൻെറ വേഷവിധാനങ്ങൾ. തലയിൽ പട്ടുകൊണ്ടുള്ള തലക്കെട്ടും മോടിയിൽ തുന്നിയുണ്ടാക്കിയ മൂന്നുകുടുക്കു കുപ്പായവും തങ്കച്ചങ്ങല വെളിയിൽ കാണുമാറുള്ള പോക്കററുവാച്ചും വിരലുകളിന്മേൽ രത്നഖചിത മോതിരങ്ങളും "കര കര" ശബ്ദം പുറപ്പെടീക്കുന്ന വള്ളി ചെരിപ്പുകളിട്ടും ആകർഷണീയമായി കെട്ടിച്ച നേരിയ ഒരു വടി വലത്തു കൈയിൽ മെല്ലെ ചുഴററിയും കൊണ്ടു നീണ്ടുനിവന്ന ആ പുരുഷ കേസരിയുടെ നടത്തം കണ്ടാൽ അദ്ദേഹത്തിൽ പ്രതിബിംബിച്ചിരുന്ന വ്യക്തിവിശേഷം ഒന്നു വേറെത്തന്നെയെന്നു തോന്നിപ്പോകും. ഇരുത്ത

ത്തിലും നടത്തത്തിലും ശരീരത്തിലെ ഏതെങ്കിലും ഒരു ഭാഗം, ഒന്നുകിൽ വലത്തെ ചൂണ്ടാണിവിരൽ അല്ലെങ്കിൽ കൺപോളകൾ അദ്ദേഹം സദാ ചലിപ്പിച്ചു കൊണ്ടിരുന്നു. പല കാര്യങ്ങളിലും വ്യാപൃതനായിരുന്ന കവിയെ ഏതെങ്കിലും ഒരു പ്രവൃത്തിയിൽ മുഴുകിയതായിട്ടല്ലാതെ. കാണപ്പെട്ടിരുന്നില്ല. ഒരു തികഞ്ഞ വാഗ്മിയായിരുന്നതുകൊണ്ടു യോഗ്യന്മാർ തമ്മിലുള്ള വഴക്കുകൾ പറഞ്ഞവസാനിപ്പിക്കുന്ന മാദ്ധ്യസ്ഥനായും അയാൾ പ്രവൃത്തിച്ചിട്ടുണ്ടു. പ്രമാദമായ വ്യവഹാരങ്ങളിൽ കലാശിക്കേണ്ട ഗംഭീരവഴക്കുകൾ തീർത്തുകൊടുപ്പാനായി കക്ഷികൾതന്നെ സമീപിച്ചാൽ അദ്ദേഹം വിഷയത്തിലേക്ക് പ്രവേശിക്കും മുമ്പായി ഫലിതരസങ്ങൾ പൊട്ടിച്ചു ഗൌരവനില കൈകൊണ്ടിരുന്ന ആഗതരെ പൊട്ടിച്ചിരിപ്പിച്ചിരുന്നു. തുടർന്നുകൊണ്ടുള്ള തൻെറ സാരഗർഭമായ പ്രസംഗവും കഴിഞ്ഞാൽ കക്ഷികൾ പരിപൂർണ്ണസംതൃപ്തരായി രൂപാന്തരപ്പെട്ടിരുന്നു. പരീതിൻെറ മദ്ധ്യസ്ഥകോടതിയിൽ വക്കീലും വിധികർത്താവും ഒരാൾതന്നെയായിരുന്നു. അവിടംകൊണ്ടു തീരാത്തവഴക്കുകൾ ഉണ്ടായിരുന്നില്ല. അദ്ദേഹം വസതിയിലുള്ളപ്പോൾ ആരെങ്കിലും വല്ലസഹായവും തേടി വന്നാൽ, ഭിക്ഷക്കാരായിരുന്നാൽ കൂടിയും അവരെ തൻെറ സമീപത്തേക്കയക്കേണമെന്നു ഭൃത്യന്മാരോടു ആജ്ഞാപിച്ചിട്ടുണ്ടായിരുന്നു. ചിലപ്പോൾ മദ്ധ്യസ്ഥം സംസാരിച്ചുകൊണ്ടിരിക്കുന്നതിന്നിടയിലായിരിക്കാം ഒരാൾവന്നു തനിക്കുള്ള സാമ്പത്തിക ബുദ്ധിമുട്ടുകളെപ്പററി പറയുന്നതു. മററൊരാളുടെ ആവലാതി ശത്രുക്കളുടെ ഭീഷണിയെ കുറിച്ചായിരിക്കാം; മൂന്നാമത്തവൻ യാചകനായിരിക്കാം. ഇപ്രകാരം കാര്യാലോചന വേളയിൽ പോലും പലരും വന്നു പലതും അദ്ദേഹത്തോടു ബോധിപ്പിക്കാറുണ്ടായിരുന്നു. അക്ഷോഭ്യനായി ഗുമന്ദഹാസത്തോടുകൂടി അയാൾ അതെല്ലാം സശ്രദ്ധം കേട്ടു മനസ്സിലാക്കി അവരുടെ സങ്കടനിവൃത്തിക്കുള്ള പോംവഴികൾ നിർദ്ദേശിച്ചു വേണ്ടതു് പ്രവൃത്തിപ്പാനായി ഏർപ്പാടുകൾ ചെയ്തുകൊടുത്തിരുന്നു. എത്രയും

ഗൌരവമായ പ്രശ്നങ്ങളിൽ തല കൊടുത്തിരിക്കുന്നതിന്നിടയിൽ ഭിക്ഷക്കാരന്റെ കാര്യം തൊട്ട് പലതും ചെയ്തുതീക്കുവാൻ സാഹസപ്പെടുന്ന ഗ്രാമനായകനെപ്പററി സമീപത്തിരിക്കുന്നവർ അസ്വസ്ഥരാകാറുണ്ടായിരുന്നു. വന്നകാര്യം സുഖകരമായി പര്യവസാനിച്ചതിന്റെ ശേഷം ഒരിക്കൽ ഒരാൾ അദ്ദേഹത്തോട് ഇപ്രകാരംചോദിച്ചു "വമ്പിച്ചകാര്യങ്ങളുടെ കൂട്ടത്തിൽ തുച്ഛമായവയും കൂടി കൂട്ടികലത്തുന്നതിന്റെ അനൌചിത്യം അവിടുന്നു എപ്പോഴെങ്കിലും ചിന്തിക്കാറുണ്ടോ?" സവ്വവിശദാംശങ്ങളും പരിശോധിച്ചു അഭിപ്രായം പുറപ്പെടീക്കുന്ന ഒരു ശാസ്ത്രജ്ഞന്റെ കണിശതയോടെ സംസാരിപ്പാൻ കഴിഞ്ഞിരുന്ന ആ മഹാശയൻ ആഗതന്റെ ചോദ്യത്തിന്നു താഴെപറയും വിധം മറുപടികൊടുത്തു.: "കാര്യങ്ങളുടെ ഗുരുലഘുത്വം നിണ്ണയിക്കേണ്ടത് ആ പ്രശ്നങ്ങളുമായി ബന്ധപ്പെട്ടവരാണ്. ഒരു യാചകന്റെ സംഗതി അവനെ സംബന്ധിച്ചിടത്തോളം ഗുരുതരമാണ്. എരിപൊരികൊള്ളുന്ന വയററിന്റെ പൈദാഹശാന്തിയാണ് അവന്റെആവശ്യം. ഉടനടിനിവ്വഹിക്കപ്പെടേണ്ടതാണ് അതു അപ്രകാരംതന്നെയാണ് മററുള്ളവരുടെതും. നിങ്ങളും നിങ്ങളെപ്പോലെ സമുദായമദ്ധ്യത്തിൽ ഉന്നതനിലവാരത്തിൽ ആരൂഢരായ മററുള്ളവരും പാവങ്ങളുടെനേരെ അനുകമ്പയുള്ളവരല്ല. അവരുടെ ദീനരോദനങ്ങൾ നിങ്ങളുടെ ചെവികളിൽ നിസ്സാരങ്ങൾ മാത്രമാണ്. ഹൃദയവിശാലതയുള്ളവക്കേ ദീനാനുകമ്പയുണ്ടാകയുള്ളു." അദ്ദേഹം തുടന്നു" എന്റെവസതിയിൽ–എന്റെ അധികാരപരിധിയിൽ–നിസ്സാരനും ഉന്നതനും തുല്യരാണ്. പാവങ്ങൾ ഒന്നിച്ചിരുന്നു ഞാൻ ഭക്ഷണം കഴിക്കും. അവരുമായി ഞാൻ നർമ്മസല്ലാപം ചെയ്യും. എന്റെ ഒപ്പം സമനിലയിൽ അവർ ആസനസ്ഥരാകുന്നത് എനിക്ക് സമ്മതമാണ്. പക്ഷെ അവർ അങ്ങിനെ ചെയ്യാറില്ല. അതെന്റെകുററമല്ല. ഹാ! എത്രഉൽകൃഷ്ടമാണ് നിമ്മലമായ ആ കവിഹൃദയം! എത്ര സമത്വസുന്ദരമായ ഒരു ലോകത്തെയാണ് അദ്ദേഹം വിഭാവനം

ചെയ്യുന്നത്! ഇവിടെ വായനക്കാക്ക് ഒരു സംശയത്തിന്നവകാശമുണ്ടു്. വസ്ത്രധാരണവും ഭക്ഷണരീതിയും ഭവനത്തിലെ മോടിയും കണ്ടാൽ അദ്ദേഹത്തിൽ വിനയത്തിൻെറ അഭാവം നിഴലിച്ചു കാണപ്പെടുകയില്ലേ എന്നൊരു തോന്നൽഉണ്ടാവാൻ ഇടയുണ്ടു്. സുഖകരമായ ഭക്ഷണവും സുഖസുന്ദരമായ വസതിയും ഉന്മേഷപ്രദമായ വസ്ത്രധാരണവും മനസ്സിന്നും ശരീരത്തിന്നും കുളർമയുണ്ടാകുവാൻ പര്യാപ്തങ്ങളാണു്. ഉൽകൃഷ്ടമായ ഒരു മനസ്സിൽനിന്നും ഉദയംചെയ്യുന്ന എന്തും നിമ്മലമായിരിക്കും. ഇതിനെ ലക്ഷ്യംവെച്ചുകൊണ്ടായിരുന്നു അദ്ദേഹം ശുദ്ധവസ്ത്രധാരണം ചെയ്തിരുന്നതും പത്ഥ്യാഹാരങ്ങറം കഴിച്ചിരുന്നതു മററം. അല്ലാതെ വിനയത്തിൻെറ പര്യായമായിരുന്ന പരീതിനെ ദുർഗ്ഗുണങ്ങളൊന്നും തീണ്ടിയിരുന്നില്ല. മാദ്ധ്യസ്ഥം പറഞ്ഞവസാനിപ്പിച്ചിരുന്ന വഴക്കുകറംക്കൊന്നും അദ്ദേഹം പ്രതിഫലം വാങ്ങിയിരുന്നില്ല. കവിയുടെ ആവേശപരമായ ഈ ധീരമറുപടി കേട്ടപ്പോറം അയാളുടെ ഹൃദയം പിടപിടച്ചു. ആയാറം ഇപ്രകാരം പറഞ്ഞു: "എൻെറ ഭാവനയും നിങ്ങളും തമ്മിലുള്ള അന്തരം എത്രവിദൂരം! യഥാത്ഥമായ ഒരു അനുഗ്രഹീത പുരുഷന്നു മാത്രമെ ഇത്തരം പരിപാവനമായ മന:സ്ഥിതി ഉണ്ടാവുകയുള്ളു. അവിടുന്നു എനിക്കു നല്കീട്ടുള്ള ഉപദേശങ്ങളാൽ ഈയുള്ളവനിൽ ഉൽഭൂതമായ നിർവൃതി അവാച്യമാണു്! അലസതാവിലസിതനായിട്ടു കവിയെ ഒരിക്കലും കണ്ടിരുന്നില്ല. ദൂരദേശങ്ങളിൽ പാട്ടുകച്ചേരിക്കായി ക്ഷണിച്ചുകൊണ്ടുപൊയിരുന്നതു് അനേകം തണ്ടുകറംവെച്ചു അലംകൃതമായ തോണിയിലായിരുന്നു. ഇത്തരം വള്ളംയാത്ര അക്കാലത്തെ നാടുവാഴികറംക്കും മററപ്രഭുക്കന്മാക്കും മാത്രമേ അനുവദനീയമായിരുന്നുള്ളു. അദ്ദേഹം സ്ഥലത്തെത്തുന്നതിന്നു മുമ്പായി തൻെറ എഴുന്നള്ളത്തം പ്രസിദ്ധം ചെയ്യപ്പെട്ടിരുന്നു. പരിചരണത്തിന്നായി ഭൃത്യന്മാരും നിയമിക്കപ്പെട്ടിരുന്നു. അദ്ദേഹം സംസാരിക്കുമ്പോറം ആരും ഇടയിൽകയറി ഉരിയാടാറുണ്ടായിരുന്നില്ല.

ദിനചര്യാനുഷ്ഠാനങ്ങളിൽ വലിയ നിർബ്ബന്ധമുള്ള ഒരാളായിരുന്നു പരീത്. അദ്ദേഹത്തിൻെറ പരിപാടിയനുസരിച്ചു കാര്യങ്ങളെല്ലാം നടന്നു പോകേണ്ടതുണ്ടായിരുന്നു. രാത്രി വൈകികിടന്നാലും സൂര്യോദയത്തിന്നു മുമ്പായി അദ്ദേഹം എഴുന്നേല്ക്കുന്നതോടൊപ്പം വീട്ടിൽ മററുള്ളവരും ഉണരേണ്ടതുണ്ടായിരുന്നു കണികാണുന്ന കാര്യത്തിൽ വലിയകണിശമുണ്ടായിരുന്ന അദ്ദേഹത്തിന്നു തത്സമയം ദുർല്ലക്ഷണങ്ങളൊന്നും തൻെറ ദൃഷ്ടിയിൽ പെടാതിരിപ്പാൻ ചിലപ്പോൾ ഗൃഹനായകൻ സാഹസപ്പെട്ടിരുന്നു. തൻെറ ആയുഷ്ക്കാലത്തിൽ ഓരോദിവസവും സുദിനമായി ലഭിക്കുവാൻ ആ കലാകാരൻ ചിലപ്പോൾ സാഹസപ്പെട്ടിരുന്നു. ദൂരസ്ഥലങ്ങളിൽ അതിഥിയായി കൂടിയിരുന്ന കാലഘട്ടങ്ങളിൽ പോലും കണികാണുന്ന സംഗതിയിൽ ആശങ്ക പ്രദർശിപ്പിച്ചു. പ്രഭാത സൂര്യൻെറ അരുണകിരണങ്ങൾ അകത്തോട്ടു പ്രവേശിക്കുവാനായി കിഴക്കുപടിഞ്ഞാറെ വാതിലുകൾ നേത്തേ തന്നെ തുറന്നുവെക്കുകയും അതുവരെ ഗൃഹത്തിന്നുള്ളിൽ വിളക്ക് ജ്വലിച്ചു കൊണ്ടിരിക്കയും ചെയ്തിരുന്നു. കവിയുടെ പ്രഥമപരിപാടി ദന്തശുദ്ധീകരണമായിരുന്നു; തുടന്നുകൊണ്ടു സ്നാനവും നടത്തിയിരുന്നു. ഇതെല്ലാം സൂര്യോദയത്തിന്നു മുമ്പായി നടത്തപ്പെട്ടിരുന്നു. പിന്നീടു ശുദ്ധവസ്ത്രധാരണം ചെയ്തു പ്രാർത്ഥനക്കൊരുക്കമായി. അതിൽ നിന്നും വിരമിച്ചു കഴിഞ്ഞാൽ ചൂടുള്ള പാനീയം കിട്ടേണ്ടിയിരുന്നു. അനന്തരം വിശുദ്ധ "ഖുറആൻ" പാരായണത്തിൽ വ്യാപൃതനായി കാണപ്പെട്ടു. ഇങ്ങിനേയുള്ള ചടങ്ങുകളോടുകൂടിയായിരുന്നു ഓരോ സുദിനത്തേയും അദ്ദേഹം സ്വാഗതം ചെയ്തിരുന്നതു. ഗൃഹകാര്യങ്ങളായിരുന്നു പിന്നീടു തൻെറ ശ്രദ്ധയേ ആകർഷിച്ചിരുന്നതു. ഏതാണ്ടു എട്ടുമണിയോടുകൂടി പ്രാതലിന്നുള്ള വട്ടമായി; തത്സമയം പുറമേ നിന്നും വല്ലവരും ഉണ്ടാവുന്നതു അദ്ദേഹത്തിന്നു അതിയായ സന്തോഷമായിരുന്നുവത്രെ. തനിച്ചിരുന്നു ഭക്ഷണം കഴിക്കേണ്ട

സന്ദർഭം പാണ്ടികശാലക്കൽ ഉണ്ടാവാറില്ലത്രെ. ലോഭം കൂടാതെ ഭക്ഷണകാൎയ്യങ്ങളിൽ വ്യയം ചെയ്തിരുന്ന ആ ദാനമന്ദിരത്തിൽ പുറമേ നിന്നും സമീപത്തുനിന്നും ജനങ്ങൾ വന്നുകൊണ്ടിരുന്നു. ഭക്ഷ്യപദാൎത്ഥങ്ങളെ വൎണ്ണിച്ചു കൊണ്ടും വിനോദവാൎത്തകൾ പറഞ്ഞും ആയിരുന്നു സംതൃപ്തമായ വിഭവങ്ങൾ ഗൃഹനാഥനും അതിഥികളും ഭുജിച്ചിരുന്നതു. സുഭിക്ഷമായ ഭക്ഷണത്തിന്നു ശേഷം താംബൂലം കൊണ്ടുവന്നു സുഖമായൊന്നു മുറുക്കി രസത്തിൽ അങ്ങിനെ സ്വല്പനേരം കഴിച്ചു കൂട്ടിരുന്നു. പിന്നെയായിരുന്നു തനിക്കഭിമുഖീകരിക്കേണ്ടിയിരുന്ന വമ്പിച്ച പ്രശ്നങ്ങളെപ്പററി അദ്ദേഹം ചിന്തിച്ചിരുന്നതു, മദ്ധ്യസ്ഥതക്കായി കാത്തുനില്ക്കുന്നവർ ക്ഷണിക്കുവാൻവേണ്ടി വന്നവർ, സന്ദേശവാഹകന്മാർ തർക്കവിഷയങ്ങൾക്കു മറുപടിയും വിശദീകരണവും ആവശ്യപ്പെടുന്നവർ, വസ്തുക്കൾ കൈമാററം ചെയ്യേണ്ടവർ അവയുടെ വാങ്ങൽവില്പന മുതലായവയിൽ ഉപദേശമാരായുന്നവർ, പാട്ടുകച്ചേരിക്കായി അദ്ദേഹത്തെ ഒരുമിച്ചുകൊണ്ടുപോകുവാനായി വെമ്പുന്ന ദൂരദേശത്തുകാർ, ശത്രുക്കളുടെ ഭീഷണിയെ ഭയന്നു അഭയം തേടിയവർ, ദുരിതനിവാരണത്തിന്നായി സംഭാവന വാങ്ങുവാൻ എത്തിച്ചേൎന്നവർ സംശയങ്ങൾ തീൎത്തുകിട്ടുവാനായി അദ്ദേഹത്തിൻെറ സമയവും പാൎത്തുകൊണ്ടു നില്ക്കുന്ന ഗായകസംഘത്തിലെ ശിഷ്യന്മാർ, ആധാരത്തിൻെറ പകർപ്പുണ്ടാക്കി കിട്ടേണ്ടവർ ഗ്രാമക്കോടതിയിൽ ഹാജരാവേണ്ട പ്രതികൾ, അന്യായം ഫയലാക്കേണ്ടവർ, നിർദ്ദേശങ്ങൾ ആവശ്യപ്പെട്ടുകൊണ്ടു നില്ക്കുന്ന സ്വന്തം കാൎയ്യസ്ഥന്മാർ, വീട്ടാവശ്യങ്ങൾക്കു വേണ്ടസാധനസാമഗ്രികൾ വാങ്ങുവാൻ ആജ്ഞയും കാത്തുനിലകൊള്ളുന്ന ഭൃത്യന്മാർ തുടങ്ങിയ പല പല പ്രശ്നങ്ങളും അഭിമുഖീകരിക്കേണ്ട തിരക്കിട്ട പരിപാടികളായിരുന്നു ഓരോ ദിവസവും അദ്ദേഹത്തിന്നുണ്ടായിരുന്നതു. ഇതേ സംബന്ധിച്ചു കവിയുടെ മാതാവു ഒരവസരത്തിൽ പ്രസ്താവിക്കയുണ്ടായി, തൻെറ പുത്രൻ ഭവനത്തിലുള്ളപ്പോൾ അവിടം ഒരു

കച്ചേരിപോൽ ആയിരുന്നുവെന്നു. സമസ്തകാര്യങ്ങളും ഒരു ചിട്ട യോടുകൂടി വേണമെന്നുള്ള നിർബ്ബന്ധം അദ്ദേഹത്തിന്നുണ്ടാ യിരുന്നു. തന്റെ അധികാരപരിധിയിൽപ്പെട്ട ഒരു ചെറുസംഗ തിപോലും കണ്ടഭാവം നടത്തിക്കാട്ടുന്നതു അദ്ദേഹത്തിന്നു സമ്മ തമായിരുന്നില്ല. വീടും പരിസരവും സദാ ശുചിയോടെ അലം കൃതമായി കാണപ്പെടുകയെന്നതു സഹൃദയനായ കവിക്കു ഏററവും സന്തോഷപ്രദമായ ഒരു കാര്യമായിരുന്നു. പ്രാകൃതികദൃശ്യങ്ങളെ മനോഹരങ്ങളാക്കുവാൻ തന്റെ കഴിവിന്നനുസരിച്ചുള്ളതെല്ലാം അയാഠം ചെയ്തു. ഭൃത്യന്മാരോടു സമഭാവനയിലും ദാക്ഷിണ്യത്തോ ടും കൂടി വർത്തിക്കുവാൻ പോരുന്ന ഹൃദയവിശാലത അദ്ദേഹത്തി ന്നുണ്ടായിരുന്നു; പക്ഷെ കൃത്യനിർവ്വഹണത്തിൽ വൈമുഖ്യം കാ ണിച്ച വേലക്കാരോടു പരുഷമായി പെരുമാറുവാനും അയാഠംക്ക റിയാമായിരുന്നു. തന്റെ ആശ്രിതന്മാൎക്കു അവർ ചെയ്തുപോയ കു ററത്തിന്നു അദ്ദേഹം കൊടുത്തിരുന്ന ഏററവും വലിയ ശിക്ഷ അ വരുടെ നേൎക്കുള്ള തന്റെ കോപകലുഷിതമായ വീക്ഷണവും ചി ലപ്പോഠം കുറഞ്ഞനാഠംവരേയ്ക്കും അവരുമായുള്ള നിസ്സഹകരണവു മായിരുന്നുവത്രെ. എന്നാൽ പ്രസ്തുത ഭൃത്യന്മാരെ സംബന്ധിച്ചിട ത്തോളം ആ ശിക്ഷകഠം അവൎക്കു അസഹനീയമായിരുന്നു. മൃദുല കരങ്ങഠംകൊണ്ടു് തലോടി ലാളിച്ചു പരിപാലിച്ചുകൊണ്ടിരുന്ന ആ യജമാനനെ അവർ തങ്ങളുടെ പ്രാണന്നു സമമായിക്കരുതി പ്പോന്നിരുന്നു. അവർ ക്ലേശിക്കുന്നതായിട്ടോ വിലപിക്കുന്നതാ യിട്ടോ മററാ കവിയുടെ ദൃഷ്ടിപഥത്തിൽപ്പെട്ടാൽ ഭൃത്യന്മാർ ചെയ്തുപോയ മുഴുവൻ അപരാധങ്ങളും അദ്ദേഹം ക്ഷമിച്ചു അവരെ തന്റെ സ്നേഹമസൃണമായ കരങ്ങഠംകൊണ്ടു തലോടി അന്നേദി വസം അവരൊന്നിച്ചിരുന്നു ഭക്ഷണംകഴിച്ചിരുന്നു. അതോടുകൂടി യജമാനനും ഭൃത്യജനങ്ങളും ഒന്നായിത്തീൎന്നു പൂർവ്വാധികം ശുഷ്കാ ന്തിയോടുകൂടി അവർ തങ്ങളുടെ ജോലികഠം നിർവ്വഹിക്കുക യായി. മകന്റെ അടുക്കൽ വല്ലകാര്യവും സാധിച്ചുകിട്ടുവാ

നായി വന്നവക്ക് എന്തെങ്കിലും സംഗതിവശാൽ അതു സാദ്ധ്യമാവാതെ വന്നുവശായാൽ പിന്നെ അവക്കു അക്കാര്യം കൈവരുത്തുവാനുള്ള അപ്പീൽകോതി കവിയുടെ മാതാവായിരുന്നുപോൽ. മാതാവിൻെറ വാക്കുകൾ പുത്രൻ ഒരിക്കലും നിരസിക്കാറില്ലായിരുന്നു. കവിഞ്ഞ മതിപ്പോടു കൂടിയായിരുന്നു എപ്പോഴും എവിടെവെച്ചും ആ വിദുഷിയെപ്പററി കവി സംസാരിക്കാറുണ്ടായിരുന്നത്. തൻെറ സവ്വശ്രേയസ്സിന്നും ഹേതുഭൂതയായ മാതാവിൻെറനേക്കുള്ള മകൻെറ ഭക്ത്യാദരങ്ങൾ സീമാതീതമായിരുന്നു. ദൂരയിടങ്ങളിൽ യാത്രപോവുമ്പോൾ അവരുടെസമീപത്ത് മകൻ വിനീതനായി നിലകൊണ്ടിരുന്നു. മാതാവ് അനുഗ്രഹിച്ചു സമ്മതം നല്കിയാൽ മാത്രമേ അയാൾ യാത്രപുറപ്പെട്ടിരുന്നുള്ളു. സവ്വദാ പരസ്പരം കണ്ടുകൊണ്ടിരിക്കുകയെന്നതായിരുന്നു—ഇരുവരുടെയും പ്രാത്ഥനകൾ. വിദൂരയാത്രകഴിഞ്ഞു മടങ്ങിവരുന്ന തനയനെ ഉററുനോക്കിക്കൊണ്ടിരുന്ന ആ മഹതിയുടെ കാല്ക്കൽ തനിക്കു ലഭിച്ച സമ്മാനങ്ങൾ മുഴുവനും അദ്ദേഹം സമപ്പിക്കുക പതിവായിരുന്നു. തൻെറ മുഴുവൻ സൂക്ഷിപ്പുകളുടെയും ഭണ്ഡാരമായിരുന്നു ആ വന്ദ്യമാതാവ്. ദൂരദേശപര്യടനത്തിന്നുള്ള സമയം സമാഗതമായാൽ മകൻ പലനിബന്ധനകൾക്കും വിധേയനായിരുന്നു. അശുഭ സംഭവങ്ങളൊന്നും തൻെറപുത്രനിൽ ഫലിക്കാതിരിക്കുവാനായി അവർ പ്രത്യേക പ്രാത്ഥനകളും വഴിവാടുകളും നടത്താറുണ്ടായിരുന്നു.

പരിപാവനമായി പരിലസിച്ചിന്നരു പരിസരവും ശുചിത്വത്തോടുകൂടി അലംകൃതമായ വസതിയും സുസ്മേരവദനരായി കാണപ്പെട്ടിരുന്ന അന്തേ:വാസികളും ഉത്സാഹ ഭരിതരായി കാണപ്പെട്ടിരുന്ന ഭൃത്യജനങ്ങളും കൃത്യനിവ്വാഹണത്തോടുകൂടിയ ഗൃഹനായകൻെറ സുഖപ്രദമായ പെരുമാററവും എല്ലാംകൂടി അവിടെ സ്വഗ്ഗാനുഭൂതി സൃഷ്ടിച്ചു. വൃത്തിഹീനമായ വേഷത്തിൽ കവിയെ സമീപിക്കുവാൻ ആരും ധൈയ്യപ്പെട്ടിരുന്നില്ല.

സ്വന്തംനിലയിൽ കവി വസ്ത്രധാരണത്തിൽ അതിർ കവിഞ്ഞ ശ്രദ്ധപതിപ്പിച്ചിരുന്നു. ശുദ്ധമായ വസ്ത്രധാരണം തൻെറ വലിയ നിർബ്ബന്ധമായിരുന്നു. ദൂരദിക്കുകളിൽ പര്യടന ത്തിന്നോ പാട്ടുകച്ചേരിക്കോ പോകുമ്പോൾ അദ്ദേഹം വിശേ ഷപ്പെട്ട ഉടുപ്പുകൾ സൂക്ഷിക്കാറുണ്ടായിരുന്നു. അക്കാലത്തെ ഏററവും വലിയ ഫേഷനായിരുന്നതു മോടിയിൽ തുന്നിയുണ്ടാ ക്കിയ മൂന്നുകുടുക്ക കുപ്പായവും കസവുകൊണ്ടും വിവിധവർണ്ണ ത്തിലുള്ള പട്ടുനൂൽകൊണ്ടും പട്ടുശീലയിന്മേൽ വിചിത്രമായി ചിത്രണം ചെയ്തു തുന്നിയുണ്ടാക്കിയിരുന്ന തലക്കെട്ടും ജുബ്ബയും മററുമായിരുന്നു. സാധാരണയായി അദ്ദേഹം തലയിൽ തൊ പ്പിധരിക്കാറുണ്ടായിരുന്നില്ലെങ്കിലും തൻെറ വസ്ത്രങ്ങൾക്കിടയി ൽ അന്നു നടപ്പുള്ള നാലുതരം തൊപ്പികളും സൂക്ഷിച്ചിരുന്നു. *വാനമ്പൂരി ഉറുമാലും*മദിരാശി ഉറുമാലും അദ്ദേഹംസാധാരണ, ഉപയോഗിക്കാറുണ്ടായിരുന്നു. തോടിത്തൊപ്പി,, കറത്തറമ്പി, "ചുരുൾ,, ആനക്കണ്ണൻ,, എന്നിവയത്രെ പ്രസ്തുതനാലുതരം തൊ പ്പികൾ. പത്തൊമ്പതാംനൂററാണ്ടിൽ മാപ്പിളമാരുടെ ഇടയിൽ പ്രചാരമുണ്ടായിരുന്ന തൊപ്പികളാണ്ഇവ. ഇവയിൽ കറത്ത റമ്പിയും ചുരുളും,, ധനികന്മാരും പ്രഭുക്കന്മാരുമായിരുന്നു ധരി ച്ചിരുന്നത്. തോടിയും ആനക്കണ്ണനും സാമാന്യജനങ്ങളായി രുന്നു ധരിച്ചിരുന്നത്. ആനയുടെ കണ്ണുകൾ പോലെ പട്ടുനൂ ൽകൊണ്ടും വിചിത്രമായി തുന്നിയുണ്ടാക്കുന്ന കണ്ണുകൾക്കിടയി ൽ പച്ച,മഞ്ഞ,ചുകപ്പ്,നീല എന്നീനിറത്തിലുള്ള നൂലുകൾ കൊണ്ടും നെയ്തുനിറച്ചിരിക്കും. ഇപ്രകാരം തൊപ്പിയുടെ എല്ലാ ഭാഗങ്ങളും ആനക്കണ്ണുകളും മററ വിചിത്രപ്പണികൾ,കൊണ്ടും ചിത്രണം ചെയ്തും തുന്നിയുണ്ടാക്കുന്ന! ചുരുൾ തൊപ്പിയുടെ അടി ഭാഗം മുഴവനും ചുരുളുകൾ പലവർണ്ണത്തിലുള്ള പട്ടുനൂലുകൾ കൊ ണ്ടു യുന്നിയുണ്ടാക്കിയും അതിനുചുററും ചുരുളുകളും തോടിപ്പുകളും

*ബർഹാമ്പൂർ ഉറുമാൽ

പണിതും മോടിവൎദ്ധിപ്പിക്കുന്നു. മുകൾഭാഗത്ത് ഏതാനും ചുരുളുകളും ഒഴിഞ്ഞസ്ഥലത്ത് തോടിപ്പുകളുമായിരിക്കും. കറത്തറമ്പി തൊപ്പിയുടെ വക്കത്ത് സ്വല്പം വീതിയിൽ കറുത്ത പട്ടു ചിത്രണം ചെയ്തു തുന്നിയുണ്ടാക്കുന്നു. ചിത്രണപ്പഴുതുകളിൽ വെളുത്ത പട്ടുനൂൽകൊണ്ട് തുന്നി ഇടകൾ തുന്നുകളയുന്നു. തൊപ്പിയുടെ പുറം വെളുത്തശീലയിന്മേൽ ഭംഗിയുള്ളതോടിപ്പും മുകളിൽ ചിത്രണങ്ങളും ഒഴിഞ്ഞ സ്ഥലത്തു നെയ്തുതുന്നുമായിരുന്നു കറത്തറമ്പി നിൎമ്മിച്ചിരുന്നതു. ഒരു വിദഗ്ദ്ധ തുന്നൽകാരന്റെ മൂന്നോ നാലോ ദിവസത്തെ പ്രയത്നഫലമായിട്ടുണ്ടാക്കപ്പെട്ടിരുന്ന പ്രസ്തുത തൊപ്പിക്കു അക്കാലത്തു അഞ്ചോ ആറോ രൂപ വിലയുണ്ടായിരുന്നു. മഹാകവിക്കു ഉടുപ്പുകൾ ഉണ്ടാക്കിയിരുന്ന തുന്നൽ വിദഗ്ദ്ധൻ സ്ഥലത്തുണ്ടായിരുന്നു. കുപ്പായം തുന്നലും ചരടു കുത്തലും കുടിൽ വ്യവസായമായി അയാൾ സ്വീകരിച്ചുപോന്നു. ആ പാരമ്പൎയ്യത്തൊഴിൽ പ്രസ്തുത കുടുംബക്കാർ അടുത്ത കാലം വരേയും നടത്തിപോന്നിരുന്നു. മൂന്നു കുടുക്കുകുപ്പായം ഏതാണ്ടു ഇന്നത്തെ ലീഡർ ഷൎട്ടുപോലെയായിരുന്നു. അതിനേക്കാൾ മോടിയും ചന്തവും ഉണ്ടായിരുന്നുവെന്നുമാത്രം. ഒരു സമൎത്ഥനായ തുന്നൽകാരന്റെ അനേകദിവസത്തെ പ്രയത്നം കൊണ്ടേ ഒരു മൂന്നുകുടുക്കു കുപ്പായം പൂൎത്തിയായിരുന്നുള്ളു. നിയമാനുസൃതമായ ഒരു "മൂന്നു കുടുക്കി"നു പല ഭാഗങ്ങളിലും വിശിഷ്യ-കഴുത്തു, മാറ, കൈ എന്നീ വിഭാഗങ്ങളിൽ കസവുകൊണ്ടും വിവിധ വൎണ്ണത്തിലുള്ള പട്ടു നൂലുകൾ കൊണ്ടും ചിത്രണം ചെയ്തു തുന്നിയുണ്ടാക്കേണ്ടതുണ്ടായിരുന്നു. ആ ഷൎട്ടിൽ തുന്നൽകാരന്റെ കരകൌശലപാടവം മുഴുവനും പ്രകടമാക്കീട്ടുണ്ടായിരുന്നു. വസ്ത്രാലങ്കാര വിഭൂഷിതനായ തന്റെ മകന്റെ ചിത്രം മാതാവു ഇപ്രകാരം വിവരിക്കുകയുണ്ടായി: "മോടിയും ചന്തവുമുള്ള വസ്ത്രങ്ങൾ ധരിച്ചുകൊണ്ടുനില്ക്കുന്ന എന്റെ പുത്രനെ കണ്ടാൽ ഏതൊരാളും ആ കോമളാകൃതിയെ കണ്ണിമ വെട്ടാതെ വീക്ഷിച്ചുകൊണ്ടിരിക്കും. അവനിൽ വിളയാടിയിരുന്ന ആ രാജകീയ തേജസ്സിൽ

മതിമറക്കാത്തവരായി കണ്ണുള്ളവരിൽ ആരും തന്നെ ഉണ്ടായിരിക്കയില്ല; പുത്രൻെറ പ്രതാപസൌന്ദര്യത്തിൽ പുളകം കൊണ്ട മാതാവു മകനു കണ്ണേറും നാവേറും പററാതിരിക്കുവാനായി ഏറയ ത്തുടിപ്പോടെ മന്ത്രിക്കാറുണ്ടായിരുന്നു.

കാവ്യരചനക്കു പുറമേ ഗ്രാമക്കോടതി വക്കീലായും ആധാരമെഴുത്തുകാരനായും അദ്ദേഹം ജോലി നോക്കീട്ടുണ്ടു. പ്രസ്തുത തൊഴിലുകഠം അയാറം അംഗീകരിച്ചതു കാര്യലാഭം ഇച്ഛിച്ചുകൊണ്ടായിരുന്നില്ല. തൻെറ വരവിൽ ഗണ്യമായ ഭാഗം അദ്ദേഹം ധാർമ്മികവിഷയങ്ങളിലേക്ക് ചെലവഴിച്ചിരുന്നു. ദൂരയിടങ്ങളിലേക്ക് അദ്ദേഹത്തെ പാട്ടുകച്ചേരിക്കായി ക്ഷണിച്ചാൽ അധികപക്ഷവും ക്ഷണങ്ങഠം അദ്ദേഹം നിരസിക്കുകയത്രെ ചെയ്തിരുന്നതു. നിർബ്ബന്ധിതനായാൽ മാത്രമേ സംഗീതമത്സരങ്ങളിൽ കവി പങ്കെടുത്തിരുന്നുള്ളു. ആധാരമെഴുത്തിലും വക്കീൽ പ്രവൃത്തിയിലും ആ കലാകാരനെ പ്രേരിപ്പിച്ചതു സ്ഥലത്തുണ്ടായിരുന്ന അദ്ദേഹത്തിൻെറ ഉററ ബന്ധുവും സുഹൃത്തുമായിരുന്ന പണിക്കവീട്ടിൽ അബ്ദു എന്ന പ്രസിദ്ധ ആധാരമെഴുത്തുകാരനായിരുന്നു. ഒരു തികഞ്ഞ വാഗ്മിയും ഫലിതരസത്തോടു കൂടിയുള്ള സംസാരചാതുര്യമുള്ളവനും, താർക്കികനും ആയിരുന്ന പരീത് ഒരു വക്കീൽ എന്ന നിലയിൽ പ്രശോഭിക്കുമെന്നായിരുന്നു സ്നേഹിതൻെറ വിശ്വാസം. ഒരു ഉല്ലാസത്തിന്നുവേണ്ടി പ്രഭാഷകനായി വേഷം കെട്ടിയെന്നല്ലാതെ അതൊരു ജീവിത ത്തൊഴിലായി അദ്ദേഹം ഒരിക്കലും അംഗീകരിക്കുകയുണ്ടായില്ല. ചിലപ്പോഴൊക്കെ വക്കാലത്തു സ്വീകരിച്ചു കോർട്ടിൽ ഹാജരായിട്ടുണ്ടായിരുന്നു. സാധാരണയായി പ്രതിഭാഗം വക്കാലത്താണ് അദ്ദേഹം പിടിക്കാറുണ്ടായിരുന്നതു. അന്യായക്കാരൻ അദ്ദേഹത്തിൻെറ അഭിപ്രായത്തിൽ അക്രമിയാണത്രെ. അതുകൊണ്ടു അന്യായഭാഗം പിടിച്ചു അയാറം കേസുവാദിക്കാറുണ്ടായിരുന്നില്ല. ആക്രമത്തെ തടുത്തു നില്ക്കുന്ന മർദ്ദിതരത്രെ പ്രതികഠം. തദ്വാരാ അവർ മാ

ക്ഷിണ്യാർഹന്മാരാണെന്നും പാവങ്ങളുടെ നേരെയാണ് സഹായ ഹസ്തം നീട്ടേണ്ടതെന്നുമായിരുന്നു പരീതിൻെറ ന്യായങ്ങൾ. കോടതിയിൽ പരീത് വക്കീൽ ഹാജരായിരുന്ന ദിവസം അവിടെ വലിയ വിനോദമായിരുന്നു. അവിടെ സന്നിഹിതരായിരുന്ന സകലപേരും ചിരിച്ചു മണ്ണുകപ്പിയിരുന്നു. ഫലിത രസത്തോടു കൂടിയുള്ള എതിർ വിചാരണയിൽ കക്ഷികളെ ഇട്ടു കുടഞ്ഞിരുന്നു. ദ്വയാർത്ഥ പ്രയോഗങ്ങളും പദങ്ങൾകൊണ്ടുള്ള ചെപ്പടി വിദ്യകളുമൊക്കെ അയാൾ പ്രയോഗിച്ചിരുന്നു. അന്യായം കളവാണെങ്കിൽ എതിർകക്ഷിയെകൊണ്ടു അസത്യമായിട്ടുള്ളതെന്നു തന്നെ സമ്മതിപ്പിക്കയും ചെയ്തിരുന്നു. ഒടുവിൽ വിധി പ്രസ്താവിച്ചാൽ പരീത് പിടിച്ചിരുന്ന ഭാഗം ജയിക്കുകയും ചെയ്തിരുന്നു. ഗ്രാമക്കോടതി ജഡ്ജിയായിരുന്ന അധികാരിക്കു ഈ വക്കീലിനെപ്പററി കവിഞ്ഞ ഭയമുണ്ടായിരുന്നു. കൈക്കൂലിക്കോ സേവക്കോ വിധേയനായി വിധി പ്രസ്താവിച്ചാൽ പിന്നെ നാട്ടിൽ തല നിവർത്തി നടക്കുവാൻ അധികാരിക്ക് സാദ്ധ്യമല്ലായിരുന്നു. വല്ല അഴിമതികൾക്കും ഗ്രാമത്തലവൻ വിധേയനായിപ്പോയെന്നറിഞ്ഞാൽ അടുത്തദിവസം അയാളെപ്പററി പരീതിൻെറ വക ഹാസസാഹിത്യം പുറത്തുവരുമെന്നത് തീർച്ചയായിരുന്നു. ഒരിക്കൽ അദ്ദേഹം കോടതിയിൽ നിന്നു മടങ്ങിവന്നു അധികാരിയേയും കോടതിയേയും പററി താഴെ പറയുംവിധം ഓട്ടംതുള്ളൽ രീതിയിൽ ഒരു ചെറിയ കൃതി രചിക്കുകയുണ്ടായി. അഭിഭാഷകവൃത്തി അദ്ദേഹത്തിന്നു വരുമാനം വർദ്ധിപ്പിക്കുമായിരുന്നു. പ്രസ്തുത തൊഴിലിൽ അയാൾ ഉറച്ചു നിന്നിരുന്നുവെങ്കിൽ

"കേസ്സുണ്ടെന്നതു കേട്ടധികാരി
വാത്സല്ല്യത്തോടൊന്നുഞെളിഞ്ഞു
വിളിപ്പാനായൊരു മേനവനെവിടെ
അദ്ദേഹക്കഥ കേട്ടില്ലന്നോ

റിഗ്ഗലേഷെല്ലാം ചെറിയൊരു ബുക്കിൽ
വക്കീലന്മാരെല്ലാം അങ്ങൊരു മുക്കിൽ;'

വസ്തുക്കാം നോക്കി വിലയിരുത്തുവാനായി ചിലപ്പോാം അദ്ദേഹം പോകാറുണ്ടായിരുന്നു. ഭൂമി നോക്കി വിലനിർണ്ണയിക്കുവാൻ പരീത് പോയാൽ മററുള്ളവരെപ്പോലെ അധികസമയമൊന്നും തനിക്കു വേണ്ടിവന്നിരുന്നില്ല അതിൻെറ വിലതിട്ടപ്പെടുത്തുവാനായിട്ടു. നിശ്ചയിച്ചിരുന്ന വില ന്യായവും യുക്തവുമായിരുന്നു. എന്നാൽ ഇതിലും ഒരു വ്യത്യാസമുണ്ടായിരുന്നു. എപ്പോഴും അദ്ദേഹത്തിൻെറ നോട്ടത്തിൽ മെച്ചമുണ്ടായിരുന്നതു വസ്തു വില്ക്കുന്നവക്കായിരുന്നു. അതിന്നു കവിപറഞ്ഞിരുന്ന ന്യായം ഒരു സ്വത്തു ഒരാാം വില്ക്കേണ്ടതായി വരുന്നതു വിഷമതകാം കൊണ്ടായിരുന്നു; വാങ്ങുന്നവനോ പണത്തിൻെറ തള്ളൽകൊണ്ടുമായിരുന്നുവത്രെ. അതുകൊണ്ടു അതു വാങ്ങുന്നവൻ സ്വല്പം കൂടുതൽ വിലകൊടുക്കുന്നതിൽ ധാർമ്മികവശവും കൂടിയുണ്ടുപോൽ! അദ്ദേഹം നോക്കി തീർച്ചപ്പെടുത്തിയ വിലയിൽ ഭേദഗതി വരുത്തുവാൻ മറെറാരു വസ്തുനോട്ടക്കാരനും കരളുറപ്പു ഉണ്ടായിരുന്നില്ല. ഇപ്രകാരമായിരുന്നു മഹാനായ കവിവയ്യൻെറ സാമ്പത്തിക സിദ്ധാന്തങ്ങാം. എന്നാൽ ഈ പ്രവൃത്തിയിൽ നിന്നും ഒഴിഞ്ഞുമാറുകയാണ് അദ്ദേഹം ചെയ്തിരുന്നതു. ആധാരമെഴുത്തും അദ്ദേഹത്തിന്നു അറിയാമായിരുന്നു. വാചക ചുരുക്കം തൻെറ ഒരു പ്രത്യേകതയത്രെ. മാമൂൽ വാചകങ്ങളെയെല്ലാം കളഞ്ഞു അവശ്യം വേണ്ട സംഗതികാം മാത്രമേ അദ്ദേഹം രേഖപ്പെടുത്തിയിരുന്നുള്ളു. അതുകൊണ്ടു കക്ഷികാംക്ക് സമയനഷ്ടവും അതിർകവിഞ്ഞ ചെലവും വന്നു ചേൎന്നിരുന്നില്ല.പക്ഷെ ഈ കൃത്യത്തിൽ നിന്നും അദ്ദേഹം വിട്ടുമാറുകയാണ ഉണ്ടായതു. കവിഞ്ഞവരുമാനം ഉണ്ടാകുവാൻ പര്യാപ്തമായിരുന്ന ഇത്യാദിതൊഴിലുകളുടെ നേരെ വൈമുഖ്യം കാണിക്കുന്നതെന്താണെന്നു തൻെറ ആത്മമിത്രങ്ങ

ളിൽ ഒരാഠം അദ്ദേഹത്തോട്ട ചോദിക്കുകയുണ്ടായി; അപ്പോഠം അദ്ദേഹം പറഞ്ഞ മറുപടിയാണിതു: "വക്കീൽ പ്രവൃത്തി, വസ്തു നോട്ടം, ആധാരമെഴുത്തു മുതലായ തൊഴിലുകളിൽ നിരതനായ ഒരാഠംക്ക് കളങ്കം പ്രവൃത്തിക്കേണ്ടതായി വന്നുകൂടും; തദ്വാരാ അയാളുടെ സ്വഭാവത്തിൻെറ പാവനത്വവും നൈമ്മല്ല്യവും നശിപ്പിക്കപ്പെടുന്നതുമാണ്. അതുകൊണ്ടു ഇങ്ങിനെയുള്ള പ്രവൃത്തികളൊന്നും ഞാൻ ഇഷ്ടപ്പെടുന്നില്ല" ക്രമേണ അവയിൽ നിന്നെല്ലാം വിമുക്തനായി അദ്ദേഹം കാവ്യരചനയിൽമാത്രം വ്യാപൃതനായി.

1051ൽപരീതും തൻെറ മാതാവും കൂടി എഴുതി ചാവക്കാട് സബ്റജിസ്ട്രാപ്പീസിൽ റജിസ്ട്രാക്കിയ ഒരു ആധാരം ഇന്നും ചേററുവായിൽ ഒരാളുടെ പക്കൽ സൂക്ഷിപ്പുണ്ടു. മഹാകവിയുടെ സ്വന്തം കയ്യക്ഷരത്തിൽ എഴുതിയതാണ് പ്രസ്തുത ആധാരം.

## കവിയുടെ ഗൃഹം

പാണ്ടികശാലക്കൽ ഭവനം വിശാലമേറിയതും സകല സുഖ സൌകര്യാദികളോടുകൂടിയതുമായിരുന്നു. വിസ്തൃതമായ അതിൻെറ പൂമുഖത്തു നൂറിൽ പരം പേക്കു യഥേഷ്ടം ഇരിക്കാമായിരുന്നു. ഇതിനോടനുബന്ധിച്ചു തെക്കും വടക്കും ഭാഗങ്ങളിലായി അയ്യഞ്ചുമുറികളും സ്ഥിതിചെയ്തിരുന്നു. പൂമുഖത്തിന്നഭിമുഖമായി വിശാലമായ രണ്ടുമുറികഠം ഗൃഹത്തിന്നുള്ളിൽ കാണപ്പെട്ടിരുന്നു. തുടർച്ചയായി വേറേയും രണ്ടുമുറികളുണ്ടായിരുന്നു. ഇതോടൊപ്പം തന്നെയായിരുന്നു സൌകര്യപ്രദമായ അടുക്കള നിലകൊണ്ടിരുന്നതു. അതിഥികളെ സ്വീകരിച്ചിരുന്നതു പൂമുഖത്ത്‌വെച്ചായിരുന്നു. അവക്കു വിശ്രമത്തിന്നും ഭക്ഷണം കഴിപ്പാനും മററുമുള്ള സകലസൌകര്യങ്ങളും ആ ഗൃഹത്തിന്നുള്ളിൽ തന്നെയുണ്ടായിരുന്നു. കവിയുടെ ആലോചനമുറിക്ക് വീട്ടുകാർ

വലിയ പ്രാധാന്യം കല്പിച്ചിട്ടുണ്ടായിരുന്നു. മററുള്ളവൎക്ക അവിടെ പ്രവേശനമുണ്ടായിരുന്നില്ല. പൂമുഖത്തിന്നു തൊട്ടു മദ്ധ്യത്തിൽ സ്ഥിതിചെയ്തിരുന്ന ചിത്രണം ചെയ്ത കട്ടിലയോടുകൂടിയ വിശാലമായ വാതിൽ തുറന്നാൽ കാണപ്പെട്ടിരുന്നതു ഏററവും വലിയ ഭവനത്തിന്നകത്തെ പ്രഥമ മുറിയത്രെ. മീതെ ഭംഗിയുള്ള തട്ടും ഇട്ടിരുന്നു. അയിനിയും തേക്കുമായിരുന്നു അതിന്നുപയോഗിച്ചിരുന്ന മരങ്ങൾ. പ്രസ്തുതമുറിയിൽ വെച്ചായിരുന്നു ഗൃഹവാസികൾ സമ്മേളിക്കാറുണ്ടായിരുന്നതു. ഭംഗിയിൽ അലംകരിച്ച കട്ടിലും അതിന്മേൽ മൃദുമെത്തയും തലയണകളും വിരിപ്പുകളുമുണ്ടായിരുന്നു. കസേലകളും ചാരുപടികളും മററു സാമഗ്രികളും അവിടത്തെ സുഖസൌകര്യങ്ങളെ വൎദ്ധിപ്പിച്ചു. ആട്ടുകട്ടിലും ഉണ്ടായിരുന്നു. വിവിധ നിറപ്പകിട്ടുള്ള കണ്ണഞ്ചിപ്പിക്കുന്ന സ്ഫടിക മണികൾ മുകളിൽ കാററിൽ ചാഞ്ചാടുന്നുണ്ടായിരുന്നു. ഇപ്രകാരം പ്രസ്തുത ഭവനത്തിൻെറ പ്രതാപത്തിന്നു സാക്ഷ്യം വഹിച്ചുകൊണ്ടായിരുന്നു കമനീയമായി അലങ്കരിക്കപ്പെട്ട സുഖപ്രദമായ ആ മുറി നിലകൊണ്ടിരുന്നതു. ഇനി നമുക്കു ശയനമുറിയിലേക്ക് പ്രവേശിക്കാം. അവിടെ പ്രേക്ഷകന്മാരെ പ്രഥമവീക്ഷണത്തിൽ ആകൎഷിച്ചിരുന്നതു കാററിൽചാഞ്ചാടുന്ന സ്ഫടിക മണികളായിരുന്നു. ആകൎഷണീയമായി അലങ്കരിക്കപ്പെട്ട കട്ടിലും അതിന്നുമീതെ ഭംഗിയുള്ള മേലാപ്പും മററുപകരണങ്ങളും ആ മണിയറയുടെ മനോഹരതയ്ക്കു മാററുകൂട്ടിക്കൊണ്ടിരുന്നു. ഇതിന്നുതൊട്ടടുത്ത മുറിയിലേക്കു പ്രവേശിക്കുവാനുള്ള വാതിൽ വിസ്താരമുള്ളതായിരുന്നില്ല. സാധാരണയായി അത് അടച്ചിട്ടുകയായിരുന്നു പതിവു. അവിടെയായിരുന്നു പ്രധാന സൂക്ഷിപ്പുകളെല്ലാം വെച്ചിരുന്നതു. ഇതിൻെറ അധികാരം മുഴുവനും കവിയുടെ മാതാവിൽ നിക്ഷിപ്തമായിരുന്നു. അവരുടെ പരമാധികാരത്തെ ചോദ്യംചെയ്വാൻ പാണ്ടികശാലക്കൽ ആരുമുണ്ടായിരുന്നില്ല. എന്നാൽ ബുദ്ധിമതിയായ ആ മാതാവു മകൻെറ ഹിതാനുസരണം എല്ലാകാൎയ്യങ്ങളും ചെയ്തുകൊടുത്തു. പൂമുഖത്തി

ൻെറ പൂമുററത്തിൽ തഴച്ചുവളൎന്ന രണ്ടുചെന്തെങ്ങുകളും അവയിൽ നിബിഡമായ കായയും ആഗതൎക്ക് സ്വാഗതമരുളികൊണ്ടു നിന്നിരുന്നു. പുഷ്പിച്ചുനില്ക്കുന്ന പലവൎണ്ണത്തിലുള്ള ചെടികളുള്ള പൂന്തോട്ടവും അടുത്തായി തഴച്ചുവളൎന്ന കുററൻവാഴകളും ചുററും കോട്ടമതിൽ പോൽ കെട്ടിയുണ്ടാക്കിയ ഇടതൂൎന്ന മുള്ളുവേലിയും പ്രസ്തുത ഭവനത്തിൻെറ ഗാംഭീൎയ്യവും മനോഹരതയും വിളിച്ചുപറഞ്ഞിരുന്നു. അതിവിശാലമായ ആ പറമ്പിൽ ഗ്രഹത്തിന്നല്പം ദൂരത്തായി ഏതാണ്ടു തെക്കുപടിഞ്ഞാറെ പാൎശ്വത്തിൽ ഒരു വമ്പിച്ച താമരപ്പൊയ്കയും സ്ഥിതിചെയ്തിരുന്നു. ഇതു പുരുഷന്മാരുടെ ഉപയോഗത്തിന്നായി നീക്കിവെച്ചിട്ടുള്ളതത്രെ. ഇപ്രകാരമുള്ള മറെറാരു കുളം വീട്ടിൻെറ വടക്കുകിഴക്ക് ഭാഗത്തും ഉണ്ടായിരുന്നു. അതു സ്ത്രീകൾക്ക് വേണ്ടിയുള്ളതായിരുന്നു. പാണ്ടികശാലക്കൽ പറമ്പിൽ കാലൂന്നിയ ഏതൊരു വിദൂരസ്ഥനും തോന്നിയിരുന്നു വിജയശ്രീലാളിതനായ ഒരു ഐശ്വൎയ്യവാൻ അവിടം നിവസിക്കുന്നുണ്ടെന്ന്. ആ മഹാനുഭാവൻെറ വേൎപ്പാടിൽ ബാഷ്പാൎപ്പണം ചെയ്തുകൊണ്ടു പ്രസ്തുത കുളങ്ങൾ രണ്ടും ഇന്നും ജീൎണ്ണാവസ്ഥയിൽ കിടക്കുന്നുണ്ടു.

## കവിയുടെ ആലോചന മുറി

ഏററവും അടുത്ത ബന്ധുമിത്രാദികൾക്ക് മാത്രമേ അവിടെ പ്രവേശനം അനുവദിച്ചു കൊടുത്തിരുന്നുള്ളു. അവിടെ വിശേഷവിധിയായി എന്തെല്ലാമാണുള്ളതെന്നറിവാൻ വായനക്കാൎക്ക് ആഗ്രഹമുണ്ടാകാം. ഒന്നു രണ്ടു കസേലകൾ, സാധാരണമട്ടിൽ ഒരു കട്ടിൽ, ഒരു മേശയും അതിന്നു തൊട്ടു ഒരു സ്ററൂളും വലിയ ഒരു അലമാറയും മാത്രമെ അതിന്നുള്ളിൽ ഉണ്ടായിരുന്നുള്ളു. യാതൊരു വിധത്തിലുള്ള അലങ്കാരമോടികളും അവിടെ കാണ്മാനുണ്ടായിരുന്നില്ല. കട്ടിലിന്മേൽ ഒരു മെത്തപ്പായയും ഉയരമുള്ള ഒരു തലയണയും മാത്രം. മേശമേൽ വലിയ ഗ്രന്ഥങ്ങൾ ഒന്നി

നമീതെ മററൊന്നായി കാണപ്പെട്ടിരുന്നു. അലമാരനിറയെ ഗ്രന്ഥങ്ങളായിരുന്നു. നാലുഭാഷകളിലുള്ള ഗ്രന്ഥങ്ങളത്രെ അവ. കുറഞ്ഞഭാഗം എഴുതിവെച്ച വലിയൊരു നോട്ടുപുസ്തകം, രണ്ടു നാലു് "കലമുകരം, സ്റ്റീൽപെൻ, കൂർത്തമുനയുള്ള തുവലുകൾ, കടലാസ്സ് പെൻസിലുകൾ മുതലായവയായിരുന്നു അവിടെ കാണപ്പെട്ട സാമഗ്രികൾ. അറബിമലയാളത്തിലാണല്ലൊ മിക്കവാറും കൃതികൾ അയാൾ രചിക്കാറുണ്ടായിരുന്നതു്. ത്വരിതഗതിയിൽ അറബിഭാഷ എഴുതുവാൻ അദ്ദേഹത്തിന്നു വശമുണ്ടായിരുന്നു; പക്ഷെ കയ്യക്ഷരം തികച്ചും ആകർഷണീയമാണെന്നുപറഞ്ഞുകൂടാ. പ്രചോദനത്താൽ പ്രേരിതനായ ആ കവികോകിലം കാവ്യരചനയിൽ വ്യാപൃതനായാൽ ഏകാന്തത ഏററവും ഇഷ്ടപ്പെട്ടിരുന്നു. തസ്സമയം തൻെറ ധർമ്മപത്നിപോലും അവിടേക്കു കയറിവരുന്നതു് അദ്ദേഹത്തിന്നു വെറുപ്പായിരുന്നു; പുരികം ചുളിക്കാറുണ്ടായിരുന്നു. കാവ്യരചനയിൽ ഏർപ്പെട്ടിരിക്കുന്ന സമയം അദ്ദേഹത്തെ കാണുവാനായി എത്ര ഉന്നതനിലയിലുള്ളവർ വന്നിരുന്നാലും ശരി, അഭിമുഖീകരിക്കേണ്ട പ്രശ്നങ്ങൾ എത്ര ഗൌരവമുള്ളതായിരുന്നാലും വേണ്ടതില്ല, അദ്ദേഹം ഒരിക്കലും കൂടിക്കാഴ്ചക്കവസരം കൊടുത്തിരുന്നില്ല. ആഗതരെ യഥോചിതം സ്വീകരിച്ച് ഉപചരിക്കേണ്ടതു് കാര്യസ്ഥന്മാരുടെ ചുമതലയായിരുന്നു. അതിന്നുള്ള ഏർപ്പാടുകളെല്ലാം അവിടെ ഉണ്ടായിരുന്നുതാനും. ചിലപ്പോൾ അതിഥികൾ അക്ഷമരാകാറുണ്ടായിരുന്നു; നിരാശയുടെ കരിനിഴൽ അവരുടെ മ്ലാനമുഖങ്ങളിൽ പ്രത്യക്ഷപ്പെട്ടിരുന്നു; പക്ഷെ അതുകൊണ്ടു യാതൊരു പ്രയോജനവുമില്ല. അദ്ദേഹം ഏർപ്പെട്ടിരുന്ന കാര്യം പൂർത്തീകരിച്ചശേഷം സുസ്മേരവദനനായി പുറത്തേക്കു വരുന്നതു് കാണാമായിരുന്നു. ഉൽക്കണ്ഠാകുലരായി കാത്തുകൊണ്ടിരിക്കുന്ന കൂട്ടർക്ക് ആകർഷണീയമായ ഗൃഹനാഥൻെറമുഖം കണ്ടമാത്രയിൽ അവരുടെ നൈരാശ്യവും മററും പമ്പകടന്നിരുന്നു. സുപരിചിതരാണെങ്കിൽ കവി തൻെറ സ്നേഹമസൃണമായ കരങ്ങൾകൊണ്ടു അവരെ തലോടുകയായി; ആലിംഗനം ചെയ്യുക

യായി, കുശലപ്രശ്നമായി, ഔദാര്യവർഷം ചൊരിയുകയായി. സംഭാഷണവേളയിൽ എന്തെങ്കിലും ഫലിതരസങ്ങൾ പൊട്ടിച്ചിരുന്നു. പിന്നെ അവിടെ ചിരിയായി, തമാശയായി. ഗൌരവമായ വിഷയങ്ങളുമായി മല്ലിട്ടു തല പുകഞ്ഞുകൊണ്ടിരുന്ന കവിക്കും ആശ്വാസം കൈവന്നിരുന്നു. സൂത്രധാരകനായിരുന്ന കുഞ്ഞവറവിൻെറ ഫലിതരസപ്രഭാഷണം അവിടെ ഒരു നവചൈതന്യം സൃഷ്ടിച്ചിരുന്നു. അതിഥികൾ തങ്ങളുടെ യാത്രാക്ലേശങ്ങളും മററും ഇതുനിമിത്തം മറന്നുകളയാറ് പതിവാണ്. അവർക്കു തത്സമയം അവശ്യം വേണ്ട ഭക്ഷ്യപദാർത്ഥങ്ങൾ സജ്ജമായി അവ ഭോജനശാലയിൽ എത്തിക്കഴിഞ്ഞു. സഹൃദയനായ കവിയും സരസനായ കുഞ്ഞവറവും സരസസല്ലാപംതുടങ്ങി. ഇതിന്നിടയിൽ ആഗതർ ക്ഷുൽപിപാസാദികൾക്ക് ശമനംവരുത്തി. അനന്തരം എല്ലാവരും പൂമുഖത്തു സ്ഥലംപിടിച്ചു. പരമരസികനായ പരീതും അതിലുപരി ഫലിതരസങ്ങൾ പൊട്ടിച്ചിരുന്ന തൻെറ സേവകനും തങ്ങളുടെ മധുരമായ വാണീവിലാസത്താൽ ശ്രോതാക്കളെ ആനന്ദതുന്ദിലരാക്കിത്തീർത്തു. ചിലപ്പോൾ സർവ്വരും ചിരിച്ചു മണ്ണുകപ്പിയിരുന്നു. ഇതിന്നിടയിൽ ആഗതരുടെ പ്രശ്നങ്ങളുമായി അഭിമുഖീകരിക്കുകയും ചെയ്തു. തൻെറ സാന്നിദ്ധ്യത്തിൽ നടന്നുകൊണ്ടിരുന്ന വമ്പിച്ച വാദപ്രതിവാദങ്ങൾക്ക് അയാൾ ഒരു പുതുമയും ജീവനും നല്കിക്കൊണ്ടിരുന്നു. സംഭാഷണങ്ങൾ പര്യവസാനിക്കുന്നതുവരെ ഫലിതരസപ്രയോഗങ്ങൾ നടന്നുകൊണ്ടിരുന്നു. ഇപ്രകാരം കളിയും, കാര്യവുമായി തൻെറ അടുക്കൽ വന്നിരുന്ന മാദ്ധ്യസ്ഥം അദ്ദേഹം പര്യവസാനിപ്പിച്ചിരുന്നു. അതിർകവിഞ്ഞ സ്നേഹബഹുമാനത്തോടുകൂടിയായിരുന്നു ഗൃഹനാഥൻെറ അതിഥികളോടുള്ള പെരുമാററങ്ങൾ. ഇങ്ങിനെ വന്നുചേർന്നവർക്കു മടങ്ങിപ്പോകണമെന്നോ പരീതിന്നു അവരെ പറഞ്ഞയക്കേണമെന്നോ ഉദ്ദേശമില്ലെന്ന ഭാവത്തിൽ അവർ അവിടെ മദിച്ചുപുളച്ചു സമ്മേളിച്ചിരുന്നു. വിടവാങ്ങേണ്ടസമയം വന്നാൽ അവിടത്തെ ധർമ്മസങ്കടം പറയേണ്ടതില്ല.

കുറഞ്ഞ നാളത്തെ പരിചയം കൊണ്ടു അവർ സുഹൃത്തുക്കളായി ക്കഴിഞ്ഞു. അവസാനം ബാഷ്പാർപ്പണം ചെയ്തുകൊണ്ടായിരുന്നു അവരുടെ വേർപ്പാട്.

## തെക്കൻയാത്ര

പരീതിന്നു മുപ്പതു വയസ്സ് പ്രായമുള്ളപ്പോൾ അദ്ദേഹം നാടു വിട്ടുപോകുവാൻ നിർബ്ബന്ധിതനായിത്തീർന്ന ഒരു ദാരുണസംഭവ മുണ്ടായി. 1053ൽ ചേററുവായിൽ അനേകംപേർ പ്രതികളാ യിത്തീർന്ന ഒരു കേസ്സ് ഉത്ഭവിച്ചു. പ്രസ്തുത കേസിൽ നിരപരാ ധിയായിരുന്ന കവിയും ഉൾപ്പെട്ടിരുന്നു. ഒരു ദിവസം പ്രഭാത ത്തിൽ കഥാനായകൻ കുളക്കടവിൽ സ്നാനം ചെയ്യാനായിനി ല്ക്കുകയായിരുന്നു. തത്സമയം അദ്ദേഹത്തെ അന്വേഷിച്ചുകൊണ്ടു് പോലീസുകാർ അടുത്തെത്തിയിരിക്കുന്നുവെന്നവാർത്തയും കൊണ്ടു തൻെറ ഭൃത്യൻ വന്നു.വീട്ടിലേക്കു മടങ്ങിയാൽ പോലീസിൻെറ പിടിയിൽ പെട്ടുപോകുമെന്നത് തീർച്ചയായിരുന്നു. പോലീസ്സെ ന്നു കേട്ടാൽ ഭയമുണ്ടായിരുന്ന കാലവുമാണല്ലോ അന്നു. ഒരു ഈ റൻ മുണ്ടുമാത്രം ധരിച്ചുകൊണ്ടായിരുന്നു ആയാളുടെ അപ്പോഴത്തെ നില്പ്. ഉടൻ അപ്രത്യക്ഷനാകുക എന്നുള്ള ഉപായമാണ് അപ്പോ ൾ അദ്ദേഹത്തിന്നു തോന്നിയത്. കുളക്കടവിൽ നിന്നും ഒട്ടും വിദൂരമായിരുന്നില്ല കിഴക്കുഭാഗത്തുള്ളപുഴ. ജാഗ്രതയിൽ അവി ടെനിന്നും മാറി ഒരു ചെറിയ തോണിയിൽ കയറി തെക്കോട്ടു യാത്രതുടൎന്നു. തന്നെ തിരഞ്ഞുകൊണ്ടു പോലീസുകാർ അനുഗമി ക്കുന്നുണ്ടെന്നായിരുന്നു ആയാളുടെ ഭയാശങ്കകൾ. കരക്കിറങ്ങി പരീത് തന്നെ മററാരും കാണാതിരിപ്പാനായി വളരെസൂക്ഷിച്ചു പല ഊടുവഴികളിൽക്കൂടിയും അന്നുപകൽ മുഴുവനും നടന്നു. രാത്രി യായപ്പോൾ സാമാന്യം ഭേദപ്പെട്ട ഒരുഭവനത്തിൽ കയറിച്ചെന്നു അവിടെ കോലായിൽ ഒരുമൂലയിൽ സ്ഥലംപിടിച്ചു. തത്സമയം അവിടെ ആളുകൾധാരാളം കൂടിയിട്ടുണ്ടായിരുന്നു. വിശപ്പുംദാഹവും

കലശലായി കവിയെകടന്നാക്രമിക്കുന്നുണ്ടായിരുന്നു. പൈദാഹ ശാന്തിക്ക് മാർഗ്ഗംകാണാതെ ആ പരിക്ഷീണൻ നിലത്തുതന്നെ കിടന്നു. എന്തോ ചിലതിന്നെല്ലാം വട്ടം കൂട്ടുകയായിരുന്നു അവിടെക്കൂടീട്ടുണ്ടായിരുന്നവർ. ഓ! പാട്ടുപാടി വിവരിക്കുവാൻ പോകയാണവർ എന്നുമനസ്സിലായി. രംഗം ബഹുരസകരം! ആഗതനോ തികച്ചും വിഷമകരവും. ശക്തിയായ ദാഹമുണ്ടായിരുന്നതിനാൽ അജ്ഞാതനായ ആഗതൻ കുറച്ചുവെള്ളം സമീപത്തുനിന്നിരുന്ന ആളോടുചോദിച്ചു. സംഗീതകലാപരിപാടിയിൽ മുഴുകിയവരുണ്ടോ ഈ ഫക്കീറിൻെറ അഭ്യർത്ഥനകൾ കേൾക്കാൻപോകുന്നു? എരി പൊരി കൊള്ളുന്ന വയറും വരണ്ടതൊണ്ടയുമായി ക്ലേശിക്കുന്നവനുണ്ടോ സംഗീതത്തിലും മററും അഭിരുചിതോന്നുന്നു? അയാളുടെ കണ്ണുകൾ മഞ്ഞളിച്ചു. തലചുററി, തൻെറ അഭ്യർത്ഥനകൾ ആയാൾ പലതവണ ആവർത്തിച്ചു. എല്ലാം നിഷ്ഫലമായി പര്യവസാനിച്ചു. നിർദ്ദയമായ ലോകത്തിൻെറ നേരെ അദ്ദേഹമൊന്നു നോക്കി ഒരു ദീർഘശ്വാസമിട്ടു. ഇതിന്നിടയിൽ അദ്ദേഹം തൻെറ ശിരസ്സൊന്നു മെല്ലെ പൊക്കിനോക്കി. അപ്പോൾ സദസ്സിലേക്ക് ജലവും കൊണ്ടുപൊകുന്ന വൻെറ ദാക്ഷിണ്യത്താൽ സ്വല്പം വെള്ളം ആയാൾക്കു കിട്ടി. ദാഹശമനം വരുത്തിയശേഷം അദ്ദേഹം അവിടെ പാടിക്കൊണ്ടിരുന്ന ഗാനമൊന്നു ശ്രദ്ധിച്ചു. ഓ! തൻെറ മഹാകാവ്യമായ "പുത്തഹിസ്സാമ്" പാടി വിവരിക്കയാണവർ. സന്തോഷപുരസ്സരം കിടന്നുകൊണ്ടു ആ പാട്ടുകേട്ടു പുളകം കൊള്ളുകയായിരുന്നു അയാൾ. പാടുമ്പോൾ അനേകം തെററുകൾ വന്നുപോയിരുന്നു. വിവരണം അതിൽപരം അബദ്ധവും. തെററായ ഭാഗം കേൾക്കുമ്പോൾ ആ കിടന്ന കിടപ്പിൽവെച്ചു ഒന്നുമൂളുകയും ചെയ്തു. പിന്നേയും പാട്ടിൽ അബദ്ധങ്ങൾ വന്നുകൊണ്ടിരുന്നു. അപ്പോഴും ഉറക്കെ മൂളിക്കൊണ്ടിരുന്നു. സമീപത്തുണ്ടായിരുന്നവർ സാരഗർഭമായ അദ്ദേഹത്തിൻെറ മൂളലുകൾ ശ്രദ്ധിച്ചു. അവർ അയാളോടു ചോദിച്ചു മൂളുന്നതു വല്ല രോഗഹേതുവായിട്ടായിരുന്നു

വോയെന്നു. മൌനമായിരുന്നു അദ്ദേഹത്തിന്റെ അതിനുള്ള മറുവടി. തെറുകം കേൾക്കുമ്പോൾ പിന്നെയും മൂളിക്കൊണ്ടിരുന്നു. അവരിൽ ഒരാൾ ഇപ്രകാരം പ്രവചിച്ചു. "ഈ കിടക്കുന്ന ഫക്കീറിന്നു പാട്ടറിയാമെന്നു തോന്നുന്നുണ്ടു്. അയാൾ പാട്ടുകേൾക്കുമ്പോൾ ഇടക്കിടെ മൂളുന്നുണ്ടു; അർത്ഥമുള്ള മൂളലുകളാണതൊന്നം". ഗൃഹനായകൻ വന്നു, ഫക്കീറിനോടു തന്റെസ്വദേശ മേതെന്നു ചോദിച്ചു. "കുറച്ചുവടക്കു്" എന്നുമാത്രം ആയാൾ പ്രത്യുത്തരം നല്കി, ഉടനെ കുറച്ചു് ഭക്ഷണം കൊണ്ടുവന്നു അയാൾക്കു്കൊടുത്തു. അദ്ദേഹം അതുകഴിച്ചു; തന്റെ സ്ഥാനത്തു് ചെന്നുകിടന്നു. "വെറുംനിലത്താണല്ലോ കിടപ്പു്" എന്നു വീട്ടുടമ പറഞ്ഞു. അയാളുടെ കൃപാകടാക്ഷത്താൽ ഒരു പായയും കിട്ടി. സുഖമായി അദ്ദേഹം അതിൽശയിച്ചു. അയാൾ ഫക്കീറിനെ സമീപിച്ചു ഇങ്ങിനെ പറഞ്ഞു:' "സാധാരണയായി വടക്കുഭാഗത്തുനിന്നു വരുന്നവർ പാട്ടുനല്ലപോൽ അറിയാവുന്നവരാണ്. അതുകൊണ്ടു തീർച്ചയായും നിങ്ങൾക്കു് പാട്ടറിയാമെന്നു ഞാൻ വിശ്വസിക്കുന്നു. കുറച്ചു വരികൾ പുത്തഹിസ്ലാമിൽ നിന്നും പാടുകതന്നെവേണം; "കഷ്ടം ഈ ഫക്കീറിനെ എന്തിനു ബുദ്ധിമുട്ടിക്കുന്നു? "എന്നായിരുന്നു ആഗതന്റെ മറുപടി." 'ശരി' കേട്ടുപാടാമാണ്. ആവുംവിധം നിങ്ങൾ നിർബ്ബന്ധിക്കുകയാണെങ്കിൽ ഞാനൊന്നു പാടിനോക്കാം" എന്നിപ്രകാരം പറഞ്ഞ പരീത് തന്റെഹൃദയമാകുന്ന വീണയുടെ തന്ത്രികൾമീട്ടി; സഹജമായ സ്വരമധുരിമയോടെ കവിയുടെ തുറന്ന കണ്ഠത്തിൽ നിന്നും ഗാനം പ്രവഹിക്കാൻ തുടങ്ങി. ഹാ! തികഞ്ഞ നിശ്ശബ്ദത സൃഷ്ടിച്ചു! മധു മധുരമായ ആ സംഗീതലഹരി ശ്രോതാക്കളെ ഹഠാദാകർഷിച്ചു. നാലുപാടും ജനങ്ങൾ അമ്പരന്നുകൊണ്ടുള്ള നോട്ടം. വീട്ടിന്നകത്തുനിന്നും സ്ത്രീകൾ പുറത്തേക്കു ചാടി; ഗായകനേയും കാണപ്പെട്ടു. എത്ര വമ്പിച്ച പരിവർത്തനമാണ് ക്ഷണനേരംകൊണ്ടു അവിടെ വന്നുചേർന്നു; അദ്ദേഹത്തിന്നു മാററവാൻ വസ്ത്രങ്ങൾ എത്തിക്കഴിഞ്ഞു, കട്ടിലിന്മേൽ മെത്തയും തലയണയുമായി; ആഗതൻ അതിന്മേൽ ആ

സന്നദ്ധനുമായി. ഗൃഹനായിക പരിചാരകന്മാൎക്കു വിഭവ സമൃദ്ധമായ ഭക്ഷണം പാകം ചെയ്യാനുള്ള ആജ്ഞയും കൊടുത്തു. താമസം വിനാ വിശേഷപ്പെട്ട ഭക്ഷ്യപദാൎത്ഥങ്ങൾ അദ്ദേഹത്തിന്റെ ഇരിപ്പിടത്തിന്നരികെ എത്തിക്കഴിഞ്ഞു. ഭക്ഷണാനന്തരം ആ അജ്ഞാതപുരുഷൻ അടുത്ത ദിവസം കുറച്ചധികം നേരം പാട്ടുപാടി വിവരിക്കാമെന്നു അവൎക്കു ഉറപ്പുകൊടുത്തു. അങ്ങിനെ അവിടെ വന്നുകൂടീട്ടുണ്ടായിരുന്നവർ സ്ഥലം വിട്ടു. ഒടുവിൽ ഉദാരമനസ്കനായ ഗൃഹനായകൻ അദ്ദേഹത്തോടു ചോദിച്ചു "നിങ്ങളാണൊ പുത്തഹിശ്ശാമിന്റെ കൎത്താവായ മഹാകവി ചേറവായ പരീക്കുട്ടി? ഒന്നും മറച്ചുവെക്കാതെ സത്യം തുറന്നുപറഞ്ഞാലും" ഔദാൎയ്യം കവിഞ്ഞൊഴുകുന്ന ആതിഥേയനോടു തന്റെ ഉള്ളുതുറന്നു സംസാരിക്കുവാൻ അദ്ദേഹം നിൎബ്ബന്ധിതനായിത്തീൎന്നു. തനിക്കിപ്പോൾ അജ്ഞാതവാസമാണെന്നും അതിനാൽ തന്റെപേർപ്രസ്താവിക്കുവാൻ നിവ്വാഹമില്ലെ"ന്നും അയാൾ വീട്ടുടമയോടുപറഞ്ഞു. അങ്ങിനെ കുറച്ചുകാലം അതിഥിയായി അവിടെ കഴിച്ചുകൂട്ടി. ഈ താമസത്തിന്നിടയിൽ അദ്ദേഹം പുത്തഹിശ്ശാമ് പ്രാരംഭം മുതൽ സമാപ്തം വരെ പാടിവിവരിച്ചു. അനേകം പാട്ടുകച്ചേരികൾ നടത്തുകയും കുറേ പേരെ ശിഷ്യന്മാരായി സ്വീകരിക്കുകയും ചെയ്ത ചരിത്രപുരുഷൻ കൊച്ചിശ്ശീമയിൽ അനേകം സുഹൃത്തുക്കളേയും ആരാധകന്മാരെയും സമ്പാദിച്ചു. ഒട്ടനേകം സമ്മാനങ്ങളും ദ്രവ്യവും അദ്ദേഹത്തിന്നു അവിടെ നിന്നും ലഭിക്കുകയുണ്ടായി, പിന്നെ അവിടെ നിന്നും അയാൾ തെക്കോട്ടു യാത്ര തുടൎന്നു ആലുവായിൽ ഏലൂർ മൂപ്പന്റെ വസതിയിൽ എത്തിച്ചേൎന്നു. മൂപ്പന്റെ അതിഥിയായി മൂന്നുമാസം കവി കഴിച്ചുകൂട്ടുകയുണ്ടായി. അദ്ദേഹത്തിന്റെ

ഈയാത്ര ഉദ്ദേശ പുരസ്സരമായിരുന്നുവെന്നുപറയാം. പുത്തഹിശ്ശാമിന്റെ പ്രസിദ്ധീകരണത്തൊടുകൂടി അദ്ദേഹത്തിന്റെ പ്രശസ്തി പതിന്മടങ്ങു വൎദ്ധിച്ചിട്ടുണ്ടായിരുന്നു. അസൂയാവഹമായ

പ്രചാരമായിരുന്ന ആ മററൽ കൃതികളുണ്ടായിക്കൊണ്ടിരുന്നതു് അതുകേരളം ഒട്ടുക്കും എത്തിക്കഴിഞ്ഞിട്ടുമുണ്ടായിരുന്നു.

## ഏല്ലൂർമൂപ്പനും കവിയും

മണ്ടായപ്പുറം മൂപ്പന്മാരുടെ വംശപരമ്പരയിൽപ്പെട്ട ഏല്ലൂർ മൂപ്പന്മാർ കുബേരന്മാരും പ്രതാപശാലികളുമായിരുന്നു. പ്രസ്തുതകുടുംബക്കാർ തങ്ങളുടെ പ്രതാപപാരമ്പര്യം നിലനിർത്തിപ്പോരുന്നുണ്ടു്. വീരാവുണ്ണിമൂപ്പൻ എന്നാളുടെ കാലത്തായിരുന്നു മഹാകവി അവിടം സന്ദർശിച്ചതു്. സംഗീതകലയിൽ അതിരററ വാത്സല്യമുള്ള ഒരാളായിരുന്നു പ്രസ്തുതമൂപ്പൻ. പുത്തഹിസ്സാമിൻെറ കർത്താവിനെ സ്വീകരിക്കുന്നതിൽ ആയാററം ഔത്സുക്യം പ്രദർശിപ്പിച്ച മാന്യാതിഥിയുടെ ആഗമനോദ്ദേശം ഒരു കാവ്യനിർമ്മാണത്തിന്നു വേണ്ടവിവരങ്ങരം ശേഖരിക്കുകയായിരുന്നു. തൻെറ തൃതീയ കൃതിയായ" "മിൻ ആത്തൽബാരി," രചിക്കുവാൻ കളമൊരുക്കുകയായിരുന്നു ആയാരം. പ്രസ്തുത കാവ്യരചനയിൽ കവികൂടുതൽ ശ്രദ്ധപതിപ്പിച്ചിരുന്നു. ഇതിന്നു കാരണങ്ങളുണ്ടുതാനും. പുത്തഹിസ്സാമിൻെറ ആവിർഭാവത്തോടുകൂടി തൻെറ സമകാലീകന്മാരായ മററ കവികരംക്കിടയിൽ വലിയൊരു കോളിളക്കമുണ്ടായി. അതിലെ ഭാഷാരീതി ലളിതമായതുകൊണ്ടും അറബി, സംസ്കൃതം എന്നീ ഭാഷാപദങ്ങരം കുറവായതിനാലും പുത്തഹിസ്സാമ് ഒരു മഹാ കാവ്യമല്ലെന്നായിരുന്നു എതിരാളികളുടെ അഭിപ്രായം. മാപ്പിളസാഹിത്യ ലോകത്തിൽ വിപ്ലവം സൃഷ്ടിച്ച പരീതിൻെറ ശ്രവണപുടങ്ങളിലും ഇതു് എത്താതിരുന്നില്ല. വിവിധ ഭാഷകളിൽ യഥേഷ്ടം കൈകാര്യം ചെയ്യാൻ ശേഷിയുണ്ടായിരുന്ന ആ പണ്ഡിതകേസരിയുണ്ടോ ഇതുകൊണ്ടെല്ലാം കുലുങ്ങുവാൻ പോകുന്നു! "മലകളിളകിലും മഹാജനനാം മനമിളകാ ചപലോക്തി കേരംക്കിലും കേരം" എന്നാണല്ലോ അഭിജ്ഞവചനം. ലേശംപോലും പത

റാതെ അദ്ദേഹം പുരോഗമിച്ചുകൊണ്ടേയിരുന്നു. ഫലിതരസത്തോടും അർത്ഥവത്തായുമല്ലാതെ ഒരു വാക്കുപോലും അദ്ദേഹം ഉരിയാടാറില്ലത്രെ. മൂപ്പനെസംബന്ധിച്ചു താഴെ പറയുംവിധം ഒരു ഐതിഹ്യമുണ്ടത്രെ. വീരാവുണ്ണിമൂപ്പൻെറ മുൻഗാമിയായിരുന്ന മൊയ്തീൻമൂപ്പനും സയ്യിദ് മുഹമ്മദ് മൌലാനയും തമ്മിൽ ഗുരുശിഷ്യബന്ധമുണ്ടായിരുന്നു. മൂപ്പൻ തൻെറ ആത്മീയഗുരുവിനോടു വിനയപുരസ്സരം അഭ്യർത്ഥിക്കയുണ്ടായി ആയാളുടെ മരണസമയത്തു് ഗുരുഭൂതൻെറ പവിത്രമായ സാന്നിദ്ധ്യമുണ്ടാകേണമെന്നു് ശിഷ്യൻ (മുരീത്) രോഗശയ്യയെ അവലംബിച്ചു. അദ്ദേഹത്തിൻെറ മരണസമയം സമാഗതമായി. മൃത്യുശയ്യാവലംബിയായ മൊയ്തീൻമൂപ്പൻ മൌലാനയുടെ ദർശനം കൊതിച്ചുകൊണ്ടിരുന്നു അദ്ദേഹത്തെ കണ്ടമാത്രയിൽ രോഗി ആശ്വാസപ്രദമായൊന്നു നിശ്വസിച്ചു. "മുരീതിൻെറ അഭീഷ്ടമെന്തെന്നു മൌലാനാ ചോദിച്ചു. "കബറിൽ" എന്നും വെളിച്ചമുണ്ടാകുവാനായി താനാഗ്രഹിക്കുന്നുവെന്നു മരണവക്ത്രത്തിൽപ്പെട്ട ആ രോഗി ഗുരുദേവനോടു ഗൽഗദസ്വരത്തിൽ അഭ്യർത്ഥിച്ചു. അടുത്ത ദിവസംതന്നെ ആയാൾ പരലോകം പൂകുകയും ചെയ്തു. മൃതദേഹം സംസ്കരിക്കുമ്പോൾ മൌലാനയും അവിടെ സന്നിഹിതനായിരുന്നു! അദ്ദേഹം തൻെറ തൃക്കൈകൊണ്ടു ഒരു പന്തം കത്തിച്ചു മൂപ്പൻെറ കബറിൽ തലക്കുനേരെ നാട്ടി; തത്സമയം മൌലാനയുടെ തിരുവായിൽനിന്നും ഇപ്രകാരം ഒരു അനുഗ്രഹീത ശബ്ദം പുറപ്പെട്ടു. "പുനരുത്ഥാനദിവസംവരെ ഈ പന്തം ജ്വലിച്ചുകൊണ്ടിരിക്കട്ടെ." പല അത്ഭുത സിദ്ധികളും പ്രത്യക്ഷപ്പെടുത്തീട്ടുള്ള ഒരു മഹാ യോഗിവര്യനായിരുന്നു സയ്യിതു് മുഹമ്മദ് മൌലാനാ. മൌലാനയുടെ ജീവചരിത്രം അന്വേഷിച്ചുകൊണ്ടായിരുന്നു കവി ഏല്ലൂർ സന്ദർശിച്ചതു്. മൂന്നുമാസത്തോളം വീരാവുണ്ണിമൂപ്പൻെറ അതിഥിയായി കഴിച്ചുകൂട്ടിയതിന്നിടയിൽ അയാൾ അയൽപ്രദേശങ്ങളിൽ അനേകം പാട്ടുകച്ചേരികൾ നടത്തുകയും കുറെ ശിഷ്യന്മാരേയും മിത്രങ്ങളേയും ആരാധകന്മാരേയും സമ്പാദിക്കുകയും ചെയ്തു. അളവ

ററ സമ്മാനങ്ങളും പണക്കിഴികളും സിദ്ധിക്കുകയുണ്ടായി. അവിടെനിന്നും വിടവാങ്ങി അദ്ദേഹം വീണ്ടും തെക്കോട്ടു യാത്രതുടർന്നു വടക്കൻ തിരുവിതാംകൂറിൽ എത്തിച്ചേർന്നു. മഹാകവിയെ സ്വീകരിക്കുന്നതിൽ തിരുവിതാംകൂറുകാർ അഹമഹമികയാ ഉൽസുകരായിരുന്നു. അദ്ദേഹത്തിൻെറ മഹൽകൃതികൾ അവിടങ്ങളിൽ എത്തിക്കഴിഞ്ഞുവെന്നുമാത്രമല്ല അവ പാടി രസിക്കുന്നതിലും ആ ജനത വ്യാപൃതരായും കാണപ്പെട്ടു. കവിയുടെ നേരെ അന്നാട്ടുകാർക്കുണ്ടായിരുന്ന സ്നേഹാദരങ്ങൾ പ്രകടമാക്കുവാൻ അവർ സന്നദ്ധരായിരുന്നു. തന്നോടു കാണിച്ചിരുന്ന സ്നേഹബഹുമാനങ്ങൾക്കു് പരീതു് വഞ്ചിനാട്ടുകാരോടു നന്ദി പ്രകാശിപ്പിച്ചു. അവിടങ്ങളിൽ അനേകം പാട്ടുകച്ചേരികൾ നടത്തുകയും, ആരാധകന്മാർ, ശിഷ്യന്മാർ, മിത്രങ്ങൾ മുതലായവരെ സമ്പാദിക്കുകയും ചെയ്തശേഷം അവിടെനിന്നും ജനങ്ങളോടു് യാത്രപറഞ്ഞു പിരിഞ്ഞുപോന്നു. ആസന്നമായ ഭാവിയിൽ അന്നാട്ടിൽ വീണ്ടുംവന്നുകൊള്ളാമെന്നും കുറച്ചധികം നാൾ അവരൊന്നിച്ചു കഴിച്ചുകൂട്ടാമെന്നും വാഗ്ദത്തം ചെയ്തു അദ്ദേഹം ചേറ്റുവായിലേക്കുള്ള മടക്കംയാത്ര ആരംഭിച്ചു. ആറുമാസത്തിലധികമായിരുന്നു അദ്ദേഹം സ്വദേശം വിട്ടിട്ടു്. അളവററ സമ്മാനങ്ങളോടും അനവധി ദ്രവ്യത്തോടുംകൂടി പരീക്കുട്ടി സ്വഭവനത്തിൽ എത്തിച്ചേർന്നു. കവിയുടെ വേർപ്പാടിൽ ദുഃഖിതരായ ഗൃഹവാസികളെപ്പോലെതന്നെ നാട്ടുകാരും പങ്കാളികളായിരുന്നു. എന്തൊന്നിനെ ഭയന്നിട്ടായിരുന്നുവോ അദ്ദേഹം നാടുവിട്ടുപോയതു് അതേ സംഭവം ഹേതുവായി തദ്ദേശ വാസികളിൽ അനേകം പേർ ശിക്ഷാർഹരായി ബന്ധനത്തിൽ അകപ്പെട്ടിരുന്നു. പ്രസ്തുത കേസ്സിൽ പ്രതിയായിരുന്ന പരീതു് നാട്ടിൽ വന്നെത്തിയ വിവരം കിട്ടിയതനുസരിച്ചു കോടതിയിൽനിന്നും അദ്ദേഹത്തിന്നു ഹാജരാകുവാനുള്ള ഉത്തരവു് കിട്ടി. ഇതറിഞ്ഞ വീരാവുണ്ണിമൂപ്പൻ സ്ഥലത്തെത്തുകയും കവിയുടെ പ്രതിസാക്ഷിയായി അദ്ദേഹം കോ

ർട്ടിൽ ററാജരാകുകയും ചെയ്തു. പ്രതാപവാനായ മൂപ്പന്റെ വാമൊഴി കോടതിക്ക സ്വീകാര്യയോഗ്യമായി തോന്നുകയാൽ പരീതിന്റെ പേരിലുണ്ടായിരുന്ന കേസ്സ് തള്ളപ്പെട്ടു. ഇപ്രകാരം മൂപ്പന്റെ സഹായത്താൽ കവി ശിക്ഷയിൽനിന്നും വിമോചിക്കപ്പെട്ടു.

## കവിയും മോയിൻകുട്ടിവൈദ്യരും

സമകാലീകന്മാരായിരുന്ന ഈ രണ്ടു മഹാരഥന്മാരും പരസ്പരം കണ്ടുമുട്ടീട്ടില്ലായിരുന്നു. കടപ്പുറം സ്വദേശിയും എൺപത്താറിൽപരം വയസ്സ് പ്രായമുള്ള ആളും ഒരു പ്രസിദ്ധ ഗായകനുമായ ആളോട് മഹാകവിയെ കുറിച്ചുള്ള അദ്ദേഹത്തിന്റെ അഭിപ്രായമെന്താണെന്നു ഗ്രന്ഥകാരൻ ചോദിക്കുകയുണ്ടായി. ആയാളിൽനിന്നും ലഭിച്ച വിവരങ്ങളെ ആസ്പദമാക്കിയാണ് ഈ ഭാഗം എഴുതിയിട്ടുള്ളതു്. ഗായകവൃത്തി ഒരു ജീവിതത്തൊഴിലായി അനുഷ്ഠിച്ചുപോന്ന ഒരു വ്യക്തിയാണ് ഇദ്ദേഹം; ആയാൾ ഇപ്രകാരം പ്രസ്താവിച്ചു: "അടുത്ത കാലംവരെ അയൽപ്രദേശങ്ങളിലും അതിന്നുമുമ്പ് ദൂര ദിക്കുകളിലും വിവാഹാഘോഷങ്ങളിൽ ഞാനും എന്റെ ശിഷ്യന്മാരും പാട്ട് പാടുവാൻ പോകാറുണ്ടായിരുന്നു. ചിലപ്പോൾ "കിസ്സപാട്ടുകൾ" അതായത് പുത്തഹിശ്ശാമ്, 'ബദർ' പോലെയുള്ളവ പാടി വിവരിക്കാറുമുണ്ടായിരുന്നു. എനിക്കധികം പ്രതിപത്തി പുലവന്മാരുടെ തമിഴ്ഗാനങ്ങളിലാണ്. മലയാളത്തിൽ മഹാ വിദ്വാന്മാരായ ചേററുവായ് പരീക്കുട്ടിയുടെയും മോയിൻകുട്ടി വൈദ്യരുടെയും ഗീതങ്ങൾ മാത്രമെ ഞാൻ പാടാറുള്ളൂ. ഈ രണ്ടു മഹാത്മാക്കളും എന്റെ ആരാധ്യപുരുഷന്മാരാണ്. കാരണം പ്രചോദനത്താൽ പ്രേരിതരായിട്ടല്ലാതെ അവരുടെ ഹൃദയങ്ങളാകുന്ന ഉറവിടങ്ങളിൽനിന്നും കാവ്യതല്ലജങ്ങൾ നിർഗ്ഗമിച്ചിട്ടില്ലതന്നെ. അതുകൊണ്ടുതന്നെയാണ് പ്രസ്തുത കലാകാരന്മാരുടെ ഗാനങ്ങൾക്കുള്ള മാധുര്യവും. എന്റെ ധാരണയു

ക്തി ഏതാണ്ട് നഷ്ടപ്പെട്ടിരിക്കയാണ്. പരീക്കുട്ടിസാഹിബി നെ ഞാൻ കണ്ടിട്ടുണ്ട്; പക്ഷെ അദ്ദേഹത്തിന്റെ ശരിയായ രൂപം ഇപ്പോഠം എന്റെ മനസ്സിൽ പതിയുന്നില്ല. സ്ഥലത്ത് അനേകം ശിഷ്യന്മാർ അദ്ദേഹത്തിനുണ്ടായിരുന്നു. ഞാനും ആ ശിഷ്യസംഘത്തിൽ ഉഠപ്പെട്ടിരുന്നു. കവിയുടെ മരണശേഷം കുറച്ചുകാലവുംകൂടി പ്രസ്തുത ഗായകസംഘം പ്രവൎത്തിച്ചുവന്നു. കാലക്രമേണ ഞാൻ അതിന്റെ നായകനായിത്തീൎന്നു. മററാകവിയെപ്പററി ഒരു സംഭവം എനിക്ക് ഓർമ്മയുണ്ട്. പുത്തഹിസ്സാമ് അച്ചടിച്ചു പ്രസിദ്ധംചെയ്തു കുറെ കഴിഞ്ഞപ്പോഠം മോയിൻകുട്ടി വൈദ്യർ ആ കൃതിയെ പരിശോധിച്ചശേഷം അദ്ദേഹം അതിനെ വിമർശിക്കുകയുണ്ടായി. ബദറിന്റെ കർത്താവു പു...ട്ടുവിച്ച വിമർശനങ്ങഠം കേട്ടു നമ്മുടെ കവി ഒട്ടുംതന്നെ കുലുങ്ങുകയുണ്ടായില്ല. കേരളം മുഴുവൻ മുക്തകണ്ഠം പുകഴ്ത്തിയിരുന്ന പരീതിന്റെ നേക്ക് വൈദ്യർ തൊടുത്തുവിട്ട ഒളിയമ്പുകഠം അദ്ദേഹത്തിന്റെ ആരാധകന്മാരിൽ ചിലരുടെ ഉഠക്കാമ്പുകളിൽ തറച്ചു. അഭിമുഖസംഭാഷണത്തിൽ ഏതൊരാളേയും മുട്ടുകുത്തിക്കുവാൻ പര്യാപ്തമായിരുന്നു അദ്ദേഹത്തിന്റെ വാക്ധോരണി. ഏതായാലും വൈദ്യരെ നേരിൽ കണ്ടുമുട്ടുവാനും പരസ്പരം അഭിപ്രായങ്ങഠം കൈമാറുവാനും ചേററുവായ്ക്കാരൻ മനസാ നിശ്ചയിച്ചു. മററെല്ലാ ജോലിതിരക്കുകളും നിറുത്തിവെച്ചു കവി തന്റെ സഹചരനായ കുഞ്ഞവറു ഒന്നിച്ച് യാത്രപുറപ്പെട്ടു. കോഴിക്കോട്ട് വെച്ചു അവർ പരസ്പരം കണ്ടുമുട്ടി. ആഗതൻ പ്രസിദ്ധനായ പരീതാണെന്നു മനസ്സിലാക്കിയ വൈദ്യർ അദ്ദേഹത്തെ ആലിംഗനം ചെയ്തു. പ്രഥമ സന്ദർശനവേളയിൽ ഇരുവരും അകമഴിഞ്ഞ സംതൃപ്തിയാണ് പ്രദർശിപ്പിച്ചിരുന്നതു്. കുശലപ്രശ്നങ്ങഠക്ക്ശേഷം സാഹിത്യപരമായ വശങ്ങളായിരുന്നു അവരുടെ സംഭാഷണവിഷയമായിത്തീർന്നതു്. ഇടയിൽ പുത്തഹിസ്സാം വിമർശനാദൃഷ്ട്യാ വീക്ഷിക്കപ്പെടുവാൻ കാരണമെന്താണെന്നും വൈദ്യരോട

ചോദ്യവാദയ്ക്കാരൻ തട്ടിവിട്ടു. മൌനമായ മന്ദഹാസത്തോടെ കുറച്ചുനേരം അദ്ദേഹം കഴിച്ചുകൂട്ടി. "ഒരു വാക്കിന്നു ഒമ്പതു് മനാകം" എന്നാണു് താങ്കളെ കുറിച്ചുള്ള എൻെറ കേട്ടുകേൾവി" എന്നായിരുന്നു വൈദ്യരുടെ മറുപടി. "ശ്രവണംകൊണ്ടുമാത്രം ഒരാളെപ്പററിയുള്ള അറിവു് പൂർത്തിയാകുമോ?" എന്നായിരുന്നു ആഗതൻെറ വാദം. "പരസ്പരം മനസ്സിലാക്കിക്കഴിഞ്ഞാൽപിന്നെ കൂടുതൽ വിമർശനങ്ങൾ എന്തിന്നു?" എന്നു മോയിൻകുട്ടി വൈദ്യർ ചോദിച്ചു. അതോടെ ആ ഭാഗം പര്യവസാനിച്ചു. വൈദ്യർ തുടർന്നു. "താങ്കളെ കാണ്മാനുള്ള ആഗ്രഹത്തിൻെറ പ്രത്യാഘാതമാണ് എൻെറ ഉദ്ദിഷ്ടമായ വിമർശനങ്ങൾ. വിശാലമായ ചിന്താഗതിയും വിദൂരവീക്ഷണവും ഉൾക്കൊള്ളുന്ന ഒരു ഉൽകൃഷ്ടകൃതിയായി പുത്തഹിശ്ശാമിനെ ഞാൻ അംഗീകരിച്ചുകഴിഞ്ഞിട്ടുണ്ടു്. വിമർശനം ഹേതുവായിട്ടാണല്ലോ താങ്കളുടെ ഇവിടത്തേക്കുള്ള ആഗമനം." ഉന്നതമായ നിലവാരത്തിലുള്ള മതിപ്പോടും സ്നേഹാദരങ്ങളോടും കൂടിയത്രെ ആ രണ്ടു മഹാകവികളും പിരിഞ്ഞുപോയതു്.

ഫലിതപ്രയോഗം കഥാനായകന്നു് സാധാരണപതിവായിരുന്നു. ഒരിക്കൽ കാവ്യരചനയിൽ വ്യാപൃതനായിരുന്ന കവിയെ നമസ്ക്കാരത്തിൽ പങ്കെടുപ്പാനായി തൻെറ കൂട്ടുകാർ ക്ഷണിച്ചു. മന്ദസ്മിതം തൂകിക്കൊണ്ടു് അദ്ദേഹം അവരോടിപ്രകാരംചോദിച്ചു: "നമസ്കരിച്ചാൽ കിട്ടുന്ന പ്രതിഫലമെന്താണ്" "എട്ടുകിട്ടു" (എട്ടു സ്വർഗ്ഗം)മെന്നവർ പ്രത്യുത്തരംനല്കി "നമസ്കരിക്കാത്തവൎക്ക പതിനാറുകിട്ടു"മെന്നു ഈ സരസൻ പ്രസ്താവിച്ചതു സഹവൎത്തികളെ കോപകലുഷിതരാക്കിതീൎത്തു. അക്രമപരമായ ഈ പ്രസ്താവന ചെയ്തതിന്നു സമാധാനം പറവാൻ സ്ഥലത്തെ മതപണ്ഡിതൻ ആവശ്യപ്പെട്ടു. ശ്രോതാക്കളുടെ അജ്ഞതയത്രെ ഈ കോളിളക്കമെല്ലാം സൃഷ്ടിച്ചതെന്നായിരുന്നു പരീതിൻെറ മറുപടി. തൻെറ പ്രസ്താവനായ്ക്കു അയാൾ ഒരു വിവരണവും കൊടുത്തു. "പ്രതി എ

നാൽ സ്ഥാനം എന്നും നാര എന്നാൽ തീയെന്നും അത്ഥമാണ്. അപ്പോഠം നരകം എന്നു താല്പര്യം" ആക്ഷേപവർഷം ചൊരിഞ്ഞ വരെല്ലാം വിസ്ഥിതകളായി. മറെറാരവസരത്തിൽ മഹാകവി കേ ഠക്കത്തക്കവണ്ണം കടപ്പുറം തങ്ങന്മാർ ഇങ്ങിനെ ഒരു രസം പൊട്ടിച്ചു. "ചേററവായിൽ ആകെ ഇബലീസ്സാണ്" ഇതു കേട്ടമാത്രയിൽ ഉരളുകളപ്പേരിയെന്നോണം കഥാപുരുഷൻ പറഞ്ഞു "ഇബലീസ്സു മുഴുവനും കെട്ടിമറിയുന്നതു തങ്ങന്മാർ ഒന്നിച്ചായിരുന്നു" വെന്നു അദ്ദേഹത്തിൻെറ ധിക്കാരപരമായ പ്രസ്താവന അവരെയെല്ലാം അരിശം കൊള്ളിച്ചു; നേത്രങ്ങഠം രുധിരവർണ്ണങ്ങളായി. തൻെറ പ്രസ്താവനയുടെ ആന്തരാത്ഥം മനസ്സിലാക്കാത്തതു കൊണ്ടായിരുന്നു തന്നെക്കുറിച്ചു തെററിദ്ധാരണക്കിടം വന്നത് എന്നത്രെ ആ മതാനുഷ്ഠാനികളോടു വിനീതനായ കവി പറഞ്ഞതു്. "തങ്ങന്മാരൊന്നിച്ചാണ് ഇബിലീസ്സ് സഹവാസം കൊള്ളുന്നതെന്നു ഞാൻ പറഞ്ഞതിൻെറ സാരം ഇതാണ്. അള്ളാഹുവിൻെറ ആജ്ഞയനുസരിച്ചു പാവനജീവിതം നയിച്ചുപോരുന്നവരെ വഴി തെററിക്കുകയെന്നുള്ളതാണല്ലൊ ശപിക്കപ്പെട്ട ആ പിശാചിൻെറ തൊഴിൽ; സദാ പ്രാത്ഥനയിൽ ധ്യാനനിഷ്ഠരായിരിക്കുന്നവരെ ബുദ്ധിമുട്ടിക്കുവാനായിട്ടാണ് അവൻ തൻെറ അഖിലകഴിവുകളും ഉപയോഗപ്പെടുത്തുക. നേരെമറിച്ചു മതാനുഷ്ഠാനങ്ങളിൽ നിന്നും ഒഴിഞ്ഞുമാറി ഭൌതിക സുഖാനുഭവങ്ങളിൽ നിരതരായി കാലയാപനം ചെയ്യുന്നവരുടെ നേക്കുണ്ടോ ആ ഭയങ്കരനായ പിശാച് തിരിഞ്ഞുനോക്കുന്നു? ഇതെല്ലാം മനസ്സിലാക്കിക്കൊണ്ടായിരുന്നു മേൽപറഞ്ഞ എൻെറ പ്രസ്താവന." അദ്ദേഹത്തിൻെറ സാരസമ്പൂണ്ണമായ പ്രസ്തുത വിവരണം കോപാന്ധരായിരുന്ന തങ്ങന്മാരെ ശാന്തന്മാരാക്കിതീത്തു വെന്നുമാത്രമല്ല സന്തുഷ്ടരുമാക്കി. ഭക്ഷണകാര്യങ്ങളിൽ ചില കൃത്യനിഷ്ഠകളുണ്ടായിരുന്ന പരീത് മാംസം ഇഷ്ടപ്പെട്ടിരുന്നില്ലെങ്കിലും മത്സ്യം അയാഠക്ക് ഒരു പത്ഥ്യാഹാരമായിരുന്നു. ഒരിക്കൽ അദ്ദേഹം ഭക്ഷണം കഴിച്ചുകൊണ്ടിരിക്കുമ്പോഠം സമീപ പ്രദേശത്തുനിന്നും ഒരു തങ്ങഠം അവിടെ

കയറിവരികയുണ്ടായി! വിഭവങ്ങളിൽ മത്തിപാകംചെയ്തതു് ഒരു ഇനമായിരുന്നു. കൂടുതൽ പ്രതിപത്തിയോടെ മത്സ്യക്കറി സേവിക്കുന്നതു് കണ്ടിട്ടു് ആഗതൻ അതിനുള്ള കാരണം ആരാഞ്ഞുകൊണ്ടിരുന്നു. തത്സമയം ഗൃഹനാഥൻ പറഞ്ഞ മറുപടിയാണിതു്:

"ഇമ്മത്തി ഉമ്മത്തികൾക്കു് ഹിമ്മത്താണ് തങ്ങളെ". ഒരവസരത്തിൽ കവിയും അദ്ദേഹത്തിൻെറ ചില സുഹൃത്തുക്കളും കൂടി ഒരു ഹൈന്ദവസ്നേഹിതൻെറ വസതിയിൽ ഒരു സല്ക്കാരത്തിൽ പങ്കെടുക്കുകയുണ്ടായി. തത്സമയം അവിടെ മാവിന്മേൽ നിന്നും മാമ്പഴം ധാരാളം വീണുകിടക്കുന്നുണ്ടായിരുന്നു. ചില തരുണീമണികൾ വന്നു അവ പെറുക്കിയെടുക്കുന്നത് അതിഥികൾ കാണുകയുണ്ടായി. അവരിൽ ഒരാൾ പ്രസ്തുതയോഷാമണികളെ കണ്ണിമവെട്ടാതെ നേക്കി രസിക്കുകയായിരുന്നു. ഈയാളുടെ ആർത്തിയോടുകൂടിയുള്ള വീക്ഷണം പരീതിൻെറ ശ്രദ്ധയിൽപെട്ടു അപ്പോൾ സരസനായ കവി അയാളെപ്പററി താഴെപറയും വിധം രണ്ടു വരിഗാനം പാടുകയുണ്ടായത്രെ.

"മങ്കമാർ മാമ്പഴം പറിക്കലും
കുട്ടിഹസ്സൻ കുട്ടികാക്ക വായനീരൊലിക്കലും".

ഗുരുസന്നിധിയിൽ വെച്ചുപോലും ഫലിതരസങ്ങൾ പ്രകടിപ്പിക്കുവാൻ മടിയില്ലാത്ത ഒരു നിർഭയ കലാകാരനായിരുന്നു അദ്ദേഹം. ഒരിക്കൽപാട്ടൂർ തങ്ങന്മാരുടെ സദസ്സിൽവെച്ചു പ്രതിപാദ്യപുരുഷൻ ഇപ്രകാരം ഒരു ഫലിതരസം പൊട്ടിച്ചു.

"പുതിയങ്ങാടിതങ്ങൾ വഹാത്താകും, അപ്പോൾ ബാക്കിതങ്ങന്മാരെല്ലാം ഒരു പാത്താകും.', ഒരുസന്ദർഭത്തിൽ ഒരു വിവാഹാഘോഷത്തിൽ കവിയും സംബന്ധിച്ചിരുന്നു. വധൂഗൃഹത്തിലേക്കു് വരനൊന്നിച്ചുള്ള യാത്രയിൽ കുറെദൂരം നടന്നശേഷം വിശ്രമാർത്ഥം എല്ലാവരും ഒരു വൃക്ഷച്ഛായയിൽ ഇരുന്നു. വരൻ

ഒരു പെരിങ്കാലനും സ്വല്പം പ്രായംകൂടിയ ആളുമായിരുന്നു. അവിടെ ഇരുന്നു നമ്മുടെ ഹാസ്യകലാകാരൻ ഒരു മംഗളശ്ലോകം പാടി. അതിലെ രണ്ടുവരികൾ താഴെ ചേർക്കുന്നതു് രസകരമായിരിക്കുമെന്നു വിശ്വസിക്കുന്നു.

"കാലുവല്ല്യകാർന്നോരെ കല്ല്യാണത്തിനു പോയിട്ടു്"
കാലെല്ലാം കടഞ്ഞല്ലോ കദീമായോനെ.

പദങ്ങളെക്കൊണ്ടു ചെപ്പിടിവിദ്യ കാട്ടുവാൻ അദ്ദേഹത്തിന്നുണ്ടായിരുന്ന കഴിവു അനിതരസാധാരണമായിരുന്നു. സാമാന്യജനങ്ങളെ അമ്പരപ്പിക്കുവാൻ പര്യാപ്തങ്ങളായിരുന്നു ഇത്തരം പ്രയോഗങ്ങൾ.

"വാനരന്നു് വാലു് നാലു, മതഹേരിക്കു് കൊമ്പെട്ടു, മങ്കക്കു കൊങ്ക,ല്ലകുതിരക്കു് കൊമ്പു്" ഈ ചൊല്ലു കേട്ടു പരിഭ്രാന്തചിത്തരായ ജനങ്ങളുടെ നിസ്സഹായവസ്ഥ കണ്ടിട്ടു കവി തന്നെ അതു വിവരിച്ചുകൊടുത്തു. അതു ഇപ്രകാരമാണു്. "വാനരന്നു വാലു, നാലുമത ഹേരിക്കു് എട്ടുകൊമ്പു, മങ്കക്കു് കൊങ്ക, ഇല്ല കുതിരക്കു് കൊമ്പു്. അനീതിയുടേയും അക്രമത്തിൻെറയും നേരെ അദ്ദേഹം നിർദ്ദയമായും നിർഭയമായും പോരാടിക്കൊണ്ടിരുന്നു. അതുകാരണം എവക്കും അദ്ദേഹത്തെ ഭയമായിരുന്നു. മററുള്ളവരുടെ കൊള്ളരുതായ്മകൾ നഗ്നമായി വെളിയിൽ പ്രകടമാക്കുവാൻ യാതൊരു സങ്കോചവും അദ്ദേഹം കാണിച്ചിരുന്നില്ല. കുററവാളികളെ നിറുത്തി തോലുരിക്കുവാൻ പര്യാപ്തമായിരുന്നു സുശക്തമായ അദ്ദേഹത്തിൻെറ ഹാസസാഹിത്യം. ഒരിക്കൽ ഒരു സദ്യയിൽ പരീതും സന്നിഹിതനായിരുന്നു. അവിടെ പാചകന്മാരുടെയും വിളമ്പുകാരുടെയും പക്ഷഭേദപരമായ പെരുമാററവും പ്രവൃത്തിയും കണ്ടപ്പോൾ ആ കവിഹൃദയം പിടച്ചു; തത്സമയം അവിടെവെച്ചു അവരെ പരിഹസിച്ചും ആക്ഷേപിച്ചുംകൊണ്ടു അദ്ദേഹം ചൊല്ലിയ വരികളാണിവ.

"വെപ്പന്മാരുടെ വിളമ്പന്മാരുടെ
അപ്പന്മാരുടെ മുതലല്ലിതു്
ഒപ്പം കണ്ടു വിളമ്പില്ലെങ്കിൽ
ഇപ്പം പോണം ചപ്പന്മാരെ"

ഇതോടുകൂടി വിളമ്പുകാരുടെ തോലുകൾ ഊറക്കിട്ടതുപോലെ ആയിത്തീർന്നു. അവരെല്ലാം പൊതുജന സമക്ഷം ക്ഷമായാചനം ചെയ്യേണ്ടതായും വന്നുചേർന്നു ഒരിക്കൽ കവിയും തൻെറ കൂട്ടുകാരനുമായിരുന്ന കുഞ്ഞവറവും കൂടി നെട്ടൂർ എന്ന പ്രദേശം സന്ദർശിക്കുവാൻ ഇടയായി. ആഗതരെപ്പററി നല്ലപോലെ അറിഞ്ഞിരുന്ന തദ്ദേശവാസികൾ അദ്ദേഹത്തോടു് ഗണ്യമല്ലാത്ത വിധം പെരുമാറുകയുണ്ടായി. അപ്പോൾ അന്നാട്ടുകാരെപ്പററി ഒരു ഹാസ്യ സാഹിത്യം നിർമ്മിച്ചു. അതത്രെ ഇതു്.

നെട്ടൂരുനാട്ടിലുള്ളോരു ഹാലാ
ധാനികൾക്കൊന്നും തരി മൂക്കില്ല ലാലാ"

ഇതോടുകൂടി തദ്ദേശവാസികളിൽ കൎത്തവ്യബോധം ഉണ്ടായിത്തീർന്നു. ഒരു ദിവസം മഹാകവി തൻെറ ഒരു സ്നേഹിതൻെറ ഭവനം സന്ദർശിക്കുവാൻ ഇടയായി. ധനാഢ്യനും സുഖലോലുപനുമായിരുന്ന ആ ഗൃഹനായകൻ വിവാഹം കഴിഞ്ഞു മധുവിധു ആസ്വദിക്കുന്ന സന്ദർഭത്തിലായിരുന്നു അദ്ദേഹത്തിൻെറ അവിടത്തേക്കുള്ള ആഗമനം. അതിഥിയെ സ്വീകരിപ്പാൻ വീട്ടുടമസ്ഥൻ തത്സമയം അവിടെ ഉണ്ടായിരുന്നിട്ടുകൂടി വന്നു കണ്ടില്ല. പ്രാഥമിക മര്യാദയോൎത്തു സ്വല്പസമയവും കൂടി അസ്വസ്ഥനായി കവി അവിടെ കഴിച്ചുകൂട്ടി: എന്നിട്ടും അയാൾ അവിടെ എത്തികഴിഞ്ഞില്ല. നൈരാശ്യവും കുണ്ഠിതവും ആഗതനുണ്ടായിത്തീർന്നു. പ്രാണപ്രേഷ്ഠപ്രണയിനിയുമായുള്ള സുഖാനുഭോഗങ്ങളിൽ നിമഗ്നനായിരുന്ന തൻെറ സുഹൃത്തിനെ ഒരുപാഠം പഠിപ്പിക്കുക തന്നെയെന്നു അതിഥിയും തീർച്ചപ്പെടുത്തി. അയാ

ളുടെ ഔചിത്യബോധത്തെ തട്ടിയുണർത്തുവാൻ പര്യാപ്തമാം വിധം നമ്മുടെ സരസനായ കവി അവിടെ ഇരുന്നും കൊണ്ടു ഇങ്ങി നെ ഒരു പാട്ടുപാടി.

> "ഗോത്ര വാസികരാംക്കധിപതിയാകിയ താനെന്തെടൊ
> മൂത്രപ്പാത്രത്തിങ്കൽ പാർത്തുപാർത്ത് കൊണ്ടിരിക്കുന്നു?"

ഇത് കേട്ടമാത്രയിൽ ആയാരം ത്വരിത ഗതിയിൽ താഴോട്ടിറങ്ങി കഴിഞ്ഞു. ക്രാന്തദർശിയായ ആ കവിപുംഗവന്റെ മുഖത്തു സ് ഫുരിച്ചുകൊണ്ടിരുന്ന ദിവ്യചൈതന്യം പ്രേക്ഷകന്മാരെ വശത്താ ക്കുവാൻ പര്യാപ്തമായിരുന്നു. ആ അനുഗ്രഹീതപുരുഷനിൽ നിന്നു പുറപ്പെട്ട എന്തൊന്നും കരിങ്കല്ലിൽ കൊത്തിയ ലിഖിതങ്ങരാംപോ ലെയായിരുന്നു. കാലത്തിന്റെ ചുഴികളിൽപ്പെട്ട അവ ഒരിക്കലും തേഞ്ഞുമാഞ്ഞുപോകയില്ലായിരുന്നുവെന്നു മനസ്സിലാക്കിയ ഗൃഹാ ധിപൻ സ്നേഹിതൻ വന്നുവെന്നറിഞ്ഞ ഉടൻ താഴോട്ടിറങ്ങി വന്നു തന്നെ സ്വീകരിക്കുവാൻ കഴിയാതിരുന്നതിനെ കുറിച്ചും മററം ക്ഷമാപണം ചെയ്തു. കുശലപ്രശ്നങ്ങരാംക്കു ശേഷം ആഗ തൻ തുടൻു: "മധുവിധുകാലം മധുമധുരംതന്നെ. ഉത്തമാദ്ധത്തി ന്റെ പൂങ്കവിരാംത്തടങ്ങളുടെ ശോഭ താരങ്ങളെപ്പോലും ലജ്ജിപ്പി ക്കുന്നുവെന്ന് വല്ലഭനു തോന്നുമായിരിക്കാം. സുഖാനുഭോഗങ്ങളി ൽ മനുഷ്യർ മൃഗതുല്യരായി തരം താഴ്ന്നു പോകാതിരിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്. തന്നിൽനിന്നും ബഹിഷ്ക്കരിക്കപ്പെട്ട ഗീതശ കലം കല്പിതങ്ങളല്ലെന്നും അനൌചിത്യം കാണപ്പെട്ടമ്പോരാം ക വിഹൃദയത്തിൽ നിന്നും എന്തൊ ഒരദൃശ്യ ശക്തിയുടെ പ്രേരണ മൂലം നിഗ്ഗമിക്കപ്പെടുകയാണ് അവ" യെന്നും അദ്ദേഹം പറഞ്ഞു.

ഇനി നമുക്കു പരീതിന്റെ കൃതികളിലേക്കുതന്നെ പ്രവേശി ക്കാം. അദ്ദേഹത്തിന്റെ പ്രസിദ്ധീകരിക്കപ്പെടാത്ത ഒരു കൃതി

യാണ് "നാളികേരം" എന്നത്. പ്രസ്തുത ഗീതത്തിൽ അയാരം മനുഷ്യ ജീവിതത്തെ നാളികേരത്തോടുപമിച്ചിരിക്കുകയാണ്. ആദ്ധ്യാത്മികചിന്തകൾ ഉൾക്കൊള്ളുന്ന ആ കാവ്യം സ്ഥലത്തുള്ള മിക്കപേക്ഷം ഏടിസ്ഥമായിരുന്നു. ഭക്തി സ്ഫുരിക്കുന്ന ആ കൃതി എത്ര പാടിയാലും മതി വരുന്നതല്ല. നിർഭാഗ്യവശാൽ പ്രസ്തുത കാവ്യം അറിയുന്നവരായി ആരുംതന്നെ ഇപ്പോൾ ജീവിച്ചിരിക്കുന്നില്ല. ഇപ്രകാരം അദ്ദേഹം രചിച്ചിട്ടുള്ള എത്രയെത്ര വിശിഷ്ട ഗാനങ്ങളാണ് മൺമറഞ്ഞുകിടക്കുന്നത്! അദ്ദേഹം ഏതെങ്കിലും ഒരു കൃതി രചിച്ചുകഴിഞ്ഞാൽ ഉടനെ അത് പകർത്തിയെടുത്തു അതിൻെറ കയ്യെഴുത്ത് കോപ്പികൾ അന്യപ്രദേശങ്ങളിൽ അയച്ചുകൊടുത്തിരുന്നു. കെയ്സ മൂലമായിരുന്നുവല്ലോ തെക്കൻദിക്കുകളിലേക്ക് യാത്രചെയ്യുവാൻ കവി നിർബ്ബന്ധിതനായിത്തീർന്നത്. ഈ യാത്രാനുഭവങ്ങൾ അദ്ദേഹത്തിനു വിദൂര ദേശ പര്യടനത്തിന്ന് പ്രോത്സാഹനം നല്കപ്പെട്ടു. ആ യാത്രകഴിഞ്ഞു മടങ്ങിവന്നശേഷം കവി 'മിൻആത്തുൽബാരി' എന്ന കാവ്യരചനയിൽ ഏർപ്പെട്ടു. മററകൃതികളെ അപേക്ഷിച്ചു അദ്ദേഹം 'മിൻആത്തുൽബാരി'യിൽ പ്രത്യേകം ശ്രദ്ധപതിച്ചിട്ടുണ്ടായിരുന്നു. വിമർശനാതീതമാണ് പ്രസ്തുത കലാസൃഷ്ടിയെന്നു പറയാം. 1056 ൽ ആണ് ഈ വിശിഷ്ട കാവ്യം പൂർത്തീകരിക്കപ്പെട്ടത്. ഇതിൻെറ ആവിർഭാവത്തോടുകൂടി അദ്ദേഹത്തിൻെറ പ്രശസ്തി ഒന്നുകൂടി വർദ്ധിച്ചുവെന്നു മാത്രമല്ല; കണ്ണൂർ, തിരുകൊച്ചി, തലശ്ശേരി എന്നീ പ്രദേശങ്ങളിൽനിന്നും പാട്ടുകച്ചേരികൾ നടത്തുവാനായി കഥാപുരുഷനു നിരവധി ക്ഷണനങ്ങൾ കിട്ടിക്കൊണ്ടിരുന്നു. വടക്കുഭാഗത്തുനിന്നും തെക്കുഭാഗത്തുനിന്നും ക്ഷണനങ്ങൾ ലഭിച്ചുകൊണ്ടിരുന്ന പരീതു് ദക്ഷിണ ഭാഗങ്ങളിലേക്കു പോകാമെന്നു മനസാ നിശ്ചയിച്ചു. എന്നാൽ ഉദ്ദേശിച്ചവിധം യാത്ര തുടരുവാൻ അദ്ദേഹത്തിന്നു സാധിച്ചില്ല. തൻെറ ആത്മീയ ഗുരുവും അഭ്യുദ

യകാംക്ഷിയുമായിരുന്ന പാട്ടൂർ സയ്യിത് കുഞ്ഞിസീതിക്കോയതങ്ങളുടെ പുത്രിയുടെ മംഗല്യം അദ്ദേഹത്തിൻെറ യാത്രാപരിപാടികൾ വിഘാതമായിത്തീർന്നു. പ്രസിദ്ധ യോഗിവര്യനായിരുന്ന സയ്യിത് മുഹമ്മദ് മൌലാനായുടെ വംശപരമ്പരയിൽപ്പെട്ടവരാണല്ലോ പാട്ടൂർ ദേശത്തുള്ള തങ്ങന്മാർ. പുരാതനകാലം മുതൽക്കുതന്നെ ഇവർ കുബേരന്മാരും മതാത്മകമായ വിഷയത്തിൽ പാണ്ഡിത്യമുള്ളവരുമായിരുന്നു. കുഞ്ഞിസീതിതങ്ങൾ പാട്ടൂരിൽ ഏറ്റവും ഔന്നത്യത്തിൽ കാലയാപനം ചെയ്തുകൊണ്ടിരുന്ന കാലത്തായിരുന്നു തൻെറ പുത്രിയുടെ വിവാഹം നടന്നതു്. പ്രസ്തുത സയ്യിതിനെ ഒരു ദിവ്യനായിട്ടാണ് അന്നത്തെ ജനങ്ങൾ ഗണിച്ചുപോന്നിരുന്നതു്. ഒരാഴ്ചയിലധികം കാലം നീണ്ടുനിന്ന ഒരു വിവാഹാഘോഷമായിരുന്നു അത്. വിവിധ വിനോദപ്രകടനങ്ങൾക്കും സാക്ഷ്യം വഹിച്ചിരുന്ന ആ മംഗല്യത്തിൽ ഏററവും മികച്ച സ്ഥാനമുണ്ടായിരുന്നതു് സംഗീതത്തിന്നായിരുന്നു. ദൂരയിടങ്ങളിൽനിന്നും പ്രസിദ്ധന്മാരായ അനേകം ഗായകന്മാർ അതിൽസംബന്ധിച്ചിരുന്നു. പാണ്ഡ്യദേശക്കാരായ പുലവന്മാരും ഗായകസംഘത്തിൽ ഉൾപ്പെട്ടിരുന്നു. ഗായകസംഘങ്ങൾ പരസ്പരം മത്സരിച്ചായിരുന്നു പാടിയിരുന്നതു്. അവർക്കിടയിൽ കടുത്ത വാശിയും കാണപ്പെട്ടിരുന്നു. ഒരു ഗായകൻ പാടിതീർത്തതിൻെറ ഇരട്ടി ആയാളോടു മത്സരിക്കുന്നവർ പാടേണ്ടതുണ്ടായിരുന്നു. മത്സരത്തിൽ വിജയികളാകുന്നവർക്കു സമ്മാനദാനങ്ങൾ നല്കിയിരുന്നതു് അവിടെ സന്നിഹിതരായിരുന്ന പ്രധാനികളും ബന്ധുക്കളുമായിരുന്നു. ഓരോരുത്തരുടെ കഴിവനുസരിച്ചായിരുന്നു സമ്മാനദാനങ്ങൾ നിർവ്വഹിക്കപ്പെട്ടിരുന്നതു്. ഇത്യാദി സന്ദർഭങ്ങളിൽ ലഭിക്കപ്പെട്ടിരുന്ന പാരിതോഷികങ്ങൾക്കു വിജയികൾ അനല്പമായ പ്രാധാന്യം കല്പിച്ചിരുന്നു. ഒരേ ഇരുത്തത്തിൽ ഇത്ര അടി പാടിത്തീർക്കുകയെന്നൊക്കെ ചില നിബന്ധനകൾ ഉണ്ടായിരു

ന്നു. ഗായകന്മാരിൽ മകുടമണിയായിരുന്ന പരീതിൻെറ സാന്നിദ്ധ്യത്താൽ പ്രശോഭിതമായിരുന്നു ആ മഹൽ സദസ്സ്. സംഗീതകലയുടെ വിശാലവിഹായസ്സിൽ വെട്ടിത്തിളങ്ങിക്കൊണ്ടിരുന്ന ഒരു താരമാണ് ആ വാസനാഭാസുരനായ കവിപുംഗവൻ. ഗാനകലാപടുവായിരുന്ന ഒരു പുലവൻ ഒരൊററ ഇരുത്തത്തിൽ 32 അടികഠം പാടിത്തീർത്തു. ആയാഠം അജയ്യനാണെന്നു ശ്രോതാക്കളിൽ ഭൂരിഭാഗവും തീർച്ചയാക്കുകയും ചെയ്തു. അദ്ദേഹത്തോട് മത്സരിക്കുവാനായി ആരുംതന്നെ മുന്നോട്ടു വന്നതുമില്ല. പരിപൂർണ്ണമായ നിശ്ശബ്ദത എങ്ങും കാണപ്പെട്ടു. ഒടുവിൽ ഗൃഹനായകൻ പരീത് സാഹിബിനെ വിളിച്ചു ഗാനമത്സരത്തിൽ ഭാഗഭാക്കായിക്കൂടെയൊ എന്നു ചോദിച്ചു. "അവിടത്തെ കൃപാകടാക്ഷമുണ്ടെങ്കിൽ ആവാം" എന്നു മാത്രം അദ്ദേഹം മറുപടി കൊടുത്തു. "എന്നാൽ തുടങ്ങുക" എന്നുള്ള ഒരു സൂചനയും നല്കി ഗൃഹാധിപൻ തൻെറ സ്ഥാനത്ത് ആരൂഢനാകുകയും ചെയ്തു. തത്സമയം ആ ഗായക കവി കൈകാലുകളും മററും ശുദ്ധിചെയ്തു നമസ്കരിച്ചു; ആത്മീയ ഗുരുവിൻെറയും മററു അഭിവന്ദ്യന്മാരുടെയും കരങ്ങളിൽ ചുംബനാർപ്പണങ്ങഠം ചെയ്തശേഷം വിനയപുരസ്സരം രംഗപ്രവേശനം ചെയ്തു. തത്സമയം അദ്ദേഹത്തിൻെറ മുഖത്ത് ഒരു ദിവ്യചൈതന്യം വിളയാടിയിരുന്നു. സ്വതഃസിദ്ധമായ തൻെറ അനുഗൃഹീത സ്വരമധുരിമയോടെ അദ്ദേഹം പാടുവാൻ തുടങ്ങി. അദ്ദേഹത്തിൻെറ ഹൃദയമാകുന്ന ഉറവിടത്തിൽനിന്നും ഗാനാമൃതം പ്രവഹിച്ചു. ഹൃദിസ്ഥമാക്കിട്ടുണ്ടായിരുന്ന ഗാനങ്ങളൊന്നുമല്ല ആയാഠം പാടിയിരുന്നത്. സ്വയം നിർമ്മിച്ച പാട്ടുകളായിരുന്നു ആ മഹാനുഭാവൻ ചെയ്തിരുന്നതു. വാസനാഭാസുരനായ ഒരു സംഗീതജ്ഞനല്ലാതെ ആ ഗാനകലാപടുക്കളുടെ സാന്നിദ്ധ്യത്തിൽ, വമ്പിച്ച ജനസംഖ്യയത്താൽ നിബിഡമായ ആ മഹൽസ്സദസ്സിൽ എതിരാളികളുടെ അഭിമുഖീകരിച്ചുകൊണ്ടു ഈ സാഹസ

ത്തിനു ഉദ്യമിക്കയില്ലായിരുന്നു. ശ്രോതാക്കൾ കണ്ണിമവെട്ടാതെ അദ്ദേഹത്തിൻെറ ആകർഷണീയമായ മുഖം നോക്കികൊണ്ടിരുന്നു. ഹൃദയം കവരുന്ന ഗാനങ്ങൾ, ഇന്ദ്രിയമോഹനമായ ആലാപനാരീതികൾ, നയനംകൊണ്ടുള്ള ലയം, പുംസ്കോകിലത്തെയും തോല്പിക്കുന്ന അദ്ദേഹത്തിൻെറ മധുരഗാനം ആസ്വദിച്ച ശ്രോതാക്കൾ ശിരസ്സുകുലുക്കി, അഭൌമമായ ആനന്ദാനുഭൂതിയാസ്വദിച്ചു. അദ്ദേഹത്തിൻെറ ഭാവഭേദങ്ങളും, ശബ്ദവൈചിത്ര്യങ്ങളും അകൃത്രിമവും സ്വാഭാവികവുമായിരുന്നു. സന്ദർഭത്തിന്നനുസാരമായി സമത്ഥമായി പാടുവാൻ അദ്ദേഹത്തിന്നറിയാമായിരുന്നു. ആയാൾ സർവ്വരേയും ആവേശംകൊള്ളിച്ചു. ഒരേ ഇരുത്തത്തിൽ 64 അടി പാടിതീർത്തു. പ്രസ്തുത ഗാനമധുരിമയാൽ മദോന്മത്തരായിത്തീർന്നവരും, അത്ഭുതപരതന്ത്രരായി ഭവിച്ചവരും ഇപ്രകാരം പ്രസ്താവിച്ചു: "ഇദ്ദേഹം മനുഷ്യനോ 'ജിന്നോ" എന്നു. അവിടം സന്നിഹിതരായിരുന്ന ഇതര ഗായകന്മാർ നമ്രമുഖരായിത്തീന്നു; ആ മഹാത്മാവിനെ സമീപിച്ചു അദ്ദേഹത്തോട് ഇപ്രകാരം ഉണത്തിച്ചു: "മഹാനുഭാവാ! ഞങ്ങളെല്ലാവരും സംഗീത വിഷയത്തിൽ അങ്ങയുടെ ശിഷ്യന്മാരാണ്." ആശ്ചര്യഭരിതരായ ശ്രോതാക്കൾ ഇങ്ങിനെ പറഞ്ഞു: "അമാനുഷികമായ എന്തോ ഒരു ദിവ്യശക്തി ഇദ്ദേഹത്തിന്നു പ്രേരണ നല്കീട്ടുണ്ട്; തൽഫലമായി പ്രവഹിച്ചതത്രെ ഇത്രയും നേരം നീണ്ടുനിന്ന ഈ മധുര ഗീതം." ആലോചനക്കുപോലും സമയം കൊടുക്കാതെ ദീർഘനേരം സ്വയം നിമ്മിച്ചു പാടുവാൻ സാധിച്ച പ്രസ്തുത അനുഗൃഹീത ഗായകൻ ഒരു നിമിഷ കവിയാണെന്നു അദ്ദേഹത്തിൻെറ എതിരാളികൾ കൂടി സമ്മതിച്ചു പാട്ടുകച്ചേരി പര്യവസാനിച്ചതോടെ അദ്ദേഹത്തിൻെറ അടുക്കൽ വന്നു വീണുകൊണ്ടിരുന്ന സമ്മാനങ്ങൾക്കു കയ്യും കണക്കുമില്ലായിരുന്നു. രത്നഖചിതമായ മോതിരങ്ങൾ, പൊൻവളകൾ, വിശേഷപ്പെട്ടപ

ട്ടവസ്ത്രങ്ങൾ, പണക്കിഴികൾ മുതലായവ സമ്മാനങ്ങളിൽ ഉൾപ്പെട്ടിരുന്നു. ഇതോടുകൂടി പ്രസ്തുത വിവാഹാഘോഷത്തിൽ സംഗീത മത്സരം പര്യവസാനിച്ചതായി കുടുംബത്തലവൻ പ്രഖ്യാപിച്ചു. തദ്ദേശവാസികൾ ആബാലവൃദ്ധം ഹൃദിസ്ഥമാക്കിട്ടുണ്ടായിരുന്നു പ്രസ്തുത സരസസംഗീതം. അയൽ ദിക്കുകളിലും ചിലര ദേശങ്ങളിലും ആ ഗാനം എത്തിക്കഴിഞ്ഞിട്ടുണ്ടായിരുന്നു. പ്രസ്തുത ഗീതത്തിൻെറ ഏതാനും ഭാഗം താഴെകൊടുത്തിട്ടുള്ളതു് വായനക്കാക്ക് രുചിക്കുമെന്നു തോന്നുന്നു. ഇതു് പ്രസിദ്ധീകരിക്കപ്പെടുകയുണ്ടായിട്ടില്ലെന്നു പ്രസ്താവിച്ചു കൊള്ളട്ടെ.

## മട്ട് (ഇശൽ) ചായൽ

ഇല്ലയെന്നൊരന്ധകാരത്തിമ്പ മോദത്തിരയടിച്ചി
ഇന്നുകാണും കായിനാത്തിൽ ഈടു ആരായുത്ഭവിച്ചി
ചൊല്ലുവാനകുൻ നസിറുള്ളിൽ അറബിയത്തുത്ഭവിച്ചി
ചതരക്കണ്ണാടി മേനിൽയേകനായൻ ദശ്നിച്ചി.
കുല്ലും കല്ലാകുഭ ശൌക്കിൽ കൂട്ടടക്കം പൂണ്ടടിച്ചി
കുനിമുഹമ്മതെന്നും കൂവിരുപൈ സംഭവിച്ചി.
കണ്ടുംവരാതെ ശററിൽ കല്പനകളും നിലകശിച്ചി
കാശിൽ ഹക്കീകത്തും അരിശ്രു്കൊമ്പത്തും കളിച്ചി
ചിന്നതിരുതേജസാദം നെററിതന്നിൽ ചേൻദിച്ചി
ചെങ്കോൽ നടത്തുമ്പത്തൊന്നബ്ഴുള്ള വിനച്ചി
കന്നിമാരിൽ ആമിനാബി ഗർഭക്ഷ കരുതടിച്ചി
കാലം കലിയുഗത്തിൽ കാശിമക്കത്തവതരിച്ചി
മന്നിൽമ അശ്രുക്കിയത്തിൽ മുശിരിക്കതീ പൊലിഞ്ഞി
മാനിയും മരിയാതമേനിൽ മനുഷവംശം അതിരസിച്ചി
തയ്യലാൾകളവൈലതിൻെറ മണിമകൾ മാറോടണച്ചി
താശിക്കാശിൽ ആശവിട്ടും താശിഫാത്തിമ ജനിച്ചി

ഹയ്യയോൻ കോന്ദരിശിൽ അസതവക്കും സൽക്കരിച്ചി
ആനന്ദപെൺകിടാവിന്നാശ് ഗർഭം ആരംഭിച്ചി
പയ്യലാൽ ഹുസൈനതണ്ടെ കുട്ടിയെബി പ്രസവിച്ചി
ഹള്ളലൈ ബുഹാരിയെണ്ടെ വങ്കീശത്തിന്നതിർ വെച്ചി
പൊയ്യനായൻ പൂത്തളത്തിൽ രാജമുല്ല കുരുമുളച്ചി
പുഷ്പരാശി മാരിലെന്നെ പുണ്ണിയ പാട്ടരുത്തവിച്ചി

## മട്ട (ഇശൽ) ഒപ്പന മുറുക്കം.

ഭവിത്താററൽ പുതിയ പെണ്ണവർ സൗജത്താ
വാഴന്നെ പൂമാരീക്കി സമിമിനത്താ
യെന്നതിലുന്നിട്ടം ശാഹുൽ ഹമീതാ
മത്തിരമാം കന്നിയാർ മഹമൂതാ
കന്നിഫാത്തിമ പെററൊരു സാതാ
സാതാനൽ മുഹമ്മതിൻെറ ഹൽബൈത്തെന്നെ
സന്തോഷതിരു കന്നിപടന്നു പോന്നെ
വന്നവർ ഖാളിനി മംഗളദിവസം
മന്നവ നബിയുടെ ഹിജറ വിശേഷം
ഉന്നുവാദനാട്ടം സാഹിബീ ലേശം
അഴകിൽ ജമാലവ്വൽ പതിനേഴാമെ
അന്നാളിൽ നിഹ്മത്തും വിളികൊണ്ടാനെ
ഉണ്ട ക്ഷണത്തിലടുത്തു വസ
കണ്ട ചമഞ്ഞതിഞ്ഞൊറിഞ്ഞുലിബാസ
ഇസ്സത്താൽ പലെ ദിക്കിന്നൊരുങ്ങിവരെ
ഇസ്സത്താൽ സഭാവന്തൽ അകത്ത് ചേററെ
ചേരുവതിൽ പണ്ണി മൊഞ്ചുകരം ക്കൂട്ടം
ചേരെകിനാതി സിറാജ്ജു കളാട്ടം
ആട്ടംപിൻ അതിനുള്ളിൽ ഇരുപ്പും തൊങ്കൽ

അപ്പോലെ നിസാനികരം ചമയംലെങ്കൽ
ലെങ്കിനെ സംഘമതിൽ കളിപാട്ടും
യെങ്ങിനെ ബൈത്ത് നസീതകരം നീട്ടും
വന്നുലകം പോൽ കരം മുട്ടും
കരമുട്ടും കളിതാളം പരിചതട്ടും
കണ്ടവർ മകിന്ത നിന്തതിനെ കേട്ടും
കേട്ടിടവാൻ കവിതാള മുരത്തിൽ
കൂടികുരുക്കളും വേരൈതരത്തിൽ
നീട്ടിടും സാഹിബയാക്കളുരത്തിൽ
ഊററത്തിൽ നടന്നെത്തും ചിലർമുനീസ
ഉന്മേഷ കവിന്തതിൽ ചിലർ നാമൂസ
നാമൂസോതി വലഞ്ഞവർ എത്തിര
കാമൂസോതി മറിഞ്ഞവർ എത്തിര
യാമൂസോതി വെത്തവർ എത്തിര
ഇത്തരം ഉരുമ്പിൻെറ പുതുതയ്യലെ
ഒങ്കോലതിരുനാമം മൊളിതയ്യലെ

## ഇശൽ ചായൻ

മൊളിതിരിക്കം തെക്കിയാവിൽ ഇദ്ദയവരം സാതാത്ത ബീവി
മന്നറിസ്മായിലോർക്ക മധുരകപ്പെണ്ണായ കാവി.
താശിവീശും താഹിറാത്തിൽ തയ്യലെ ശിവ സ്വരൂപി
തങ്കളി ബ്റാഹി മോരിൽ പൊങ്കാടുംബി കുഞ്ഞിബീവി
രാശിതപ്പൊന്നക്ഷരത്തിൽ ഒത്തുദപാററം കുഞ്ഞിബീവി
രാഹിമവൻ തിരുവളപ്പിൽ റാബിഅത്തുൽ അദബിയാവി
ആശകൊണ്ടീ മംഗലത്തിൽ അകമിയപ്പെണ്ണായ രൂപി
അഹമ്മദാരെ വങ്കീശത്തിൽ അഴക് പുതുപെണ്ണായ ബീവി

## ഒപ്പന ചായൽ

ബീവിയാൾ പുതുകന്നി ചമഞ്ഞ വാർത്ത
വിസ്താര പുകൾച്ച കൊണ്ടിനിയു നീർത്ത
നീർത്തുവതൊക്കെ ഹരീറിനെ ചുററി
ചാർത്തിവ മക്കനെയും ശിരസ്സേററി
ശിരസ്സേററി ചമഞ്ഞുള്ള കുളലാ കാതില്
ചിങ്കാര പിറചുററം അലിക്കത്താലി
അല്ലിയലിക്കില കാതില രണ്ടും
നല്ലൊരു ചെമ്പകപൂവതിലുണ്ടു
ഇല്ലി മുടിക്കൊരു പൂരണച്ചെണ്ടു
ചെന്തുള്ള മുടിപ്പൂവ് തലക്ക താളും
ചേർച്ചയിൽ മുടി വളുക്കിടയിൽ താളും.
നാച്ചിയവൾ നെററിയിൽ കെട്ടിയ പട്ടം
പേശിട്ടവാനതിലെന്തൊരു മട്ടം
പേശി ജവാഹിറകൾ വാജര് മട്ടം
മട്ടത്തിൽ അഴകൊത്ത കഴുത്തിൽ മാല
മാണിക്കച്ചുടർകത്തി തെളിന്ത ചേല
ചേലൊളി ചെമ്പകപൂ കുറിമാല
ഓലഴകില്ലിയ മല്ലികമാല
ചേലണയും ചതുരക്കുറിമാല
വിരിയും പൊന്നവൽ മാല ഞെറിഞ്ഞമാല
പിച്ചകം എരഞ്ഞിപ്പൂ ചുരഞ്ഞമാല
മാലകൾ ഏലസ് താലിപ്പൂട്ട്
താലി ഞെറിക്കണി കാറകളിട്ട്
പോലവെ അബ്ബാസ് താനതിലിട്ട
ഇഷ്ടത്തിലണിന്തെ മുത്തിടക് കോവ

ഇസ്സത്താൽ നവരത്നം പതിഞ്ഞതാവ
താവ തരിവള പിരിവള കുറിവള
പോലവെതുളശ്ശേരി തരിവള
ആഖിതമാൽ കടകങ്ങൾ പൊൻതള
തളയും പൊന്നരഞ്ഞാണം അരമുറുക്കും
തഞ്ചം കൊണ്ടിതുപോലെ ചമഞ്ഞുനിക്കും
നിക്കുമെയമ്പർ മിസ്ക്കുകൾ പൂശി
ഒക്കയിലും കുളിർമണം വീശി
ചിക്കയിലും പനിനീർമണം വീശി
ഖീശിട്ടും ബീവിയാളെ ചമൈത്ത് നന്നായി
വിസ്താരകുറസ്സുമ്മേൽ ഇരുത്തി നന്നായി
ഇരുന്നതിൽ സുന്ദരികൾ സഭകൂടി
കന്നികളും ചമയം വിളയാടി
ചെന്നതിൻ സാദാത്തുകൾ നാടി
നാടി പുതുകന്നിക്കിട്ടും സുന്നത്തും
നന്മയിൽ മൈലാഞ്ചിക്കവർ റാഹത്താ"

ഇനി നമുക്ക് അദ്ദേഹത്തിൻെറ വിശിഷ്ട കൃതികളിലൊന്നായ മിൻ ആത്തുൽ ബാരിയെപ്പററി പ്രതിപാദിക്കാം. ഇതിലെ പ്രതിപാദ്യവിഷയം സയ്യിത് മുഹമ്മദമൗലാനയുടെ സംഭവബഹുലമായ ജീവചരിത്രവും അദ്ദേഹം പ്രത്യക്ഷപ്പെടുത്തീട്ടുള്ള അത്ഭുതസിദ്ധികളുമാണല്ലോ. പ്രസ്തുത കൃതി അദ്ദേഹത്തിൻെറ മററ കാവ്യങ്ങളെ അപേക്ഷിച്ച പല സംഗതികളാലും ഉന്നതമാണെന്നു പറയാം. അതിലെ ഭാഷാരീതിയും കഥാകഥനവും മററും നോക്കിയാൽ എത്രയും മികച്ച സ്ഥാനമുണ്ടതിന്നു എന്നു സമ്മതിച്ചേ കഴിയൂ.

ഈ കാരണത്താൽ അതിനെ കവിയുടെ "മാസ്റ്റർപീസാ"ണെന്നു ഗണിക്കാം. അതിലെ ഉള്ളടക്കം സംക്ഷിപ്തമായി വിവരിക്കാം. മൌലാന പ്രത്യക്ഷപ്പെടുത്തിയിട്ടുള്ള അത്ഭുത സിദ്ധികളിൽ ചിലത് താഴെ വിവരിക്കാം:—

തിരുനൽവേലി ജില്ലയിൽ കാലിപട്ടണം എന്ന നഗരത്തിൽ 18-ാം നൂററാണ്ടിൽ ഉമർലബ്ബആലിം എന്നു പേരായ ഒരു മതപണ്ഡിതനും യോഗിവര്യനുമുണ്ടായിരുന്നു. മൌലാനായും ഇദ്ദേഹവും സമകാലികന്മാരായിരുന്നു, അവർ പരസ്പരം സ്നേഹിച്ചും ബഹുമാനിച്ചും ജീവിച്ചുപോന്നു. ശരിയായ ഒരു ആത്മീയഗുരുവിൻെറ ശിഷ്യത്വം ലഭിക്കുവാൻ ചിരകാലമായി ലബ്ബ അഭിലഷിച്ചുകൊണ്ടു അന്വേഷണം നടത്തുകയായിരുന്നു. തൻെറ ആലോചനാപരിധിയിൽ അദ്ദേഹത്തിന്നനുയോജ്യനായി ആരെയും കാണപ്പെട്ടില്ല. ഒടുവിൽ മക്കായിലെ "പരിശുദ്ധ "കാബ" പരിസരത്തിൽ സർവ്വഗുണസമ്പന്നനായ ഒരു ഗുരുദേവൻ (ഷെയ്ക്ക്) ഉണ്ടെന്നും അദ്ദേഹത്തിൻെറ ശിഷ്യത്വം ലഭിക്കുവാൻ സാദ്ധ്യമായാൽ അതിലുപരി ഒരു ഭാഗ്യമില്ലെന്നും ആലിം സാഹിബ് മനസ്സിലാക്കി. പ്രസ്തുത അഭിവന്ദ്യനായ ഗുരുവിനെ തേടിയും കൊണ്ടു് ആയാൾ ആ വിദൂരയാത്രയ്ക്കു ഒരുമ്പെട്ടു. നിരവധി ബുദ്ധിമുട്ടുകളും യാത്രാക്ലേശങ്ങളും സഹിച്ചുകൊണ്ടു് ആ ഭക്തൻ ഉദ്ദിഷ്ട സ്ഥാനത്തു എത്തിച്ചേർന്നു. താൻ ആരെ ഉദ്ദേശിച്ചായിരുന്നുവോ പുറപ്പെട്ടതു് ആ ദിവ്യാത്മാവിനെ ദർശിക്കുവാനും അദ്ദേഹത്തിന്നു സാധിച്ചു. ആഗതൻ വിനീതനായി പ്രസ്തുത സിദ്ധപ്രവരൻെറ സന്നിധിയിൽ നിലകൊണ്ടു. വന്ന കാര്യമെന്തെന്നു ആഗതനോടു ആ ഗുരുഭൂതൻ ചോദിക്കയുണ്ടായില്ല; യാതൊരു വിധമായ സ്വീകരണവും ഗുരുദേവനിൽ നിന്നു അദ്ദേഹത്തിന്നു ലഭിച്ചതുമില്ല. ധ്യാനനിഷ്ഠനായ അദ്ദേഹം

തൻെറ വിനയമിഴികളാൽ ലബ്ബയെ ഒന്നു ദർശിക്കമാത്രം ചെയ്തു. എത്രയോ യാതനകഠം സഹിച്ചുകൊണ്ടായിരുന്നു ആയാഠം പരിപാവനമായ "കാബ" സാമീപ്യത്തിൽ എത്തിച്ചേൎന്നതു്. പരിക്ഷീണിതനായ ആ ഭക്തൻ ഭഗ്നാശനായിത്തീൎന്നു. ഏതായാലും തൻെറ ഇംഗിതം ഗുരുവിനെ അറിയിക്കകതന്നെയെന്നു അദ്ദേഹം തീർച്ചയാക്കി. ആ യോഗിവര്യൻെറ ശിഷ്യത്വം കാംക്ഷിക്കുന്നുണ്ടെന്നു അയാഠം വിനയ പുരസ്സരം ഷെയ്ക്കിനോടുണൎത്തിച്ചു. ഉത്തരക്ഷണത്തിൽ ആ ഗുരുഭൂതൻ പ്രസ്തുത അഭ്യൎത്ഥനയെ നിരസിക്കയും ചെയ്തു. "നിങ്ങഠക്കു് പററിയ ഷെയ്ക്കു് ഞാനായിരിക്കയില്ല; മററു വല്ലവരേയും തിരഞ്ഞുകൊള്ളുക." എന്നുള്ള നിഷേധാത്മകമായ ഉത്തരവായിരുന്നു അദ്ദേഹത്തിൽ നിന്നും പുറപ്പെട്ടതു്. കർണ്ണകഠോരമായ ഈ വാക്കുകഠം ലബ്ബാസാഹീബിന്നു മരണതുല്യമായി തോന്നിയെന്നു പറയേണ്ടതില്ലല്ലൊ. തൻെറ സൎവ്വാപേക്ഷകളും വ്യൎത്ഥമായി പൎയ്യവസാനിച്ചപ്പോഠം അദ്ദേഹം ഒരു പിഞ്ചുപൈതലിനെപ്പോലെ വാവിട്ടു കരഞ്ഞുപോയി! സ്വല്പനേരം കഴിഞ്ഞപ്പോഠം ഗുരുദേവൻ ഇപ്രകാരം പറഞ്ഞു: "നിങ്ങഠക്കു് അനുകരണയോഗ്യനായ ഒരു ഉൽകൃഷ്ടനായ ആത്മീയ ഗുരുവിനെ ഞാൻ നിൎദ്ദേശിച്ചുതരാം; അദ്ദേഹമാണു് എൻെറ ഗുരു. യോഗിവൎയ്യനായ സയ്യിതു് മുഹമ്മദു് മൌലാനയാണു് ഞാൻ പ്രസ്താവിച്ച ആ മഹാപുരുഷൻ. അടുത്ത നിമിഷംവരെ മൌലാനാ തൃപ്പാദങ്ങഠം ഞങ്ങളൊന്നിച്ചുണ്ടായിരുന്നു; അദ്ദേഹത്തെ വേഗം സമീപിക്കുക. പക്ഷെ, ഇവിടെ വെച്ചു നിങ്ങഠം മൌലാനയെ കണ്ടുമുട്ടുകയില്ല. നിങ്ങഠക്കു് മടങ്ങിപ്പോകാം. കൊച്ചിയിൽവെച്ചു അദ്ദേഹത്തെ കണ്ടുമുട്ടുകയും ശിഷ്യത്വം സ്വീകരിക്കുകയും ചെയ്യാം" ഇതെല്ലാം കേട്ടു അത്ഭുതപരതന്ത്രനായിത്തീൎന്ന ലബ്ബ അവിടെനിന്നും വിടവാങ്ങി അറേബ്യൻ മണലാരണ്യത്തോടും യാത്രപറഞ്ഞു ഇന്ത്യയിലേക്കു കപ്പൽ കയറി. അദ്ദേ

ഹത്തെയും വഹിച്ചുകൊണ്ടു് ആ കപ്പൽ കൊച്ചി തുറമുഖത്തു് നങ്കൂരമിട്ടു. കരക്കിറങ്ങിയ ആലിംസാഹിബ് മൌലാനയെ ആരാഞ്ഞുകൊണ്ടു നടത്തമായി. അവർ പരസ്പരം കണ്ടുമുട്ടി. "തേടിയവള്ളി കാലിൽ ചുററി" എന്നോർത്തു സന്തുഷ്ടനായി. അദ്ദേഹം "ഓ!മൌലാനയുടെ പഴകിയ പെരുമാററത്തിൽ വലിയ മാററങ്ങൾ സംഭവിച്ചിരിക്കയാണ " എന്നു അയാൾക്ക് അനുഭവപ്പെട്ടു. മുമ്പുണ്ടായിരുന്ന സ്നേഹാദരങ്ങളൊന്നും തന്നെ അദ്ദേഹത്തിൽ കണികാണ്മാൻപോലുമില്ലായിരുന്നു. ആഗതൻെറ മനസ്സ് കലങ്ങിമറഞ്ഞു. ദുഃഖിതനും പരവശനുമായിരുന്ന ലബ്ബ ആലിം ഷെയ്ക്കിൻെറ തിരുസന്നിധിയിൽ ശരണം പ്രാപിച്ചു. പിന്നെ മൌലാനയുടെ വിശ്രമ വിഹാര രംഗമായിരുന്ന ആ നോചനാമുറിയിലേക്കു ലബ്ബ ആനയിക്കപ്പെട്ടു. "തൻെറ അപരാധങ്ങളേയും അജ്ഞതയേയുംപററി ആയാൾ ഗുരുദേവനോടു് മാപ്പിന്നപേക്ഷിച്ചു. നാളിതുവരെയും തൃപ്പാദങ്ങളുടെ മാഹാത്മ്യങ്ങൾ മനസ്സിലാക്കുവാൻ കഴിയാതിരുന്നതിനെക്കുറിച്ചും ലബ്ബ വിലപിച്ചു; അദ്ദേഹത്തിൻെറ തൃക്കരങ്ങൾ ചുംബിച്ചും ആ ഗുരുഭൂതനിൽ ശരണം പ്രാപിച്ചു. തൽഫലമായി ലബ്ബയെ തൻെറ "മുരീതായി (ശിഷ്യനായി) മൌലാനാ സ്വീകരിക്കുകയും തപോരാ മാപ്പിള ലബ്ബആലിം തികഞ്ഞ ഒരു യോഗിവര്യനായിത്തീരുകയും ചെയ്തു. അദ്ദേഹത്താൽ വിരചിതമായ മൌലാനായുടെ ചരിത്രത്തെ ആസ്പദമാക്കിയാണ് പരീത് തൻെറ മിൻആശ്ശൽ ബാരിയെന്ന വിശിഷ്ട കാവ്യംനിർമ്മിച്ചിട്ടുള്ളതു്. ഒരിക്കൽ മൌലാനയും അദ്ദേഹത്തിൻെറ അനുചരന്മാരും കൂടി ഒരു ഭവനത്തിൻെറ അങ്കണത്തിലിരിക്കുകയായിരുന്നു. സമയം രാത്രി. തത്സമയം അതിശക്തിയായ കാററ് വീശിക്കൊണ്ടിരുന്നു. തുടർന്നു കൊണ്ടു് ഘോരമായ മഴയും പെയ്തു. ഇങ്ങിനെ കാററും കോളും പെമാരിയും ഒത്തുചേർന്നപ്പോ

ൾ ആ പരിസരം മുഴുവൻ ഭയാനകമായ ഒരു രൂപം കൈക്കൊണ്ടു. ഈ ഭയാശങ്കകൾക്കെല്ലാം സാക്ഷ്യം വഹിച്ചുകൊണ്ട് സിദ്ധപ്രവരനും ശിഷ്യഗണവും അവിടെ നിലകൊണ്ടു. ആ ദിക്കിലുള്ള ദീപങ്ങളെല്ലാം കെട്ടണഞ്ഞു. ഗുരുദേവൻെറ സാന്നിദ്ധ്യത്താൽ പരിപാവനമായി പരിലസിച്ചിരുന്ന ആ അങ്കണത്തിൽ, അതെ ആ സിദ്ധനും ശിഷ്യന്മാരും ആസനസ്ഥരായിരുന്ന സ്ഥലത്ത് ആശ്ചര്യമെന്നോണം സർവ്വരേയും അത്ഭുതപരതന്ത്രാക്കിത്തീർത്ത ഒരു ദിവ്യത്വം പ്രത്യക്ഷമായി. അവിടം ഒരു തുള്ളി മഴപോലും പെയ്തില്ലത്രെ. തൽസ്ഥാനത്ത് ജ്വലിച്ചു കൊണ്ടിരുന്ന വിളക്കു സുശക്തമായ കാററിനേയും ജയിച്ചുകൊണ്ട് ഒരേ നിലയിൽ കത്തിക്കൊണ്ടിരുന്നു. അനിതരസാധാരണമായ പ്രസ്തുത സംഭവത്തെ പുരസ്കരിച്ചു മഹാകവി പാടിയ ഭാഗമാണ് താഴെ കൊടുത്തിട്ടുള്ളതു്.

"സാരസാരപേരപൂരിത നാരസ്വാമിയരങ്കണത്തിൽ
സൌരരാശി മനോഹരം മണിദീപകാന്തി വിരാശിതം നിശി

എത്രചേതോഹരമാണ് അദ്ദേഹത്തിൻെറ കാവ്യരചനാ പാടവമെന്നു നോക്കുക. സംസ്കൃതഭാഷയിലുള്ള കവിയുടെ പാണ്ഡിത്യത്തിന്നു ഒരു ദൃഷ്ടാന്തമായി ഇതിനെ കണക്കാക്കാം. ഇപ്രകാരമുള്ള എത്രയെത്ര വരികൾ വേണമെങ്കിലും മിൻ ആത്തുൽ ബാരിയിൽ നിന്നു ഉദാഹരിക്കാവുന്നതാണ്. തൻെറ എതിരാളികളുടെ വിമർശനങ്ങൾക്കും ആക്ഷേപങ്ങൾക്കും ഉള്ള മറുപടിയെന്നോണമാകുന്നു പ്രസ്തുത കൃതിയിലെ ഭാഷാരീതിയെന്നു മനസ്സിലാക്കാം.

ഗുരുദേവൻ കണ്ണൂർ ഉണ്ടായിരുന്ന കാലത്ത് ഒരിക്കൽ ഒരു പുലിയും രണ്ടു കുഞ്ഞങ്ങളും വന്നു പൊതുനിരത്തിന്നരികെ താവളമുറപ്പിച്ചു. തദ്ദേശവാസികൾ ഭയവിഹ്വലരായിത്തീർന്നു. ആ വഴി

ക്കണ്ടായിരുന്ന ഗതാഗതവും നിലച്ചു. കാര്യമാകെ വിഷമാവസ്ഥയിലായിത്തീൎന്നുവെന്നു പറയാം. പുലിയെ തൽസ്ഥാനത്തുനിന്നും പായിച്ചുകളയുവാൻ ആരും ധൈര്യപ്പെട്ടതുമില്ല. ഈ ഭയങ്കര വിപത്തിൽനിന്നും രക്ഷപ്പെടുവാനുള്ള മാൎഗ്ഗം ആരും തന്നെ കണ്ടെത്തുകയുണ്ടായില്ല. ഭവനവാസികൾ ഭയപ്പെട്ട രാത്രി ഉറക്കമിളച്ചു കാത്തിരിക്കുകയായി. ഒടുവിൽ അവർ മൌലാനയെ സമീപിച്ചുവിവരം അദ്ദേഹത്തോടുണൎത്തിച്ചു. ആഗതരോടു അദ്ദേഹം ഇങ്ങിനെ ചോദിച്ചു. "ഞാൻ പറയും വിധം പുലിയുടെ അടുത്തു് ചെന്നു അതു് കേൾക്കത്തക്കവണ്ണം ഉരിയാടാൻ നിങ്ങളിൽ ആൎക്കാണു് ധൈര്യമുള്ളതു്?". അവരിൽ ഒരാൾ ഗുരുഭൂതന്റെ സന്ദേശവും വഹിച്ചുകൊണ്ടു് പ്രസ്തുത പുലിയുടെ സമീപത്തു് പോകാമെന്നേററു. സന്ദേശം ഇപ്രകാരമായിരുന്നു. "സയ്യിദുമുഹമ്മദ് മൌലാന ആജ്ഞാപിച്ചിരിക്കുന്നു പുലിയും കുഞ്ഞുങ്ങളും ഈ സ്ഥലംവിട്ടു് അടുത്തുള്ള വനാന്തരങ്ങളിലേക്കു ഉടൻ പോകുവാനായിട്ടു്" യാതൊരാപത്തും സംഭവിക്കില്ലെന്നു സുദൃഢം വിശ്വസിച്ചിരുന്ന സന്ദേശവാഹകൻ പ്രസ്തുത പരീക്ഷണ സ്ഥാനത്തും എത്തിച്ചേൎന്നു. സങ്കോചമെന്യേ ആ സന്ദേശം ബീഭത്സമായി ആ വന്യമൃഗത്തെ കേൾപ്പിക്കപ്പെട്ടു. തത്സമയം ആ ഭയങ്കര ജന്തു തന്റെ സഹജമായ ക്രോധത്തോടു കൂടി ആഗതന്റെ നേൎക്കൊന്നു നോക്കി, താമസംവിനാ വാലും താഴ്ത്തിക്കൊണ്ടു ആ കടുവയും കുഞ്ഞുങ്ങളും അവിടന്നും യാത്രപുറപ്പെട്ടു; ഏതോ ഒരു വിപിനത്തിൽ അഭയം പ്രാപിച്ചു. പ്രസ്തുത സംഭവത്തെപ്പററി കവി വിവരിക്കുന്നതു് നോക്കുക:—

"കെരിചോനക്കൽ പുച്ഛം നികത്തിക്കൊണ്ടിളകൈ
കരിചോര കലൻനിക്ഷിച്ചുവന്നു വന്തടുകൈ
ഉരമേറം താം കണ്ടിട്ടുവർ നേരിട്ടുരകൈ

ഉടയവൻ അരിശകപ്പുലി പേരർ മൊഴിക്കൈ
തിറമായി കുതിത്തു വന്തട്ടത്തെ ഭൂതനതിൽ
തരമുണ്ടോ മറപ്പാനായി ഉനക്കേറെറം മനതിൽ
വാലും താത്തി സുകൃത്തില തോടി
വേങ്കനാന്ദനരും മലക്കുടി''

ഈ കൃതിയിൽ മറെറാരു ഭാഗത്ത് അദ്ദേഹം പാടുകയാണ്

" താലം രണ്ടിലും തങ്കിഗ്ഗുണങ്ങളെ
തന്നരുളംവിൻ എന്നിലും തങ്ങളെ
കോലമാൽ അതിശിത്തെ വിശേഷത
കുപ്പിടൈ ഇതിഹാസ സുഭാഷിത
പാലനക്കരുപാസലർ തങ്ങള്
പാട്ടും കവ്വായിയെന്നെ വിലാതില്''

പ്രസ്തുത വിശിഷ്ട കാവ്യത്തിന്നാസ്പദമായ സംഗതികം കവി രേഖപ്പെടുത്തിയിരിക്കുന്നതു് എങ്ങിനെയെന്നു നോക്കുക.

"സത്തരശർ മുഹമ്മതൊലിൻെറ സാരചരിത്ര വാതെത്ത
സമ്മലൈ വാത്തിൽ ചേർത്തിടും ഗീതത്തിൽ ആർത്തി
മോദം കുമിതെത്ത
മാപ്പിളലബ്ബ ആലിമതെണ്ട മാനിതരാൽ ചമൈരത്ത
മിൻആത്തൂൽ ബാരിയെണ്ട കിത്താബും മറവപലതിൽ
പാർത്തെത്ത''

ഒരിക്കൽ കഥാപുരുഷൻ തെക്ക് ഭാഗത്തുനിന്നു സ്വദേശത്തേക്കുള്ള തൻെറ മടക്കംയാത്രയിൽ പൊന്നാനി താലൂക്കിൻെറ .. .. തെക്കുഭാഗത്തുള്ള നാട്ടിക എന്ന ഗ്രാമം സന്ദർശിക്കുവാൻ ഇടവന്നു. പ്രസ്തുത ഗ്രാമത്തിലെ അംശം അധികാരിയുടെ ഭവനത്തിലേ

ക കയറിച്ചെന്നു. ചേത്തേടത്ത് കുഞ്ഞിക്കുട്ടവൻ എന്നാളുടെ ഗൃഹമായിരുന്നു അതു്. നാട്ടികഫക്കയിൽ അക്കാലത്തുണ്ടായിരുന്ന ഭവനങ്ങളിൽ വെച്ചു ഏററവും ചേതോഹരമായിരുന്നു ആ രമ്യഹർമ്മ്യം. ഒരു നൂററാണ്ടിൽ പരം മുമ്പു പണിത ആ മനോഹരമായ കെട്ടിടത്തിൻെറ നിർമ്മാണത്തിൽ പ്രദർശിപ്പിക്കപ്പെട്ട ശില്പകലാവൈദഗ്ദ്ധ്യം ഇന്നും ജനങ്ങളുടെ ഇടയിൽ ഒരു സംസാരമാണു്. കുബേരനും പ്രതാപവാനുമായിരുന്ന ചേത്തേടൻെറ കഴിവുകളെയത്രെ ഇതു് തെളിയിച്ചിരുന്നതു്. സന്ദർശകനെകുറിച്ചു അധികാരിക്കു് ധാരാളം കേട്ടുകേൾവിയുണ്ടായിരുന്നതിനാൽ അദ്ദേഹത്തെ യഥോചിതം സ്വീകരിക്കുകയുണ്ടായി. ആ വിചിത്രഭവനത്തിൻെറ എല്ലാഭാഗങ്ങളും ഗൃഹാധിപൻ മഹാകവിക്കു് കാണിച്ചുകൊടുത്തു. അനന്തരം ഇരുവരും അവിടെയുള്ള ഉത്തരസ്ഥാനങ്ങളിൽ ആരൂഢരായി. ആയാൾ ആഗതനോടു ഇപ്രകാരം ചോദിച്ചു "നമ്മുടെ ഗൃഹത്തെകുറിച്ചുള്ള അങ്ങയുടെ അഭിപ്രായമെന്താണ്?" സുസ്മേരവദനനായ ആ നിമിഷം കവി ഇരുന്നുകൊണ്ടു് ഓട്ടം തുള്ളൽ മട്ടിൽ ആ സൌധത്തെപ്പററി ഒരു കൃതി രചിച്ചു അദ്ദേഹത്തെ ചൊല്ലികേൾപ്പിച്ചു. സ്വതഃസിദ്ധമായ സ്വരമാധുര്യത്തോടെ അദ്ദേഹം അതു ചൊല്ലുമ്പോൾ ശ്രോതാക്കൾ കണ്ണിമവെട്ടാതെ കവിയെ ആപാദചൂഡം നോക്കിക്കൊണ്ടിരുന്നു. ഇതു് കേട്ടു് മനം കുളിത്ത ഗൃഹനായകൻ ആ കൃതി സാമോദം പകത്തിയെടുത്തു ചില്ലിട്ടു സൂക്ഷിച്ചു. കവിയെ സംതൃപ്തനായി യാത്ര അയപ്പാൻ പ്രേരിതനായ അധികാരി സമുചിതമായ സമ്മാനദാനങ്ങളായിരുന്നു അദ്ദേഹത്തിന്നു നല്കിയതു്. സന്ദർഭോചിതം പ്രവൃത്തിപ്പാനുള്ള തൻേറടം ആ കലാകാരനുണ്ടായിരുന്നുവെന്നു ഇതുകൊണ്ടു് തെളിയുന്നുണ്ടു്. മാപ്പിളപ്പാട്ടു് രീതിയിൽ ഗീതം നിർമ്മിച്ചാൽ അതു് ചേത്തേടൻെറ അഭിരുചിക്കുതകുന്നതല്ലെന്നും അതു് ആസ്വദിക്കുവാൻ കഴികയില്ലെന്നും മനസ്സിലാക്കി

യത്രെ അദ്ദേഹം ഓട്ടം തുള്ളൽശൈലിയിൽ കാവ്യം നിർമ്മിച്ചതു്. മാത്രമല്ല, ദ്രാവിഡ വൃത്തങ്ങളിൽ കൃതികൾ രചിക്കുവാൻ പരീത് ഉദ്ദേശിച്ചിരുന്നുവെങ്കിൽ അതും അദ്ദേഹത്തിന്നു ക്ഷിപ്രസാദ്ധ്യമായിരുന്നുവെന്നും ഇതുകൊണ്ടു് മനസ്സിലാക്കാവുന്നതാണ്. പ്രസ്തുതകൃതി നാട്ടിക ഫക്കയിലെ പതിനാലംശങ്ങളിലും പ്രചരിച്ചു. ആ കാവ്യം ഹൃദിസ്ഥമാക്കീട്ടുള്ള അനേകം പേർ ഇന്നും തിയ്യസമുദായത്തിലുണ്ടു്. ഉത്സവാദികാലങ്ങളിലുണ്ടാവാറുള്ള ഐവർകളിയിൽ ഈ ഓട്ടം തുള്ളലാണ് സാധാരണയായി പാടിവരാറുള്ളതു്. സ്ഥലത്തെ ഒരു ഐവർ കളിക്കാരനായ ഒരു തിയ്യയുവാവിൻെറ പക്കൽ നിന്നാണ് ഗ്രന്ഥകാരൻ പ്രസ്തുത കൃതി പകർത്തിയെടുത്തതു്. ഇതു പ്രസിദ്ധീകരിക്കയുണ്ടായിട്ടില്ലെന്നും പറഞ്ഞുകൊള്ളട്ടെ; അതത്രെ താഴെ ചേർത്തിട്ടുള്ളതു്:—

കിളിമകളെ വന്നത തളികയിലെ
പാലും പഴവും തെളിവായി ഭുജിച്ചുവിരി-
ച്ചിട്ടുളവായിട്ടൊരു കഥനം ചെയ്ക.
ശുകസുതയതുകേട്ടരുളിചെയ്തു
ജനവാസികളേ കേട്ടരസിപ്പിൻ.
പൊന്നാനിതാലൂക്കതിന്നുടെ കീഴിൽ
ചേരന്നൊരു നാട്ടികയംശം തന്നിൽ
തൃപ്രയാറതെന്നുള്ളൊരു ദേശം
സാകേതപുരിയൊടുസമാനം
അപ്പുരിയിൽ പുനരഴകിയ ദേവൻ
വൈകുണ്ഠാധിപനാകിയ നാഥൻ
പുരുഷോത്തമനാം രാമസ്വാമി-
ക്കഴകാൽ തീർത്തൊരു ക്ഷേത്രം തന്നുടെ
ഉത്തരഭാഗേ യെത്രവിചിത്രം!

ചേർത്തേടത്തെന്നൊരുഭവനമതും
വൃത്തിസുഭാഷിത വർണ്ണനയഖിലം
വിവരിച്ചങ്ങുര ചെയ്യതിനായി
സഹസ്രാനനനും പണിയെന്നോക്ക.
സവിനി സർവ്വജ്ഞൻ ബലപതി-
യാകിയ കുഞ്ഞിക്കളവൻതാനും
തമ്പിയു മംബികയും ചില മാനിനിമാർ
വസനം ചെയ്യും പുരം ഞാനതുകണ്ടു
രസിച്ചു ചമച്ചിതു ലീലവിശേഷാൽ
പാഷാണത്താൽ കെട്ടിയടിത്തറ
ഘോഷത്താൽ വളരിട്ടുനിരത്തി
ഘോഷാരോടം ഘോഷിച്ചകമേ
പാരം ചെയ്തു ചരടിട്ടുതുളച്ചു
തെരുതെരെയഴകിയ മരവിവരം
പലതുരചെയ്യാനരുതരുതാക്കം
ദാരുപിലാവാദിയാകിയ തേക്കും
ധീരത പൂണ്ടു വളന്ന പിലാവും
സരസക്കരിമര, മയിനികൾ വീട്ടി
ഇങ്ങിനെയുള്ള മരങ്ങളെഭേദി-
ച്ചങ്ങൊരു കഷണം കാണ്മാനില്ല.
ചെത്തിമിനുക്കിയ കട്ടിളവാതിലി-
നൊത്തപണിത്തര മെത്ര വിചിത്രം!
മഞ്ചാരിപ്പടി ചെത്തിച്ചാർത്തി ചില
പെഞ്ചാതികളുടെ രൂപം ചാർത്തി
ക്കൂരമ്പത്തിന്മേലുല്ലാസപ്പണിചെയ്തു
തുല്യകെ പക്ഷിവൃന്ദമെല്ലാം നിരന്ന
വിധം കില്ലില്ല മാർജ്ജാരനുണ്ടല്ലൊ

പതിഞ്ഞിട്ടൊന്നു ചൊല്ലാമതിൽ.
വിശേഷിച്ചില്ലാ വിസ്താരം വേറെ
പത്തനമതിന്നുടെ പശ്ചിമഭാഗേ
ഒത്തൊരു പൂമുഖമതിന്നുടെ വർണ്ണം
സരസപ്പൂർണ്ണപൂക്കളത്തുകളും
വാരിജവല്ലി പടൎന്നു കണ്ടാൽ
ചഞ്ചലമൊട്ടും വേണ്ടാ മനസ്സിൽ.
സഞ്ചാരികൾ വന്നിവിടെ വസിക്കും
പലക മേൽപതിയാകിയ താഴം
പലപല തണ്ടുകളും മോതിരവും
വാനം മുട്ടും ഛായനിലമൂന്നും
അറയും നിറയും അധികാരി-
ക്കതിസുഖമുറിയും മെത്തകളും മേലാ-
പ്പുകളനവധി ശുദ്ധിവിരിപ്പുകളും
യുഗളം തുണുകൾ ശീലാന്തികളും
ഇട്ടുപരത്തിയ തട്ടുകൾ കല്പണി
മുട്ടുകളും ചില മട്ടുകളെല്ലാം
ഛായാരക്തം സുവർണ്ണം കൃഷ്ണം
ചായംചൊല്ലി മുടിക്കാനരുതെ
അട്ടിലുമതിന്നുടെ കുളവും കൂപം
തൊട്ടിലരപ്പുരയും യുഗസ്ഥലവും
നാടകശാലകൾ പാഠശാലകളും

സാർവ്വത്രികമായ പ്രചാരമായിരുന്നു പുത്തഹിസ്സാമിന്നു സിദ്ധിച്ചുകൊണ്ടിരുന്നതു്. പണ്ഡിതപാമരന്മാരെ ഒരുപോലെ ആകർഷിച്ചുകൊണ്ടിരുന്ന പ്രസ്തുതകൃതി മഹാകവിയുടെ കാലത്തു് ജനങ്ങൾസാധാരണ പാടിരസിക്കാറുണ്ടായിരുന്നു. ഒരിക്കൽ അദ്ദേഹം ത

ൻെറസ്വദേശത്തുനിന്നു പൊന്നാനിയിലേക്ക തോണിമാൎഗ്ഗം യാത്ര ചെയ്തു. തോണിനിറയെ കലവും കുടവുമായി മൺപാത്രങ്ങൾ ഉണ്ടായിരുന്നു. സമയം രാത്രി. കായലിൻെറ ഇരുവശങ്ങളിലും തലഉയൎത്തിനിന്നിരുന്ന തെങ്ങിൻ തോപ്പുകൾ വിരിച്ച മരതകപ്പച്ച അവിടത്തെ അന്തരീക്ഷത്തിന്നു അലൌകീക സൌന്ദൎയ്യത്തെ പ്രദാനംചെയ്തു. വളഞ്ഞു പുളഞ്ഞൊഴുകുന്ന കായൽ ചിണുങ്ങി ചിണുങ്ങിക്കൊണ്ടു സുഗന്ധവാഹിനിയായ തെന്നലേററു തെങ്ങോലത്തുമ്പുകളിൽനിന്നും മൃദുഗാനം പുറപ്പെടീച്ചു കൊണ്ടിരുന്നു. നിശാവേളയിൽ പാലൊളി പൂനിലാവിൽ മുങ്ങിനിന്നിരുന്ന കല്പവൃക്ഷങ്ങളുടെ മരതകപ്പച്ചയിലക്ക ഇറങ്ങിക്കിടക്കുന്ന ചക്രവാളത്തിന്നു മീതെ പൌൎണ്ണമി പുഞ്ചിരിച്ചും കൊണ്ടു സ്വച്ഛന്ദം വിഹരിച്ചു. നിസൎഗ്ഗസുന്ദരമായ ഈ പ്രകൃതി ദൃശ്യങ്ങളിൽ ആകൃഷ്ടനായിക്കൊണ്ടു ആ കവിവരൻ തോണിയുടെ ഒരററത്ത് ഇരിക്കുകയായിരുന്നു. തോണിക്കാരായ രണ്ടുപേൎക്കുപുറമെ നാലഞ്ചു യാത്രക്കാരുമുണ്ടായിരുന്നു. ഇങ്ങിനെ ആ പരുത്ത തോണി കായലിൽക്കൂടെ അലസഗമനം ചെയ്തു. വഞ്ചിക്കൊമ്പത്തു നിന്നും തോണി കുത്തുന്നവൻ അവൻെറ പരുക്കൻ ശബ്ദത്തോടുകൂടി പാട്ടു പാടുവാനും തുടങ്ങി. കൎണ്ണകഠോരമായ അവൻെറ ഗാനാലാപം രസശൂന്യമായിരുന്നുവെന്നു പറയേണ്ടതില്ലല്ലോ; എങ്കിലും "ശാമിൽ" നിന്നുള്ള ചില ഭാഗങ്ങളായിരുന്നു അവൻ പാടിക്കൊണ്ടിരുന്നതു്. വള്ളത്തിൻെറ ഒരു മൂലയിൽ കൂടിയിരുന്ന മഹാകവിയെപ്പററി യാത്രക്കാരിലൊരാൾ എന്നതിൽ കവിഞ്ഞൊന്നും അവർ ധരിച്ചിട്ടുണ്ടായിരുന്നില്ല. തോണിയുടെ ഗമനത്തിന്നനുസരിച്ച കഴക്കോൽ ഊന്നിയുംകൊണ്ടു നിൎഭയനായ ആ സ്വതന്ത്രതൊഴിലാളി ഗാനാലാപനം മുഴക്കിക്കൊണ്ടിരുന്നു. മഹാനുഭാവനായ പരീത് തൻെറ കൃതിയെക്കുറിച്ചു ശ്രദ്ധാലുവായിരുന്നു വെന്നത് സഹജമാണല്ലോ. കഷ്ടം! അവൻ പാടിയിരുന്നതു മുഴവ

ൻ അബദ്ധമായിരുന്നു. കേട്ടുപഠിച്ചവനുണ്ടോ അബദ്ധ സുബദ്ധങ്ങൾ തിരിച്ചറിയുന്നു? തെററായി പാടുന്നതു കേൾക്കുമ്പോൾ കവി അസ്വാസ്ഥ്യനാകാറുണ്ടായിരുന്നു. നിസ്സങ്കോചം കള്ളത്തരങ്ങൾ തട്ടിവിട്ടിരുന്നവനെ ഒരു പാഠം പഠിപ്പിക്കുക തന്നെയെന്നു അദ്ദേഹം തീൎച്ചയാക്കി. "ഒരു തെററിന്നു ഒരു കുടം" എന്നു സരസനായ കവി പറഞ്ഞു. അങ്ങിനെ തോണിക്കാരൻ പാടാനും യാത്രക്കാരൻ മൺപാത്രങ്ങളുടക്കാനും തുടങ്ങി. പ്രഭാതത്തോടു കൂടി വഞ്ചി പൊന്നാനിയിൽ എത്തിച്ചേൎന്നു. അതോടെ അവൻ തൻെറ പാട്ടും അവസാനിപ്പിച്ചു. ആയാൾ തോണിയുടെ ഉള്ളിലേക്കു നോക്കിയപ്പോൾ കണ്ട കാഴ്ച ഭയങ്കരമായിരുന്നു! മൺപാത്രങ്ങളുടെ കഷണങ്ങൾ കൂമ്പാരമായിട്ടാണ് കാണപ്പെട്ടതു്. തദവസരത്തിൽ ഭയങ്കരമായ വാക്സമരമാണ് അവിടെ നടന്നതു്. നഷ്ടപരിഹാരം ചെയ്തു കിട്ടുവാൻ അവൻ ശഠിച്ചു. ഇരു ഭാഗത്തും നാശനഷ്ടങ്ങൾ സംഭവിച്ചിട്ടുണ്ടെന്നു കവിയും വാദിച്ചു. ഈ പ്രസ്താവന ആ തൊഴിലാളിയെ കോപാന്ധനാക്കിത്തീൎത്തു. നിരാശയും വിഷാദവും ക്രോധവും ഒരേസമയത്തു് ആയാളിൽ അങ്കുരിച്ചു. "തനിക്കെന്തു ചേതംവന്നു.?" എന്നു കോപകലുഷിതനായ തോണിക്കാരൻ ഗൎജ്ജിച്ചു. മററു യാത്രക്കാരും വഴക്കിൽ ഭാഗഭാക്കാകേണ്ടിവന്നു. ശാന്തനായ പരീതു് അവരെല്ലാം കേൾക്കെത്തക്കവണ്ണം ഇപ്രകാരം പ്രസ്താവിച്ചു "ഇവൻെറ നഷ്ടം തുച്ഛമാണ്. എനിക്കുസംഭവിച്ചിട്ടുള്ള ചേതം അപരിഹാൎയ്യമാണ്. നമ്മുടെ കൃതിയായ "പുത്തഹിശ്ശാമ്" ഇവൻ പാടിയപ്പോൾ വരുത്തിവെച്ച തെററുകൾക്കു കയ്യും കണക്കുമില്ല. ഒരുതെററിന്നു ഒരു മൺപാത്രം വീതം മാത്രമേഞാൻ നശിപ്പിച്ചിട്ടുള്ളു. ഇവൻെറ കുററത്തിന്നു നഷ്ടപരിഹാരം ചെയ്വാൻ ആരാലും സാദ്ധ്യമല്ല. അതുകൊണ്ടു ഇനിയെങ്കിലും ഇതു് ഇവന്നു ഒരു പാഠമായി തീരട്ടെ! കണ്ടമാനം പൊളിപറയുവാനുള്ളതല്ല മമ്മുടെ മഹത്താ

യ്യ കാവ്യമെന്നു.' യാത്രക്കാരൻ മഹാകവി ചേററുവായ് പരീക്കുട്ടിയാണെന്നറിഞ്ഞപ്പോഠം സർവ്വരും നിശ്ചലരായിപ്പോയി! ഉത്തരക്ഷണത്തിൽ നിസ്സഹായനായിത്തീൎന്ന തോണിക്കാരൻ അദ്ദേഹത്തോടു ക്ഷമാപണം ചെയ്യുകയും മേലിൽ അത്തരം സാഹസങ്ങഠം ആവൎത്തിക്കുന്നതല്ലെന്നു ഉറപ്പുകൊടുക്കുകയും ചെയ്തു.

## ഉപ്പ്നിയമ ലംഘനം

ഒരു കാലത്ത് ഉപ്പ്നിൎമ്മാണം ഇവിടത്തെ ഒരു കുടിൽവ്യവസായമായിരുന്നു. ബ്രിട്ടീഷുകാരുടെ ഭരണംകൊണ്ടുണ്ടായിത്തീൎന്ന ദുരിതാനുഭവങ്ങളിൽ ഒന്നായിരുന്നു പാവങ്ങളുടെ തൊണ്ടമുടിച്ച ഉപ്പ്നിൎമ്മാണ നിരോധാജ്ഞ. പ്രസ്തുത നിരോധത്തെത്തുടൎന്നു നാട്ടുകാൎക്കിടയിൽ തൊഴിലില്ലായ്മയും അതിൻെറ കൂടപ്പിറവിയായ പട്ടിണിയും പടൎന്നുപിടിച്ചു. ഭഗ്നാശരും കുണ്ഠിതരുമായിത്തീൎന്ന ജനങ്ങഠം ക്ഷോഭിച്ചുവശായി. അവർ സംഘടിച്ചു, പ്രസ്തുതനിയമത്തെ ഭേദിക്കുവാൻ തീൎച്ചയാക്കി, ഉപ്പ്പടന്നയിൽ പ്രവേശിച്ചു. ഇവൎക്കു ഇതിനെല്ലാം നേതൃത്വം കൊടുത്തു അവരെ നയിച്ചുകൊണ്ടിരുന്നതു് കഥാപുരുഷനായ പരീതായിരുന്നു. പരസ്യമായുള്ള ഈ നിയമലംഘനത്തെ തടയുവാനും കുററവാളികളെ പിടിച്ചു ശിക്ഷിക്കുവാനുമായി ഒരുകൂട്ടം ആയുധപാണികളായ സൎക്കാരുദ്യോഗസ്ഥന്മാർ ത്വരിതഗതിയായി പുറപ്പെട്ടു. ഇവരെ "പുതിയാമക്കാർ" എന്നായിരുന്നു നാട്ടുകാർ വിളിച്ചിരുന്നതു്. പുതിയാമക്കാർ സ്ഥലത്തെത്തുന്നതിന്നു മുമ്പായി ഉപ്പ്നിൎമ്മാണത്തിൽ വ്യാപൃതരായിരുന്നവരെല്ലാം പോയ്ക്കളഞ്ഞു. നിൎഭയനായ നേതാവ് മാത്രം സധൈൎയ്യം അവിടെ നില്ക്കുന്നുണ്ടായിരുന്നു. അവിടെ ഉണ്ടാക്കി വെച്ചിരുന്ന ഉപ്പ് സൎക്കാരുകാർ ഒരു ചാക്കിലാക്കി പരീതിൻെറ ശിരസ്സിൽ കയററി അദ്ദേഹത്തോടു

കോടതിയിലേക്ക നടക്കവാൻ കല്പിച്ചു. കടുത്ത ഭീഷണിവാക്കു കഠം പുറപ്പെടീച്ചുകൊണ്ടിരുന്ന പുതിയാമക്കാർ മുമ്പും കുററവാളിയായ കവി പിമ്പുമായിനടന്നു. ഗർവ്വിഷ്ഠരായ സാഠംട്ടുകാരെ ഒരു പാഠം പഠിപ്പിക്കുക തന്നെയെന്നു നിയലംഘകൻ മനസാ നിശ്ചയിച്ചു. വിരലുകഠംകൊണ്ടു ആയാഠം ചാക്കിന്നൊരു ദ്വാരമുണ്ടാക്കി അതിൽക്കൂടെ ഉപ്പു ചോർത്തിക്കളയാൻതുടങ്ങി. നടത്തത്തിൻെറ ശക്തിക്കനുസൃതമായി തലയിലെ ഭാരം കുറഞ്ഞുകൊണ്ടിരുന്നു. ഒടുവിൽ ഉദ്ദിഷ്ട സ്ഥാനത്തെത്തി നോക്കിയപ്പോഠം തലച്ചുമട് ഒരു കാലിച്ചാക്ക് മാത്രമായി രൂപാന്തരപ്പെട്ടു.

ഉദ്യോഗസ്ഥ മേധാവിയുടെ മുമ്പാകെ കുററവാളി ഹാജരാക്കപ്പെട്ടു. ന്യായാധിപൻെറ ചോദ്യങ്ങഠംക്കനുസൃതമായ മറുപടി അദ്ദേഹം കൊടുത്തു. സ്വാർത്ഥപരമായി താൻ യാതൊന്നും പ്രവൃത്തിച്ചിട്ടില്ലെന്നും പാവങ്ങളുടെ ദാഹശാന്തിക്കുവേണ്ടി നടത്തിയ ഒരു സേവനമാണതെന്നും പരീത് കോടതിമുമ്പാകെ മൊഴി കൊടുത്തു. ഉപ്പ് നിറച്ചചാക്ക് ശൂന്യമായി കാണപ്പെടുവാൻ കാരണമെന്താണെന്നുള്ള അദ്ദേഹത്തിൻെറ ചോദ്യത്തിന്നു നിയമലംഘകൻ ഇങ്ങിനെ മറുപടി നല്കി. "ന്യായത്തേയും സത്യത്തേയും പ്രതിനിധീകരിക്കുന്ന കോടതിയിൽ വ്യാജനിർമ്മിതമെന്നു പറയപ്പെടുന്ന സാധനം കൊണ്ടുവരുന്നതു് നിഷിദ്ധമാണെന്നു എനിക്കു തോന്നുകയാൽ ചാക്കിൽ ഉണ്ടായിരുന്ന ഉപ്പ് ഞാൻ ചോർത്തിക്കളഞ്ഞതു് ശരിയാണ്." സരസനും ബുദ്ധിമാനുമായ കവിയുടെ വാക്കുകഠംകേട്ടു ആ ഉദ്യോഗസ്ഥൻ സ്വല്പനേരം മൌനമവലംബിച്ചു. പിന്നെ പരീതിൻെറ നേർക്കൊന്നുനോക്കി പുഞ്ചിരിക്കുകമാത്രം ചെയ്തു. ഒടുവിൽ അദ്ദേഹത്തോടു പോയ്ക്കൊള്ളുവാനും കല്പിച്ചു.

ഒരിക്കൽ കവി തൻെറ ആത്മീയഗുരുവായ പുതിയകടപ്പുറം തങ്ങാംകള കുറെഎരിഞ്ഞിപൂവ് ഒരു പൊതിയാക്കി തിരുമുൽക്കാഴ്ചവെച്ചു. അത് അഴിച്ചുനോക്കിയപ്പോാം ഒരു പദ്യശകലവും അതിൽ കാണപ്പെട്ടു. പൂവിൻെറ സുഗന്ധമേററ സംതൃപ്തനായഗുരു മനംകവരുന്ന ആ കാവ്യമാസ്വദിച്ചു അതീവസന്തുഷ്ടനായിത്തീൎന്നു. പ്രസ്തുത ഗീതത്തിലെ ഏതാനും വരികളാണ് താഴെ കൊടുത്തിട്ടുള്ളതു്.

"എരിഞ്ഞികത്തിടും നാറ്
തിരിഞ്ഞോട്ടം നെബിയിന്നു
പിരിഞ്ഞവൎക്കെരിഞ്ഞിപ്പൂ
ഉരിഞ്ഞിവിട്ടാർ"

പ്രതിപാദ്യപുരുഷനായ പരീതിന്നു മഹത്തായൊരു കുടുംബപാരമ്പൎയ്യമുണ്ടെന്നുള്ളതിലേക്കു അനേകം തെളിവുകളുണ്ടു്. കേരളത്തിൽ ഇന്നുള്ള ഏററവുംവലിയ മതപണ്ഡിതന്മാരിൽ ഒരാളും അനേകം ഭക്തജനങ്ങളുടെ ആത്മീയഗുരുവും നൂറ് (100) വയസ്സ് പ്രായമുള്ള ദേഹവുമായ ജനാബ് മമ്മസ്രായില്ലത്ത് മനാത്ത് പറമ്പിൽ സെയ്തുമുസല്യാർ (ഐലക്കാട്) അവർകാം മഹാകവിയെപ്പററി താഴെ പറയുംവിധം പ്രസ്താവിക്കയുണ്ടായി.

"കഥാപുരുഷൻ എനിക്കു മാതുലനും ഞാൻ അദ്ദേഹത്തിന്നു ഭാഗിനേയനുമാണു. ഇസ്ലാംമതപ്രബോധനാൎത്ഥം കേരളത്തിൽ ആദ്യമായി ആഗതരായ മാലിക് ഇബ്നു ദീനാറുടെയും കൂട്ടുകാരുടെയും വംശപരമ്പരയിൽപെട്ട ഒരു ഉൽകൃഷ്ട വ്യക്തിയാണ് പരീത്. അവർ തങ്ങളുടെ പൎയ്യടന വേളയിൽ ചാലിയം എന്നഗ്രാമം സന്ദർശിക്കുവാൻ ഇടവന്നു. പ്രസ്തുത ദേശത്തുനിന്നു അവർ അന്തൎജ്ജനങ്ങളെ വിവാഹം കഴിക്കുകയുണ്ടായി. ഇങ്ങിനെയുള്ള വൈവാ

ഹിക ബന്ധത്തിൽപെട്ട ഒരു കുടുംബമത്രെ ചാലിയത്ത് മമ്മസ്രായില്ലത്ത് എന്ന തറവാട്ടുകാർ. പ്രസ്തുത തറവാട്ടിലെ ഒരു അംഗമായ കുഞ്ഞിമരയ്ക്കാർ ശഹീത് എന്ന മഹാനുഭാവൻ വെളിയങ്കോട്ട് വന്നു താമസമുറപ്പിച്ചു. അദ്ദേഹത്താൽസ്ഥാപിക്കപ്പെട്ടതത്രെ മമ്മസ്രായില്ലത്ത് മാനാത്ത് പറമ്പിൽ എന്ന തറവാട്. സ്ഥലം ജുമാത്ത് പള്ളിക്കു കിഴക്കുഭാഗത്താണ് കുഞ്ഞിമരയ്ക്കാർ ശഹീതിന്റെ അന്ത്യവിശ്രമസ്ഥാനം സ്ഥിതിചെയ്യുന്നതു്. ആ കുടുംബത്തിലെ ഏററവും പ്രായംചെന്ന മഹതിയുടെ ആശീർവാദങ്ങൾ അർത്ഥിച്ചുംകൊണ്ടു ഇന്നു പലരും അവിടെ സന്ദർശിക്കാറുണ്ടു. ഈ കുടുംബത്തിൽനിന്നുള്ള ഒരു മഹതിയെയായിരുന്നു കവിയുടെ പിതാവായ പോക്കാകില്ലത്ത് ചിന്നക്കൽ കുഞ്ഞഹമ്മത് തന്റെ സഹധർമ്മിണിയായി സ്വീകരിച്ചതു്", പണ്ഡിതനായ മുസല്യാർ തുടർന്നു: "വിദ്യാഭ്യാസകാലത്തിൽ അധികഭാഗവും ഞാൻ ചിലവഴിച്ചത് തിരുനൽവേലി ജില്ലയിലുള്ള കായൽപട്ടണം എന്ന സ്ഥലത്താണ്. ഉപരിപഠനാർത്ഥം ഞാൻ കുറഞ്ഞകാലം പൊന്നാനിതാലൂക്കിന്റെ തെക്കെ അററത്തുള്ള പനമ്പാട്ട് അംശത്തിലെ "സാപ്പിന്റെ" പള്ളിയിൽ കഴിച്ചുകൂട്ടുകയുണ്ടായി. അവിടെ നിന്നു ഒരു പ്രാവശ്യം ഞാൻ എന്റെ സ്വദേശമായ വെളിയങ്കോട്ടേക്കുള്ള യാത്രയിൽ സ്വല്പ നേരം ചേററുവായ് കടവത്ത് വിശ്രമിക്കുകയുണ്ടായി. അവിടെവെച്ചായിരുന്നു എനിക്ക് ആദ്യമായി മഹാകവിയെ കാണുവാനുള്ള ഭാഗ്യമുണ്ടായത്. ആ സംഭവം എനിക്കു ഒരിക്കലും മറക്കാൻ കഴിയാത്തവിധം എന്റെ മനസ്സിൽ, രക്തത്തിൽ, മാംസത്തിൽ, മജ്ജയിൽ അലിഞ്ഞു ചേർന്നിരിക്കുന്നു. സർവ്വാംഗസുന്ദരനായ നീണ്ടുനിവർന്ന ഒരു പുരുഷകേസരി ഒരു വൃക്ഷത്തണലിൽ നില്ക്കുന്നതു ഞാൻ സകൗതുകം നോക്കിക്കൊണ്ടിരുന്നു. അനിതരസാധാരണമായ ഒരു വ്യക്തിപ്രഭാവം അദ്ദേഹത്തിൽ പ്രതി

ബി. ബികളനുണ്ടായിരുന്നു. അദ്ദേഹം എൻെറ സമീപത്തേക്കു വന്നു, എന്നോട് ഇപ്രകാരം ചോദിച്ചു: "നിങ്ങൾ എങ്ങോട്ടു പോകുന്നു?" "വെളിയങ്കോട്ടേക്കു" എന്നുള്ള എൻെറ പ്രത്യുത്തരത്തെ തുടന്നു, വീട്ടുപേരും മാതാവിൻെറ നാമധേയവും ചോദിക്കപ്പെട്ടു. മാറാത്ത് "പറമ്പിൽ എന്നും ഫാത്തിമ" എന്നും കേട്ടമാത്രയിൽ ചാരിതാത്ഥനായിത്തീന്ന ആ മഹാനുഭാവൻ എന്നെമാറോടണച്ചു ഗാഢം പുണന്നു. "മകനെ! ഞാൻ നിനക്ക് മാതുലനാണെന്നു അറിഞ്ഞുകൊള്ളുക. നാം തമ്മിലുള്ള ബന്ധത്തെ കുറിച്ചു കൂടുതൽ അറിയേണമെങ്കിൽ നീ നിൻെറ മാതാമഹിയോടു ചോദിച്ചറിയുക" എന്നു അവസാനമായി അദ്ദേഹം പറഞ്ഞു.

സ്വഭവനത്തിൽ എത്തിച്ചേന്നശേഷം ഞാൻ ആകാംക്ഷയോടെ എൻെറ വന്ദ്യ മാതാമഹിയോട് ചേറുവായി പരീക്കുട്ടിയും ഞങ്ങളും തമ്മിലുള്ള ബന്ധത്തെപ്പററി ചോദിച്ചു. അവർ ഉൽകണ്ഠയോടുകൂടി ഇങ്ങിനെ പറഞ്ഞു "മകൻെറ അമ്മാവനാണ അദ്ദേഹം; മാത്രമല്ല നിൻെറ മാതാവിൻെറ മംഗല്യത്തിന്നു "കിഴിയിൽ കൂട്ടൽ" എന്ന ദേശാചാരകമ്മം നിവ്വഹിച്ച ആളുമാണ് നിന്നെ ആലിംഗനം ചെയ്ത പരീത്."

മഹാകവിക്ക് തിരുവിതാംകൂർ സന്ദർശിക്കുവാനുള്ള ആഗ്രഹം കലശലായുണ്ടായിരുന്നു. അതിനുള്ള സന്ദർഭം സമാഗതമായപ്പോൾ തനിക്ക് ചെയ്തുതീക്കുവാനുള്ള പ്രവൃത്തികളെല്ലാം അദ്ദേഹം ത്വരിതഗതിയിൽ അവസാനിപ്പിച്ചു. സഹചരനായ കുഞ്ഞവാവുവൊന്നിച്ചു 1060ൽ തൻെറ 37_ാമത്തെ വയസ്സിൽ മാതാവിൻെറ ആശീർവാദങ്ങളും അനുഗ്രഹവും സ്വീകരിച്ചു അദ്ദേഹം ആ ചരിത്രപ്രധാനമായ തെക്കൻയാത്ര ആരംഭിച്ചു. അദ്ദേഹം പുറപ്പെടുന്നതിന്നു മുമ്പുതന്നെ അവിടങ്ങളിലുള്ള തൻെറ ആത്മമിത്രങ്ങൾക്ക് കത്തുകളെഴുതീട്ടുണ്ടായിരുന്നു. ഉദ്ദിഷ്ടസ്ഥാനത്തു എ

ത്തിച്ചേർന്ന മാന്യാതിഥിയെ സമുചിതമായ രീതിയിൽ സ്വീകരിക്കുവാൻ വഞ്ചിനാട്ടുകാർ അഹമഹമികയാ ഉത്സുകരായി കാണപ്പെട്ടു. കവിയുടെ ആഗമനം കാലേക്കൂട്ടിതന്നെ അവിടങ്ങളിൽ അറിവുണ്ടായിരുന്നതിനാൽ അദ്ദേഹത്തിൻെറ ബഹുമാനാത്ഥം പല പരിപാടികളും ജനങ്ങൾ ആസൂത്രണം ചെയ്തിട്ടുണ്ടായിരുന്നു. പുത്തഹശ്ശാമിൻെറ പ്രസിദ്ധീകരണത്തെ തുടന്നു അദ്ദേഹത്തിൻെറ കൃതിയായ 'മിൻ ആത്തുൽ ബാരിയും' ഇതിനകം തിരുവിതാംകൂറിലും കൊച്ചിയിലും പ്രചരിച്ചിട്ടുണ്ടായിരുന്നു. അദ്ദേഹത്തിൻെറ ഈ പര്യടനം ആറു മാസത്തോളം നീണ്ടുനിന്നു. അനേകം പാട്ടുകച്ചേരികൾ നടത്തുകയും അനവധി വിവാഹാഘോഷങ്ങളിൽ ഒരു ഗായകൻ എന്ന നിലയിൽ അദ്ദേഹം പങ്കെടുക്കുകയും ചെയ്തിട്ടുണ്ടു്. അനേകം പേർ അദ്ദേഹത്തിൻെറ ശിഷ്യത്വം സ്വീകരിച്ചു സംഗീതജ്ഞന്മാരായിത്തീൎന്നു. മലബാറിൽ അക്കാലത്തു് നടപ്പുണ്ടായിരുന്ന ചരിത്ര ഗീതങ്ങൾ (കിസ്സപ്പാട്ടുകൾ) പാടി വിവരിക്കുകയെന്ന കലാപരിപാടി തിരുകൊച്ചിയിലും പ്രചരിപ്പിക്കുവാൻ ഈ സന്ദർഭം ആ മഹാനുഭാവൻ വിനിയോഗിച്ചു. ഈ പ്രസ്ഥാനം അഥവാ മാപ്പിളമാരുടെ ഈ ഹരികഥയെന്ന കലാപരിപാടി കേരളത്തിൽ നിലനിറുത്തിക്കൊണ്ടുവരേണമെന്ന ആഗ്രഹം അദ്ദേഹത്തിന്നുണ്ടായിരുന്നു. വേനല്ക്കാലത്തു് രാത്രിസമയങ്ങളിൽ നടത്തപ്പെടുന്ന സാംസ്കാരികവും കലാപരവും വിനോദകരവുമായ ഇത്തരം കലാപ്രകടനങ്ങളിൽ പുരുഷന്മാരോടൊപ്പം സ്ത്രീകളും പങ്കെടുത്തിരുന്നു. പ്രത്യേകം തിരഞ്ഞെടുക്കപ്പെട്ട വിദഗ്ദ്ധഗായകന്മാരുടെ മാധുര്യമുള്ള പാട്ടുകൾ കേട്ടു് മനം കുളിക്കുവാനും തുടന്നുകൊണ്ടുള്ള സമത്ഥമായ വിവരണങ്ങളും ഉപദേശങ്ങളും ശ്രവിച്ചു മാനസാന്തരപ്പെടുവാനും അതോടുകൂടി ധീരാത്മാക്കളുടെ ചരിത്രങ്ങൾ ഗ്രഹിക്കുവാനും പ്രസ്തുത കലാപരിപാടികൾ ഉപകരിക്കുമെന്നു അദ്ദേഹം അന്നാട്ടുകാരോടു പറഞ്ഞു.

മനസ്സിലാക്കിയിരുന്നു. പലദിക്കുകളിൽ നിന്നും പാട്ടുകച്ചേരിക്കാളും ആതിഥ്യം സ്വീകരിക്കുവാനായിട്ടും അദ്ദേഹത്തിന്നു ക്ഷണനങ്ങൾ കിട്ടിക്കൊണ്ടിരുന്നു. ജനഹിതത്തെ അദ്ദേഹം ആദരിച്ചു പല പരിപാടികളിലും പങ്കെടുത്തു; ചുരുങ്ങിയ കാലത്തെ താമസം കൊണ്ടു ദീർഘകാലത്തെ പരിചയം അദ്ദേഹം സമ്പാദിച്ചു; അന്നാട്ടുകാരുടെ ആരാധനാമൂർത്തിയായിത്തീർന്നു വെന്നു പറയാം. ഫലിത രസത്തോടുകൂടിയുള്ള അദ്ദേഹത്തിന്റെ സംസാരവും മധുരസ്വരധ്വനിയും മുഖചൈതന്യവും മററുള്ളവരെ ബലാൽ ആകർഷിക്കുവാൻ പര്യാപ്തങ്ങളായിരുന്നു. അദ്ദേഹത്തിന്റെ ഈ പ്രകൃതം പരിതിന്നു അസംഖ്യം ആരാധകന്മാരേയും മിത്രങ്ങളേയും സമ്പാദിച്ചു കൊടുത്തു. എവിടെ ചെന്നാലും കുബേര കുചേല ഭേദമെന്യെ ജനങ്ങൾ അദ്ദേഹത്തെ അകമഴിഞ്ഞ സന്തോഷത്തോടെ സ്വീകരിച്ചിരുന്നു. സംഗീതത്തിന്നു മൂർഖ പാമ്പിനെപോലും വശത്താക്കാനുള്ള ഒരു മാസ്മരശക്തിയുണ്ടല്ലോ സൗന്ദര്യത്തിൽ മതിമറക്കാത്ത മനുഷ്യനുമില്ല കുടിൽതൊട്ടു കൊട്ടാരംവരെ, യജമാനൻമുതൽ യാചകൻവരെ കവിയെ മുക്തകണ്ഠം വാഴ്ത്തിക്കൊണ്ടിരുന്നു. സ്വല്പനേരമെങ്കിലും പാടാത്തതായി ഒരു ദിവസമെങ്കിലും ഇവിടത്തെ താമസത്തിന്നിടയിൽ അദ്ദേഹത്തിന്നുണ്ടായിട്ടില്ലത്രെ. അങ്ങിനെ അനേകം ഗ്രാമങ്ങളും നഗരങ്ങളും സന്ദർശിച്ച ശേഷം ഒടുവിൽ അദ്ദേഹം കായംകുളത്ത് എത്തിച്ചേർന്നു. അവിടെ ഒരു കുബേരന്റെ അതിഥിയായിട്ടായിരുന്നു കവി കൂടിയത്. പ്രസ്തുത ഭവനത്തിൽ ഒരാഴ്ചയിലധികം നീണ്ടുനിന്ന ഒരു വിവാഹാഘോഷമുണ്ടായിരുന്നു. സകല വിനോദപ്രകടനങ്ങളുമുണ്ടായിരുന്ന ആ മംഗല്യാഘോഷത്തിൽ ഏററവും പ്രാധാന്യം കല്പിക്കപ്പെട്ടിരുന്നതു് സംഗീതത്തിന്നായിരുന്നു. പലസ്ഥലങ്ങളിൽ നിന്നും ഗായകന്മാർ എത്തിട്ടുണ്ടായിരുന്നു. ഗായകന്മാരിൽ മകുട

മണിയായിരുന്ന പരീതിൻെറ സാന്നിദ്ധ്യത്തിൽ പരിശോഭിത മായിരുന്നു ആ മഹൽ സദസ്സ്. മററുള്ള സംഗീതജ്ഞന്മാക്കിട യിൽ ഉന്നതസ്ഥാനാരൂഢനായ ചേറുവായ് പരീക്കുട്ടിയുടെ സാന്നിദ്ധ്യം ഒരു വൈദ്യൂതപ്രഭപോൽ പ്രകാശമാനമായിരുന്നു. മധുരവും സമ്പന്നവുമായ ഗീതങ്ങളായിരുന്നു അദ്ദേഹത്തിൻെറ തു്. അദ്ദേഹത്തിൻെറ ഭാവഗാനങ്ങൾ തേൻതുള്ളികൾപോലെ ആസ്വാദ്യങ്ങളാണ്. ആ അനുഗ്രഹീതഗായകൻെറ സംഗീതമധു രമ ആസ്വദിച്ചു മദോന്മത്തരായിത്തീന്ന ജനങ്ങൾ അന്നത്തെ "മുഖവളപ്പാട്ടും" കൂടി മഹാകവിയെക്കൊണ്ടു പാടിക്കുവാൻ ഗൃഹനായകനോടഭ്യൎത്ഥിച്ചു. മാന്യാതിഥിയുടെ മധുമധുരമായ ഗാനങ്ങൾ ആസ്വദിച്ചു പുളകിത ഗാത്രനായ ഭവനനായകൻ അ ഭിമാനപുരസ്സരം സകലകാര്യങ്ങളും മേലന്വേഷണം ചെയ്തുകൊ ണ്ടിരുന്നു. മഹാനായ പരീതിനെക്കൊണ്ടു "മുഖവളപ്പാട്ടും" കൂടി പാടിക്കുവാൻ ആയാൾ കാലെകൂട്ടിതന്നെ മനസ്സിൽ നിശ്ചയി ച്ചിട്ടുണ്ടായിരുന്നു. അദ്ദേഹം കവിയെ സമീപിച്ചു അവിടം സന്നിഹിതരായിരുന്ന ജനങ്ങളുടെയും തൻെറയും ആഗ്രഹങ്ങൾ അദ്ദേഹത്തെ അറിയിച്ചു. അന്നത്തെ "മുഖവളപ്പാട്ടും" കൂടി പാടി തൻെറപുത്രൻെറമംഗല്യം മംഗളകരമായി പര്യവസാനിപ്പിക്കു വാൻ ആയാൾ വിനയപുരസ്സരം കവിയോടു അഭ്യൎത്ഥിച്ചു. ഗൃഹ നാഥൻതുടന്നു: നമ്മുടെ സകലപരിപാടികൾക്കും പുതുമകളുണ്ടു, പ്ര ത്യേകതകളുണ്ടു്. അതിനാൽ അവസാനത്തെ ഇനത്തിനും ഞാൻഒരു പ്രത്യേകത കല്പിച്ചിട്ടുണ്ടു്. അവിടുന്നുതത്സമയം പത്തു് "ഇശലു" കളായി സ്വയം നിർമ്മിച്ചുപാടുന്ന ഗാനമാവണം അതു്; മാത്ര മല്ല ഗീതത്തിൻെറ ഉള്ളടക്കം നെബിതിരുമേനിയുടെ പ്രഥമ വിവാഹം-ഹസ്രത്ത് ഖതീജബീവിയെ തിരുമേനി വേളികഴിച്ച തായിരിക്കയും വേണം". ഇതെല്ലാം കേട്ടുമനസ്സിലാക്കിയ ആ മഹാനുഭാവൻ സ്വല്പനേരം മൌനമവലംബിച്ചു. പിന്നെകുറച്ചു്

സമയം ഒരിടത്തു് ഏകാകിയായിരുന്നു. കവിയുടെ ഏകാന്തമായ ഈ നിലപാടു് അദ്ദേഹത്തിന്നു പ്രചോദനം വരുന്നതിൻെറ സൂചനയായിരുന്നു. ഒരു നിമിഷകവിയായിരുന്ന പരീത് തത്സമയം അതേ പന്തലിൽവെച്ചു സ്വയം നിർമ്മിച്ചു പാടിയ ഗാനമാണ് അദ്ദേഹത്തിൻെറ പ്രസിദ്ധവും വിശിഷ്ടവുമായ "ആദിമുൻ അഹദാന" എന്ന സുന്ദര മധുരമായ ഗീതം. ഒമ്പത് ഇശലുകൾ (മട്ടു) കൊണ്ടു കഥ പര്യവസാനിച്ചു. പത്താമത്തെ മട്ട് ആ മഹാനുഭാവനിൽനിന്നും നിർഗ്ഗമിച്ചതു അദ്ദേഹത്തിൻെറ അന്ത്യത്തെപ്പററിയായിരുന്നു. അവസാനത്തെ ഭാഗം ഒരു വിലാപകാവ്യമായിട്ടാണ് അദ്ദേഹം സമാഹരിച്ചത് അതിൽ കവിയും അറംപററിപ്പോയി! പ്രസ്തുതഗീതം കവിയുടെ അന്ത്യകാവ്യമാണ്. അതിനുശേഷം പരീത് കാവ്യങ്ങളൊന്നും രചിക്കുകയുണ്ടായിട്ടില്ല. ആശയഗാംഭീര്യത്താലും ഗാനമാധുര്യത്താലും പ്രശോഭിതമായ ഈ ഗീതം അദ്ദേഹത്തിൻെറ സംഗീത പാടവത്തിൻെറ മകുടോദാഹരണമത്രെ. പ്രസ്തുത കാവ്യം അദ്ദേഹം സമാഹരിക്കുന്നതു് നോക്കുക.

"ഇതിനായി പരീതെന്നിൽ തുണഹിമ്മത്തായി
ഇമ്പത്തെകഥ ചൊല്ലി കവിതമ്മത്തായി"

ആ കവികോകിലം മധുരമായി പാടിയ ഈ സുന്ദരഗാനം ഭാവി തലമുറകൾ ഏററുപാടുമെന്നതിൽ എന്താണ് അത്ഭുതപ്പെടാനുള്ളത്? ഈകൃതിയിൽ ഉപയോഗിച്ചിട്ടുള്ള ശീലുകൾ (ഇശലുകൾ) തന്നെ കവിയുടെ സ്വയം കണ്ടുപിടുത്തമാണ്. ആഭാഗം സ്വല്പം വിവരിക്കാം.

മട്ട് (ശീൽ) ഒന്ന്

ഓരോ വരിയിലും എട്ടെട്ടക്ഷരങ്ങൾ വീതമുണ്ടു. ഏതാണ്ടു നതോന്നത വൃത്തത്തിൻെറ രീതിയിൽ ഇത് പാടാവുന്നതാണ്.

ഓരോ വരിയുടെ അവസാനത്തിലും സ്വല്പം നിറുത്തിപ്പാടേണ്ടതുണ്ട്.

ആദിമുൻ അഹ ദാനദാത്തിൽ
ആദര സ്സിംഹാസനത്തിൽ
ആസ്പദത്തം കാരുണ്ണത്തിൽ
ആശിക്കായും കായിനാത്തിൽ
നീതിയാലും ഭൂതലത്തിൽ
നീലവണ്ണ പൂത്തളത്തിൽ
നിശ്ചിത പൊന്നക്ഷരത്തിൽ
നിലപെട്ടുത്തും ബന്ധു വാസിൽ
സാദ്രൂപം സർ ഗ്ഗുണത്തിൽ
സംശയം തീൻറുത്ഭവത്തിൽ
സ്വാമിയെങ്ങും വാർത്തനത്തിൽ
സന്നിധാന കീർത്തനത്തിൽ
ചേതിമക്കപുവിതാനത്തിൽ
ചെന്നുദിക്കും കലിയുഗത്തിൽ
ചമ്പകക്കാ വമ്പലത്തിൽ
ചേർച്ചയാട്ടും സർത്തനത്തിൽ
സാരപ്രസ്ഥം വാഹനത്തിൽ
സകലകലക്കും മോഹനത്തിൽ
ചന്ദിരൻ നൂറാംശകത്തിൽ
ചേൻറലെങ്ങും കുറൈശിയത്തിൽ
തീർപ്പെട്ടുത്തും നെബി ഗണത്തിൽ
നേർച്ചമിസ കും പെരു മണത്തിൽ
തീവിട്ടുത്തും ശീഖരത്തിൽ
നികവ് ഇൽമ് സാഗരത്തിൽ

നേരൊഴുക്കും നദിയുഗത്തിൽ
നിലവിളിക്കും തിരു മുഖത്തിൽ
നേർവഴിക്കാ പാത്തരത്തിൽ
നിലമുറൈകൾ ശാത്തരത്തിൽ
ഊർന്ന ഭാവി ഗോത്തരത്തിൽ
ഉദയം അറബി ഗോത്തരത്തിൽ
ഉയരമെ യേളുഷ്നിശത്തിൽ
ഉളരികദീജ മണ്ഡകത്തിൽ”

എന്നിപ്രകാരം റസൂൽ തിരുമേനിയെപ്പറ്റി വാഴ്ത്തിപ്പാടിയ കവി ആ ദീർഘദർശിയും തന്റെ ധർമ്മപത്നിയുമായ ഹസ്രത്ത് ഖദീജയും തമ്മിലുള്ള ഹൃദയസാമീപ്യത്തെക്കുറിച്ച് വർണ്ണിക്കുന്ന ഭാഗം എത്ര ചേതോഹരമായിരിക്കുന്നുവെന്നു നോക്കുക.

## മട്ട് (ഇശൽ) ഒപ്പന ചായൽ

(ഓരോ വരിയിലും 16 അക്ഷരങ്ങൾ വീതമുണ്ട്. നതോന്നത വൃത്തത്തിന്റെ മട്ടിൽ ഇത് പാടാവുന്നതത്രെ)

“ നാളൊട്ടുക്കും ശാഫിയാകും നായകർക്കിമ്പാണെമങ്ക
നാവടക്കം പുകളിവാർത്തും നാഥയാകും വീഥി റസ്ക്ക
യേളിരട്ടിച്ചുള്ളലോകം കേളിവീശ്രും നാളടങ്ക
ഇപ്പുറം കേട്ടപ്പുറം പോയി ചിപ്പമാലും ചെപ്പ്കൊങ്ക.
കാളിട്ടും നാൾഫാളിയാകും കാരുണ്ണർക്കും കൈവിശങ്ക
കൽബകത്തുറച്ചെ കന്നി കർഭഗപ്പൂ വാടലൊങ്ക
ഓളമിട്ട മക്കദിക്കിൽ ആ ഇന്ത്തം കൂടിസംഘൃ
ഒക്കെയു മിനിക്കിനിക്കെന്നോരോഭാഗം ചേർന്നുപങ്ക.
ചേർച്ചയാലും മൂർച്ചമോഹം നേർച്ചഹുബ്ബിൽ തീർച്ചവെച്ചെ
സയ്യിദുൽ കൌനൈനിയാരിൽ വാഴുവാൻ മനസ്സുറച്ചെ

താരകൾപിൻ കമർശംശ്രും ലെങ്കിമങ്ക സമ്മതിച്ചെ
സകലവടിവും തികഞ്ഞ മേനി സാമ്പരം നീന്തിക്കളിച്ചെ
ചേച്ച്പട്ടും സുന്ദുസുയേററം ചന്തമാലും മൈധരിച്ചെ
സുല്ലിയത്തിൽ മല്ലികപ്പൂ വല്ലിയും മാടിപ്പുതച്ചെ
നാൻകുന്തൽ മിന്നൊളിമൈ അഞ്ജനക്കണ്ണുംതുടച്ചെ
വാരിവാഹംപ്പൂരമൊണ്ട സൂരസത്തിൽ നേർപതിച്ചെ"

എന്നിപ്രകാരം സ്തുതിഗീതം ചെയ്ത കവിപുംഗവൻ പ്രവാചകശി രോമണിയെപ്പററി പരിചിന്തനം ചെയ്തു് അത്ഭുതപരതന്ത്രനായി ത്തീൎന്നു. പ്രസ്തുത കാവ്യത്തെ ഒരു വിലാപകാവ്യമാക്കി മാററുന്ന രംഗം എത്ര ഹൃദ്യമായിരിക്കുന്നുവെന്നു നോക്കുക;

മാതിരിയിൽ മനുഷ്യനെങ്ങും മനുഷ്യനല്ല മനുഷ്യൻ രാജ
മറവിയൊന്നും തുറവിരണ്ടും പിറവിമൂണ്ടും ചൊണ്ടെകോജ
കാതലാലിക്കണ്ടുകാണപ്പെട്ടതെല്ലാം തങ്കളാമെ
കണ്ടെആലം നീണ്ടെകോലം നണ്ടെശീലം തിങ്കളാമെ
നീതിമൌത്തും പിറൈഹയാത്തും ചിറകമത്തും സയ്യിതാംവ
നാറ്ന്തരം ശംസ്കമരം അരിശ് കുവസും മെയ്യതാമെ
യേകലാത്തിൽ യേകസൗത്തിൽ യെമ്പിട്ടംന്തർ അഹമതാമെ
യേശിബാശം താശിനേശം രാശർപേത്തും മുഹമ്മതാമെ
യോകമിലയും പൂവു്കായും ആശകുമരിട്ടം വിത്തിലാമെ
ശോധനചെയ്തിട്ടവക്ക് ബോധവുംപോയി മസ്തിലാമെ
ആകെയുമിശൈകളെല്ലാം ആദരംപൂണ്ടൊരൊ സുൽബിൽ
അകമടക്കമോത്തിട്ടുമ്പോഠം കരപ്പുടിക്കുന്നില്ല കൽബിൽ
മാശറഫെൻ പട്ടണത്തിൽ മാതരാരും പെററതില്ലെ
മായമെല്ലാം ചെയ്തതെല്ലാം മതിമതിഞ്ഞാൻ ഉററതില്ലെ."

ഇത്രയും പാടിയ കവി തന്റെ സ്വന്തം നിലയോർത്തു വിലപിച്ചു

കൊണ്ടു കാവ്യം സമാഹരിക്കയാണ് ചെയ്യുന്നതു്. ശിലയേയും കൂടി അലിയിക്കുവാൻ പര്യാപ്തമാണ് ആ ശോകമൂകമായ ഗാനം.

"കോളെന്നടത്തുമ്പിൽ ഞാൻ പിണഞ്ഞു ചുത്തി
കൊലയാളൻ ഇസ്റായീൽ തടി കണ്ടെത്തി
കണ്ടുപ്പിടിച്ച് ഞെരിച്ചു തിരിച്ചി
പണ്ടുരവിണ്ടെ രസത്തെ മുറിച്ചി
കണ്ടുരസിച്ചതിനാശ മുറിച്ചി
മുറിച്ചെൻെറ കുടുംബത്തെ പിരിക്കപ്പെട്ടെ
മുതിയോരും തുണക്കാരെന്നെ യെത്തീമാക്കീട്ടെ
ഇട്ടമിലട്ടി കരസ്തമിടാതെ
കുടിയിലൊന്നു തുണകുവിടാതെ
വിട്ടാരുകാണി മടക്കിയിടാതെ
ഒടുക്കത്തെ തിടുക്കം കൊണ്ടടുക്കലാക്കിൽ
ഒരു നാളും മടങ്ങാമൽ ഒടുക്കപ്പോക്കിൽ
പോക്കിലെ തെക്കൊരു പൂമനതീത്ത്
നോക്കിടുവാൻ പഴതാകെ യടൈത്ത്
ആക്കിയതിനകം വെത്ത നിജത്ത്
യെന്നവർ മടങ്ങി പോയതിൻെറ പിന്നിൽ
വേഗംവന്നിടും രണ്ടു മലക്കുമുന്നിൽ
മുന്നിലടുത്തവർ ചോദിയമന്നെ
മന്നവർ ജാമിയമേല്ലുണമെന്നെ
കന്തിയിൽ ഞാനീയുന്നിയതിനെ
ഇതിനായി പരീതെന്നിൽ തുണഹിമ്മത്തായി
ഇവത്തെ കഥചൊല്ലി കവിതമ്മത്തായി."

മേൽവിവരിച്ചഭാഗം "ചായൽ മുറക്കം" എന്ന മട്ടിലാണ് രചിക്കപ്പെട്ടിട്ടുള്ളതു്. ഒന്നും രണ്ടും വരികൾ സ്വല്പം നീട്ടിയും

തുടർന്നുകൊണ്ടുള്ള മൂന്നു വരികാം ത്വരിതഗതിയിലും പാടേണ്ട താണ്.

1061 ൽ തൻെറ മുപ്പത്തെട്ടാമത്തെ വയസ്സിലാണ് അദ്ദേഹം പ്രസ്തുതഗീതം പ്രസിദ്ധീകരിച്ചത്. അതു ദുഃഖപര്യവസായിയാണ്. എന്തോ അവാച്യമായ ഒരു മനോവ്യഥ കവിയെ അലട്ടിക്കൊണ്ടിരുന്നതു് ആ കൃതിയിൽ നിഴലിച്ചുകാണപ്പെടുന്നുണ്ടു്. ഒരുപക്ഷെ സന്താനയോഗത്തിൻെറ അഭാവമായിരിക്കാമതു്. അല്ലെങ്കിൽ തൻെറ ജീവിതമാകുന്ന പൊൻവിളക്കു് കെട്ടണയുവാൻ പോകുന്നുവെന്നതിൻെറ ഒരു നാന്ദിയായെന്നുംവരാം. ഏതായാലും ദുഃഖപ്രതിബിംബമാണതു്. നിരാശാജനകമായ വികാരങ്ങളുടെ സമ്മർദ്ദം കാവ്യാവസാനത്തിൽ സ്പഷ്ടമായി കാണപ്പെടുന്നുണ്ടു്. ഈ മായാപ്രപഞ്ചത്തിൽ പല പുതുമകളും കണ്ടിട്ടുള്ള കവിയുടെ അക്ഷികൾ ലക്ഷീഭവിക്കുന്നതു് "കൊലയാളൻ ഇസ്റായിൽ" അഥവാ യമധർമ്മരാജൻ തൻെറ തടിയെ കണ്ടെത്തുന്നതായിട്ടാണ്. മനോമോഹനമായ ഈ ലോകത്തിൽ അദ്ദേഹവുമായി ബന്ധംപുലർത്തിപ്പോന്ന പ്രാണപ്രേഷ്ഠപ്രണയിനിയേയും, തൻെറ കവിളത്തടങ്ങളിൽ മാധുര്യമേറീടിന ചുംബനങ്ങളേകിയ സ്വന്തം മാതാവിനേയും, ഉററബന്ധുക്കളേയും, ആരാധകന്മാരെയും, സുഹൃത്തുക്കളേയും, ആശ്രിതന്മാരേയും, ഭൃത്യജനങ്ങളേയും എന്നുവേണ്ട എല്ലാററിനേയും അദ്ദേഹത്തിൽനിന്നും എന്നെന്നെയ്ക്കുമായി അകററിക്കളെയുവാനായിട്ടാണ് ആ യമധർമ്മൻെറ ആയാളുടെ നേർക്കുള്ള ആഗമനം. ശരി. ആയാളെ തനിച്ചു്–ഏകനായി–സർവ്വരും കയ്യൊഴിച്ചനിലയിൽ –എല്ലാപഴുതുകളും അടച്ച ഒരു ഏകാന്തമുറിയിൽ– ദീർഘനിദ്രകൊള്ളുവാനായിട്ടു ക്ഷണിക്കുകയാണ് ആ യമദൂതൻ. പ്രസ്തുതക്ഷണം സ്വീകരിക്കയല്ലാതെ ഗത്യന്തരമില്ല. അപ്രതിരോദ്ധ്യമായ ആക്ഷണം സമാഗതമാ

യാൽ യാത്രപുറപ്പെട്ടുകതന്നേ ഗതിയുള്ളു. ഒടുവിൽ ശാന്തിദായകമായ സമാശ്വാസത്തിന്നായിക്കൊണ്ടു നെബിതിരുമേനിയുടെ ആശീർവാദങ്ങൾ ആശിച്ചുംകൊണ്ടു സർവ്വശക്തനായ അള്ളാഹുവിൽശരണം പ്രാപിക്കയാണയാൾ ചെയ്യുന്നതു്. അദ്ദേഹത്തിന്റെ കൃതികൾക്കു് സാർവത്രികമായ പ്രശസ്തിയും പ്രചാരവും സിദ്ധിക്കാൻ പോകുന്നതു ഭാവിയിലാണു്. അന്തർലീനമായികിടക്കുന്ന അവയിലെ സുന്ദരഭാവങ്ങൾ പൊതുജനസമക്ഷം വെളിപ്പെടുത്തേണ്ടതു് ഭാഷാഭിമാനികളുടെ കർത്തവ്യമാണു്. അവയിലെ ആശയസൌഷ്ഠവവും ഗാനാത്മകത്വവും ആസ്വദിച്ചറിയുവാൻ കാലം ഇനിയും വേണ്ടിവരും. മഹാകവി ചേററുവായ് പരീക്കുട്ടിയുടെ കൃതികളെപ്പററി ഒരു വിഹഗവീക്ഷണംമാത്രം നടത്തുന്ന ഗ്രന്ഥകാരൻ പലഭാഗങ്ങളും സ്പർശിക്കാതെ വിട്ടുകളുകയാണു് ചെയ്തിട്ടുള്ളതു്. അദ്ദേഹം ഉപയോഗിച്ചിരുന്ന അമരകോശം ഇന്നു സ്ഥലത്തുള്ള ഒരാൾവശം സൂക്ഷിപ്പുണ്ടു്. ഓരോരുത്തരുടെ ആവശ്യാർത്ഥം ഒട്ടനേകം ചെറുഗാനങ്ങൾ അദ്ദേഹം നിർമ്മിച്ചിട്ടുണ്ടു്. എന്നാൽ അവയൊന്നും പ്രസിദ്ധീകരിക്കയുണ്ടായിട്ടില്ല. കവിയുടെ മരണാനന്തരം അദ്ദേഹത്തിന്റെ ഗ്രന്ഥങ്ങൾ പലരും കൊണ്ടുപോകയാണുണ്ടായതു്.

## കവിയും കുഞ്ഞവറവും

ശരീരവും നിഴലുമെന്നോണം കവിയൊന്നിച്ചു എപ്പോഴും എവിടെയും ഉണ്ടായിരുന്ന ഒരു സരസസേവകനായിരുന്നു കുഞ്ഞവറ. പണിക്കവീട്ടിൽ കുഞ്ഞവറ എന്നായിരുന്നു അദ്ദേഹത്തെ അറിയപ്പെട്ടിരുന്നതു്. ഫലിതരസപ്രഭാഷണം ഇയാളുടെ കൂടെപ്പിറവിയായിരുന്നു പോൽ. വിഷമതകൾ അകററിയും അസ്വാസ്ഥതകൾ ദൂരികരിച്ചും സന്തോഷവും സം

തൃപ്തിയും പ്രദാനം ചെയ്യാൻ പര്യാപ്തങ്ങളായിരുന്നു അയാളുടെ സംസാരചാതുര്യം. ഗുരുതരമായ പ്രശ്നങ്ങൾക്കു പോംവഴികൾ കാണാനും ഏതു ചോദ്യത്തിനും തക്ക മറുപടികൊടുപ്പാനും കുഞ്ഞവറവിന്നുണ്ടായിരുന്ന അസാധാരണമായ കഴിവുകൾ ഒന്നു വേറെത്തന്നെയായിരുന്നു. കേവലം നിരക്ഷരകുക്ഷിയായിരുന്ന ഇദ്ദേഹത്തിൻെറ ധാരണാശക്തി അനിതരസാധാരണമായിരുന്നുവത്രെ ഒരു സംഗതി ഒരിക്കൽ കേട്ടാൽ പിന്നെ അതു തൻെറ മനസ്സിൽനിന്നും മാഞ്ഞുപോകയില്ലായിരുന്നു. ഒരു പ്രാവശ്യം കേട്ടാൽ ആ ഗാനം അയാൾക്ക് ഹൃദിസ്ഥമായിരുന്നു. കവിയുടെ കൃതികളിൽ അധികഭാഗവും ഇദ്ദേഹം മനപ്പാഠമാക്കിയിരുന്നു. അംഗരക്ഷകൻെറ നിലയിലും സഹപ്രവത്തകൻ എന്നവിധത്തിലും എവിടെയും പരിത്തൊന്നിച്ചു ആയാൾ ഉണ്ടായിരുന്നു. അവർ പരസ്പരം ആത്മാത്ഥമായി സ്നേഹിച്ചിരുന്നു. നാട്ടിലായിരിക്കുമ്പോൾ മിക്കവാറം ഈ സരസൻെറ വാസം പാണ്ടികശാലക്കൽ തന്നെയായിരുന്നു. കവിയെപിരിഞ്ഞു ആയാൾക്കും ആയാളെപിരിഞ്ഞു കവിക്കും ജീവിക്കുക സാദ്ധ്യമല്ലായിരുന്നു. സരസനായ ഈ നേരംപോക്കുകാരനെ വിട്ടുപിരിഞ്ഞ സമയം കവിയുടെ ആയുഷ്ക്കാലത്തിൽ ഉണ്ടായിരുന്നുവോ എന്നു സംശയമാണ്. അദ്ദേഹത്തിൻെറ അന്ത്യയാത്രയിൽ കോളറ ബാധിതനായി തോണിയിൽ സ്വദേശത്തേക്കു മടങ്ങുമ്പോൾ മഹാകവിയുടെ ചാരത്തിരുന്നുകൊണ്ടു് അശ്രുവർഷം ചൊരിഞ്ഞുകൊണ്ടിരുന്ന ഈ സഹചരനെപ്പോലെ അദ്ദേഹത്തിൻെറ വേർപ്പാടിൽ ദുഃഖിതനായി ഈ ഭൂമുഖത്തു മററാരെങ്കിലും ഉണ്ടായിരുന്നുവോ എന്നു സംശയമാണ്. അദ്ദേഹത്തിൻെറ അന്ത്യവിലാപകാവ്യം വേണ്ടപ്പെട്ടവക്കു കിട്ടിയതു ഈ കൂട്ടുകാരനിൽ നിന്നാണ്. ദീനസ്വരത്തിൽ വെള്ളിയങ്കോട്ടുനിന്നു തോണിയിൽ കിടന്നുകൊണ്ടു രോഗ

പീഡിതനായ കവി പാടിയ മർമ്മഭേദകമായ ആ വിശിഷ്ടഗാനം മുഴുവനും സേവകൻ കേട്ടു ഹൃദിസ്ഥമാക്കീട്ടുണ്ടായിരുന്നു.

കവിയുടെ മരണശേഷം കുഞ്ഞവറ ദുഃഖസാഗരത്തിൽ ആണ്ടു പോയി; അയാളുടെ ആശാദീപം കെട്ടുണഞ്ഞു. ജീവിതഭാരം എന്താണെന്നു നാളിതുവരേയും അറിയാതിരുന്ന ആ സേവകൻ തൻെറ കൺമുമ്പിൽ വരാൻപോകുന്ന യാതനകളും ദാരിദ്ര്യപീഡയും പൈശാചികരൂപത്തിൽ നൃത്തം വെക്കുന്നതായി കണ്ടു. ജീവിതം താങ്ങാനാവാത്ത ഒരു ഭാരമായി അയാൾക്കു തോന്നി; ആകെ അന്തം വിട്ടു. ഭാര്യ ഒരു കുടുംബം അവരെ പോററുവാൻ മാർഗ്ഗമൊന്നും കാണാതെ അദ്ദേഹം ക്ലേശിച്ചു. ഒഴിഞ്ഞ വയറിന്നുമേൽ അഭിമാനം നിലനിറുത്തുക സാദ്ധ്യമല്ലെന്നു അയാൾ കണ്ടു. ആ ദുഃഖിതൻ തൻെറഹൃദയത്തിൻെറ വരണ്ട മരുഭൂമിയിൽ മരുപ്പച്ചകൾ കാണാതെ വിഷമിച്ചു. ജീവിതമാകുന്ന നാടകത്തിൻെറ ഇരുളടഞ്ഞ ഭാഗം അഭിനയിക്കുവാൻ പോകയാണ് അദ്ദേഹം. മൌന സാമ്രാജ്യത്തിൽ ശോകമൂകമായി ഭരണം നടത്തുകയാണയാൾ. ജീവിതം അറപ്പും വെറുപ്പുമായി തീർന്നിരിക്കയാണയാൾക്ക്. ആ ദുരിതകാലത്ത് സാധുവായ കുഞ്ഞവറവിന്നു ആശ്വാസം പ്രദാനം ചെയ്തിരുന്നതു ഭൂതകാലമധുരസ്മരണകൾ മാത്രമായിരുന്നു. തന്നെ സമീപിച്ചവരോടു ആ വ്യാകുലമാനസൻ ഇപ്രകാരം പറഞ്ഞു "പൂവും കായും ഇലകളും കൊഴിഞ്ഞുപോയ ഒരു വൃക്ഷച്ഛായയിൽ പാന്ഥന്മാർ വിശ്രമിക്കാറില്ല. അതിൻെറ ശാഖകളിന്മേൽ പക്ഷി വൃന്ദം കൂടുകൾ കെട്ടാറുമില്ല" വിഷമിച്ചും ക്ലേശിച്ചും നീണ്ട പതിനഞ്ചു സംവത്സരങ്ങൾ അയാൾ തള്ളിനീക്കി. അദ്ദേഹം നിർദ്ദയമായ ലോകത്തിൻെറ നേരെ നെടുവീർപ്പിട്ടു. അങ്ങിനെ തൻെറ 55–ാമത്തെ വയസ്സിൽ സരസനും സമർത്ഥനുമായ കുഞ്ഞവറ ഈ ഭൂമുഖത്തുനിന്നും മറഞ്ഞുകളഞ്ഞു.

തൻെറ ജീവിതത്തിലെ ഏററവുംവലിയ സംഭവങ്ങളിൽ ഒന്നായിട്ടാണ് കവി തിരുകൊച്ചി പര്യടനത്തെപ്പററി പറയാറുണ്ടായിരുന്നതു്. ആ പര്യടനവേളയിൽ ആ നാട്ടുകാർ അദ്ദേഹത്തിന്നു നല്കിയ ആവേശകരമായ സ്വീകരണത്തിന്നും അവർ പ്രകടമാക്കിയ സ്നേഹാദരങ്ങൾക്കും പരീതു് അവിടത്തുകാരോട് അതിരററ നന്ദിയുള്ളവനായിരുന്നു. നിരവധി സമ്മാനങ്ങളും വലിയപണക്കിഴികളും അദ്ദേഹത്തിന്നു പ്രസ്തുത യാത്രാഫലമായി സിദ്ധിച്ചിട്ടുണ്ടായിരുന്നു. അങ്ങിനെ സംതൃപ്തനായ ആ കല്പാകാരൻ വഞ്ചിനാട്ടുകാരുടെ നേക്കുള്ള തൻെറ നന്ദിയെ രേഖപ്പെടുത്തി, അവരോടു വിടവാങ്ങി, സ്വദേശത്തേക്കുള്ള മടക്കം യാത്രആരംഭിച്ചു. മടങ്ങിവരുന്ന പുത്രനെ സമുചിതമായ രീതിയിൽ സ്വീകരിപ്പാൻ മാതാവും മററും പാണ്ടികശാലക്കൽ ഗംഭീരമായ ഏർപ്പാടുകൾ ചെയ്തിട്ടുണ്ടായിരുന്നു. ഇപ്രകാരം ചരിതാർത്ഥനായ കവി സുദീർഘമായ തൻെറ പര്യടനം കഴിഞ്ഞു മാതൃസന്നിധിയെ പ്രാപിച്ചു,

1061-ൽ കവി തൻെറ അന്ത്യകാവ്യമായ "ആദിമുൻഅഹദാന" എന്ന കൃതി അച്ചടിച്ചു പ്രസിദ്ധം ചെയ്യാനായി പൊന്നാനിയിലേക്കു പോയി. അതു് പ്രസ്സിൽ കൊടുത്തു് പ്രൂഫ് പരിശോധിച്ചുകൊണ്ടിരിക്കുമ്പോൾ പെട്ടെന്നു അച്ചുകല്ലു് പൊട്ടിപ്പോയി! ഈ യാദൃശ്ചികസംഭവം പ്രസ്സുടമയേയും പരീതിനേയും സ്തബ്ധചിത്തരാക്കിത്തീർത്തു. സ്വല്പസമയം അവിടെ ഭയാനകമായ ഒരു നിശ്ശബ്ദത വ്യാപിച്ചു. മൌനമവലംബിച്ചിരുന്ന പ്രസ്സുകാരൻ ഒടുവിൽ ഇപ്രകാരം പ്രസ്താവിച്ചു "ഒന്നുകിൽ താങ്കൾക്കു അല്ലെങ്കിൽ ഞങ്ങൾക്കു് അപത്തു് നിശ്ചയമാണു്; അതുകൊണ്ടു ഏതായാലും അവിടന്നു ഉടൻ സ്ഥലം വിടുകയാണു് ഉത്തമം" ഈ അശുഭസംഭവം ആ കലാകാരൻെറ മനസ്സിൽ പലഭയാശങ്കകൾക്കും ഇടംനല്കി

പ്രസ്തുത സംഭവം തൻെറ ജീവിതമാകുന്ന പൊൻവിളക്ക് പൊലി യാറായി എന്നതിൻെറ ഒരു നാന്ദിയായി കണക്കാക്കിയ ആ മഹാനുഭാവൻ സഗൌരവം അത്ഥവത്തായൊന്നു മൂളി. വീട്ടിൽ നിന്നു യാത്രപുറപ്പെട്ടപ്പോഠം കണ്ട അനിഷ്ടകരമായ കാഴ്ച,-വഴി യിൽവെച്ചുണ്ടായ ക്ലേശങ്ങഠം, യാത്രക്കിടയിലുണ്ടായ മടക്കം' തോണിയിൽ കാലെടുത്തുവെച്ചപ്പോഴുണ്ടായ വഴുതിവീഴ്ച ഇത്യാദി സംഭവങ്ങഠം ഓരോന്നോരോന്നായി അദ്ദേഹത്തിൻെറ മനോദ ർപ്പണത്തിൽ നൃത്തം വെച്ചു. വിപത്തുകഠം ആസന്നമായാൽ പ്രകൃതിയിൽ നിന്നും മുന്നറിയിപ്പുകഠം ഉണ്ടായിക്കൊണ്ടിരിക്കും പക്ഷെ വിവേകശൂന്യനായ മനുഷ്യൻ അവയിൽനിന്നുള്ള പാഠ ങ്ങഠം പഠിക്കുന്നില്ല "ഏതായാലും വരാനിരിക്കുന്ന ഒരാപ ത്തിൻെറ മുന്നോടിയായി ഞാൻ ഇതിനെ കണക്കാക്കുന്നു. വി ധിവിഹിതമേവനും ലംഘിച്ചു കൂടുമോ"? എന്നു പറഞ്ഞുകൊ ണ്ട് പ്രസ്സുകാരനോട് താൻ നന്ദി രേഖപ്പെടുത്തി അവിടന്നും യാത്രപുറപ്പെട്ടു. വെളിയങ്കോട്ട് എത്തിച്ചേർന്നു, താമസം വിനാ അദ്ദേഹത്തിൻെറ പ്രവചനം അനുഭവപ്പെട്ടുതുടങ്ങി. ശരീരത്തി ൽ പെട്ടൊന്നൊരു ഭാവമാററം. കാൽമുട്ടുകഠം ഖിറയ്ക്കുന്നു, കാലുക ഠം കുഴയുന്നു, മുഖം നീലച്ചുപോയിട്ടുണ്ട്; തൊണ്ടയിലെ ഞരമ്പു കളെല്ലാം ഒററയിടത്ത് വന്നുപിണഞ്ഞുകൂടിയപോലെ വലിച്ചി ലുണ്ട്, വേദനയുണ്ട, കണ്ണിന്നു പുകച്ചിൽ, തലക്കുള്ളിൽ കാററടി ക്കാൻ തുടങ്ങി, അടിയുറക്കുന്നില്ല, തല തൂങ്ങുകയാണ്, നടക്കുന്നു ണ്ട, പക്ഷെ നടക്കുകയല്ല, നീങ്ങുകയത്രെ. സഹചരനായ കുഞ്ഞ വറ അദ്ദേഹത്തെ താങ്ങിയുംകൊണ്ട നഴക്കുകയാണ്. അണ്ണാക്ക് വരണ്ടുപോയി, വായ്തുറന്നു ഓക്കാനിക്കാൻ തുടങ്ങി. വയററി ൽ ശക്തിയായ വേദനയുണ്ട്, തുടന്നുകൊണ്ട വയററിൽ നിന്നുള്ള പോക്കും, വിട്ടുപിരിയാത്ത ഛർദ്ദിയും ഉണ്ടായിക്കൊണ്ടിരുന്നു. ഓ! കോളറയാണ് തന്നെ പിടികൂടിട്ടുള്ള കരാളമായ രോഗമെന്നു അ

ദ്ദേഹം മനസ്സിലാക്കിക്കഴിഞ്ഞു. ഒരുവിധത്തിൽ സഹപ്രവത്തക
ൻെറ സഹായത്തോടുകൂടി പരിക്ഷീണനായ കവി തൻെറ ആത്മ
മിത്രമായിരുന്ന വെളിയങ്കോട്ട് ഏന്നു എന്നാളുടെ വസതിയിൽ
എത്തിച്ചേൎന്നു. വിശ്രമത്തിന്നു സമയമില്ലെന്നും തന്നെ ഉടൻ ചേ
റവായിൽ എത്തിക്കണമെന്നും ഗൃഹനായകനോട്ട് അദ്ദേഹം അ
ഭ്യൎത്ഥിച്ചു. ഭയാനകമായ ആ സാംക്രമികരോഗം കരാളമായ രൂപം
കൈക്കൊണ്ടു. കഠിനമായ വേദന ശരീരം മുഴുവനും കാൻതിന്നി
രുന്നുവെന്നു അദ്ദേഹത്തിന്നു തോന്നി; എന്നിട്ടും ആ ധീരാത്മാവു്
അത്ഭുതകരമാംവണ്ണം സംസാരിച്ചുകൊണ്ടിരുന്നു. സ്നേഹിതനായ
ഏന്നു കവിയുടെ നേരെയും കവി സ്നേഹിതൻെറ നേരെയും പര
സ്പരം നോക്കിക്കൊണ്ടിരുന്നു. അശ്രുക്കൾ നിറഞ്ഞ നേത്രങ്ങളോ
ടുകൂടിയ—അതെ മൌനഭാഷയിലുള്ള ആ പ്രേക്ഷണങ്ങൾ എത്ര
മാത്രം സാരസമ്പൂൎണ്ണങ്ങളായിരുന്നു! ഗ്രന്ഥങ്ങൾ തന്നെ നിൎമ്മിക്കു
വാൻ പൎയ്യാപ്തങ്ങളായിരുന്നു അവ. ദുഃഖസാഗരത്തിൽ ആഴ്ത്ത
പ്പെട്ടു രണ്ടുപേരും സംസാരിപ്പാൻ കഴിയാതെ വിഷമിച്ചു. ഒടു
വിൽ രോഗിയുടെ വായിൽ നിന്നും ഇപ്രകാരം പുറപ്പെട്ടു. "നാം
തമ്മിൽ കണ്ടുമുട്ടുന്ന അവസാനത്തെ കാഴ്ചയാണിതു്. മരണത്തി
ൻെറ മണിനാദം എൻെറ ശ്രവണപുടങ്ങളിൽ മുഴങ്ങുന്നുണ്ടു. എ
ൻെറ ആത്മശാന്തിക്കായി പ്രാൎത്ഥിച്ചാലും!" ഏന്നു കവിയുടെ
നേരെ തനിക്കുള്ള സ്നേഹാദരങ്ങൾ കണ്ണുനീർകണങ്ങളോടു കൂടി
പ്രകടനമാക്കി; അന്ത്യചുംബാർപ്പണങ്ങൾ ആയാൾ ആ മഹാനു
ഭാവനിൽ അർപ്പിച്ചു, തൻെറ രണ്ടു കരങ്ങൾ കൊണ്ടും അദ്ദേഹം
കവിയെ താങ്ങിയെടുത്തു തോണിയിൽ കിടത്തി. അങ്ങിനെ
അവരിരുവരും അന്ത്യയാത്രയും പറഞ്ഞു കരഞ്ഞുപിരിഞ്ഞു. രണ്ടു
കഴുക്കോലിട്ടു കുത്തിയിരുന്ന ആ തോണി ത്വരിതഗതിയിൽ ഗ
മനം ചെയ്തു. ബീഭത്സമായ രോഗത്തിൻെറ മർദ്ദന യാതനകളും

തന്മൂലമുണ്ടായിരുന്ന കടുത്ത വേദനയും അദ്ദേഹത്തെ കണക്കില ധികം അലട്ടിക്കൊണ്ടിരുന്നു. അനുനിമിഷം രോഗി അസ്വസ്ഥ നായിക്കൊണ്ടു ചരിഞ്ഞും മറിഞ്ഞും മറിഞ്ഞും ചരിഞ്ഞും കൊ ണ്ടിരുന്നു. വിട്ടുപിരിയാത്ത ഛർദ്ദിയും വയററിൽ നിന്നുള്ള പോക്കും ഹേതുവാൽ പല വികൃതചേഷ്ടകൾക്കും ശരീരം സാക്ഷ്യം വഹിച്ചു. അദൃശ്യലോകത്തേക്കുള്ള യാത്രയുടെ നാന്ദിയാണിതെ ല്ലാമെന്നു മനസ്സിലാക്കിയ ആ കവിസാൎവ്വഭൌമൻ മരണത്തി ൻെറ വക്ത്രത്തിലേക്കും അചഞ്ചലനായി നടന്നുകൊണ്ടിരുന്നു. ഈ ദുരന്തനാടകം അഭിനയിച്ചുകൊണ്ടിരുന്ന ആരാദ്ധ്യപുരുഷ ൻെറ ചാരത്തിരുന്നുകൊണ്ടു കുഞ്ഞവറു കണ്ണുനീർ വാൎക്കുന്നുണ്ടാ യിരുന്നു. തൻെറ കഴിവിൻെറ അങ്ങേ അററത്തോളം ബുദ്ധിമുട്ടി ആയാൾ രോഗിയെ ശുശ്രൂഷിച്ചുകൊണ്ടിരുന്നു. പരിചാരകൻ അദ്ദേഹത്തെ താങ്ങി മടിയിൽ കിടത്തുകയും ശരീരം തടവുകയും ചെയ്തു. ദയനീയാവസ്ഥയിൽ കിടക്കുന്ന ആ മഹാത്മാവിൻെറ നോക്കുനോക്കുവാൻ താപാഗ്നിയിൽ വെന്തുനീറുന്ന സേവകന്നുക ഴിയാതെയായി. ആയാൾ കവിയെ ശിരസ്സുമുതൽ പാദംവരെ ചും ബിച്ചുകൊണ്ടിരുന്നു. കുഞ്ഞവറുവിൻെറ ഇടതടവില്ലാത്ത അശ്രു പ്രവാഹവും വാവിട്ടുള്ള കരച്ചിലുമായിരുന്നു രോഗപീഡിതനായ കവിയെ ആ ദീനയാത്രയിൽ അകമ്പടിസേവിച്ചുകൊണ്ടിരുന്നതു. തന്നെ കടന്നാക്രമിച്ചിട്ടുള്ള രോഗത്തിൻെറ ഗൌരവം തികച്ചും മനസ്സിലാക്കിയ ആ ചിന്തകൻ തൻെറ ജീവിതത്തിൻെറ സമാ പ്തികുറിക്കുവാൻ അടുത്ത ഏതാനും മണിക്കൂറുകൾമാത്രം മതി യെന്നു ഗ്രഹിച്ചുകഴിഞ്ഞു. പാരത്രിക ജീവിതത്തെപ്പററിയായി രുന്നു പിന്നെയുള്ള അദ്ദേഹത്തിൻെറ ചിന്തകൾ. ശരീരം കൊ ണ്ടു കാട്ടിക്കൂട്ടിയിരുന്ന ചേഷ്ടകൾ കവിയുടെ മാനസികമായ പ്രവൎത്തനങ്ങളുടെ പാവനത്വം നശിപ്പിച്ചിട്ടില്ലായിരുന്നു. തത്സ മയം ആ മഹാത്മാവിന്നു പ്രചോദമുണ്ടായി. അദ്ദേഹത്തിൻെറ

അധരപുടങ്ങളിൽ നിന്നും കാവ്യതല്ലജങ്ങൾ നിർഗ്ഗമിച്ചു. അങ്ങിനെ അദ്ദേഹം തൻെറ അന്ത്യവിലാപകാവ്യം തുടങ്ങുകയായി. മർമ്മഭേദകമായ ആ ഗാനം ശിലയേയും കൂടി അലിയിക്കുവാൻ പര്യാപ്തമാണ്. എന്നാൽ അതു മധു മധുരമാണ്താനും. ഈ മായാപ്രപഞ്ചത്തോട് വിടവാങ്ങാൻ പോകുന്ന ആ കവികോകിലം പാടുകയാണ്.

"സൽമാനിയുണ്ടോ മദീന നഗരിൽ
ചമ്മലർവീശും മണിയറത്താലി
കൽബിൽ മധുരക്കടൽ മറിയുന്നെ
കന്നിയെ ഞാൻ നിന്നെ കാണുന്നതെന്നെ
കസ്തൂരവാസം കവർന്നുള്ള പൂവെ
കാണാതെ ബോധം വിടുന്നെന്നിലാവെ
അല്ലും കിറ്പ നിനക്കെന്നിലില്ലെ
അഴകും ജമാലിയത്തേറിയ മുല്ലെ
ഇഷ്ടംബാഹറിൽഞാൻ മുങ്ങിമറിഞ്ഞെ
ഉടലുംമെലിഞ്ഞി മനസ്സും കരിഞ്ഞെ.
മാശിക്കത്തേനിൽ മധുര മേറന്നെ
മാറിൽ മണംകൊള്ളും നാളെന്നുപൊന്നെ
നേശിച്ചോരാശ മുറിച്ചോ നീയെന്നെ
നേശം മുസ്വിബത്തിലേശി ഞാനൊന്നെ
ചേലായനെഞ്ചിലടങ്ങുന്നതല്ലെ
അരസിനിനക്കൊത്ത നാരിമാരില്ലെ
ബാലപിറായത്തിൽ മോഹിച്ചൊയെന്നെ
വാലത്തിവഴ്യിൽ മറന്നോ നീയെന്നെ
കാലത്തെകാണാമൽ ഇഷ്ടം മുറിഞ്ഞൊ
കൈവിട്ടൊരുപേരിൽ ആടിമറിഞ്ഞൊ

കാലെപൊറുത്തെ സുഖങ്ങൾനിനച്ചെ
കണ്ണിനുചോര കലങ്ങിയൊലിച്ചെ
കാലെപൊറുത്തെ സുഖങ്ങൾനിനച്ചെ
ചേലായ നാളിൽ ഞാന്നൊങ്ങു നിന്നെ
ചേർച്ചയിൽകണ്ടു മണംകൊള്ളും പൊന്നെ
കാണുന്നതെന്നു "മഹ്ശറ"യിന്നൊ
കൈപ്പുടിതെററം "സിറാത്ത"രുകിന്നൊ
തുയ്യെനാല് "കൌസറ"രുൾക്കരയിന്നൊ
ഭാഗിയാൽ"ജന്നത്തു"തന്നരുകിന്നൊ
പാരിയാൾ"ആന്നിയ" വാഴംനാളിന്നൊ
ഉമ്മത്തുടങ്കൽസുഖം കൊള്ളുന്നന്നൊ
താങ്ങിക്കമ്പറിൽലെങ്കം ദേഹച്ചുടരാൻ
ഈവണ്ടിൽമൂടി നല്ലെപൂവി
ബാലക്കശറായും കൈതർകറപ്പൊമത്ത
ലട്ടിട്ടു നേടിയ പൊന്നാകെ ചേർത്തെ
മാറേററം മേനിയിൽ "ശംസു"ദിക്കുന്നെ
നിറമൊത്തെവായിന്നും മിന്നെറിയുന്നെ
ഹാക്കിയാൽചൊന്നെ കുമാരിയെഞ്ഞാനും
ചോദിക്കുന്നൊന്നു പറയണം നീയും
അന്നക്കിളിയിൽ നടനല്ലെമാതെ
ഇശൽവാശമൈനക്കിളിക്കൊത്ത തേനെ
ചെമ്പകച്ചുണ്ടും ചുവന്നുള്ളതത്തെ
ഇശലാളെക്കണ്ടെൻെറ രാജകിളിയെ
മധുരക്കനിയെ നീ കണ്ടെങ്കിലെൻെറ
മധുരസ്സലാമുംകലാ മോതിക്കൊണ്ടെ
കന്നിയെ നിന്നോടെനിക്കുണ്ടപേക്ഷ
കയ്യുംപുടിത്തുകര കേറാനാശ

പൊന്നെയെനിക്കുള്ളെ "ഹാലും"തരങ്ങൾ
നെടുതായവളോടുപ്പത്തിക്കൊള്ളുങ്കൾ
താന്നെകബറടങ്ങു നാളിന്നൊ
തനിയോനരുളുങ്കൾ നാട്ടംകോളിന്നൊ
ഊക്കാൽ"ജഹന്നം" ഇരമ്പുംനാളിന്നൊ
വംശംമൂസിലീമക്കൂട്ടത്തിലെന്നെ
മയ്യിട്ടെ കണ്ണാൽ കടാക്ഷിക്കും പിന്നെ
അംശംനിലവാടിൽ തൂക്കം കയററി
ഇപ്പരീതാമെന്നെ രക്ഷിക്കും പോററി"

അദ്ദേഹം തൻെറ മനോഹരഗീതം അങ്ങിനെ സമാഹരിച്ചു. കുഞ്ഞവര തോണിയിൽ നിന്നും തലപൊക്കി വെളിയിലേക്കൊന്നു കണ്ണോടിച്ചു. ഓ! സമയം ഏതാണ്ടു സന്ധ്യയോട് അടുത്തിരുന്നു. അഞ്ചരമണിയോടു കൂടി പ്രശസ്ത കവിയേയും വഹിച്ചുകൊണ്ടു ആ തോണി ചേററവായ് കടവത്തണഞ്ഞു. ഉത്തരക്ഷണത്തിൽ ആ തോണി വടക്കുപടിഞ്ഞാറായി "കിബ്ല"ക്കു നേരെ നിറുത്തുവാൻ ആ പാവനപുരുഷൻ ആജ്ഞകൊടുത്തു. അപ്രകാരം തോണിക്കാർ വഞ്ചിനിറുത്തുകയും ചെയ്തു. അതിൽ കിടന്നുംകൊണ്ടു രോഗബാധിതനായ ആ കവി തൻെറ കൈകൾ രണ്ടും മേല്പോട്ടുയർത്തി ഏകാഗ്രചിത്തനായി സ്രഷ്ടാവിങ്കൽ ലയിച്ചുംകൊണ്ടു ഇങ്ങിനെ പ്രാർത്ഥിച്ചു; സർവ്വശക്തനായ അള്ളാഹുവെ! ഈ രോഗം എന്നോടുകൂടി നീ അവസാനിപ്പിക്കേണമെ! ഈ സാംക്രമികരോഗം ഹേതുവായി എൻെറ നാട്ടിൽ യാതൊരാളും മൃതിയടയുവാൻ നീ ഇടയാക്കരുതെ!" സ്വന്തം നാടിനോടും ജനങ്ങളോടുമുള്ള അദ്ദേഹത്തിൻെറ നിഷ്കളങ്കമായ സ്നേഹം നോക്കുക!

"ജനനീ ജന്മഭൂമിശ്ച: സ്വർഗ്ഗാദപിഗരീയസി" എന്നാണല്ലൊ പ്രമാണം. ആ പരാശുദ്ധാത്മാവിൻെറ പ്രാർത്ഥന തികച്ചും

ഫലിച്ചു. സാംക്രമികരോഗങ്ങളെ തടയാനുള്ള യാതൊരു ഉപാധികളും അക്കാലത്തുണ്ടായിരുന്നില്ല. എന്നിട്ടും അദ്ദേഹത്തിൻെറ മരണത്തെതുടൎന്നു ചേററുവായിൽ യാതൊരാൾക്കും കോളറ പിടിപെട്ടതുമില്ല: തദ്വാരാ ആരുംതന്നെ മൃതിയടഞ്ഞതുമില്ല.

ക്രൂരഭീകരമായ ആ മഹാവ്യാധിയുടെ ആകസ്മികമായ ധ്വംസനത്തിന്നു വിധേയനായ പ്രിയതമൻെറ ആഗമനം കനത്ത നിരാശയോടും ഭയാശങ്കകളോടും വെന്തുനീറുന്ന ഹൃദയത്തോടും കൂടിയായിരുന്നു ആ പാവം സ്ത്രീ ഉററുനോക്കിക്കൊണ്ടിരുന്നതു്. പാണ്ടികശാലക്കൽ ഭവനത്തോടടുക്കുംതോറും പരിക്ഷീണനായ ആ മഹാശയൻ അമാനുഷികമായ ധീരതയും സഹനശക്തിയും പ്രദൎശിപ്പിച്ചു, തൻെറ വേദനയെപ്പററി യാതൊരാവലാതിയും പുറപ്പെടീക്കാതെ ദുസ്സഹമായ പീഡ അനുഭവിച്ചുകൊണ്ടു ആശ്ചൎയ്യകരമാംവണ്ണം സംസാരിച്ചു. അപ്പോഴും അദ്ദേഹത്തിൻെറ സമീപത്തിരുന്നുകൊണ്ടു സഹചരനായ കുഞ്ഞവറ കണ്ണുനീർ വാൎക്കുന്നുണ്ടായിരുന്നു. ക്ലേശഭൂയിഷ്ഠയായ ആ ഗൃഹനായികയ്ക്കു കൈകാലുകൾ തളൎന്നു, ശരീരം വിറച്ചു, എല്ലാം ഒന്നോടെ അവസാനിക്കുന്നതായി അവൾക്കു് തോന്നി. എന്നിട്ടും തോണിയുടെ അടുത്തേക്കെത്തുവാൻ അവൾ സാഹസപ്പെടുകയാണു്. ആ മഹതി ആകെ തളൎന്നു പരിക്ഷീണാവസ്ഥയിലായി. ഉൽക്കണ്ഠാകുലരായി അവിടെ സന്നിഹിതരായിരുന്നവൎക്കു് ആ സ്വാദ്ധ്വിയെ താങ്ങേണ്ടി വന്നു. കോളറാ ബാധിതനായ ഓമനപ്പുത്രനേയും വഹിച്ചുകൊണ്ടു ആ തോണി ധ്രുതഗതിയിൽ വരുന്നുണ്ടെന്നുള്ള കണ്ണുകഠോരമായ വാൎത്ത കേട്ട മാത്രയിൽ മാതാവു് ദുഃഖമൂൎച്ഛിതയായി നിലം പതിച്ചു. സായാഹ്ന സന്ധ്യയോടുകൂടി തോണി പാണ്ടികശാലക്കൽ കടവത്തും വന്നണഞ്ഞു. കാഞ്ചന പ്രഭവീശി പ്രപഞ്ചം മുഴുവൻ പുളകമണിയിച്ച സൂൎയ്യൻ പശ്ചിമാബ്ധിയിൽ ആണ്ടു

പോയതോടെ ഭയാനകമായ തമസ്സ് ലോകത്തെ ഗ്രസിക്കുവാനും തുടങ്ങി. തോണിയിൽ നിന്നും അദ്ദേഹത്തെ താങ്ങിയെടുത്തു കൊണ്ടു പോവാൻ വെമ്പുന്ന സ്നേഹമസൃണമായ കരങ്ങൾ എവിടെനോക്കിയാലും കാണപ്പെട്ടു. ഇപ്രകാരം ശോകപൂർണ്ണമായ ഒരന്തരീക്ഷത്തിൽ പരീത് സ്വഭവനത്തിൽ എത്തിച്ചേർന്നു. മരണശയ്യയിൽ തന്റെ ശരീരംമുഴുവനും ദുസ്സഹമായ വേദനയ്ക്കു വിധേയമായിരുന്നു; പക്ഷെ തന്റെ കഴിവിന്റെ അങ്ങേ അററത്തോളം അദ്ദേഹം അതു സഹിച്ചു

## കവിയുടെ അന്തിമനിമിഷങ്ങൾ

കഠിന രോഗത്തിന്റെ മർദ്ദനയാതനകൾ കവിയെ കണക്കിലധികം അലട്ടിക്കൊണ്ടിരുന്നു. അന്ത്യശുശ്രൂഷകൾക്കായി കാത്തുകൊണ്ടു നിന്നിരുന്ന അടുത്ത ബന്ധുക്കളും അതിലും ഉപരിയായി അദ്ദേഹത്തെ അകമഴിഞ്ഞു സ്നേഹിച്ചിരുന്നവരും ആരാധകന്മാരും ശോകമൂകമായ പാണ്ടികശാലക്കൽ, സാംക്രമിക രോഗത്തെ തൃണവൽഗണിച്ചുകൊണ്ടും ഒരു മഹാത്മാവിന്റെ വേർപ്പാടിൽ പ്രകടമാകുന്ന സർവ്വവിധമായ താപസൂചകങ്ങൾക്കും ദുർന്നിമിത്തങ്ങൾക്കും സാക്ഷ്യംവഹിച്ചുകൊണ്ടുള്ള ആ കാളരാത്രിയിൽ, രോഗിയുടെചുററും നിബിഡമായി നിന്നിരുന്നു. ആഭീകരമായ ശോകരംഗം വിവരിക്കുക സാദ്ധ്യമല്ല. തേങ്ങിത്തേങ്ങിയുള്ള കരച്ചിലുകൾ, അശ്രുപൊഴിക്കുന്ന നേത്രങ്ങൾ, ഉള്ളിൽ തിങ്ങിവിങ്ങിയ കനത്ത താപത്തെ പ്രതിബിംബിക്കുന്ന നോട്ടങ്ങൾ' വാടിക്കരിഞ്ഞമുഖങ്ങൾ, ഇടക്കിടെ രോഗിയെ പാളിനോക്കിപ്പിന്മാറിക്കൊണ്ടിരുന്നവരുടെ പൊട്ടിപ്പൊട്ടിയുള്ള കരച്ചിലുകൾ, ആ മുഖചൈതന്യം അവസാനമായെന്നുനോക്കി വിടവാങ്ങിക്കൊണ്ടിരുന്നവരുടെ നെടുവീർപ്പുകൾ; അതെഎങ്ങുംഭയാനകമായ നിശ്ശബ്ദ

ത; മരണത്തിൻെറ മുന്നോടിയെന്നു സാധാരണക്കാർ പറഞ്ഞുവരാറുള്ള കാലൻകോഴിയുടെ ഭീകരശബ്ദം മാത്രം ഇടക്കിടെ ആ നിശ്ശബ്ദതയെ ഭേദിച്ചുകൊണ്ടിരുന്നു. കണ്ണുനീരിൻെറ അനർഘപുഷ്പാർപ്പണങ്ങൾ സർവ്വത്ര. മൃത്യുവിൻെറ വക്ത്രത്തിൽപ്പെട്ട ആ ധീരാത്മാവ് അപ്പോഴും സമീപത്തു നിന്നിരുന്നവരോടു സാന്ത്വനവാക്കുകൾ പറഞ്ഞുകൊടുത്തു. "സർവ്വശക്തനായ അല്ലാഹു യാതൊരാൾക്കും സഹിക്കുവാൻ കഴിയാത്ത വേദനകൊടുക്കില്ല. മൃത്യുവിൻെറ ബാഹ്യചേഷ്ടകൾ അതു കാട്ടുകയാണ്. റസൂൽ (സ. അ) ൻെറ അന്ത്യോപദേശങ്ങൾ ഞാൻ ഓർക്കുകയാണ്, സാത്വികന്മാരെ സ്രഷ്ടാവ് കാത്തുരക്ഷിക്കുമെന്നുള്ള ആ അമൃതോപദേശങ്ങൾ എൻെറ ശ്രവണപുടങ്ങളിൽ മന്ത്രിക്കുന്നു. സ്വർഗ്ഗീയലോകത്തുള്ള ഐശ്വര്യങ്ങളെ കൺകുളുർക്കെക്കണ്ടുകൊണ്ടും എന്നെ ഇവിടന്നും അദൃശ്യലോകത്തേക്കു ആനയിക്കപ്പെടുമ്പോൾ ഞാൻ പരിശുദ്ധനായിതീരുമെന്നാശിച്ചും നിലകൊള്ളുകയാണ്. ആ മധു മധുരമായ ചിന്തകളിൽ ഞാൻ നിമഗ്നനത്രെ. പരിപൂർണ്ണ സംതൃപ്തിയോടെ അഭികാമ്യമായ ആ പരമാനന്ദം ഞാൻ എൻെറ ഭാവനയിൽ ആസ്വദിക്കുകയാണ്. കിഴക്കുനിന്നു സൂര്യൻ ഉദിച്ചു പടിഞ്ഞാറ് അസ്തമിക്കും, ആകാശത്തിൽ പൌർണ്ണമി വട്ടമിട്ടുദിച്ചു പൂനിലാവിൽ ലോകത്തെ പുളകമണിയിക്കും, താരങ്ങൾ മിന്നിത്തിളങ്ങിക്കൊണ്ടിരിക്കും. മഴവില്ലുകൾ ഉദിക്കുകയും മറയുകയും ചെയ്യും. താമസ്സാകുന്ന കറുത്ത അങ്കിയണിഞ്ഞ രാവും വെള്ളപട്ടു പുടവയുടുത്ത് പുഞ്ചിരി തൂകുന്ന പകലും വന്നും പോയും കൊണ്ടിരിക്കും. പരിശുദ്ധ 'കാബാ' യുടെ ഭാഗത്തുനിന്നും മന്ദമാരുതൻ വീശിയെന്നും വരും. എന്നാൽ സാധുവായ ഈ പരീതിൻെറ വായിൽനിന്നു ഇനി ഒരിക്കലും കാവ്യതല്ലജങ്ങൾ നിർഗ്ഗമിക്കുന്നതല്ല. സ്വർഗ്ഗാനുഭൂതിയിൽ നിർവൃതനായിരുന്ന ഞാൻ പരിശുദ്ധ ലോകത്തേക്കും എതിരേല്ക്കുന്നവരോടൊപ്പം എഴുന്നള്ളുമ്പോൾ അതിൽ

നിന്നു പുറപ്പെടുന്ന ഒരു ദിവ്യഗാനം നിങ്ങൾ കേൾക്കുന്നതായിരിക്കും. അതു് എൻെറ അന്ത്യഗീതമായിരിക്കും."

താപാഗ്നിയിൽ വെന്തുനീറുന്ന സ്വമാതാവിനെനോക്കി മകൻ ഇപ്രകാരം പറഞ്ഞു "പ്രിയമാതാവെ! കേഴായ്ക്ക, കേഴായ്ക്ക. മരണം അനിവാര്യമാണ്, അപ്രതിരോദ്ധ്യമാണ്. നിശ്ചിത സമയം സമാഗതമായാൽ അതിനെ തടുക്കുവാൻ ആരാലും സാദ്ധ്യമല്ല. ബുദ്ധിമതിയായ എൻെറ വന്ദ്യമാതാവെ! എന്നെ അനുഗ്രഹിച്ചാലും! അനുഗ്രഹിച്ചാലും. പരമാനന്ദത്തിൻെറ പരമകാഷ്ഠ പ്രാപിക്കുന്ന സ്വർഗ്ഗീയലോകത്തുവെച്ചുള്ള നമ്മുടെ വേഴ്ച എത്ര അഭികാമ്യമാണെന്നു ഓർത്താലും! ഇന്നു ഞാൻ, നാളെ നിങ്ങൾ ആ പാവനമായ അദൃശ്യയാത്രയിൽ പങ്കാളികൾ! പുനരുത്ഥാന ദിവസം സ്വർഗ്ഗീയകാഹളമൂതുമ്പോൾ സകലജീവജാലങ്ങളുടേയും സമ്മേളനസ്ഥലത്തുവെച്ചു ഞാൻ എൻെറ പ്രിയമാതാവിനെ ആലിംഗനം ചെയ്യുമ്പോൾ എൻെറ കവിൾത്തടത്തിൽ അവിടന്നു മാധുര്യമേറിടുന്ന ചുംബനങ്ങൾ ഏകുമാറാകണേ! അപ്പോൾ മാതൃസ്നേഹത്തിൻെറ പച്ചിളം തളിരുകൾ കുമ്പിവരും."

അദ്ദേഹം തൻെറ പ്രാണപ്രേഷ്ഠപ്രണയിനിയെ നോക്കി ഇങ്ങിനെ പറഞ്ഞു. "പ്രിയേ! മരണം ഒരു സുഖസുഷുപ്തിയാണ്. അതു സംഭവിച്ചു കഴിഞ്ഞാൽ മനുഷ്യൻ സകലവിധമായ ബാദ്ധ്യതകളിൽ നിന്നും ക്ലേശങ്ങളിൽ നിന്നും വിമുക്തനായി. അനശ്വരമായ സ്വർഗ്ഗാനുഭൂതി ആസ്വദിക്കുമാറുള്ള ആ ദീർഘനിദ്രയിൽ എന്നെ അലട്ടുവാൻ ആരും ഉണ്ടാവില്ല. മധുരാംഗി! നിൻെറ മനോഹാരിത എന്നെ എത്രമാത്രം ആകർഷിച്ചു! നാം തമ്മിൽ ഒരുമിച്ചുകൂടുന്ന ഈ അവസാനരാത്രിയുടെ ദൃക്സാക്ഷികളാവട്ടെ നിൻെറ ചുംബനാർപ്പണങ്ങൾ. പ്രിയേ! എൻെറ നേ

ക്കുള്ള ഭവതിയുടെ കനത്ത ആശയങ്ങളും ഉാംക്കൊള്ളുന്ന ദാരുണമായ വീക്ഷണങ്ങാം എന്നെ അസ്വസ്ഥനാക്കുന്നുണ്ട്. മരണത്തിൻെറ വക്രത്തിൽപെട്ട പ്രിയതമൻ ഉജ്ജീവിക്കട്ടെ എന്നായിരിക്കാം ഒരുപക്ഷെ നിൻെറ അകമഴിഞ്ഞ പ്രാർത്ഥനകാം. മതിവരാത്ത പ്രണയദാർഢ്യത്താൽ ബന്ധപ്പെട്ടതാണ് നമ്മുടെ ജീവിതം. അതിനെ ഭേദിച്ചും കൊണ്ടു ഭവതിയെ ഒററപ്പെടുത്തുകയെന്നത് ദുസ്സഹമാണ്; പക്ഷെ ഈ പ്രലപനങ്ങാം കൊണ്ടെല്ലാം പ്രയോജനമെന്തു്? സ്വല്പം മണിക്കൂറുകാംക്കകം ഈ മനോമോഹനമായ ലോകത്തോടും വിടവാങ്ങാൻ പോകയാണ് ഈയുള്ളവൻ എന്നത് പ്രിയതമക്കറിയരുതൊ? എൻെറ അന്ത്യയാത്രക്കുള്ള സമയം സമാഗതമായിരിക്കുന്നു. ആ വിദൂരതയിലേക്കും ഞാൻ എന്നന്നേക്കുമായി നീങ്ങിക്കൊണ്ടിരിക്കയാണ്. കണ്ടിട്ടും അറിഞ്ഞിട്ടുമില്ലാത്ത അദൃശ്യലോകത്തേക്കുള്ള പോക്കിൽ ഒരന്തവും കാണാത്ത ഈ പാന്ഥൻ ഭയാശങ്കകാം പേറിയും കൊണ്ടാണ് പുറപ്പെടുന്നതു്. എൻെറ നാഥനായ അല്ലാഹുവിൻെറ കല്പനകാംക്കനുസൃതമായി ജീവിതം നയിച്ചുവെന്നു ഞാൻ ധൈര്യപ്പെടുന്നില്ല. എന്തൊന്നിന്നായിക്കൊണ്ടാണൊ എന്നെ സൃഷ്ടിക്കപ്പെട്ടത്. ആ കൃത്യനിർവ്വഹണത്തിൽ ഞാൻ വഴിതപ്പിപ്പോയിട്ടുണ്ടാവാം. ജീവിതത്തിൽ ചെയ്തുപോയ തെററുകുററങ്ങാം എന്താണെന്നുപോലും എനിക്കറിഞ്ഞുകൂടാ. സഹജീവികളോടു സഹാനുഭൂതിയോടെ വർത്തിക്കുവാൻ പ്രേരിതനായ ഞാൻ അതിലും വൈമുഖ്യം കാണിച്ചിട്ടുണ്ടാവാം. പാവങ്ങളോടു ദീനാനുകമ്പകാട്ടുന്നതിലും ഞാൻ തെററുകാം പ്രവൃത്തിച്ചിട്ടുണ്ടാവാം. ഇതെല്ലാം ഓർത്തു എനിക്കു വീർപ്പുമുട്ടുന്നുണ്ടു, ജീവിതത്തിൽ പ്രവൃത്തിച്ചിട്ടുള്ള യാതൊന്നുംതന്നെ വിട്ടുകളയാതെ ഓരോന്നിന്നും സമാധാനം പറവാനായി വിധികർത്താവിൻെറ തിരുസന്നിധിയിൽ നില്ക്കുവാൻ

വിധേയനായ ഞാൻ എന്തുപറയുമെന്നോർത്തു മനസ്സുരുകുകയാണ്. ഭാവി എനിക്കുവേണ്ടി സജ്ജീകരിക്കപ്പെട്ടിട്ടുള്ളത് എന്താണെന്നു ഞാൻ അറിയുന്നില്ല. അതിനാൽയാതൊരു ഉറപ്പുമില്ലാതെ ചഞ്ചലനായിക്കൊണ്ടു പാപഭാണ്ഡവും പേറി അന്ത്യയാത്രക്കൊരുങ്ങിക്കഴിഞ്ഞ ഈ നിസ്സാരായനെക്കുറിച്ച് നീ വിലപിക്കരുതെ. അവനെ വിട്ടേയ്ക്കു; അവൻ അവൻെറ വഴിയെ പൊയ്ക്കൊള്ളട്ടെ. അജ്ഞാതമായും ആകസ്മികമായുമാണ് മരണം മനുഷ്യനെപിടികൂടുന്നത്. ആ സന്നിദ്ധഘട്ടത്തിൽ, അതെമരണശയ്യയിൽ നല്ലനടപ്പിന്നു ജാമ്യക്കാരെ ആവശ്യപ്പെട്ടിട്ട് എന്തു പ്രയോജനം? എന്നാലും ശാന്തിദായകമായ സമാപനത്തിനായിക്കൊണ്ടുള്ള അഭ്യർത്ഥന ഞാൻ എൻെറ സ്രഷ്ടാവിങ്കൽ സമർപ്പിക്കുന്നു. എൻെറ നിഷ്കളങ്കമായ പ്രാർത്ഥന എനിക്കുവെളിച്ചം തരുന്നുണ്ടു. ഇത്രയും ശോചനീയാവസ്ഥയിൽ കിടക്കുന്ന എനിക്കു സംസാരിപ്പാനുള്ള കഴിവിനെ പ്രദാനംചെയ്ത കരുണാനിധിയായ അള്ളാഹുവിനെ എത്രതന്നെ സ്തുതിച്ചാലും മതിയാകുന്നതല്ല. അപൂർണ്ണതയിൽനിന്നു പൂർണ്ണതയിലേക്കും നശ്വരതയിൽനിന്നു അനശ്വരതയിലേക്കും നീങ്ങിക്കൊണ്ടിരിക്കയാണ് ഞാൻ. ആ പരിപാവനമായ അദൃശ്യലോകത്തേക്കും എഴുന്നള്ളിയവർ ആരും തന്നെ തിരിച്ചുവന്നിട്ടില്ല, മടങ്ങിവരുന്നതുമല്ല. അവിടത്തെ മഹനീയത അത്രയ്ക്കു ഉപരിയാണ്. പരിശുദ്ധാത്മാക്കളുടെ സങ്കേതസ്ഥാനമാണതു്. ഞാനും അങ്ങോട്ടെത്തുവാൻ വെമ്പൽകൊള്ളുകയാണ്, മൺമറഞ്ഞുപോയ ആ മഹാത്മാക്കളുമായി സമ്മേളിക്കാനായിട്ട്. ആ സംഘത്തിൽ അള്ളാഹു എന്നെയും ചേർത്തെങ്കിൽ ഞാൻ അതീവസന്തുഷ്ടനായി! പ്രിയേ! ഞാൻ മരണത്തെ ഭയപ്പെടുന്നില്ല. മോഹനാംഗി! നമ്മുടെ ജീവിതം ഇവിടം കൊണ്ടവസാനിക്കുന്നില്ല; നമുക്കു ഇനിയുമുണ്ടൊരു ജീവിതം; പരമാനന്ദത്തിൻെറ പരമകാഷ്ഠയെ പ്രാപിക്കുന്ന അനശ്വരമായ

ഒരു ജീവിതം; സമത്വസുന്ദരമായ ഒരു സൌഭാഗ്യജീവിതം. നാം ഇരുവരുടേയും പരിശുദ്ധപ്രേമം അവിടന്നും തഴച്ചുവളന്നു അതു വീണ്ടും പുഷ്ടിക്കപ്പെടുന്നതായിരിക്കും. അതിൻെറ തണലിൽ ആ സുഗന്ധമാസ്വാദിച്ചുകൊണ്ടു് ഞാൻ എൻെറ പ്രിയതമയുടെ മുഖകമലത്തിൽ ചുംബനങ്ങളർപ്പിക്കുമ്പോറം പുളകിതഗാത്രിയായ ഭവതി കൃതാൎത്ഥയാകുന്നതായിരിക്കും. മധുരാംഗി! എൻെറ സംഘത്തിൽ പെട്ടവരിൽ അധികപേരും ചിരംജീവികളല്ല തന്നെ. മുപ്പതിന്നും നാല്പതിന്നും ഇടയ്ക്കു് മരണമാല്യം വരിച്ചവരായിട്ടാണല്ലൊ ഭൂരിപക്ഷം കവികളെയും കാണപ്പെട്ടിട്ടുള്ളതു്. ജന്മകൃത്യം സാധിച്ചുകഴിഞ്ഞ ഒരാറംക്ക പിന്നെ ഈ ലോകത്തിൽ സ്ഥാനമില്ല.''

ബന്ധുമിത്രാദികളോടായി അദ്ദേഹം ഇപ്രകാരം പറഞ്ഞു. ''മൃത്യുവെ ഭയപ്പെടുന്നവർ ഭീരുക്കറം മാത്രമാണ്. ക്ലേശഭൂയിഷ്ഠമായ ജീവിതപ്പോരിൽ ക്ഷീണിതരായ ജനങ്ങറംക്ക പരമകാരുണികനായ അള്ളാഹുവിങ്കൽ നിന്നും ഉള്ള ഒരനുഗ്രമാണ് മരണം. ഞാൻ നിങ്ങളേയും നിങ്ങറം എന്നേയും അകമഴിഞ്ഞു സ്നേഹിച്ചു; എൻെറ സ്നേഹം ഇനി മേലിൽ പ്രകടമാവില്ല. അള്ളാഹു നമ്മെ ഉൽകൃഷ്ടജനങ്ങളോടുകൂടെ ചേൎമാറാകട്ടെ! അഖിലലോകപരിപാലകനായ സ്രഷ്ടാവിങ്കൽ നിന്നുള്ള പരീക്ഷണങ്ങറംക്ക് വിധേയനായി ജീവിതത്തിൻെറ ഏററവും തീക്ഷ്ണമായ ഘട്ടത്തെ അതെ ആപ്രതിരോദ്ധ്യമായ അന്ത്യദശയെ ഞാൻ വിജയപ്രദമായി അഭിമുഖീകരിച്ചുകൊണ്ടിരിക്കയാണ്. ഭൂതകാലമധുരസ്മരണകറം മിന്നൽപ്പിണർപോൽ എൻെറസ്മൃതിപഥത്തിൽ നൃത്തം വെക്കുന്നു. എന്നിൽ അവശേഷിച്ചിട്ടുള്ള ഈ അനൎഘനിമിഷങ്ങറം പ്രശാന്തസുന്ദരമായിപര്യവസാനിച്ചുവെങ്കിൽ''.... ...... ....

അള്ളാഹുവിൻെറ കല്പനകറംക്ക വിധേയനായി ജീവിതയാത്ര

തുടന്നുപോന്ന ആ മഹാനുഭാവന്നു ഭയാശങ്കകൾക്ക് അവകാശമി ല്ല; അത്രയും നിർമ്മല ജീവിതമായിരുന്നു അദ്ദേഹത്തിന്റേതു്. അ ദ്ദേഹം തുടന്നു: "എന്നെ സംബന്ധിച്ചേടത്തോളം നിങ്ങളാരും വിലപിക്കരുതെ; ഞാൻ എന്റെ നാഥനായ അല്ലാഹുവിങ്കൽ ലയിച്ചിരിക്കയാണ്. അല്ലാഹുവെ! കാരുണ്യത്തിന്റെയും നീതി യുടെയും പരമ പരിധിയുമാണ നീ. ധർമ്മസർവ്വസ്വവും നീ തന്നെ. വിട്ടുവീഴ്ചയുടെ സങ്കേതമാണ് നീ. പ്രതിഫലം നൽകപ്പെടുന്ന ദിവസത്തിന്റെ ഉടമസ്ഥനും അഗതികൾക്കുള്ള അഭയകേന്ദ്രവും നീ മാത്രമാണ്. നിന്റെ തിരുസന്നിധിയിൽ ഞാൻ ശരണം പ്രാപിക്കുന്നു." അദ്ദേഹത്തിന്റെ വിനയാഭ്യർത്ഥനകൾ സ്വീകരി ക്കപ്പെട്ടു. സ്വല്പസമയം മാത്രമെ ആ മഹാവ്യാധിയുടെ യാതന കൾ അദ്ദേഹം അനുഭവിക്കയുണ്ടായുള്ളു. പ്രാണൻ ശരീരത്തിൽ നിന്നും വേറിട്ടുപോകുന്നതുവരെ പ്രശാന്തത അദ്ദേഹത്തിൽ വിള യാടിക്കൊണ്ടിരുന്നു. തനിക്കു ബന്ധപ്പെട്ടവരും ഉററവരും അദ്ദേ ഹത്തിന്റെ മരണശയ്യക്കു ചുററുമുണ്ടായിരുന്നു. അവസാനമായി ത നിക്കു പറയാനുണ്ടായിരുന്നത് എന്തോ അതെല്ലാം പറഞ്ഞു കഴി ഞ്ഞു. അദ്ദേഹംതുടന്നു: "എനിക്കുള്ളവരും ഞാനുമായി ബന്ധംപുല ത്തിപ്പോന്നവരും എന്റെ അന്ത്യദശയിൽ എന്നിൽ സ്നേഹോപ ഹാരങ്ങൾ ചാത്തിക്കഴിഞ്ഞു. ഇനി അവശേഷിപ്പുള്ളത് എന്റെ അരുമസന്തതികൾ മാത്രമാണ്; അവരെക്കുറിച്ചും എനിക്ക് അറി യേണ്ടതുണ്ടു. ആ പീയൂഷധാരയാൽ എന്റെ കണ്ണുകൾ കുളുർമ്മ കൊള്ളട്ടെ" കവിയുടെ ഈ പ്രസ്താവന സർവ്വരെയും സ്തബ്ധചിത്തരാ ക്കിത്തീർത്തു, അവർ പരസ്പരം നോക്കിനിന്നു. ഒടുവിൽ ഈ മായാ പ്രപഞ്ചത്തോടും വിടവാങ്ങാൻ പോകുന്ന ആ മഹാനുഭാവനിൽ നിന്നും കേൾക്കപ്പെട്ട തന്റെ ഓമനസന്തതികൾ അദ്ദേഹത്തിന്റെ കൃതികളാണെന്നു്. എല്ലാവരുടെയും ദൃഷ്ടികൾ രോഗിയുടെ ചാര ത്തിരിക്കുന്ന കുഞ്ഞവറവിൽ പതിഞ്ഞു. നനഞ്ഞ നയനങ്ങളോടു

കൂടി ആയാൾ ഗാനവിലാപം തുടങ്ങി. കവിയുടെ കൃതികൾ പല തിൽനിന്നും അദ്ദേഹം പാട്ടുകയുണ്ടായി. ആയാളുടെ ആലാപന ങ്ങൾ മരണാസന്നനായ കവിയുടെ നേത്രങ്ങളിൽ സന്തോഷാശ്രു ക്കൾ വർഷിച്ചു. എന്തോ ഒരു ദിവ്യചൈതന്യം പ്രദാനംചെയ്ത പോൽ അദ്ദേഹം സമാശ്വാസത്തിൻെറ നെടുവീർപ്പിട്ടു. തൻെറ നീണ്ടലോചനങ്ങളിൽനിന്നും പരിപൂർണ്ണ സംതൃപ്തിയുടെ സൂച നകൾ എന്നോണം ബാഷ്പകണങ്ങൾ മുറിഞ്ഞു മുറിഞ്ഞുവീണു. സ്വല്പം നിമിഷങ്ങൾക്കകം സംസാരംനിലച്ചു. ചലനശൂന്യമായ ഒരു മാംസപിണ്ഡമായി തൻെറ ശരീരം രൂപാന്തരപ്പെട്ടുമെന്നും തുടന്നുകൊണ്ടു അദ്ദേഹം ഉരിയാടി. "എൻെറ സഖാക്കളും ബന്ധു ക്കളും മററുള്ളവരും കുറച്ചുകാലത്തേക്കു കൂടി എന്നെക്കുറിച്ചു ചി ന്തിച്ചേക്കാം; പക്ഷെ, കാലക്രമേണ ഞാൻ മറക്കപ്പെട്ടേക്കാം; എ ന്നേപ്പററി ആരും സംസാരിക്കില്ല, ശ്രദ്ധിക്കയുമില്ല. എന്നാൽ ആരൊക്കെ എന്നെ മറന്നാലും എൻെറ "പുത്തഹിശ്ശാം" എന്നെ എല്ലാകാലത്തും സ്മരണീയനാക്കുമെന്നു എനിക്കുറപ്പുണ്ടു. എന്നു ത ൻെറ മരണ ശയ്യയുടെ ചുററും കൂടിയിരുന്നവരുടെ നേരെ അ ശ്രുപൂർണ്ണമായ കണ്ണുകളോടെ ഒന്നു നോക്കി അദ്ദേഹം പറ ഞ്ഞു. അദ്ദേഹം പിന്നെയും ഇപ്രകാരം തുടന്നു. 'എന്നെച്ചൊല്ലി നി ങ്ങൾ ചൊരിയുന്ന കണ്ണുനീർ വ്യൎത്ഥമാണ്. കഴിവുകളെല്ലാം നശി ച്ച എന്നിൽ നിന്നും യാതൊന്നുംതന്നെ നിങ്ങൾ പ്രതീക്ഷിക്കേണ്ട. രചനാപരമായ ആന്തരപ്രേരണയുടെ ഉറവിടം വററിയിരിക്കുന്നു. എത്രയെത്രകവികളുടെയും കൃതികളുടേയും ഉദയാസ്തമനങ്ങളും അര ങ്ങേററങ്ങളും നാം ഈ ലോകത്തിൽ കണ്ടുകഴിഞ്ഞു? മററുള്ള പു രാതനകലാകാരന്മാരെപ്പോലെ ഞാനും സഹൃദയന്മാരുടെയും സാ ഹിത്യപ്രേമികളുടേയും സ്മൃതിമണ്ഡലത്തിൽ നിന്നും മാഞ്ഞുമറ ഞ്ഞുപോയിരുന്നില്ലെങ്കിൽ നന്നായിരുന്നു.

ശാന്തമായി സംസാരിച്ചുകൊണ്ടിരുന്ന ആ മഹാനുഭാവനിൽ പെട്ടെന്നൊരു ഭാവഭേദം കാണപ്പെട്ടു. ഏകാന്തശാന്തരാത്രിയുടെ അന്ത്യയാമത്തിൽ അനക്കമില്ലാതെനിന്നിരുന്ന വൃക്ഷങ്ങളുടെ പത്രങ്ങളിൽനിന്നും ഹിമബിന്ദുക്കൾ കണ്ണീർക്കണങ്ങൾ പോൽ ഇററവീഴുമ്പോൾ, സമീപത്തുള്ള വൃക്ഷശാഖകളിന്മേൽ ഇരുന്നു കൂടെക്കൂടെ ഭീകരശബ്ദം പുറപ്പെടീച്ചുകൊണ്ടിരുന്ന രണ്ടു കാലൻകോഴികളും പെട്ടന്നു രണ്ടുമൂന്നുപ്രാവശ്യം ഭയങ്കരനാദം പുറപ്പെടുവിച്ചും കൊണ്ടു പറന്നുകളഞ്ഞു. ശോകഗാനം പാടിയുംകൊണ്ടു മന്ദമാരുതൻ രോഗശയ്യക്കു ചുററം പ്രദക്ഷിണം ചെയ്തുകൊണ്ടിരുന്നു. മങ്ങിയ താരകൾ നെടുവീർപ്പിട്ടുംകൊണ്ടു താഴോട്ടു എത്തിനോക്കികൊണ്ടിരുന്നു, രാത്രിയുടെ അന്ത്യയാമത്തെ അറിയിച്ചുംകൊണ്ടു കുക്കുടങ്ങൾ ഉച്ചത്തിൽ കൂകിക്കൊണ്ടിരുന്നു. എല്ലാം ഒത്തുകഴിഞ്ഞു; അദ്ദേഹവും അണിഞ്ഞൊരുങ്ങുകയായി. മലന്നുകിടന്നുംകൊണ്ടു അദ്ദേഹം തൻെറ കൈകാലുകളെല്ലാം ചേർത്തുവെച്ചിരുന്നു. തന്നെസംബന്ധിച്ചുള്ള സർവ്വസ്വവും സ്രഷ്ടാവിങ്കൽ സമർപ്പിച്ചുകൊണ്ടു ആ പാവനപുരുഷൻ ദൈവം ഏററവും മഹാത്മ്യമുള്ളവൻ എന്നർത്ഥംവരുന്ന "അള്ളാഹു അക്ബർ" എന്നു ഉച്ചരിച്ചുംകൊണ്ടു തൻെറ കൈകൾ രണ്ടും കെട്ടുകയും ചെയ്തു. അങ്ങിനെ രാവും പകലും തമ്മിൽ വിട്ടുപിരിയാൻ പോകുന്ന ഉഷസന്ധ്യയിൽ ആ കവിപുംഗവനിൽ നിന്നും പുറപ്പെട്ട ദിവ്യനാദം അദ്ദേഹത്തിൽ നിന്നും പ്രവഹിച്ചുകൊണ്ടിരുന്ന കാവ്യതല്ലജങ്ങൾക്കു എന്നന്നേക്കുമായി ഒരു പൂർണ്ണവിരാമം ഇട്ടുകളഞ്ഞു. ഇപ്രകാരം തൻെറ സ്നേഹിതന്മാരെയും ജന്മദേശമായ ചേററുവായേയും ജീവിച്ചിരിക്കുമ്പോൾ തന്നെ അവഗണിച്ച നിരവധി കേരളമുസ്ലീംകളേയും കടുത്ത ദുഃഖത്തിൽ ആഴ്ത്തിയും കൊണ്ടു് 1886 ഏപ്രിൽ 8ാംനു-കാലത്തു 5.30നു മഹാകവി ഇഹലോകവാസം വെടിഞ്ഞു. ജന്മദേശമായ ചേററുവായിൽ തദ്ദേശവാസിക

ാം മാന്യമായ വിധത്തിൽ അദ്ദേഹത്തിൻെറ ശവസംസ്കാരം നടത്തി. അദ്ദേഹത്തിൻെറ ശവക്കല്ലറയിൽ ഇപ്രകാരം കൊത്തി വെച്ചിരിക്കുന്നു: "മഹാകവി ചേററുവായി പരീക്കുട്ടി 1848ാം ആണ്ടിൽ ജനിച്ചു, 1886ാം ആണ്ടിൽ അന്തരിച്ചു."

ആ മഹാനുഭാവൻ ഒരു കവി എന്നതിന്നും പുറമെ ഒരു പാവനപുരുഷനും കൂടിയാണെന്നു പരമബോധ്യമുള്ളതിനാൽ പലരും അടുത്ത കാലംവരെ അദ്ദേഹത്തിൻെറ പേരിൽ നേർച്ചകളും വഴിപാടുകളും നടത്താറുണ്ടായിരുന്നു. അദ്ദേഹത്തിൻെറ കബർസ്ഥാൻ ഇന്നും നാട്ടുകാരും വിദൂരസ്ഥരും സന്ദർശിച്ചു പ്രാത്ഥന നടത്താറുണ്ടു്.

ഇനി നമുക്കു അദ്ദേഹത്തിൻെറ പ്രസിദ്ധീകരിക്കപ്പെടാത്ത ചില കൃതികളെപ്പററി പരിചിന്തനം ചെയ്യാം. അച്ചടിച്ചു പ്രസിദ്ധം ചെയ്യാതിരുന്ന കാരണത്താൽ അവ അപ്രധാനങ്ങളാണെന്നു തെററിദ്ധരിക്കരുത്. ആ മഹാനുഭാവനിൽ നിന്നും നിർഗ്ഗമിച്ച ഗാനങ്ങൾ പകത്തിയെടുത്തു് അവ പ്രചരിപ്പിക്കുവാൻ ആളുകൾ ധാരാളമുണ്ടായിരുന്നു. അങ്ങിനെയുള്ള ഗീതങ്ങളിൽ അന്വേഷണ ഫലമായി ഗ്രന്ഥകാരനു ശേഖരിക്കുവാൻ സാധിച്ചിട്ടുള്ള ഏതാനുമാണ് താഴെ ചേർത്തിട്ടുള്ളതു്. "നമസ്ക്കാരക്കമ്മി" എന്ന പേരിൽ അദ്ദേഹം ഒരു വിശിഷ്ടഗാനം നിർമ്മിച്ചിട്ടുണ്ടു്. പ്രസ്തുത ഗീതമാണിത്.

## നമസ്ക്കാരത്തിൻെറ ഫർളുകൾ

കുമ്മിയടിപെണ്ണേ കുമ്പിട്ടടിപെണ്ണേ
കുൻയിടയാക്കിയ റബ്ബവനിൽ
ക്ലൂട്ടം പൊഴുതുവെരണ്ടാമിൽ കുറ–
യഞ്ചിൽ കുമ്മിയടിത്തു കൊടി

ഇമ്മൊഴി വാന്നിബ്രഹ്മപ്പെണ്ണു
ബ്രഹ്മരസ്സ്രമതെന്നൊരു മാളികയിൽ
ചൃമ്മയിരുന്നു പൊഴുതളിയാവിധം
ചൂളിക്കമ്മിയടിത്തുകൊടി
കമ്മാളർ കൈമാടിമാല കാട്ടും പിന്നെ
കാലത്തു വഞ്ഞു വള്ള കാട്ടും
തിന്മ മുഴുത്തു പണം കാട്ടും വയ്യെ
തിയ്യിക്കപോന്ന വഴികാട്ടും
ചിത്തിരബാലൻ വഴിയെടുത്തു
ചിങ്കാരപ്പൂയെ തെളിക്കും മുന്നം ചിത-
മായിക്കമ്മിയടിക്കവൊടി
അമ്മയുമ്മക്കളത്തക്കാമൊ ? ഉമൈ
വീട്ടുക്കചെണ്ടു പടുക്കാമോ ?
അമ്പലക്കാവു് കനിന്താടും പെണ്ണെ
ആടിക്കമ്മിയടിത്തു കൊടി
കമ്മിയടിത്തു കളിപ്പാനൊ പെണ്ണെ
കൂടെപ്പതിനാലു ചോടറിയും
താനവട്ടം കളിയിന്നതെന്നും തര
മായുറക്കവതൊന്നാമെ
വിട്ടരമക്കതിർ തന്നിലെ നല്ലവേളമ്പ
കൈമുട്ടി താളംചൊല്ലി
മാക്കൊരാറു് വിരൽതാഴെ കരം
കൂടിവെപ്പതും രണ്ടാമെ
ഒത്തുവിളക്കിനാരങ്ങേറി ഒഴിയാതെ

നില്പതും മൂന്നാമെ
ഓമനരാഗം കുറയാതൊരു
പാട്ടുപാടലും നാലാമെ
പിന്നെക്കുനിവതും പഞ്ചാമെ,പുനരെ
ഞെളിവതൊരാമെ
ഭൂവിൽതിരുനെററി പൂട്ടിയടിച്ചുമടാ-
ലമർച്ച ഒരേഴാമെ
താളവും ചൊല്ലിയിടയിൽ, തര
മാലിരിക്കുവതെട്ടാമെ
തന്നെക്കുനിച്ചലും ഉയർച്ചയിലും
താനൊളിയൊമ്പതു ചോടാമെ
പാട്ടകം പൂട്ടിയ പാദമീനാൽ,പതി
വായിരിപ്പതും പത്താമെ
പണ്ടുമയിലായവർ മേലെ,പദം
പാട്ട നീ പതിനൊന്നാമെ
പന്ത്രണ്ടു മതിൽപാർപ്പാമെ,പതി
മുമ്പലത്തൊരു നോക്കാമെ
പാത്തത് വഴിക്കുവഴിയാലെപതി-
വാക്കലും പതിനാലാമെ
ഇന്തതരം പതിനാലതിൽ ഒരു
ചോടൊഴിച്ചു കളിച്ചാലൊ?
ഇമ്പമായി വീട്ടുകൾ ഊട്ടാനൊരു
ശെമ്പ്ശല്ലി കെടയാത്

## വളുവിൻെറ ശർത്തുകൾ

മാറത്തു കുമ്മിയടിപ്പാനൊ പെണ്ണെ
മാക്കൊരാറ് ശെമൈന്താകും
മാലദശച്ചുററ മാറാടി,പിള്ളെ
മാറിക്കുമ്മിയടിത്തു കൊടി
നീളെച്ചെരവിരൽ പിത്താച്ചിപ്പെണ്ണെ
നീളെച്ചെരവിരൽ പൂണ്ടാടി
നെയ്യത്തെകുമ്മിക്കു ചായമിട്ടാലൊരു
ചന്തച്ചമയമതാകുമടി
പാകത്തു നെററിയിൽ പട്ടംകെട്ടി
പുനരഞ്ജനക്കണ്ണുകൾ മൈതാണ്ടി
പൂരണം പൂടിമുഖം മിനുക്കിപ്പെണ്ണെ
പൂണ്ടു രണ്ടാം ചമയ മൊടി
മോഹന മികന്ത തുളശ്ശേരി നല്ല
മേനിക്കടകം വളൈവാരി
മുട്ടുകൾ തിട്ടമായിട്ടാലൊ, പെണ്ണെ
മൂന്നാം ചമയമതാകുമൊടി
പാകത്തു പൊന്മുടി നാലാമൊ പെണ്ണെ
പാതാണി മാണിക്കം പഞ്ചാമെ
ഒണ്ണുകവെയ്യെ ഇതൊന്നാകെ യെണ്ണി
എണ്ണിയിടുകവ താറാമെ
മോഹിനി മിതാര ചമയാതെ നല്ല

രാജതിരുമുമ്പിൽ ചെണ്ടാടി
മാനിത്തു കുമ്മിയടിത്താലൊ പെണ്ണെ
മാക്മാല കെടയാത്തു്.

അദ്ദേഹത്തിൻെറ പ്രസിദ്ധീകരിക്കപ്പെടാത്ത മറെറാരു കൃതിയാണ് താഴെ ചേക്കുന്നതു്.

പണ്ടുദ്ദൽഖർ നൈനിതങ്ങൾ സമാനതിൽ
പാരിൽ മലയാളം ഭൂമി ചമൈക്കാനായി
ഇണ്ടൽ വെടിഞ്ഞിട്ടൊരുങ്ങി പൊലിതങ്ങൾ
ഇമ്പമാലി ബഹർ കെട്ടി ജലം വാർത്തു
ഉണ്ടങ്ങതിൻെറ ഖലനങ്ങൾ തീർപ്പാനായി
നദികൾ പലേടത്തും താത്തിയൂറപ്പാക്കി
പിന്നെ പല കാലം പാഴായി കിടന്നതിൽ
പെരുമാളർ കൈയിൽ അടങ്ങിയരങ്ങേററി
കന്നമ്പാടാകാശി കന്നികടൽ കനോം
കീർത്തിയടക്കൽ പെരുമാളായി വാണോവർ
തന്നിൽ പഠിപ്പും തടി കുവ്വത്തുള്ളോവർ
താശിജമാലും അക്കൽ ബുദ്ധിനല്ലോവർ
തന്നെ പലെ കെട്ടിൽ രാജാവായി വാണോവർ
താജ്ജുദ്ദീൻ ഹിന്ദിൽ മലൈ ബാരി അതെന്നോവർ
ചൊന്നെനാൾ ചേരമാൻ ഹാജിയെ തെന്നോവർ
ചേർച്ചയവരെ കുളലിക്കവിയായ
മാലിക്കദീനാർയെണ്ടവർ വന്നെപിൻ

മലയാളം നാട്ടിൽ മുതലായി മുസലീമിങ്ങൾ
കെലിമ ഇസ്‌ലാമിൽ ദീനും പുകൾച്ചയും
ഗുണമായി നിക്കാഹും ഹുറൂസും മററൊക്കയും
നിലയായൊരുത്തിയെ വേളിക്കിറക്കുവായി
നീളം വിരൽകളം നിറം നല്ലെ മൈലാഞ്ചി
വലിമ കരത്തിലിടുവാനും സുന്നത്ത്
വല്ലികൾ കൈമുട്ടി പാടുവാനിപ്പോലെ
ഇപ്പോലെ താലിയും താനം പലെമേന്മ
ഈടായുറൂസും മരിയാത വന്നങ്ങൾ
തപ്പാതെ തയ്യൽ പുതുകന്നിയായോളെ
തങ്കത്തടിക്കു ഹുറാക്കി ഗുസൽചെയ്തു
ചിപ്പത്തുകിലും കമീസ് ലിബാസുകൾ
ചിന്നമണിമാറിൽ ചേർച്ച പതക്കങ്ങൾ
തപ്പം മലർ മാലതാലിയും കോവകൾ
തണ്ടും കരത്തിൽ വളമിന്നും കാത്തങ്ങൾ
കാതിലലിക്കത്തും ചെമ്പകപ്പൂമിന്നി
കൈതോൾ വളയും മുടിവള പൂരണം
വീതിയിൽ നെററിയിൽ പട്ടം തലപ്പൂവും
വിവരം തിരിപ്പാനിനിയും പലെവണ്ണം
പാതാണി പാതകം തണ്ടതളഹിജ്ജിൽ
പരിശിൽ അരഞ്ഞാണും ഞാലിയും പൈങ്ങകൾ
ബദനിലിതെല്ലാം അണഞ്ഞെ കുളല്തന്നെ
വാരി പുടിത്ത് കുറസിലിരുത്തിറയെ

തങ്കത്തളികയിൽ വെച്ചുള്ള മൈലാഞ്ചി
താശി ഹരീറാലെ മൂടിയെടുത്താളെ
മങ്ങാതെ നല്ല പുതുപെണ്ണിവരം തന്നെ
മാനത്തിരുമുമ്പിൽ വെച്ച്യ പുതനീക്കി
തങ്കിച്ചും തൻെറ കണവൻ ഖെത്തായെ
തയ്യലൊരുത്തിയി മൈലാഞ്ചിതൊട്ടാളെ
കങ്കാണം വാരി അണഞ്ഞെമാരർ കയ്യും
കോർത്തു പിടിത്തവർ ബിസ്മി മൊളിന്താളെ
തൊട്ടു പുതുപെണ്ണി നിട്ടുള്ളെ മൈലാഞ്ചി
തയ്യലർ മാടിയെതിരേററ മൈലാഞ്ചി
കട്ടിയായി നമ്മളിൽ സുന്നത്തും മൈലാഞ്ചി
കാത്തിം റസൂലൽ കൈയേററ മൈലാഞ്ചി
ഇഷ്ടവും മൈലാഞ്ചിക്കിമ്പ കവിതകരം
ഇശലോടെ പാടും മരിയാത തന്നെങ്കിൽ
തിട്ടമായി വെററിലക്കെട്ടും കുലപാക്കും
തിറമായി സഭക്ക് കൊട്ടപ്പിൻ മരിയാത
എന്തുകൊട്ടപ്പാൻ മടിയെന്നറിഞ്ഞില്ല
ഇമ്പംകുറഞ്ഞ ഹിതങ്ങളില്ലാഞ്ഞില്ല
മന്തം വിടുന്നു മരിയാത തന്നെങ്കിൽ
മാതർകരം കൈമുട്ടി പാടും സുഖത്താലെ
ബന്ധം സലാത്തും സലാമും ഒട്ടവോളം
ബഹുമാനക്കണ്ടർ നെബിതങ്ങരംക്കേ കൽ ഇലാഹ്
ശങ്ങപ്പെട്ടുന്നാരം നെബിൻെറ ശഫാ അത്ത്

ശൈഖുൽ പരീതിസ് മുറേറാനിൽ ഏകാൽ ഇലാഹ്
പണ്ടാറ തയ്യൽ വിഹറത്തമ്മഹക്കാലെ
പാരിയതെൻെറ ഭൂഅകബൂലാക്കള്ളോ
ഉണ്ടാക്കി നൂറം പതിനാർ കാതം വൈ
ഊട്ടററ തിന്നതിർ നാലും നിജം വെത്ത്

മഹാകവി ചേററവായ് പരീക്കുട്ടിയുടെ വിശിഷ്ട ഗാനങ്ങ ൾ ആചന്ദ്രതാരം ജനങ്ങൾ പാടി രസിക്കാതിരിക്കില്ല. അങ്ങിനെ തൻെറ കൃതികളിലൂടെ കവിയുടെ യശസ്സ് നിലനില്ക്കുന്നതാണ്. സരസവും സുന്ദരവുമായ അദ്ദേഹത്തിൻെറ ശൈലിയും സ്വതസിദ്ധമായ വാസനാ വൈഭവവും കൊണ്ടു നിർമ്മിക്കപ്പെട്ട തൻെറ കാവ്യങ്ങളിലൂടെ മാപ്പിളസാഹിത്യത്തിൽ അനശ്വര കീർത്തി നേടിയ പരീത് സകലതിനേയും കലാസുന്ദരമായി വീക്ഷിക്കുവാൻ കഴിവുള്ള ഒരു കലാകാരനാണെന്നു പറയാം അദ്ദേഹത്തിൻെറ കൃതികൾക്കു മററുള്ള മാപ്പിള ഗീതങ്ങളെ അപേക്ഷിച്ച് ചില സവിശേഷകളുള്ളതു്അവ അനായാസേന മനസ്സിലാക്കുവാൻ സാധിക്കുന്നുവെന്നതാണ്. അവയ്ക്കുള്ള പ്രത്യേകതകൾ സ്പഷ്ടം, മധുരം, സരളം, മുതലായ ഭാവങ്ങളാണ്. സന്ദർഭോചിതം പദങ്ങൾ ഉപയോഗിക്കുവാനുള്ള തൻെറ ശേഷിയും ശേമുഷിയും അന്യാദൃശമത്രെ. കേരളീയർ അദ്ദേഹത്തിൻെറ അനശ്വരകാവ്യങ്ങളായ പുത്തഹിശ്ശാം, ആദിമുൻഅഹദാന, സൌഭാഗ്യസുന്ദരി, മിൻ അത്തുൽബാരി മുതലായവ പാടിരസിക്കുമ്പോൾ–ആപാദസുന്ദരമായ ആ സൂക്തിപ്രവാഹത്തിൽ മുഴുകുമ്പോൾ–ആ സംഗീത മധുരിമ കലർന്ന ശീതള മാരുതൻ മന്ദമന്ദം

വീശുമ്പോഗം അദ്ദേഹത്തിൻെറ വിശുദ്ധാത്മാവ് ഒരു പക്ഷെ അഭിമാനത്താൽ പുളകം കൊള്ളുന്നുണ്ടാവാം. പ്രചോദനത്താൽ പ്രേരിതനായിട്ടല്ലാതെ അദ്ദേഹത്തിൻെറ ഹൃദയമാകുന്ന ഉറവിടത്തിൽ നിന്നും കാവ്യതല്ലജങ്ങഗം നിർഗ്ഗമിച്ചിട്ടില്ല. കാവ്യങ്ങഗം ക്കാസ്പദങ്ങളായ വിഷയങ്ങളെ സംബന്ധിച്ചേടത്തോളമുള്ള അദ്ദേഹത്തിൻെറ പാടവം തൻ കൃതികഗംക്ക മാററുകൂട്ടീട്ടുമുണ്ട്.

പ്രതികൂലമായ പരിതഃസ്ഥിതികളാൽ വലയം ചെയ്യപ്പെട്ടിരുന്ന ആ മഹാരഥൻ സ്വതഃസിദ്ധമായ വാസനാവൈഭവം തൻെറ കൃതികളിൽ പ്രകടമാക്കീട്ടുണ്ട്. കാവ്യരചനക്ക പുറമെ അവ മധുരമായി പാടുകയും ചെയ്തിട്ടായിരുന്നു അദ്ദേഹം ശ്രോതാക്കളെ ആകർഷിച്ചിരുന്നതെന്നു കേഗംക്കുമ്പോഗം പ്രോത്സാഹനശൂന്യമായ ഒരന്തരീക്ഷത്തിലായിരുന്നു തൻെറ സാഹിത്യസേവനം നടന്നുവന്നിരുന്നതെന്നു തെളിയുന്നു. ആ കവിതകളിലെ ഗാനമാധുര്യം ആസ്വദിക്കാനല്ലാതെ അവയിലന്തർഭവിച്ച സാഹിത്യരസം അന്നത്തെ ജനസഞ്ചയത്തെ ആകർഷിച്ചിട്ടുണ്ടായിരുന്നുവോ എന്ന കാര്യം സംശയമാണ്. കാവ്യനിർമ്മാണവും അതിൻെറ പ്രസിദ്ധീകരണവും അദ്ദേഹം സ്വയം ഏറെറടുക്കേണ്ടിവന്നു. ഇങ്ങിനെയുള്ള പരിതാപകരമായ നിലയിലായിരുന്നു ആ മഹാകവി തൻെറ സാഹിത്യ സേവനം ചെയ്തിരുന്നത്. ഇപ്രകാരമുള്ള ഉദാത്ത നാടകങ്ങഗം അഭിനയിച്ച നടന്മാരായിരുന്നുവല്ലോ വിശ്വവിഖ്യാതിയാർജ്ജിച്ചിട്ടുള്ള അനേകം കവി സാമ്രാട്ടുകളും. ആംഗല കാളിദാസനായ ഷെക്സ്പിയർ താൻ രചിച്ച നാടകങ്ങഗം സ്വയം അഭിനയിക്കുകയും ഉച്ചമായ പ്രതിഫലങ്ങഗം സ്വീ

കരിക്കുകയും ചെയ്തിരുന്നുവെന്നു കേറംക്കുമ്പോറം ആക്ക്യാണ് കണ്ണി തം തോന്നാതിരിക്കുക? വിശ്വസാഹിത്യ മകുടാലങ്കാരമായി കാലാന്തരത്തിൽ പ്രശോഭിച്ച ആ നാടകങ്ങറം അമൂല്യരത്നങ്ങളാണെന്നു അദ്ദേഹം ആലോചിച്ചിരുന്നുവോ? ആവോ? മററൊരു കവിസാവ്വഭൌമനായ കീററ്സിൻെറയും അനുഭവങ്ങറം ഇതുതന്നെയായിരുന്നു. പാവങ്ങറംക്കുവേണ്ടി പാടിതൊണ്ടവരണ്ട ആ മഹാനുഭാവൻെറ കൂട്ടുകാർ ദാരിദ്ര്യവും രോഗവുമായിരുന്നു. നിർദ്ദയമായ ഈ ലോകത്തിൻെറ നേരെ എത്രയെത്ര മഹാത്മാക്കളാണു ഈ വിധം നെടുവീർപ്പുകറം ഇട്ടിട്ടുള്ളതു ! എന്നാൽ അവരുടെ നെടുവീർപ്പുകറം അന്ധകാരത്തിലെ ശൂന്യതയിൽ ലയിച്ചുപോയിട്ടില്ല; അവ വിപ്ലവകാഹള മൂതി ലോകത്തിൽ വമ്പിച്ച പരിവത്തനങ്ങറം സൃഷ്ടിച്ചുകൊണ്ടേയിരിക്കുന്നു; അതെ ആ മമ്മരഗീതങ്ങറം ഇന്നും മാറെറാലികൊള്ളുന്നു. നിരാശാജനകവും പ്രോത്സാഹനശൂന്യവുമായ പരിതസ്ഥിതികളോടു മല്ലിട്ടും കൊണ്ടായിരുന്നു പ്രസിദ്ധമാപ്പിളസാഹിത്യത്തിൻെറ കത്താക്കളായ ചേററുവായ് പരീക്കുട്ടി, മോയിൻകുട്ടിവൈദ്യർ, ശുജായി മൊയ്തുമുസല്യാർ തുടങ്ങിയവർ സാഹിത്യ സേവനങ്ങറം ചെയ്തിട്ടുള്ളതു്. അവരുടെ തൂലികാസമ്പത്തുകറം മാപ്പിളസാഹിത്യലോകത്തിലെ അമൂല്യരത്നങ്ങറം തന്നെയാണു്.

കേരളകാളിദാസനായ വള്ളത്തോളിൻെറ കൃതികറംക്കു ശബ്ദമാധുയ്യമെന്ന ഗുണമാന്മികച്ചുനില്ലുന്നതെങ്കിൽ മഹാകവി ചേററുവായ് പരീക്കുട്ടിയുടെ ഗീതങ്ങറംക്കും ഗാനമധുരിമ കൂടുമെന്നതു് ഒരു നേട്ടമായി പരിഗണിക്കാവുന്നതാണ്. കുമാരനാ

ശാൻെറ കാവ്യങ്ങളിൽ ആശയഗാംഭീര്യം നടമാടുന്നുണ്ടു എന്നുള്ള വിശേഷണമാണ് ഉപരിയായിട്ടുള്ളതെങ്കിൽ കവി സമ്രാട്ടായ മോയിൻകുട്ടി വൈദ്യരുടെ കൃതികളും ആശയ സമ്പൂർണ്ണങ്ങളാണെന്നു പറയാം. പദപ്രൌഢിയാണ് മഹാകവിഉള്ളൂരിൻെറ കവിതകൾക്കുള്ള ഭൂഷണമെങ്കിൽ ശുജായിയുടെ ഗാനങ്ങളും ഇതേവിധം തന്നെയെന്നു പറയാം. വള്ളത്തോളിൻെറ സാഹിത്യമഞ്ജരി, ആശാൻെറ വീണപൂവ്, ഉള്ളൂരിൻെറ കർണ്ണഭൂഷണം, എന്നീ വിശിഷ്ട കാവ്യങ്ങളെപ്പോലെ പരീക്കുട്ടിയുടെ പുത്തഹിശ്ശാം, വൈദ്യരുടെ ബദറ്, ശുജായിയുടെ സഫലമാല മുതലായവയാണ് മാപ്പിള സാഹിത്യത്തിലെ മികച്ച കൃതികൾ.

KOTTAYAM PUBLIC LIBRARY
KOTTAYAM.

Cl. No. 1708 Acc. No. 13580

This book should be returned on or before the date last stamped below.

Cl. No. M08

AUTHOR Abd-M

Acc. No. 13580

TITLE അബ്ദുൾഖാദർ ചേറ്റുവായി മഹാകവി ചേറ്റുവായി ചരിത്രം

DATE DUE | BORROWER'S NUMBER.

20 OCT 1964

M08 13580

അബ്ദുൾ ഖാദർ ചേറ്റുവായി

മഹാകവി ചേറ്റുവായി ചരിത്രം.

KOTTAYAM PUBLIC LIBRARY

Call No. M08

Acc. No. 13580

Author: അബ്ദുൾഖാദർ ചേറുവഴി

Title: മഹാകവി ചേറുവായി ചക്കീകുട്ടി

Indic Digital Archive Foundation

gpura.org